# മലങ്കര സുറിയാനി കത്തോലിക്കാ സഭ

# ‘ശ്ഹീമ്മോ’

## അഥവാ

## പ്രതിദിന നമസ്ക്കാരം

## മലങ്കര സുറിയാനി കത്തോലിക്കാസഭ

# 'ശ്ഹീമ്മോ'

## അഥവാ

# പ്രതിദിന നമസ്ക്കാരം

www.malankaralibrary.com

*Imprimatur*

✠ **Moran Mor Baselios Cardinal Cleemis**

*Major Archbishop-Catholicos of the Syro-Malankara Catholic Church*

*Approved by*

The Holy Episcopal Synod

*Translated by*

Rev. Fr. Mathew Chempothinal

*Published by*

The Major Archiepiscopal Curia
of the Syro-Malankara Catholic Church
Catholicate Centre, Pattom, Trivandrum - 695 004

*Layout & Printing*

St. Mary's Press, Pattom, Trivandrum
Phone : 0471 - 2446116, 2443374
E-mail:stmarysoffsetpress@yahoo.com

www.malankaralibrary.com

# ‘ശ്ഹീമ്മോ’

## അഥവാ

## പ്രതിദിന

# നമസ്ക്കാരം

www.malankaralibrary.com

# സന്ധ്യ

## കൗമാ

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ആദിമുതൽ എന്നേക്കും. ആമ്മീൻ.

തന്റെ മഹത്ത്വത്താൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവംതമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ ഉയരങ്ങളിൽ ഊശാന.

ദൈവമായ കർത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും ആയവൻ വാഴ്ത്തപ്പെട്ടവനാകുന്നു. ഉയരങ്ങളിൽ സ്തുതി.

ദൈവമേ, നീ പരിശുദ്ധനാകുന്നു.
ബലവാനേ, നീ പരിശുദ്ധനാകുന്നു.
മരണമില്ലാത്തവനേ, നീ പരിശുദ്ധനാകുന്നു.
ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ ✠
ഞങ്ങളോട് കരുണ ചെയ്യണമേ. (മൂന്നു പ്രാവശ്യം)

---

✠ കുമ്പിട്ട്, തലവണങ്ങി കുരിശുവരയ്ക്കണം

www.malankaralibrary.com

ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ, കൃപയുണ്ടായി ഞങ്ങളോട് കരുണചെയ്യണമേ. ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ ശുശ്രൂഷയും പ്രാർത്ഥനകളും കൈക്കൊണ്ട് ഞങ്ങളോട് കരുണ ചെയ്യണമേ.

ദൈവമേ, നിനക്കു സ്തുതി. സ്രഷ്ടാവേ, നിനക്കു സ്തുതി. പാപികളായ അടിയാരോട് കരുണചെയ്യുന്ന മിശിഹാ രാജാവേ, നിനക്കു സ്തുതി. ബാറെക്മോർ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമേ. നിന്റെ രാജ്യം വരണമേ. നിന്റെ തിരുവിഷ്ടം സ്വർഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ. ഞങ്ങൾക്കാവശ്യമുള്ള അപ്പം ഇന്ന് ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമേ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതേ. പിന്നെയോ ദുഷ്ടനിൽ നിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ. എന്തെന്നാൽ രാജ്യവും ശക്തിയും മഹത്ത്വ വും എന്നേക്കും നിനക്കുള്ളതാകുന്നു.

ആമ്മീൻ.

കൃപ നിറഞ്ഞ മറിയമേ, നിനക്ക് സമാധാനം. നമ്മുടെ കർത്താവ്, നിന്നോടുകൂടെ. നീ സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവളാകുന്നു. നിന്റെ ഉദരഫലമായ നമ്മുടെ കർത്താവ് യേശുമിശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. വിശുദ്ധ മറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കുവേണ്ടി, ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തും തമ്പുരാനോട് അപേക്ഷിച്ചുകൊള്ളണമേ.

ആമ്മീൻ.

www.malankaralibrary.com

കർമ്മി : ശുബ്ഹോ ലാബോ ഉലബ്റോ വൽറൂഹോ കാദീശോ.

ജനം : ബലഹീനരും പാപികളുമായ ഞങ്ങളുടെമേൽ അനുഗ്രഹങ്ങളും കരുണയും രണ്ടു ലോകങ്ങളിലും എന്നേക്കും ചൊരിയപ്പെടുമാറാകണമേ.

## പ്രാരംഭപ്രാർത്ഥന

ദൈവമായ കർത്താവേ, ഞങ്ങളുടെ ശരീരങ്ങൾ പകലിന്റെ അദ്ധ്വാനങ്ങളിൽ നിന്ന് വിശ്രമിച്ചും ഞങ്ങളുടെ ആത്മാക്കൾ ലൗകിക ചിന്തകളിൽ നിന്ന് മോചിതരായും ഈ സന്ധ്യാസമയത്ത് നിന്റെ തിരുമുമ്പാകെ നിൽക്കുവാനും മുടക്കം വരാത്ത കൃതജ്ഞതയും അനന്തമായ സ്തുതിയും അർപ്പിക്കുവാനും ഞങ്ങളെ സഹായിക്കണമേ. കർത്താവേ, ഞങ്ങളുടെ ജീവിതത്തെ നയിക്കുകയും നിയന്ത്രിക്കുകയും ഞങ്ങളുടെ ആത്മാക്കളെ പരിപാലിക്കുകയും രക്ഷിക്കുകയുംചെയ്യുന്ന നിന്റെ കൃപയെ ഏറ്റുപറയുവാനും ഞങ്ങളെ യോഗ്യരാക്കണമേ. (മോറാൻ വാലോഹാൻ...) ആമ്മീൻ

## സങ്കീർത്തനങ്ങൾ

### 141, 142, 119, 117

141. കർത്താവേ നിന്നെ ഞാൻ വിളിച്ചു. എന്നോട് നീ ഉത്തരമരുളി / എന്റെ വചനങ്ങൾ സൂക്ഷിച്ചുകേൾക്കണമേ.

എന്റെ പ്രാർത്ഥന നിന്റെ മുമ്പാകെ ധൂപം പോലെയും എന്റെ കൈകളുടെ കാഴ്ച സന്ധ്യാബലിപോലെയും കൈക്കൊള്ളണമേ.

എന്റെ ഹൃദയം ദുഷ്ക്കാര്യത്തിന് ചായുകയും/ ഞാൻ അന്യായമായി പ്രവർത്തിക്കുകയും ചെയ്യാതിരിക്കുവാൻ/

www.malankaralibrary.com

എന്റെ വായ്ക്ക് കാവൽക്കാരനെയും/ എന്റെ അധര ങ്ങൾക്ക് സൂക്ഷിപ്പുകാരനെയും നിയമിക്കണമേ.

ദുഷ്ടന്മാരോടുകൂടെ ഞാൻ അപ്പം ഭക്ഷിക്കുമാറാ കരുതേ, നീതിമാൻ എന്നെ പഠിപ്പിക്കുകയും ശാസിക്കു കയും ചെയ്യട്ടെ.

ദുഷ്ടന്മാരുടെ എണ്ണകൊണ്ട് എന്റെ ശിരസിനെ അഭിഷേകം ചെയ്യരുതേ. എന്തെന്നാൽ എന്റെ പ്രാർത്ഥന അവരുടെ ദുഷ്ടതയ്ക്ക് എതിരായിട്ടാകുന്നു.

അവരുടെ

ന്യായധിപന്മാർ പാറയാൽ തടയപ്പെട്ടു. ഇമ്പമുള്ള എന്റെ വചനങ്ങൾ അവർ കേട്ടു.

ഭൂമിയെ പിളർക്കുന്ന കൊഴുപോലെ / പാതാളത്തിന്റെ വായ്ക്കരികെ അവരുടെ അസ്ഥികൾ ചിതറപ്പെട്ടിരിക്കുന്നു.

കർത്താവേ, ഞാൻ എന്റെ കണ്ണുകൾ നിന്റെ അടുക്ക ലേക്കുയർത്തി/ നിന്നിൽ ശരണപ്പെട്ടിരിക്കുന്നു. എന്റെ ആത്മാവിനെ തള്ളിക്കളയരുതേ.

എനിക്കായി കെണികൾ മറച്ചുവച്ചിട്ടുള്ള പ്രശംസക രുടെ കൈയിൽനിന്ന് എന്നെ കാത്തുകൊള്ളണമേ.

ഞാൻ കടന്നുപോകുന്നതിനുമുമ്പ്/ അന്യായക്കാർ ഒരുമിച്ച് തങ്ങളുടെ വലകളിൽ വീഴും.

142. ഞാൻ എന്റെ ശബ്ദമുയർത്തി കർത്താവിനെ വിളിച്ചു. എന്റെ ശബ്ദമുയർത്തി ഞാൻ കർത്താവിനോട് അപേക്ഷിച്ചു.

അവന്റെ മുമ്പാകെ ഞാൻ എന്റെ സങ്കടം ബോധിപ്പിച്ചു.

www.malankaralibrary.com

അവന്റെ മുമ്പാകെ എന്റെ ഞെരുക്കങ്ങൾ ഞാൻ അറിയിക്കുകയും ചെയ്തു.

എന്റെ ആത്മാവ് കുണ്ഠിതപ്പെട്ടപ്പോൾ നീ എന്റെ ഊടുവഴികൾ അറിയുന്നു. ഞാൻ നടക്കുന്ന വഴിയിൽ/ അവർ എനിക്കായി കെണികൾ മറച്ചുവെച്ചു.

ഞാൻ വലത്തോട്ടുനോക്കി, എന്നെ അറിയുന്നവൻ ഇല്ലെന്നു ഞാൻ കണ്ടു. സങ്കേതസ്ഥലം എനിക്ക് ഇല്ലാതെയായി. എന്റെ ആത്മാവിനുവേണ്ടി ചോദിക്കുന്നവനും ഇല്ല.

കർത്താവേ, ഞാൻ നിന്നോടു നിലവിളിച്ചു. നീ എന്റെ ആശ്രയവും/ ജീവനുള്ളവരുടെ ദേശത്ത്/ എന്റെ ഓഹരിയും ആകുന്നു എന്ന് ഞാൻ പറഞ്ഞു.

എന്റെ അപേക്ഷ സൂക്ഷിച്ചുകേൾക്കണമേ. എന്തെന്നാൽ ഞാൻ ഏറ്റവും താഴ്ത്തപ്പെട്ടിരിക്കുന്നു. എന്നെ പീഡിപ്പിക്കുന്നവരിൽനിന്ന് എന്നെ വിടുവിക്കണമേ. എന്തെന്നാൽ അവർ എന്നേക്കാൾ ബലമുള്ളവരായിരിക്കുന്നു.

ഞാൻ നിന്റെ നാമത്തെ സ്തുതിക്കേണ്ടതിന്/ എന്റെ ആത്മാവിനെ കാരാഗൃഹത്തിൽനിന്ന് പുറപ്പെടുവിക്കണമേ. നീ എനിക്ക് പ്രതിഫലം തരുമ്പോൾ/ നിന്റെ നീതിമാന്മാർ എനിക്കായി കാത്തിരിക്കും.

119. 105-112. നിന്റെ വചനം എന്റെ കാലുകൾക്ക് വിളക്കും/ എന്റെ ഊടുവഴികൾക്ക് പ്രകാശവുമാകുന്നു.

നിന്റെ നീതിയുള്ള വിധികൾ ആചരിക്കുന്നതിനായി/ ഞാൻ ആണയിട്ട് നിശ്ചയിച്ചു.

ഞാൻ ഏറ്റവും ക്ഷീണിച്ചിരിക്കുന്നു. കർത്താവേ, നിന്റെ വചനപ്രകാരം എന്നെ ജീവിപ്പിക്കണമേ.

www.malankaralibrary.com

കർത്താവേ, എന്റെ (വായുടെ) വചനങ്ങളിൽ നീ ഇഷ്ടപ്പെട്ട്/ നിന്റെ വിധികൾ എന്നെ പഠിപ്പിക്കണമേ.

എന്റെ ആത്മാവ് എല്ലായ്പ്പോഴും നിന്റെ കൈകളിൽ ഇരിക്കുന്നു. നിന്റെ വേദപ്രമാണം ഞാൻ മറന്നില്ല.

ദുഷ്ടന്മാർ എനിക്കായി കെണികൾ വച്ചു. (എന്നാലും) ഞാൻ നിന്റെ കല്പനകളിൽനിന്ന് തെറ്റിപ്പോയില്ല.

ഞാൻ നിന്റെ സാക്ഷിയെ എന്നേക്കുമായി അവകാശപ്പെടുത്തി. എന്തെന്നാൽ അത് എന്റെ ഹൃദയത്തിന്റെ ആനന്ദം ആകുന്നു.

നിന്റെ കല്പനകൾ എന്നേക്കും സത്യത്തോടെ നിവർത്തിപ്പാനായി ഞാൻ എന്റെ ഹൃദയം തിരിച്ചു.

117. സകല ജാതികളുമേ, കർത്താവിനെ സ്തുതിപ്പിൻ, സകല ജനങ്ങളുമേ, അവനെ നിങ്ങൾ സ്തുതിപ്പിൻ.

എന്തെന്നാൽ, അവന്റെ കൃപ നമ്മുടെ മേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു.

ദൈവമേ, സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

## മാനീസോ

മോറാനേശുമിശിഹാ/ നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ നേരെ അടയ്ക്കരുതേ.

കർത്താവേ, ഞങ്ങൾ പാപികളാകുന്നു എന്ന് ഞങ്ങൾ ഏറ്റു പറയുന്നു. ഞങ്ങളോട് കരുണയുണ്ടാകണമേ.

കർത്താവേ, നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോകുവാനായി/ നിന്റെ സ്നേഹം നിന്റെ

www.malankaralibrary.com

ഇടത്തിൽനിന്ന്/ ഞങ്ങളുടെ അടുക്കലേക്ക് നിന്നെ ഇറക്കിക്കൊണ്ടുവന്നു ഞങ്ങളോടു കരുണ ചെയ്യണമേ. ആമ്മീൻ.

## വിശ്വാസപ്രമാണം

സർവ്വശക്തനായ പിതാവും, ആകാശത്തിന്റെയും ഭൂമിയുടെയും/ കാണപ്പെടുന്നവയും, കാണപ്പെടാത്തവയുമായ/ സകലത്തിന്റെയും സ്രഷ്ടാവുമായ സത്യേകദൈവത്തിൽ / ഞങ്ങൾ വിശ്വസിക്കുന്നു.

ദൈവത്തിന്റെ ഏകപുത്രനും / സർവ്വലോകങ്ങൾക്കും മുമ്പേ പിതാവിൽനിന്ന് ജനിച്ചവനും / പ്രകാശത്തിൽനിന്നുള്ള പ്രകാശവും / സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും / ജനിച്ചവനും സൃഷ്ടിയല്ലാത്തവനും / സാരാംശത്തിൽ പിതാവിനോട് സമത്വമുള്ളവനും / സർവ്വസൃഷ്ടിക്കും ഹേതുവായവനും / മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കും വേണ്ടി സ്വർഗ്ഗത്തിൽനിന്നിറങ്ങി/ ✠ പരിശുദ്ധ റൂഹായിൽനിന്നും ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിൽനിന്നും / ശരീരിയായിത്തീർന്ന് ✠ മനുഷ്യനായി / പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ട് / ✠ കഷ്ടതയനുഭവിച്ച് മരിച്ച് അടക്കപ്പെട്ട് / തിരുമനസ്സായപ്രകാരം മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ്, സ്വർഗ്ഗത്തിലേക്ക് കരേറി, തന്റെ പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്നവനും / ജീവനുള്ളവരെയും മരിച്ചവരെയും വിധിപ്പാൻ വലിയ മഹത്ത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും / തന്റെ രാജ്യത്തിന് അവസാനമില്ലാത്തവനും / ഏക കർത്താവുമായ യേശുമിശിഹായിലും / ഞങ്ങൾ വിശ്വസിക്കുന്നു.

www.malankaralibrary.com

സകലത്തെയും ജീവിപ്പിക്കുന്ന കർത്താവും / പിതാവിൽനിന്നു പുറപ്പെട്ട് പിതാവിനോടും, പുത്രനോടും കൂടെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനും / നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവനുമായി / ജീവനും പരിശുദ്ധിയുമുള്ള ഏകറൂഹായിലും / കാതോലികവും ശ്ലൈഹികവും, ഏകവും വിശുദ്ധവുമായ സഭയിലും / ഞങ്ങൾ വിശ്വസിക്കുന്നു.

പാപമോചനത്തിനുള്ള മാമോദീസാ ഒന്ന് മാത്രമേയുള്ളു എന്ന് ഞങ്ങൾ ഏറ്റുപറഞ്ഞ് / മരിച്ചുപോയവരുടെ ഉയിർപ്പിനും / വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു. ആമ്മീൻ.

ബാറെക്മോർ സ്തൗമെൻ.... കുറിയേ....

❖

www.malankaralibrary.com

# സൂത്താറ

## സങ്കീർത്തനങ്ങൾ : 91, 121

അത്യുന്നതന്റെ മറവിൽ ഇരിക്കുന്നവൻ ദൈവത്തിന്റെ നിഴലിൽ മഹത്ത്വപ്പെടുന്നു.

ഞാൻ ആശ്രയിച്ചിരിക്കുന്ന ദൈവം എന്റെ ശരണവും സങ്കേതസ്ഥലവുമെന്ന് കർത്താവിനെക്കുറിച്ച് നീ പറയുക.

എന്തെന്നാൽ, അവൻ വിരുദ്ധതയുടെ കെണിയിൽ നിന്നും വ്യർത്ഥസംസാരത്തിൽനിന്നും നിന്നെ രക്ഷിക്കും.

അവൻ തന്റെ തൂവലുകൾകൊണ്ട് നിന്നെ രക്ഷിക്കും. അവന്റെ ചിറകുകളുടെ കീഴിൽ നീ മറയ്ക്കപ്പെടും. അവന്റെ സത്യം നിന്റെ ചുറ്റും ആയുധമായിരിക്കും.

നീ രാത്രിയിലെ ഭയത്തെയും പകൽ പറക്കുന്ന അസ്ത്രത്തെയും ഇരുട്ടിൽ സഞ്ചരിക്കുന്ന വചനത്തെയും മദ്ധ്യാഹ്നത്തിൽ വീശുന്ന കൊടുംകാറ്റിനെയും ഭയപ്പെടുകയില്ല.

നിന്റെ ഭാഗത്ത് ആയിരങ്ങളും നിന്റെ വലത്തുഭാഗത്ത് പതിനായിരങ്ങളും വീഴും.

എങ്കിലും, അവ നിങ്കലേക്ക് അടുക്കുകയില്ല. എന്നാലോ നിന്റെ കണ്ണുകൾകൊണ്ട് നീ കാണുക മാത്രം ചെയ്യും. ദുഷ്ടന്മാർക്കുള്ള പ്രതിഫലം നീ കാണും.

എന്തെന്നാൽ, തന്റെ വാസസ്ഥലം ഉയരങ്ങളിൽ ആക്കിയ എന്റെ ശരണമായ കർത്താവ് നീയാകുന്നു.

ദോഷം നിന്നോട് അടുക്കുകയില്ല. ശിക്ഷ നിന്റെ വാസസ്ഥലത്തിന് സമീപിക്കുകയുമില്ല.

www.malankaralibrary.com

എന്തെന്നാൽ, നിന്റെ സകല വഴികളിലും നിന്നെ കാക്കേണ്ടതിന് അവൻ നിന്നെക്കുറിച്ച് തന്റെ മാലാഖമാരോട് കല്പിക്കും.

നിന്റെ കാലിൽ നിനക്ക് ഇടർച്ച ഉണ്ടാകാതിരിപ്പാനായി അവർ തങ്ങളുടെ ഭുജങ്ങളിൽ നിന്നെ വഹിക്കും.

ഗോർസോ സർപ്പത്തെയും അണലിയെയും നീ ചവിട്ടും. സിംഹത്തെയും പെരുമ്പാമ്പിനെയും നീ മെതിക്കും.

അവൻ എന്നെ അന്വേഷിച്ചതുകൊണ്ട് ഞാൻ അവനെ രക്ഷിക്കും. അവൻ എന്റെ നാമം അറിഞ്ഞതുകൊണ്ട് ഞാൻ അവനെ ബലപ്പെടുത്തും.

അവൻ എന്നെ വിളിക്കും. ഞാൻ അവനോട് ഉത്തരം പറയും. ഞെരുക്കത്തിൽ ഞാൻ അവനോടുകൂടെ ഇരുന്ന് അവനെ ബലപ്പെടുത്തി ബഹുമാനിക്കും.

ദീർഘായുസുകൊണ്ട് ഞാൻ അവനെ തൃപ്തിപ്പെടുത്തി, എന്റെ രക്ഷ അവനെ ഞാൻ കാണിക്കും.

**121 :** ഞാൻ പർവ്വതത്തിലേക്ക് എന്റെ കണ്ണുകൾ ഉയർത്തും. എന്നെ സഹായിക്കുന്നവൻ എവിടെ നിന്ന് വരും.

എന്റെ സഹായം ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിന്റെ സന്നിധിയിൽ നിന്നാകുന്നു.

അവൻ നിന്റെ കാൽ ഇളകുവാൻ സമ്മതിക്കുകയില്ല. നിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുകയുമില്ല.

എന്തെന്നാൽ, ഇസ്രായേലിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുന്നില്ല. ഉറങ്ങുന്നുമില്ല.

നിന്റെ കാവൽക്കാരൻ കർത്താവാകുന്നു. കർത്താവ്, തന്റെ വലത്തു കൈകൊണ്ട് നിനക്ക് നിഴലിടും.

പകൽ സൂര്യനോ, രാത്രിയിൽ ചന്ദ്രനോ നിന്നെ ഉപദ്രവിക്കുകയില്ല.

www.malankaralibrary.com

കർത്താവ്, സകല ദോഷങ്ങളിൽനിന്നും നിന്നെ കാത്തുകൊള്ളും. അവൻ നിന്റെ ആത്മാവിനെ കാത്തുകൊള്ളും.

കർത്താവ്, നിന്റെ ഗമനത്തെയും നിന്റെ ആഗമനത്തെയും ഇതു മുതൽ എന്നേക്കും കാത്തുകൊള്ളും.

ദൈവമേ, സ്തുതി നിനക്ക് യോഗ്യമാകുന്നു.

ബാറെക്മോർ.

**കർമ്മി** : ശുബ്ഹോ...

**ജനം** : ഹാലേലുയ്യാ-ഹാലേലുയ്യാ-ഹാലേലുയ്യാ
മെൻഓലം വാദാ മൊല്ഓലം ഒൽമീൻ ആമ്മീൻ.

അല്ലെങ്കിൽ

## സങ്കീർത്തനങ്ങൾ : 91, 121

അത്യുന്നതനുടെ മറവിൽ വസിപ്പോൻ ഹാലേലൂയ്യാ
ദൈവത്തിൻ നിഴലി-ൽ മഹിതനവൻ

എന്നാശ്രയവും ശരണവുമീശ-ൻ-ഹാലേ...
എന്നഭയം നീയെന്നുരചെ-യ് നാഥനൊടായ്

വൈരുദ്ധ്യത്തിൻ കെണിയിൽനിന്നും-ഹാലേ..
രക്ഷിക്കുമവൻ പാഴ്വാ-ക്കിൽനിന്നും

ചിറകിൻ തൂവലുകൾകൊണ്ടുമറയ്ക്കുമവൻ-ഹാലേ...
തൻ സത്യം നിൻചുറ്റും-ആയുധമായ്

രാവിൽ ഭയവും പകൽ അസ്ത്രമതും-ഹാലേ...
ഇരുളിൽ വചനം ഉച്ചയിൽ ഊതും കാറ്റും ഭയമേകാ

നിൻ പാർശ്വത്തായിരമായ് നിപതിക്കും-ഹാലേ...
നിൻ വലഭാഗേ പതിനായിരമാ-യ് വീണീടും

നിന്നെ സമീപിക്കില്ലവ എന്നാൽ നീ കാണും-ഹാലേ...
ദുഷ്ടൻ തൻ പ്രതിഫലമതുനീ-ദർശിക്കും

www.malankaralibrary.com

തൻ വാസസ്ഥലമുയരതിലാക്കിയവൻ-ഹാലേ...
എൻ ശരണം നാഥ-ൻ നീയത്രേ

ദോഷം നിന്നെ സമീപിച്ചീടാ-ഹാലേ...
നിൻ വാസസ്ഥാനത്തണയാ-ശിക്ഷയതും

നിൻവഴികളിലഖിലം നിന്നെ കാത്തീടാൻ-ഹാലേ...
നിന്നെപ്രതി മാലാഖകളോടവനാ-ജ്ഞാപിക്കും

നിൻ പാദങ്ങളിൽ നീ ഇടറായ്‌വാൻ-ഹാലേ....
ഭുജമതിൽ നിന്നെയവർ ഏറ്റീടും.

ഗോർസോസർപ്പം അണലിയെയും നീ പാദാൽ മർദ്ദിക്കും ഹാലേ...
സിംഹം പെരുമ്പാമ്പിനെയും നീ-മെതിചെയ്യും

അവനെന്നെ അന്വേഷിച്ചെൻ നാമം അറിയുകയാൽ- ഹാലേ...
ബലമേകും ഞാനവനെ രക്ഷിക്കും.

അവനെന്നെ വിളിക്കും ഞാനവനുത്തരമരുളും-ഹാലേ...
ഞെരുക്കത്തിൽ ഞാനവനാ-യ് ബലമേകും

ദീർഘായുസ്സിനാൽ അവനെ ഞാൻ തൃപ്തനാക്കും- ഹാലേ..
എൻരക്ഷയുമവനേ-കാണിക്കും

ഗിരിശൃംഗങ്ങളിലേക്കെൻ മിഴികളുയർത്തും ഞാൻ... ഹാലേ...
എൻ തുണയെവിടുന്നാ-ഗതമാകും

ഭൂവാനങ്ങൾനിർമിച്ചോൻ നാഥൻതന്റെ-ഹാലേ...
സന്നിധിയിൽനിന്നുസഹായം വ-ന്നെത്തീടും

നിൻ പാദം വഴുതുവാനിടയാക്കീടാ-ഹാലേ...
നിൻ കാവൽക്കാരൻ ഉറക്കം തൂ-ങ്ങുകയില്ല

ഇസ്രായേലിൻ കാവൽക്കാരൻ-ഹാലേ...
ഉറക്കംതൂങ്ങീടാ നിദ്രി-തനായീടാ

കർത്താവത്രേ നിൻ കാവൽക്കാരൻ-ഹാലേ...
തൻവലപാണി നിനക്കേകും-നിഴലുകളെ

www.malankaralibrary.com

പകലാദിത്യൻ രാവിൽചന്ദ്രൻതാനും-ഹാലേ...
ശല്യമതേകീടി-ല്ല നിനക്കായ്

എല്ലാദോഷമതീന്നും നാഥൻ-ഹാലേ...
കാത്തീടുംനിന്നാ-ത്മാവിനെയും

നിൻ ഗമനാഗമനങ്ങളെ ഇതുമുതലെന്നേക്കും കാത്തീടും ഹാലേ...
സ്തുതിയങ്ങേക്കുചിതം ദേവേശാ. ബാറെക്മോർ.

**കർമ്മി** : ശുബ്ഹോ...

**ജനം** : ഹാലേലുയ്യാ-ഹാലേലുയ്യാ-ഹാലേലുയ്യാ
മെൻഓലം വാദാ മൊല്ഓലം ഒൽമീൻ ആമ്മീൻ

## മാനീസോ

കർത്താവേ, നിന്റെ കരുണയിൻ ചിറകുകളുടെ നിഴലിൻ കീഴിൽ ഞങ്ങളെ മറച്ച് ഞങ്ങളോട് കരുണ ചെയ്യണമേ.

സകലവും കേൾക്കുന്നവനേ, നിന്റെ കരുണയാൽ നിന്റെ അടിയാരുടെ അപേക്ഷ നീ കേൾക്കണമേ.

മഹത്ത്വമുള്ള രാജാവായി ഞങ്ങളുടെ രക്ഷകനായ മിശിഹാ സമാധാനപൂർണ്ണമായ സന്ധ്യയും പുണ്യമുള്ള രാവും ഞങ്ങൾക്ക് തരണമേ.

ഞങ്ങളുടെ കണ്ണുകൾ നിങ്കലേക്ക് നോക്കിക്കൊണ്ടിരിക്കുന്നു. ഞങ്ങളുടെ കടങ്ങളും പാപങ്ങളും നീ പരിഹരിച്ച് ഇഹവും പരവുമായ രണ്ടു ലോകങ്ങളിലും ഞങ്ങ ളോട് കരുണ ചെയ്യണമേ.

കർത്താവേ, നിന്റെ കരുണ ഞങ്ങളെ മറച്ച് നിന്റെ കൃപ ഞങ്ങളുടെ മുമ്പിൽ നിൽക്കണമേ. നിന്റെ സ്ലീബാ ദുഷ്ടനിൽനിന്നും അവന്റെ സൈന്യങ്ങളിൽനിന്നും ഞങ്ങളെ കാത്തുകൊള്ളണമേ.

www.malankaralibrary.com

ഞങ്ങൾ ജീവനോടിരിക്കുന്ന നാളുകൾ ഒക്കെയും നിന്റെ വലത്തു കൈ ഞങ്ങളുടെമേൽ ആവസിപ്പിക്കണമേ.

നിന്റെ സമാധാനം ഞങ്ങളുടെ ഇടയിൽ വാഴുമാറാകണമേ. നിന്നോട് അപേക്ഷിക്കുന്ന ആത്മാക്കൾക്ക് ശരണവും രക്ഷയും നീ നൽകണമേ.

നിന്നെ പ്രസവിച്ച മറിയാമിന്റെയും നിന്റെ സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ, ദൈവമേ, ഞങ്ങളുടെ കടങ്ങൾക്ക് പരിഹാരമുണ്ടാക്കി ഞങ്ങളോട് കരുണ ചെയ്യണമേ.

അല്ലെങ്കിൽ

1 കർത്താവേ, മറ ചെയ്തീടേണമേ
ഞങ്ങളെ നി-ന്റെ
കൃപയതിനുടെ ചിറകി-ൻ നിഴലിൽ.

2 കേൾപ്പവനഖിലം നീ
ദാസന്മാർ-തൻ
യാചനയെ നീ-
കേൾക്കണമേ കാരു-ണ്യത്താൽ.

3 ശാന്തി നിറഞ്ഞൊരു രാവും നൽ
പുണ്യമെഴുന്നൊരു സന്ധ്യയതും
ഞങ്ങൾ രക്ഷകനാം മിശിഹാ
മഹിമയെഴും രാജാ നൽക.

4 ഞങ്ങൾ കണ്ണുകൾ നിൻ പക്കൽ
നോക്കുന്നു ഋണപാപങ്ങൾ
പോക്കീട്ടിഹ പരലോകത്തിൽ
നിൻകൃപ ഞങ്ങൾക്കേ-കണമേ.

5 നിൻ കൃപ ഞങ്ങളെ മറചെയ്ക
തവകൃപനിൽക്കണമിവർ മുമ്പിൽ

www.malankaralibrary.com

നിൻസ്ലീബാ ദുഷ്ടനിൽനിന്നും
സൈന്യമതീന്നും കാ-ക്കണമേ.

6 ജീവനോടെങ്ങൾ വസിച്ചീ-ടും
നാളുകളൊക്കെയിലും നിന്റെ
വലതുകരം തുണയായ് ഇവർമേൽ
ആവസം ചെയ്തീ-ടണമേ.

7 ഞങ്ങൾ മദ്ധ്യേ നിൻ ശക്തി
വാഴണമേ നിന്നൊടു കേഴും
ആത്മാക്കൾക്കുണ്ടാവണമേ
നിന്നുടെ ശരണം ര-ക്ഷയതും.

8 ജനനീമറിയാമിന്റേയും
ശുദ്ധരുടേയും പ്രാർത്ഥനയാൽ
മോ-ചിച്ചടിയാർമേൽ
നാഥാ നീ കൃപ ചെ-യ്യണമേ.

## ക്രോബേന്മാരുടെ സ്തുതി

(എസെ 3:12)

കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്ത് എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു. ✠

കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്ത് എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു. ✠

കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്ത് എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു. ✠

വിശുദ്ധിയും മഹത്ത്വവുമുള്ള ത്രിത്വമേ,
ഞങ്ങളോട് കരുണ ചെയ്യണമേ.

വിശുദ്ധിയും മഹത്ത്വവുമുള്ള ത്രിത്വമേ,
ഞങ്ങളോട് കരുണ ചെയ്യണമേ.

www.malankaralibrary.com

വിശുദ്ധിയും മഹത്ത്വവുമുള്ള ത്രിത്വമേ,
കൃപയുണ്ടായി ഞങ്ങളോട് കരുണചെയ്യണമേ.

നീ എന്നേക്കും വിശുദ്ധിയും മഹത്ത്വവുമുള്ളവനാകുന്നു.

നീ എന്നേക്കും വിശുദ്ധിയും മഹത്ത്വവുമുള്ളവനാകുന്നു.

നീ വിശുദ്ധിയുള്ളവനും നിന്റെ തിരുനാമം എന്നേക്കും വാഴ്ത്തപ്പെട്ടതുമാകുന്നു.

ഞങ്ങളുടെ കർത്താവേ, നിനക്ക് സ്തുതി.

ഞങ്ങളുടെ കർത്താവേ, നിനക്ക് സ്തുതി.

ഞങ്ങളുടെ ശരണവുമേ, എന്നേക്കും നിനക്ക് സ്തുതി.

ബാറെക്മോർ

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,...
കൃപനിറഞ്ഞ മറിയമേ, നിനക്ക് സമാധാനം...

## സ്തോത്രം

ദൈവമേ, നിനക്ക് സ്വീകാര്യമായ സ്തുതിയും സ്തോത്രവും നന്ദിപൂർവ്വം അർപ്പിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

പിതാവായ ദൈവമേ, നീ ഞങ്ങളുടെ സ്രഷ്ടാവും സംരക്ഷകനുമാകയാൽ നിനക്ക് സ്തോത്രം.

പുത്രനായ ദൈവമേ, നീ ഞങ്ങളുടെ രക്ഷകനും, പരിത്രാതാവും ആകയാൽ നിനക്ക് സ്തോത്രം.

പരിശുദ്ധാത്മാവായ ദൈവമേ, നീ ഞങ്ങളെ ശുദ്ധീകരിക്കുന്നവനും പരിപാലിക്കുന്നവനുമാകയാൽ നിനക്ക് സ്തോത്രം.

പരിശുദ്ധ ത്രിത്വമേ, വിശുദ്ധ കത്തോലിക്കാ സഭയ്ക്ക് നീ സ്വയം വെളിപ്പെടുത്തിയതിനാലും, അതിന്റെ മക്കളായി ഞങ്ങളെ അനുഗ്രഹിക്കുന്നതിനാലും നിനക്ക് സ്തോത്രം.

www.malankaralibrary.com

ഈ ജീവിതത്തിലേക്ക് ഞങ്ങളെ കൊണ്ടുവന്നതിനാൽ സ്തോത്രം.

നിന്റെ വിശുദ്ധരുടെ ഉത്തമ മാതൃകകൾക്കും ദിവ്യോപദേശങ്ങൾക്കുംവേണ്ടി സ്തോത്രം.

നിന്നെ അറിയുകയും സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുവാൻ തക്കതായ കൃപ ഞങ്ങൾക്ക് തന്നിട്ടുള്ളതിനാൽ സ്തോത്രം.

ഇന്നേദിവസം തൃക്കയ്യിൽനിന്ന് ഞങ്ങൾ പ്രാപിച്ച എല്ലാ സഹായങ്ങൾക്കുംവേണ്ടി സ്തോത്രം.

## മദ്ധ്യസ്ഥത

ഞങ്ങളുടെ മാതാപിതാക്കൾ, സഹോദരസഹോദരികൾ, ചാർച്ചക്കാർ, ഗുരുക്കന്മാർ, സ്നേഹിതർ, ഞങ്ങൾക്ക് നന്മ ചെയ്തിട്ടുള്ളവർ എന്നിവരെയെല്ലാം അനുഗ്രഹിക്കണമേ. ഈ ദേശത്തെയും ഭരണാധികാരികളെയും സർവ്വജനങ്ങളെയും അനുഗ്രഹിക്കണമേ.

സകല ജനങ്ങളെയും നിന്റെ സത്യത്തിലേക്കും രക്ഷയിലേക്കും ആകർഷിക്കണമേ. ഞങ്ങളുടെ അകത്തോലിക്കാ സഹോദരങ്ങളെ അനുസരണത്തിലേക്കും തിരുസഭയുടെ ഐക്യത്തിലേക്കും തിരിച്ചുവരുത്തണമേ. ലോകമാകെയുള്ള നിന്റെ തിരുസഭയെ അനുഗ്രഹിക്കണമേ. തിരുസഭയുടെ തലവനായ പരിശുദ്ധ (... ...) മാർപാപ്പായെയും ഞങ്ങളുടെ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് (... ...) കാതോലിക്കാ ബാവായെയും അനുഗ്രഹിക്കണമേ. ഞങ്ങളുടെ ഇടയനും മേൽപ്പട്ടക്കാരനുമായ അബൂൻ മോർ (... ...) * മെത്രാപ്പോലീത്തയെയും സത്യവിശ്വാസികളായ എല്ലാ എപ്പിസ്ക്കോപ്പാമാരെയും അനുഗ്രഹിക്കണമേ.

www.malankaralibrary.com

ഞങ്ങളുടെ എല്ലാ ഭദ്രാസനങ്ങളെയും, ഇടവകക ളെയും, മിഷ്യനുകളെയും, വൈദികരെയും, വൈദിക വിദ്യാർത്ഥികളെയും, സന്യാസീസന്യാസിനികളെയും അനുഗ്രഹിക്കണമേ.

എല്ലാ രോഗികളെയും ക്ലേശിതരെയും പരദേശവാസി കളെയും അനാഥരെയും ഭവനരഹിതരെയും തൊഴിൽ രഹിതരെയും പ്രത്യേകമായും അനുഗ്രഹിക്കണമേ.

ഞങ്ങളുടെ വിദ്യാലയങ്ങളെയും ആതുരാലയങ്ങ ളെയും എല്ലാ സ്ഥാപനങ്ങളെയും അവയിൽ പ്രവർത്തി ക്കുന്നവരെയും അവയോട് ബന്ധപ്പെടുന്നവരെയും എല്ലാ കുടുംബാംഗങ്ങളെയും സകല ജനങ്ങളെയും അനുഗ്രഹി ക്കണമേ.

നിന്റെ കൃപകളാലും ഐശ്വര്യങ്ങളാലും ഞങ്ങളെ എല്ലാവരെയും ആശീർവദിക്കണമേ.

## സമർപ്പണം

ഇന്നേദിവസം ഞങ്ങൾ ചെയ്തുപോയ തെറ്റുകളും പാപങ്ങളും ദയതോന്നി ഞങ്ങളോട് ക്ഷമിക്കണമേ.

ഈ രാത്രിയിൽ ഞങ്ങളെ കാത്തുകൊള്ളണമേ. ഈ രാത്രിയിലും ഞങ്ങളുടെ ജീവിതകാലം മുഴുവനും നിന്റെ കൃപയിലും വിശുദ്ധിയിലും ഞങ്ങളെ പാലിക്കണമേ.

ഞങ്ങളുടെ ശിഷ്ടായുസ്സിനെയും ഞങ്ങളെത്തന്നെയും തിരുമുമ്പാകെ ഞങ്ങൾ സമർപ്പിക്കുന്നു. ഞങ്ങളുടെ സമർപ്പണം കൈക്കൊള്ളണമേ.

പിതാവായ ദൈവമേ, നിന്റെ സ്നേഹവും പുത്രനായ

* അതാതു കാലത്തെ ഭദ്രാസനാദ്ധ്യക്ഷന്റെ പേരു പറയണം.

www.malankaralibrary.com

ദൈവമേ, നിന്റെ കൃപയും പരിശുദ്ധാത്മാവായ ദൈവമേ, നിന്റെ സംസർഗ്ഗവും ആവാസവും ഇന്നും എന്നും ഞങ്ങൾക്കുണ്ടാകണമേ.

ദൈവമാതാവിന്റെയും സകല വിശുദ്ധരുടെയും പ്രാർത്ഥനാ സഹായങ്ങളും അനുഗ്രഹങ്ങളും ഇപ്പോഴും എന്നേക്കും ഞങ്ങൾക്കുണ്ടായിരിക്കണമേ. ആമ്മീൻ.

വിശുദ്ധ മാതാവേ, ഈ രാത്രിയിൽ ദൈവകൃപയിലും വിശുദ്ധിയിലും ഞങ്ങളെ കാത്തുകൊള്ളണമേ. ആമ്മീൻ.

ഞങ്ങളുടെ കാവൽമാലാഖമാരേ, ഈ രാത്രിയിൽ ദൈവകൃപയിലും വിശുദ്ധിയിലും ഞങ്ങളെ കാത്തുകൊള്ളണമേ. ആമ്മീൻ

(എല്ലാവരും)

എന്റെ ആത്മാവേ, കർത്താവിനെ സ്തുതിക്കുക. എന്നിലുള്ള സകലവുമേ, അവന്റെ പരിശുദ്ധ നാമത്തെ പുകഴ്ത്തുക.

എന്റെ ആത്മാവേ, കർത്താവിനെ സ്തുതിക്കുക. അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുതേ.

❖

www.malankaralibrary.com

# രാത്രി

## കൗമാ

## പ്രാരംഭ പ്രാർത്ഥന

ഉറക്കമില്ലാത്ത ഉണർവുള്ളവനായ കർത്താവേ, നിന്റെ ഉണർവിനെ ഞങ്ങൾ സ്തുതിക്കുവാനായി പാപമുഴുക ലിൽനിന്ന് ഞങ്ങളുടെ ഉറക്കത്തെ നീ ഉണർത്തണമേ. മരണമില്ലാത്ത ജീവനുള്ളവനേ, നിന്റെ കരുണയെ ഞങ്ങൾ വന്ദിപ്പാനായി മരണവും നാശവുമാകുന്ന ഉറക്കത്തിൽനിന്ന് ഞങ്ങളെ നീ ജീവിപ്പിക്കണമേ. പിതാവും, പുത്രനും, പരിശുദ്ധാത്മാവുമായ ദൈവമേ, സ്വർഗത്തിലും ഭൂമിയിലും സ്തുതിക്കപ്പെട്ടവനും, വാഴ്ത്തപ്പെട്ടവനും നീ ആകകൊണ്ട് നിന്നെ സ്തുതിക്കുന്ന സ്വർഗീയ മാലാഖ മാരുടെ മഹത്വമുള്ള വൃന്ദങ്ങളോടൊരുമിച്ച് വിശുദ്ധി യോടെ ഇപ്പോഴും എപ്പോഴും എന്നേക്കും നിന്നെ സ്തു തിച്ച് വാഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. ആമ്മീൻ.

## സങ്കീർത്തനങ്ങൾ 134,119,117

ബാറെക്മോർ, രാത്രികാലങ്ങളിൽ കർത്താവിന്റെ ഭവനത്തിൽ നില്ക്കുന്ന കർത്താവിന്റെ സകല ദാസന്മാ രുമേ, നിങ്ങൾ കർത്താവിനെ വാഴ്ത്തുവിൻ.

നിങ്ങൾ വിശുദ്ധ സ്ഥലത്തേക്ക് നിങ്ങളുടെ കൈകൾ ഉയർത്തി കർത്താവിനെ വാഴ്ത്തുവിൻ.

www.malankaralibrary.com

ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവ് സെഹിയോനിൽനിന്നും നിന്നെ അനുഗ്രഹിക്കും.

**119:169-176.** കർത്താവേ, എന്റെ സ്തുതി നിന്റെ മുമ്പാകെ പ്രവേശിക്കട്ടെ. നിന്റെ വചനത്താൽ എന്നെ ജീവിപ്പിക്കണമേ.

എന്റെ അപേക്ഷ നിന്റെ മുമ്പാകെ പ്രവേശിക്കട്ടെ. നിന്റെ വചനത്താൽ എന്നെ രക്ഷിക്കണമേ.

എന്റെ നാവ് നിന്റെ വചനം ഉച്ചരിക്കും. എന്തെന്നാൽ നിന്റെ കല്പനകളെല്ലാം നീതിയോടുകൂടിയവ ആകുന്നു.

നീ നിന്റെ കല്പനകൾ എന്നെ പഠിപ്പിക്കുമ്പോൾ, എന്റെ അധരങ്ങൾ നിന്റെ സ്തുതി ഉച്ചരിക്കും. ഞാൻ നിന്റെ കല്പനകളിൽ ഇഷ്ടപ്പെട്ടതിനാൽ നിന്റെ കൈ എന്നെ സഹായിക്കും.

എന്റെ ആത്മാവ് നിന്റെ രക്ഷയ്ക്കായി കാത്തിരുന്നു. നിന്റെ വേദപ്രമാണം ഞാൻ ധ്യാനിച്ചു.

എന്റെ ആത്മാവ് ജീവിച്ച് നിന്നെ സ്തുതിക്കുകയും നിന്റെ ന്യായവിധി എന്നെ സഹായിക്കുകയും ചെയ്യും.

കാണാതെപോയ ആടിനെപ്പോലെ ഞാൻ തെറ്റിപ്പോയി. നിന്റെ ഭൃത്യനെ അന്വേഷിക്കണമേ! എന്തെന്നാൽ ഞാൻ നിന്റെ കല്പനകൾ മറന്നില്ല.

**117.** സകല ജാതികളുമേ, കർത്താവിനെ സ്തുതിക്കുവിൻ. സകല ജനങ്ങളുമേ, അവനെ നിങ്ങൾ സ്തുതിക്കുവിൻ.

എന്തെന്നാൽ അവന്റെ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു.

ദൈവമേ! സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ

www.malankaralibrary.com

**കർമി** : ശുബ്ഹോ...
**ജനം** : മെൻഗാലം...

## നാലാം കൗമാ*

✠ ഹാലേലുയ്യാ - ഹാലേലുയ്യാ - ഹാലേലുയ്യാ
ദൈവമേ, നിനക്കു സ്തുതി.

✠ ഹാലേലുയ്യാ - ഹാലേലുയ്യാ - ഹാലേലുയ്യാ
ദൈവമേ, നിനക്കു സ്തുതി.

✠ ഹാലേലുയ്യാ - ഹാലേലുയ്യാ - ഹാലേലുയ്യാ
ദൈവമേ, നിനക്കു സ്തുതി.

കരുണയുള്ള ദൈവമേ, നിന്റെ അനുഗ്രഹങ്ങളാൽ ഞങ്ങളോട് കരുണചെയ്യണമേ.

നാം ദൈവത്തിന്റെ മക്കളായിതീരുവാൻ ജീവിച്ചിരുന്നപ്പോൾ നമ്മെ പഠിപ്പിച്ച നമ്മുടെ പിതാക്കന്മാരെ കുർബാനകളിലും പ്രാർത്ഥനകളിലും നാം ഓർക്കണം. അഴിവില്ലാത്ത ലോകമായ സ്വർഗത്തിൽ നീതിമാന്മാരോടും, പുണ്യവാന്മാരോടുംകൂടെ ദൈവപുത്രൻ അവരെ ആശ്വസിപ്പിക്കും. കർത്താവേ, കരുണചെയ്ത് ഞങ്ങളെ സഹായിക്കണമേ.

## മാവൂർബോ

(ലൂക്കോ 1:46-55)

മറിയം പറഞ്ഞതെന്തെന്നാൽ, എന്റെ ദേഹി കർത്താവിനെ പുകഴ്ത്തുന്നു.

എന്റെ ആത്മാവ് എന്നെ ജീവിപ്പിക്കുന്നവനായ ദൈവത്തിൽ സന്തോഷിച്ചു.

എന്തെന്നാൽ, അവൻ തന്റെ ദാസിയുടെ താഴ്മയെ നോക്കിക്കണ്ടിരിക്കുന്നു.

---

* തിരശീല നീക്കുന്നു. ത്രോണോസിൽ കുരിശിന്റെ മുമ്പിൽ ഒരു മെഴുകുതിരി കത്തിക്കുന്നു.

www.malankaralibrary.com

കണ്ടാലും, ഇതുമുതൽ സകല വംശങ്ങളും എനിക്ക് ഭാഗ്യം തരും.

എന്തെന്നാൽ, ശക്തിമാനും തന്റെ നാമം പരിശുദ്ധവും ആയിരിക്കുന്നവൻ വലിയ കാര്യങ്ങൾ എന്നിൽ പ്രവർത്തിച്ചിരിക്കുന്നു.

അവന്റെ കരുണ അവനെ ഭയപ്പെടുന്നവരുടെ മേൽ തലമുറകളായും വംശങ്ങളായും ഉണ്ടാകുന്നു.

അവൻ തന്റെ ഭുജംകൊണ്ട് ജയമുണ്ടാക്കി, തങ്ങളുടെ ഹൃദയവിചാരത്തിൽ അഹങ്കാരികളായവരെ ചിതറിച്ചു.

അവൻ ബലവാന്മാരെ സിംഹാസനങ്ങളിൽ നിന്നു മറിച്ചിടുകയും താഴ്മയുള്ളവരെ ഉയർത്തുകയും ചെയ്തു.

അവൻ വിശപ്പുള്ളവരെ നന്മകൾകൊണ്ടു സമ്പൂർണരാക്കുകയും സമ്പന്നന്മാരെ വ്യർത്ഥമായി അയയ്ക്കുകയും ചെയ്തു.

അവൻ തന്റെ ദാസനായ ഇസ്രായേലിനെ സഹായിക്കുകയും നമ്മുടെ പിതാക്കന്മാരായ അബ്രഹാമിനോടും അവന്റെ സന്തതികളോടും എന്നേക്കുമായി അരുളിച്ചെയ്തിരുന്നപ്രകാരം, തന്റെ കരുണയെ ഓർക്കുകയും ചെയ്തു.

ബാറെക്മോർ.

കർമ്മി : ശുബ്ഹോ...

ജനം : മെൻഓലം...

## ബോത്തെദ് മാവൂർബോ

(തുബൈക്മറിയം ബസ്ദാവീദ്)

1. ഹാ, നിൻഭാഗ്യം ദാവീദിൻ
   മകൾ മറിയാമേ,
   ദൈവം നിന്നിൽനി-
   ന്നു ശരീരം പൂ–ണ്ടി–

www.malankaralibrary.com

ട്ടാദാമ്യരെയടിമയൊഴി-
ച്ചെല്ലാം വീണ്ടു.

2. നിബിയന്മാർ ശ്ലീഹന്മാർ സഹ-
ദേന്മാർ നയവാന്മാ-
രാചാര്യന്മാർ
ലേവിയരായോ-രേ,
പ്രാർത്ഥിപ്പീൻ മിശിഹാ കൃപചെയ്-
വാൻ ഞങ്ങളുടെമേൽ.

3. നിൻ ഗാത്രം ഭക്ഷിച്ചും നിൻ
രക്തം പാനം
ചെയ്തും ശരണത്താൽ
മൃതരാ-യോർക്കാശ്വാ-
സത്തോടോർമ്മയുമലിവോടുള-
വാക്കെ-ൻ നാഥാ. ബാറെക്മോർ.

ശുബ്ഹോ...മെൻഓലം...

4. മാലാഖ നാഥാ, നിന്നുടെ
മാതാ താനും പരിശുദ്ധന്മാരുമ-
ണയ്ക്കും പ്രാർത്ഥ-നയാൽ
ശു-ശ്രൂഷകൾ കൈക്കൊ-
ണ്ടരുൾ ചെയ്യേണം. ആമ്മീൻ.

## സങ്കീർത്തനം 133

സഹോദരന്മാർ ഒരുമിച്ചുവസിക്കുന്നത് എത്ര നല്ലതും എത്ര മനോഹരവും ആകുന്നു.

അതു അഹറോന്റെ തലയിലും താടിയിലും അതേ, അവന്റെ അങ്കിയുടെ നെഞ്ചിൽ വീണു കിടക്കുന്ന അവന്റെ താടിയിലും ഒലിക്കുന്ന തൈലം പോലെയും സെഹിയോൻ മലമേൽ പൊഴിയുന്ന ഹെർമ്മോൻ മഞ്ഞുപോലെയും ആകുന്നു.

www.malankaralibrary.com

എന്തെന്നാൽ അവിടെ കർത്താവ് എന്നേക്കും അനുഗ്രഹവും ജീവനും കല്പിച്ചു.

ദൈവമേ സ്തുതി നിനക്ക് യോഗ്യമാകുന്നു.ബാറെക്മോർ.

## എനിയോനോ

ദൈവമാതാവിന് പ്രകീർത്തിയും അവളുടെ പ്രാർത്ഥനയാൽ നമുക്ക് സഹായങ്ങളും ഉണ്ടാകട്ടെ.

നീതിമാന്മാർക്ക് പ്രകീർത്തിയും അവരുടെ പ്രാർത്ഥനയാൽ നമുക്ക് സഹായങ്ങളും ഉണ്ടാകട്ടെ.

ദീർഘദർശിമാരുടെയും ശ്ലീഹന്മാരുടെയും സഹദേന്മാരുടെയും പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ.

കർത്താവേ, നിന്റെ സഹദേന്മാരുടെ തുറമുഖത്തിനും നിന്റെ സ്നേഹിതന്മാരുടെ കൂടാരത്തിനും ഞങ്ങളെ യോഗ്യരാക്കണമേ. ദയയുള്ളവനും കരുണ നിറഞ്ഞിരിക്കുന്നവനുമേ, നിന്റെ ന്യായ വിസ്താരദിവസത്തിൽ ഞങ്ങളോടു കരുണ ചെയ്യണമേ.

തന്നെ വിളിക്കുന്ന പാപികൾക്ക് തന്റെ കരുണയെ വിരോധിക്കാത്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

ബാറെക്മോർ.

കർമ്മി : ശുബ്ഹോ...

കർത്താവേ, വിശ്വാസമുള്ള സഭയുടെ മക്കൾക്കു നല്ല പ്രകീർത്തി ഉണ്ടാക്കണമേ.

ജനം : മെൻഓലം...

നിന്റെ ശ്രേഷ്ഠത ഉദിക്കുന്ന ദിവസത്തിൽ അവർ നിന്റെ വലത്തുഭാഗത്ത് നിൽക്കുമാറാകണമേ.

www.malankaralibrary.com

## എനിയോനോ

കന്യകയായ ദൈവമാതാവേ, എല്ലാക്കാലത്തും എല്ലാ നേരത്തും നിന്റെ പ്രാർത്ഥന ഞങ്ങൾക്കു കോട്ടയായിരിക്കണമേ.

കർത്താവേ, എല്ലാ നാഴികയിലും ഞങ്ങൾക്കായി കെണികളെ വയ്ക്കുന്ന ദുഷ്ടനെ നിന്റെ വിശുദ്ധന്മാരുടെ പ്രാർത്ഥനയാൽ ഞങ്ങളിൽ നിന്നു മായിച്ചുകളയണമേ.

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ നിന്റെ സ്ലീബാ ഞങ്ങൾക്ക് കോട്ടയായിരിക്കയും അതിൽ ഞങ്ങൾ മറയ്ക്ക പ്പെടുകയും ചെയ്യണമേ.

വചനമായ യേശുതമ്പുരാനേ, ജീവനോടിരിക്കുന്നവരെ നിന്റെ സ്ലീബായാൽ കാത്തുകൊള്ളുകയും മരിച്ചുപോയവരെ നിന്റെ കരുണയാൽ പുണ്യപ്പെടുത്തുകയും ചെയ്യണമേ.

നാം ജീവനോടിരിക്കുന്ന നാൾ ഒക്കെയും എല്ലായ്പ്പോഴും പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും സ്തുതിച്ച് ആരാധിച്ച് മഹത്ത്വപ്പെടുത്തണം.

ഏറ്റവും കരുണയുള്ളവനായ ഞങ്ങളുടെ ദൈവമേ, നീ എഴുന്നെള്ളുന്ന നിന്റെ ആ വലിയ ദിവസത്തിൽ നിന്റെ വലത്തുഭാഗത്ത് ഞങ്ങളെ നിർത്തണമേ.

ഈ സമയത്ത് നിനക്കു സ്തുതി പാടുവാൻ ഞങ്ങളെ നീ യോഗ്യരാക്കിയിരിക്കകൊണ്ട് നിന്റെ രാജ്യം അനുഭവിക്കുവാനും ഞങ്ങളെ നീ യോഗ്യരാക്കണമേ.

ഞങ്ങളുടെ മരണത്തിന്റെയും ജീവന്റെയും നാഥനായ കർത്താവേ, നിന്റെ കൃപ ഞങ്ങൾക്കുണ്ടായി, ഞങ്ങളുടെയും ഞങ്ങളുടെ മരിച്ചുപോയവരുടെയും ആത്മാക്കളോട് കരുണ ചെയ്യണമേ.

www.malankaralibrary.com

കർത്താവേ, കൃപ ചെയ്ത് ഞങ്ങളെ സഹായിക്കണമേ.

## സങ്കീർത്തനങ്ങൾ 148,149,150

ഉറങ്ങിയവരേ, നിങ്ങൾ ഉണർന്നെഴുന്നേറ്റ് സ്തുതിപ്പിൻ.

ആകാശത്തിൽനിന്ന് കർത്താവിനെ സ്തുതിപ്പിൻ. ഉന്നതങ്ങളിൽ അവനെ സ്തുതിപ്പിൻ.

അവന്റെ സകല ദൂതന്മാരുമേ, അവനെ സ്തുതിപ്പിൻ. അവന്റെ സകല സൈന്യങ്ങളുമേ, അവനെ സ്തുതിപ്പിൻ.

ആദിത്യചന്ദ്രന്മാരേ, അവനെ സ്തുതിപ്പിൻ. പ്രകാശമുള്ള സകല നക്ഷത്രങ്ങളുമേ അവനെ സ്തുതിപ്പിൻ.

ആകാശങ്ങളുടെ ആകാശങ്ങളും ആകാശങ്ങൾക്കുമീതെയുള്ള വെള്ളങ്ങളുമായുള്ളോവേ, അവനെ സ്തുതിപ്പിൻ.

അവ കർത്താവിന്റെ നാമത്തെ സ്തുതിക്കട്ടെ. എന്തെന്നാൽ അവൻ പറഞ്ഞു, അവ ഉണ്ടായി; അവൻ കല്പിച്ചു. അവ സൃഷ്ടിക്കപ്പെട്ടു.

അവൻ അവയെ എന്നേക്കുമായി സ്ഥിരപ്പെടുത്തി. അവൻ ഒരു നിയമം നിശ്ചയിച്ചു. അത് അഴിയുന്നതുമല്ല.

ഭൂമിയിൽനിന്നും മഹാസർപ്പങ്ങളും, എല്ലാ ആഴങ്ങളും അഗ്നിയും കല്മഴയും ഉറച്ച വെള്ളവും ഹിമവും അവന്റെ വചന പ്രവൃത്തിയായ കാറ്റും കൊടുങ്കാറ്റുമേ, കർത്താവിനെ സ്തുതിപ്പിൻ.

പർവ്വതങ്ങളും സകല കുന്നുകളും ഫലവൃക്ഷങ്ങളും സകല കാരകിലുകളും, മൃഗങ്ങളും സകല കന്നുകാലികളും ഇഴജന്തുക്കളും പക്ഷികളും പറവകളുമേ കർത്താവിനെ സ്തുതിപ്പിൻ.

ഭൂമിയിലെ രാജാക്കന്മാരും സകല ജാതികളും

www.malankaralibrary.com

ഭൂമിയിലെ പ്രഭുക്കന്മാരും സകല ന്യായാധിപരും, ശിശുക്കളും, കന്യകമാരും, വൃദ്ധരും, യുവാക്കളുമേ കർത്താവിനെ സ്തുതിപ്പിൻ. ഇവർ കർത്താവിന്റെ നാമത്തെ സ്തുതിക്കട്ടെ.

എന്തെന്നാൽ അവന്റെ നാമംമാത്രം വലിയതാകുന്നു. അവന്റെ മഹത്ത്വം ഭൂമിയിലും ആകാശത്തിലും ഉണ്ട്.

അവൻ തന്റെ ജനത്തിന്റെ കൊമ്പിനെയും, തന്റെ സകല നീതിമാന്മാർക്കും തനിക്കടുത്ത ജനമായ ഇസ്രാ യേൽ പുത്രന്മാർക്കും മഹത്ത്വത്തെയും ഉയർത്തുന്നു.

**149.** കർത്താവിന് ഒരു പുതിയ പാട്ടും, നീതിമാന്മാരുടെ സഭയിൽ അവന്റെ സ്തുതിയും പാടുവിൻ.

ഇസ്രായേൽ തന്റെ സ്രഷ്ടാവിൽ സന്തോഷിക്കുകയും സെഹിയോന്റെ പുത്രന്മാർ തങ്ങളുടെ രാജാവിൽ ആനന്ദിക്കുകയും ചെയ്യട്ടെ.

അവർ തപ്പുകളാലും ചതുരത്തപ്പുകളാലും, അവന്റെ നാമത്തെ സ്തുതിക്കുകയും വീണകളാൽ അവന് പാടുകയും ചെയ്യട്ടെ.

എന്തെന്നാൽ, കർത്താവ് തന്റെ ജനത്തിൽ ഇഷ്ടപ്പെ ടുന്നു. അവൻ ദരിദ്രർക്ക് രക്ഷകൊടുക്കുകയും ചെയ്യുന്നു.

നീതിമാന്മാർ ബഹുമാനത്തിൽ ബലപ്പെടും. അവർ തങ്ങളുടെ കട്ടിലുകളിന്മേൽ അവനെ സ്തുതിക്കുകയും തങ്ങളുടെ കണ്ഠങ്ങൾ കൊണ്ട് ദൈവത്തെ പുകഴ്ത്തു കയും ചെയ്യും.

പുറജാതികൾക്ക് പ്രതിക്രിയയും, ജാതികൾക്ക് ശിക്ഷയും ചെയ്‌വാനും. അവരുടെ രാജാക്ക ന്മാരെ വിലങ്ങുകൾ കൊണ്ടും അവരുടെ പ്രഭുക്കന്മാരെ ഇരുമ്പു ചങ്ങലകൾകൊണ്ടും ബന്ധിപ്പാനും എഴുതപ്പെട്ടിരിക്കുന്ന

www.malankaralibrary.com

ന്യായവിധി അവരുടെമേൽ നടത്തുവാനും, അവന്റെ സകല നീതിമാന്മാർക്കും മഹത്ത്വം ഉണ്ടാകുവാനുമായി, അവരുടെ കൈകളിൽ ഇരുമുനവാൾ ഉണ്ട്.

**150.** കർത്താവിനെ അവന്റെ ശുദ്ധസ്ഥലത്ത് സ്തുതിപ്പിൻ. അവന്റെ ശക്തിയുടെ ആകാശത്തട്ടിൽ അവനെ സ്തുതിപ്പിൻ.

അവന്റെ വല്ലഭത്വത്തിൽ അവനെ സ്തുതിപ്പിൻ. അവന്റെ ശ്രേഷ്ഠതയുടെ ബഹുത്വത്തിൽ അവനെ സ്തുതിപ്പിൻ.

കൊമ്പിന്റെ ശബ്ദത്താൽ അവനെ സ്തുതി പ്പിൻ. തംബുരുകളാലും വീണകളാലും അവനെ സ്തുതിപ്പിൻ.

തപ്പുകളാലും ചതുരത്തപ്പുകളാലും അവനെ സ്തുതി പ്പിൻ. രസമുള്ള കമ്പികളാൽ അവനെ സ്തുതിപ്പിൻ.

നാദമുള്ള കൈത്താളങ്ങളാൽ അവനെ സ്തുതിപ്പിൻ. ശബ്ദത്താലും ആർപ്പുവിളിയാലും അവനെ സ്തുതിപ്പിൻ. ശ്വാസമുള്ള എല്ലാ ജീവികളും കർത്താവിനെ സ്തുതി ക്കട്ടെ.

സകല ജാതികളുമേ, കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ, അവനെ നിങ്ങൾ സ്തുതിപ്പിൻ.

എന്തെന്നാൽ അവന്റെ കൃപ നമ്മുടെമേൽ ബലപ്പെട്ടിരി ക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാ കുന്നു.

ദൈവമേ, സ്തുതി നിനക്ക് യോഗ്യമാകുന്നു.ബാറെക്മോർ.

കർമ്മി : ശുബ്ഹോ...

ജനം : മെൻഓലം...

www.malankaralibrary.com

ത്രിത്വത്തിന് സ്തുതി, ത്രിത്വത്തിന് സ്തുതി, സ്തുതിക്കപ്പെട്ടതും, ഉണ്മയായതും ആദ്യന്തമില്ലാത്തതുമായ ത്രിത്വത്തെ ഞങ്ങൾ സ്തുതിക്കുന്നു. ദൈവമേ, എല്ലാ നേരത്തും സ്തുതി നിനക്ക് യോഗ്യമാകുന്നു.

## മാലാഖമാരുടെ സ്തുതി

അത്യുന്നതങ്ങളിൽ സ്വർഗീയ മാലാഖമാരും പ്രധാന മാലാഖമാരും സ്തുതിക്കുന്നതുപോലെ, ബലഹീനരും, മൺമയരുമായ ഞങ്ങളും ഇപ്രകാരം പറഞ്ഞുകൊണ്ട് സ്തുതിക്കുന്നു. എല്ലാ കാലത്തും എല്ലാ സമയത്തും ഉയരങ്ങളിൽ ദൈവത്തിന് സ്തുതിയും, ഭൂമിയിൽ സമാധാനവും, ശാന്തിയും മനുഷ്യമക്കൾക്ക് നല്ല പ്രത്യാശയും ഉണ്ടായിരിക്കട്ടെ.

ഞങ്ങൾ നിന്നെ സ്തുതിക്കുകയും വാഴ്ത്തുകയും വന്ദിക്കുകയും ചെയ്യുന്നു. സ്തുതിയുടെ കീർത്തനങ്ങൾ നിനക്ക് ഞങ്ങൾ ആലപിക്കുകയും ചെയ്യുന്നു.

സർവ്വശക്തിയുള്ള പിതാവായ ദൈവവും സ്വർഗീയ രാജാവും സ്രഷ്ടാവുമായ കർത്താവേ, നിന്നെയും, യേശുമിശിഹായായ ഏകപുത്രനായിരിക്കുന്ന ദൈവമായ കർത്താവേ നിന്നെയും, പരിശുദ്ധ റൂഹായോടുകൂടെ, നിന്റെ മഹത്വത്തിന്റെ വലിപ്പം നിമിത്തം ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

പിതാവിന്റെ പുത്രനും, വചനവും, ലോകത്തിന്റെ പാപത്തെ വഹിച്ചവനും വഹിക്കുന്നവനുമായ ദൈവകുഞ്ഞാടായിരിക്കുന്ന ദൈവമായ കർത്താവേ, ഞങ്ങളോട് കരുണയുണ്ടാകണമേ.

ലോകത്തിന്റെ പാപത്തെ വഹിച്ചവനും വഹിക്കുന്നവനുമേ, നിന്റെ ചെവി ചായിച്ച് ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ.

www.malankaralibrary.com

തന്റെ പിതാവിന്റെ വലത്തുഭാഗത്ത് മഹത്ത്വത്തോടെയിരിക്കുന്നവനേ, ദയ തോന്നി ഞങ്ങളോട് കരുണ ചെയ്യണമേ.

എന്തെന്നാൽ നീ മാത്രം പരിശുദ്ധനാകുന്നു. പരിശുദ്ധ റൂഹായോടുകൂടെ യേശുമിശിഹായായ നീ മാത്രം കർത്താവുമാകുന്നു. പിതാവായ ദൈവത്തിന് മഹത്ത്വം. ആമ്മീൻ.

എല്ലാകാലത്തും എല്ലാസമയത്തും ഞങ്ങളുടെ ജീവിതകാലം മുഴുവനും നിന്നെ വാഴ്ത്തുകയും എന്നേക്കും വാഴ്ത്തപ്പെട്ടതും നിത്യത്വമുള്ളതുമായ നിന്റെ പരിശുദ്ധ തിരുനാമത്തെ ഞങ്ങൾ സ്തുതിക്കുകയും ചെയ്യുന്നു.

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ സർവശക്തിയുള്ള കർത്താവേ, നീ വാഴ്ത്തപ്പെട്ടവനാകുന്നു. നിന്റെ തിരുനാമം സ്തുതിക്കപ്പെട്ടതും എന്നേക്കും സ്തുതികളാൽ പ്രബലപ്പെട്ടതുമാകുന്നു.

സ്തുതി നിനക്ക് യോഗ്യമാകുന്നു. മഹത്ത്വം നിനക്ക് യുക്തമാകുന്നു. സകലത്തിന്റെയും ദൈവവും സത്യത്തിന്റെ പിതാവുമായവനേ, നിനക്കും ഏകപുത്രനും ജീവനുള്ള പരിശുദ്ധ റൂഹായ്ക്കും പുകഴ്ച ചേർച്ചയാകുന്നു. അത് ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും, ആമ്മീൻ.

## മാനീസോ

മോറാനേശുമിശിഹാ നിന്റെ കരുണയുടെ ... പേജ് 9

❖

www.malankaralibrary.com

# പ്രഭാതം

## കൗമാ

കർമ്മി : ശുബ്ഹോ...

ജനം : ബലഹീനരും പാപികളും...

## പ്രാരംഭപ്രാർത്ഥന

പ്രഭാതത്തിന്റെ സ്രഷ്ടാവും അന്ധകാരത്തെ ദൂരീകരിക്കുന്നവനും സൃഷ്ടികളെ പ്രകാശിപ്പിക്കുകയും ആനന്ദിപ്പിക്കുകയും ചെയ്യുന്നവനും ആയുള്ളോവേ, പരിപക്വമായ നടപടികൾ ഞങ്ങളിൽ സൃഷ്ടിക്കുകയും, പാപാന്ധകാരത്തെ മുഴുവൻ ഞങ്ങളിൽനിന്നകറ്റുകയും ചെയ്യണമേ. ഞങ്ങളുടെ കർത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമേ, നിന്റെ കൃപയുടെ മഹത്ത്വമുള്ള കിരണങ്ങളാൽ ഞങ്ങളെ പ്രശോഭിപ്പിക്കുകയും ആനന്ദിപ്പിക്കുകയും ചെയ്യണമേ. (മോറാൻ വാലോഹാൻ....) ആമ്മീൻ

## സങ്കീർത്തനം 51

ദൈവമേ, നിന്റെ കൃപയിൻപ്രകാരം എന്നോട് കരുണ ചെയ്യണമേ. നിന്റെ കരുണയുടെ ബഹുത്വപ്രകാരം എന്റെ പാപങ്ങൾ മായിച്ചുകളയണമേ.

എന്റെ അന്യായത്തിൽനിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽനിന്ന് എന്നെ വെടിപ്പാക്കണമേ.

എന്തെന്നാൽ, എന്റെ അതിക്രമങ്ങൾ ഞാൻ അറിയുന്നു. എന്റെ പാപങ്ങൾ എപ്പോഴും എന്റെ നേരേ ഇരിക്കുന്നു.

നിനക്കെതിരായിത്തന്നെ ഞാൻ പാപം ചെയ്തു. നിന്റെ തിരുമുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. അത് നിന്റെ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും നിന്റെ ന്യായവിധി

www.malankaralibrary.com

കളിൽ നീ ജയിക്കുകയും ചെയ്യുവാനായിട്ടു തന്നെ.

എന്തെന്നാൽ, അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു.

സോപ്പാകൊണ്ട് എന്റെമേൽ നീ തളിക്കണമേ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ നീ വെൺമയാക്കണമേ. ഉറച്ച മഞ്ഞിനെക്കാൾ ഞാൻ വെണ്മയാകും.

നിന്റെ ആനന്ദവും സന്തോഷവുംകൊണ്ട് എന്നെ തൃപ്തിയാക്കണമേ. ക്ഷീണതയുള്ള എന്റെ അസ്ഥികൾ സന്തോഷിക്കും.

എന്റെ പാപങ്ങളിൽനിന്ന് നിന്റെ തിരുമുഖം തിരിച്ച് എന്റെ അതിക്രമങ്ങൾ ഒക്കെയും മായിച്ചുകളയണമേ.

ദൈവമേ, ഒരു വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമേ. സ്ഥിരതയുള്ള നിന്റെ ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമേ.

നിന്റെ തിരുമുമ്പിൽനിന്ന് എന്നെ തള്ളിക്കളയരുതേ. നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽനിന്ന് എടുക്കുകയുമരുതേ.

എന്നാലോ, നിന്റെ ആനന്ദവും രക്ഷയും എനിക്ക് തിരിച്ചുതരണമേ. മഹത്ത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകണമേ.

അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്കു തിരിയുകയും ചെയ്യും.

എന്റെ ദൈവമേ, എന്റെ രക്ഷയുടെ ദൈവമേ, രക്തത്തിൽനിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവ് നിന്റെ നീതിയെ സ്തുതിക്കും.

കർത്താവേ, എന്റെ അധരങ്ങൾ എനിക്ക് തുറക്കണമേ.

www.malankaralibrary.com

എന്റെ വായ് നിന്റെ സ്തുതികൾ പാടും.

എന്തെന്നാൽ, ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല. ഹോമബലികളിൽ നീ രമ്യപ്പെട്ടുമില്ല.

ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയം നിരസിക്കുന്നില്ല.

നിന്റെ ഇഷ്ടത്താൽ സെഹിയോനോട് നന്മ ചെയ്യണമേ. ഊർശ്ലേമിന്റെ മതിലുകൾ പണിയണമേ.

അപ്പോൾ ബലികളിലും ഹോമബലികളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിന്റെ ബലിപീഠത്തിൻമേൽ കാളകൾ ബലിയായി കരേറും.

ദൈവമേ, സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

കർമ്മി : ശുബ്ഹോ...

ജനം : മെൻഓലം...

ഹൂൻലാൻ ബ്റഹ്മായ്ക് ആലോഹോ ഹാനോനോ മൊറിയോ റാഹേം അലൈൻ ഊ ആദാറൈൻ.

## സങ്കീർത്തനം 63

എന്റെ ദൈവമേ, നീ എന്റെ ദൈവമാകുന്നു. ഞാൻ നിനക്കായി കാത്തിരിക്കും.

ദാഹിച്ചും വരണ്ടും വെള്ളത്തിനായി ആഗ്രഹിച്ചിരിക്കുന്ന ഭൂമിയെപ്പോലെ, എന്റെ ആത്മാവ് നിന്നെക്കുറിച്ചു ദാഹിച്ചിരിക്കുന്നു. എന്റെ ജഡവും നിനക്കായി കാത്തിരിക്കുന്നു.

നിന്റെ ബലത്തെയും നിന്റെ ബഹുമാനത്തെയും കാണ്മാൻ ഇപ്രകാരം സത്യമായി ഞാൻ നിന്നെ നോക്കി.

എന്തെന്നാൽ, നിന്റെ കരുണ ജീവനെക്കാൾ നല്ലതാകുന്നു. എന്റെ അധരങ്ങൾ നിന്നെ സ്തുതിക്കും.

ഞാൻ ജീവനോടിരിക്കുമ്പോൾ ഇപ്രകാരം ഞാൻ

www.malankaralibrary.com

നിന്നെ വാഴ്ത്തുകയും നിന്റെ നാമത്തിൽ ഞാൻ എന്റെ കൈകൾ ഉയർത്തുകയും ചെയ്യും.

എന്റെ ആത്മാവ് കൊഴുപ്പും മേദസ്സും കൊണ്ടെന്ന പോലെ പുഷ്ടിയാകും. എന്റെ വായ് സ്തുതിയുള്ള അധരങ്ങൾകൊണ്ട് നിന്നെ സ്തുതിക്കുകയും ചെയ്യും.

എന്റെ കിടക്കയിൽ ഞാൻ നിന്നെ ഓർത്തു. രാത്രികാല ങ്ങളിൽ ഞാൻ നിന്നെ ധ്യാനിക്കുകയും ചെയ്തു.

എന്തെന്നാൽ, നീ എനിക്ക് സഹായക്കാരനായി ത്തീർന്നു. നിന്റെ ചിറകുകളുടെ നിഴലിൽ ഞാൻ മറയ്ക്കപ്പെടും.

എന്റെ ആത്മാവ് നിന്നെ പിന്തുടർന്നു. നിന്റെ വലത്തു കൈ എന്നെ താങ്ങുകയും ചെയ്തു.

അവർ എന്റെ ആത്മാവിനെ നശിപ്പിക്കുവാൻ അന്വേഷിച്ചു. അവർ ഭൂമിയുടെ ആഴങ്ങളിലേക്ക് പ്രവേശിക്കും.

അവർ വാളിന് ഏല്പിക്കപ്പെടുകയും കുറുനരികൾക്ക് ഭക്ഷണമായിത്തീരുകയും ചെയ്യും.

രാജാവ് ദൈവത്തിൽ സന്തോഷിക്കും. അവനെ ക്കൊണ്ട് ആണയിടുന്ന ഏവനും പുകഴ്ചയുണ്ടാകും. എന്തെന്നാൽ, അസത്യം പറയുന്നവരുടെ വായ് അടയ്ക്കപ്പെടും.

ദൈവമേ, സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

കർമി : ശുബ്ഹോ...

ജനം : മെൻഓലം...

### സങ്കീർത്തനം 113:1–9

പ്രകാശത്തിന്റെ സ്രഷ്ടാവിനു സ്തുതി. കർത്താവിന്റെ ഭൃത്യന്മാരേ, സ്തുതിപാടുവിൻ. നിങ്ങൾ കർത്താവിന്റെ നാമത്തെ സ്തുതിപ്പിൻ.

www.malankaralibrary.com

കർത്താവിന്റെ നാമം ആദിമുതൽ എന്നേക്കും വാഴ്ത്തപ്പെട്ടതായിരിക്കട്ടെ.

സൂര്യന്റെ ഉദയം മുതൽ അതിന്റെ അസ്തമനം വരെയും കർത്താവിന്റെ നാമം വലിയതാകുന്നു.

കർത്താവ് സകല ജാതികൾക്കും മേലായി ഉന്നതനും അവന്റെ മഹത്ത്വം ആകാശങ്ങൾക്ക് മീതെയുമാകുന്നു.

ഉയരത്തിൽ വസിക്കുകയും ആഴത്തിൽ നോക്കുകയും ചെയ്യുന്ന നമ്മുടെ ദൈവമായ കർത്താവിനോട് സദൃശ്യൻ ആകാശത്തിലും ഭൂമിയിലും ആരുള്ളു?

അവൻ എളിയവനെ ജനത്തിന്റെ പ്രഭുക്കന്മാരോടുകൂടെ ഇരുത്തേണ്ടതിനു കുപ്പയിൽനിന്നും ഉയർത്തുന്നു.

അവൻ വന്ധ്യയായവളെ മക്കളുടെ സന്തോഷമുള്ള മാതാവായി ഭവനത്തിൽ വസിക്കുമാറാക്കുകയും ചെയ്യുന്നു.

ദൈവമേ, സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

കർമ്മി : ശുബ്ഹോ...
ജനം : മെൻഓലം...

## അപേക്ഷ

കർത്താവേ, നിന്നെ സ്തോത്രം ചെയ്യുന്നതും നിന്റെ ഉന്നതമായ തിരുനാമത്തെ കീർത്തിക്കുന്നതും പ്രഭാതകാലത്ത് നിന്റെ കൃപയും രാത്രികാലങ്ങളിൽ നിന്നിലുള്ള വിശ്വാസവും അറിയിക്കുന്നതും എത്ര നല്ലതാകുന്നു.

കർത്താവേ, പ്രഭാതസമയം എന്റെ ശബ്ദം കേൾക്കണമേ. പ്രഭാതസമയം ഞാൻ ഒരുങ്ങി നിനക്ക് കാണപ്പെടും.

കർത്താവേ, നിന്റെ ജനത്തോട് കരുണ ചെയ്യണമേ. കർത്താവേ, ഞങ്ങൾ എല്ലാവരുടേയും പാപങ്ങൾ പരിഹരിച്ച് ക്ഷമിക്കണമേ.

പരിശുദ്ധനായുള്ളോവേ, നിന്റെ വലത്തുകൈ

www.malankaralibrary.com

ഞങ്ങളുടെമേൽ ആവസിപ്പിച്ച് നിന്റെ തിരുനാമം നിമിത്തം ഞങ്ങളുടെ രോഗങ്ങൾ സുഖപ്പെടുത്തണമേ.

## ദിനപ്രതിഷ്ഠ

കരുണയുള്ള ദൈവമേ, ഈ ദിവസത്തെ നിനക്ക് ഞങ്ങൾ പ്രതിഷ്ഠിക്കുന്നു. ഇന്നേദിവസം തിരുസഭയിൽ എല്ലായിടത്തും അർപ്പിക്കുന്ന കുർബാനകളെയും പ്രാർത്ഥനകളെയും പുണ്യപ്രവർത്തികളെയും നിനക്ക് ഞങ്ങൾ കാഴ്ചവയ്ക്കുന്നു. ഇവയോടുചേർത്ത് ഞങ്ങളുടെ പ്രാർത്ഥനകളെയും സുഖദുഃഖങ്ങളെയും പ്രയത്നങ്ങളെയും ഞങ്ങൾ അർപ്പിക്കുന്നു.

ഇന്ന് നിന്റെ വഴിയിൽക്കൂടെ ഞങ്ങളെ നടത്തണമേ. ഇന്നു നിന്റെ ശക്തി ഞങ്ങളെ സഹായിക്കണമേ.

ഇന്നത്തെ ഞങ്ങളുടെ സകല വിചാരങ്ങളും വചനങ്ങളും പ്രവൃത്തികളും തിരുനാമമഹത്ത്വത്തിനുതകുന്നവയാക്കി ത്തീർക്കണമേ.

സാത്താന്റെ കെണികളിൽനിന്നും തിന്മയിലേക്കുള്ള പരീക്ഷയിൽനിന്നും ഞങ്ങളെ കാത്തുകൊള്ളണമേ.

കരുണയുള്ള കർത്താവേ, ഇന്നു ഞങ്ങളുടെ മുൻപിലും പിൻപിലും ഞങ്ങളുടെ വലത്തും ഇടത്തും ഞങ്ങൾക്കു താഴെയും മീതെയും ഞങ്ങളുടെ ഉള്ളിലും എല്ലാ വശത്തും ആയിരുന്ന് ഞങ്ങളെ സംരക്ഷിക്കുകയും പുണ്യപ്പെടുത്തുകയും ചെയ്യണമേ.

ദൈവമാതാവിന്റെയും സകല വിശുദ്ധരുടെയും പ്രാർത്ഥനാസഹായങ്ങളും അനുഗ്രഹങ്ങളും ഇപ്പോഴും എന്നേക്കും ഞങ്ങൾക്കുണ്ടായിരിക്കണമേ. ആമ്മീൻ.

വി. ത്രിത്വമെ, ആദ്യന്തമില്ലാത്ത നിന്റെ കൃപയും ശക്തിയും ഞങ്ങളുടെ സഹായത്തിനായി അയച്ചുതരണമേ. കർത്താവേ, നിന്റെ രക്ഷ എപ്പോഴും ഞങ്ങൾക്ക് ഉണ്ടായിരിക്കണമേ. ആമ്മീൻ.

❖

www.malankaralibrary.com

# ആറാം മണി

## മാർ ബാലായിയുടെ ബോവൂസോ

1 മാതാ കാദീശ-ന്മാർ തൻ പ്രാർത്ഥനയാൽ
അരുളടിയാർക്കും മൃത-രായോർക്കും പുണ്യം.

2 വാഴ്വായ് തീരണമേ മറിയാമ്മിന്നോർമ്മ
അവൾ പ്രാർത്ഥനയാത്മാ-ക്കൾക്കായും കോട്ട.

3 നിബിയന്മാർ ശ്ലീഹ-ന്മാർ സഹദേന്മാരേ,
ഞങ്ങൾക്കായ് കൃപയാ ചിപ്പീനെല്ലാരും.

4 നിൻ ശരണത്താൽ മൃത-രാം ഭ്രാതൃപിതൃക്കൾ
മേലാനന്ദപ്പനി-നീർ നീ വീഴ്ത്തേണം.

5 മാതൃ സ്മരണയുയർ-ത്തി, സിദ്ധരെയേറ്റി
മൃതരെ വാഴ്ത്തീടു-ന്നവനായ് സ്തോത്രം.

6 മാതാ കാദീശ-ന്മാർ തൻ പ്രാർത്ഥനയാൽ
അരുളടിയാർക്കും പുണ്യം മൃത-രായോർക്കും.

❖

www.malankaralibrary.com

# ഒമ്പതാം മണി

## മാർ ബാലായിയുടെ ബോവൂസോ

1 കരുണനിറഞ്ഞവനേ, പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമേ.

2 നിന്നിൽ ശരണത്താൽ നിദ്രയിലായ് നിന്റെ
വരവിനു കാത്തീടും മൃതരിൽ കനിയണമേ.

3 അവരബറാഹത്തി-ന്റെയും ഇസഹാക്കുടെയും
യാക്കോബിന്നുടെയും മടിയിൽ പാർക്കണമേ.

4 വന്നവനും വരുവോ-നും മൃതർതന്നുയിരും
സ്തുതനെന്ന് ശരീരാ-ത്മാക്കൾ പാടണമേ.

❖

www.malankaralibrary.com

# ‘ശ്ഹീമ്മോ’

## അഥവാ

## പ്രതിദിന

# നമസ്ക്കാരം

# ശുബ്ഹോ

www.malankaralibrary.com

# തിങ്കൾ - സന്ധ്യ

## കൗമാ, പ്രാരംഭ പ്രാർത്ഥന

## സങ്കീർത്തനങ്ങൾ 141, 142, 119, 117

കർത്താവേ, നിന്നെ ഞാൻ വിളിച്ചു... പേജ് 6

## എക്ബോ

(ഹ്ത്തിസ് ബശ്മായോ)

സ്വർഗ്ഗം മുൻ തവ സന്നിധിയും നാഥാ പാപം
ചെയ്തൊരയോഗ്യൻ ഞാൻ
പുത്രനതല്ലിനി ഭൃത്യൻപോൽ താവക ഭവനേ
സ്വീകൃതനാ-കേണം. സ്തൗമെൻകാലോസ് ....

## പ്രുമിയോൻ, സെദറാ

## കോലോ I

(ബ്ഹൂബോ വബ് ഹൈമ്മോനൂസോ)

*'വിശ്വാസ സ്നേഹങ്ങളോടെ'*

1. പ്രാർത്ഥി-ച്ചീടുന്നു, മൃതിനീക്കിയതാമഹറോൻ തൻ
ധൂപം-പോലിവർതൻ ധൂപത്തെ കൈക്കൊള്ളണമേ.
ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

2. ഭൂ-വാനങ്ങളതിൽ പുകഴുന്നോനാം കർത്താവേ,
വാനോർ ഭൗമികരും വാഴ്ത്തും നിന്നെ സ്തോത്രംതേ.

(ദൈവമാതാവ്)

3. ദാവീ-ദിൻ പുത്രി-ക്കേകി ദൂതവരൻ ശ്ലോമ്മോ
നാഥൻ നിന്നിൽ നി-ന്നുദിച്ചിടുമെന്നവനറിയിച്ചാൻ.

www.malankaralibrary.com

4. മറിയാം വൻ പടവായ് സർവ്വം നായകമാലുമിയെ
പേറി-താലോലി-ച്ചേറ്റം ബഹുമാനിച്ചല്ലോ.

(പരിശുദ്ധന്മാർ)

5. സ്വർഗ്ഗീ-യാത്മജരാം നിബിയന്മാർ ശ്ലീഹന്മാരേ
പ്രാർത്ഥി-ക്കെങ്ങൾക്കായ്, പാപക്കടലതിൽ
മുഴുകായ്‌വാൻ.

6. ഉടയോൻ-സേവകരാം സഹദേന്മാരേ ഞങ്ങൾക്കായ്
പ്രാർത്ഥ-നയെപ്പോഴും കോട്ടയതായിത്തീരേണം.

(അനുതാപം)

7. വിളി-ചെ-യ്‌വിൻ കേൾക്കും മുട്ടുന്നോർക്കുതുറന്നീടും
എന്നായ് ചൊന്നവനാം നാഥൻ വചനേ വിശ്വസ്തൻ.

8. അലസ-ത കൈവെടിയാം, മൗനികളായ് നിലകൊള്ളാതെ
അവസ-രമുള്ളപ്പോൾ കരുണയ്ക്കായ് നാം യാചിക്കാം.

(പരേതർ)

9. മേലൂ-റിശിലേമിൽ നാഥാ ഭൂമൗ സഭയിതിലും
നിന്നിൽ-മൃതരായോർക്കോർമ്മയതുണ്ടായീടേണം.
മൊറിയോറാഹേം അലൈൻ ഉത്ആദാറൈൻ.

## എക്ബോ

## കോലോ II

*'മോറാനേശുമിശിഹാ'*

1. ഉൾക്കൊണ്ടോരീ നിൻമെയ്യും തിരുരക്തമതും
ശിക്ഷാപ്രതികാരങ്ങൾക്കായ്
തീരാ-തെ കുറ്റങ്ങളറാനുതകീടണമേ
നിൻ വലമതിൽ നില്ക്കുന്നതിനും
ഹാലേലുയ്യാ-ധൈര്യസമേതം. ബാറെക്മോർ.

www.malankaralibrary.com

ശുബ്ഹോ... മെൻഓാലം...

2. മ്ശീഹാ-രാജാ സ്തോത്രം! നിന്നാരാധകരെ
മഹിമ ധരിപ്പിപ്പോൻ നീയേ
ദാവീദെ വീണയതാക്കി, സങ്കീർത്തനമോ
പള്ളികൾ ദയറാകളുമൊന്നായ്
ഹാലേലുയ്യാ പാടീടുന്നു.

(ദൈവമാതാവ്)

3. ഭൂവാ-നങ്ങൾ വഹിപ്പോനാം ശക്തിയെയേറ്റാൾ
കന്യക, വിശ്വാസത്താലെ
കേഴു-ന്നോരാം പാപികൾ പേർക്കർത്ഥിക്കുന്നു
അവൾ പ്രാർത്ഥന നമ്മൾക്കെന്നും
ഹാലേലുയ്യാ - തുണയാകട്ടെ.

4. സർവ്വത്തിൻ രക്ഷകനാകും മിശിഹാരാജാ
തന്നെപ്പെറ്റാൾ കന്യകയാം
ദൈവ-ജനനിക്കെന്നേക്കും നല്ലോരോർമ്മ
അവൾ പ്രാർത്ഥന നമ്മൾക്കെന്നും
ഹാലേലുയ്യാ - തുണയാകട്ടെ.

(പരിശുദ്ധന്മാർ)

5. നാഥൻ -ശ്ലീഹന്മാരെ വിളിച്ചരുൾ ചെയ്തേവം
പുറജാതികൾ വഴി പൊയ്ക്കൂടാ
ശമറാ-യർ തന്നുപദേശം കൈവെടിയേണം
ശപ്തമതാമുപദേശത്തെ
ഹാലേലുയ്യാ-പിൻചെല്ലരുതേ.

6. ദ്രാക്ഷാ-രസമതുപോൽ ഭൂമൗ സഹദേർ രക്തം
ഒഴുകിയവർ സാക്ഷ്യവുമായി
ന്യായാ-ധിപർ സവിധേ:അവരോദൈവത്തിനായ്

www.malankaralibrary.com

യാഗമതായി, താനവരെ
ഹാലേലുയ്യാ-ശ്രേഷ്ഠരുമാക്കി.

(ഒരു വിശുദ്ധൻ)

7. സൂര്യൻ-പകലിൽ ശോഭിപ്പൂ ചന്ദ്രൻ രാത്രൗ
(മാർതോമ്മ) നിന്നോർമ്മയതോ
അവയിലുമേറ്റം ശോഭിക്കുന്നെല്ലായ്പ്പോഴും
നിൻ പ്രാർത്ഥന ഞങ്ങൾക്കെന്നും
ഹാലേലുയ്യാ-തുണയാകട്ടെ.

(ഞായറാഴ്ച)

8. "നാഥൻ ശ്രേഷ്ഠൻ ശ്രേഷ്ഠമതാക്കപ്പെടുവോനും"
ശ്രേഷ്ഠം-ഞായർ ദിനമതിനെ വിശ്വാസത്താൽ
ബഹുമാനിപ്പോനായ് ഭാഗ്യം!
നാഥൻ -കബറീന്നുയിർപ്പൂണ്ടു ജാതികളതിലോ
പിതൃസുത പരിശുദ്ധാത്മാവിൽ
ഹാലേലുയ്യാ-ഏറ്റുപറഞ്ഞാർ.

(അനുതാപം)

9. സങ്കീർത്തനമമ്പത്തൊന്നിൽ നൃപനാം നിബിയാ
ദാവീദേവം പാടിയഹോ
ദേവാ-എൻകൈകൾ ചെയ്തോരന്യായത്തിൽ
നിന്നൻപാൽ കഴുകണമെന്നെ
ഹാലേലുയ്യാ-നാഥാ കൃപചെയ്.

10. നാഥാ-പ്രാർത്ഥന ശുശ്രൂഷകൾ കൈക്കൊള്ളണമേ
സഹദേർ തൻ പോരാട്ടത്തിൽ
അവരുൾ-മേവിയവർക്കേകിയ നിൻ ശക്തിയെയീ
ദാസന്മാർ മുമ്പിൽ നിത്യം
ഹാലേലുയ്യാ- നിർത്തീടണമേ.

www.malankaralibrary.com

(പരേതർ)

11. നിൻപ്രി-യ സഹദേന്മാരൊടും നിന്നുടെ നൽകാ-
ദീശന്മാരൊടും കൂടെ.
ഓർക്ക-ണമേ ഞങ്ങൾക്കുറ്റുള്ളോരാം മൃതരെ
നിൻവലമാക്കിത്തീർത്തവരെ
ഹാലേലുയ്യാ-മോദിപ്പിക്ക.

## കുക്കിലിയോൻ

(ആറാം രാഗം)

പാപാകൃത്യങ്ങൾ ക്ഷമിക്കപ്പെട്ടോൻ-ഹാലേലുയ്യാ
മറയ്ക്കപ്പെട്ടവനായും ഭാഗ്യം!

മൗനിയതാമെന്നസ്ഥികൾ ജീർണ്ണിച്ചു ഹാലേലുയ്യാ
വിലപിച്ചിരുന്നേൻ ദിവസം മുഴുവൻ. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

## എക്ബോ

(ബ്ഹൗബായ് വഹത്തോഹായ്)

സർവ്വത്തിൻ നായകനേ എൻ
ഋണപാപങ്ങൾ നിൻ മുമ്പിൽ
ഏറ്റു പറഞ്ഞൻപിന്നായ് ഞാൻ
യാചിപ്പൂ, കൃപചെയ്യണമേ.

സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## കോലോ

(ബ്റമ്ശോ ക്രൊക്ക്വോ അബ്റോഹോം)

സന്ധ്യാ-സമയമതബറാ-ഹം
മാ-മലമേൽ, നരപ്രിയനേ
നിന്നെ വിളിചെ-യ്താൻ, സന്ധ്യാ-

www.malankaralibrary.com

സമയമിതിൽ ഞങ്ങൾ
കേഴുന്നു-ദയവാനാം
ദേവാ വന്നീടണേ
ഹാലേലുയ്യാ-കൃപചെയ്യണമേ. ബാറെക്മോർ.

ശുബ്ഹോ...

ആത്മം-ജഡമൊന്നായ് നില്പൂ
ജീ-വനിതിൽ അവയുടെമേൽ
കൃപചെയ്‌വാൻ നി-ന്നെ ദേവാ
വിളി ചെയ്യുന്ന-ടിയാർ
വേർ-പെട്ടാൽ ന്യായവിധി
നേരം നിസ്സഹാ-യർ
ഹാലേലുയ്യാ-കൃപചെയ്യിവർമേൽ.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർ യാക്കോബിന്റെ ബോവൂസോ

(കോറേനാൻലൊക്ക്) ആറാം രാഗം

1. ഉടയോൻ നാഥാ-വിളിക്കുന്നടിയാർ തുണയ്ക്കായ് വന്നീ
   യാചന കേട്ടിവരാത്മക്കൾമേൽ കൃപ ചൊരിയണമേ
2. സന്ധ്യാ സമയം സൂര്യൻ പ്രഭയണയുന്നൊരുനേരം
   സ്രഷ്ടാവങ്ങേ സ്തുതിപ്പാനെന്നെ ശോഭിപ്പിക്ക
3. താവക വചനം ദീപംപോലെൻ കാലുകൾ മുമ്പിൽ
   സൂര്യപ്രഭപോലതിൽ നടന്നീടാൻ ശോഭിപ്പിക്കണ-മേ.

(ബ് ഏദോനംശോ-ഹ്ലോഫ്കൂൽ)

4. സന്ധ്യാ യാഗ-ങ്ങൾക്കെല്ലാം-പകരമതായ്
   സ്തോത്രം-അർപ്പിപ്പിൻ നിങ്ങൾ
   ദഹന ബലിക്കായ്-പകരം-പ്രാർത്ഥനയും

www.malankaralibrary.com

5. സ്നേ-ഹത്താലെ
വെടിപ്പായർപ്പി-പ്പിൻ നിങ്ങൾ വായ്വചനം
വാ-ചാ-ലതയുള്ളൊരു മർത്ത്യൻ
മൂകം സൃഷ്ടി-പകരം സ്തുതി ചെയ്വാൻ
ബാദ്ധ്യസ്ഥനഹോ

6. സന്ധ്യാ-സമയം കൊണ്ടെന്നെ-രാത്രിയി-ലാക്കി
നാഥാ നീയെൻ സൂര്യൻ
നടന്നിടുവേൻ നിന്നിൽ.

**മോറാനേശുമിശിഹാ**

**കൗമാ**

❖

www.malankaralibrary.com

# തിങ്കൾ – സൂത്താറ

## കൗമാ

## കോലോ

1. കരുണക്കടലേ ഞാൻ നോക്കും
ദേവാ തനയാ എൻ പാപം പെരുകി പിഴകൾ
വർദ്ധിച്ചയ്യയ്യോ!
കഴുകണമെന്നെ സോപ്പായാൽ
ഏകണമെൻ ബാഷ്പാൽ വെണ്മ
പിതൃസ്നേഹത്താൽ
യാചിക്കുന്നേൻ ഞാൻ
ഹസിക്കരുതേ എന്നെ വൈരി
തേറും നരരിൽ ദൂതന്മാർ പ്രീതന്മാരായ്
തീർന്നിവചൊല്ലട്ടെ
അനുതാപികളിൽ തൻ വാതിൽ
രാപകലിങ്ങു തുറന്നീടും ഹാലേലുയ്യാ
നാഥാ സ്തുത്യൻ നീ. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

2. മൂല്യമിതാ തരണം തൈലം
വ്യാപാരിയൊടേവം പറയും പാപിനിതന്റെ
നാദം ബഹുമധുരം
നൽകുക മേൽത്തരമാം – തൈലം
ഞാനതിലെൻ മിഴിനീർ ചേർത്തിട്ടേകാത്മജനെ

www.malankaralibrary.com

അഭിഷേചിക്കട്ടെ
പരിമളതൈലമിതാൽ ഞാനും
പാപവിമോചനമാർന്നിടുമെന്നെൻ ദൈവത്തിൽ
പ്രത്യാശിക്കുന്നേൻ
അവൾ തൈലം വാങ്ങിച്ചെന്നാൾ
വിശ്വാസം ദർശിച്ചുടയോൻ
ഹാലേലുയ്യാ
പാപക്ഷമ നല്കി. മൊറിയോ റാഹേം...

## മാർ അപ്രേമിന്റെ ബോവൂസോ

ഒന്നാം രാഗം

1. ഞങ്ങൾ തൻ കർത്താവേ, നീ
കാരുണ്യം ചെയ് ഞങ്ങൾമേൽ

2. പ്രാർത്ഥിപ്പാൻ നിന്നീടുമ്പോൾ
ചിന്തകൾ കേന്ദ്രീകൃതമാക്ക
കടിഞ്ഞാണിട്ടു നയിക്കവെയെ
ഹൃദയേയനുതാപത്തിന്നായ്

3. വായ്ധൂപകലശം പകരം
അധരങ്ങൾ പരിമളധൂപം
ദൈവപ്രീതി പ്രവർത്തിക്കും
ശുശ്രൂഷക സമമായ് നാവും

4. പ്രാർത്ഥന കേട്ടീടുന്നവനേ
യാചനകൾ നല്കുന്നവനേ
പ്രാർത്ഥനകേട്ടു നിരപ്പായി
കൃപയാൽ യാചന നൽകണമേ.

കുറിയേ... കുറിയേ... കുറിയേ...

www.malankaralibrary.com

## സങ്കീർത്തനങ്ങൾ : 91, 121

അത്യുന്നതന്റെ മറവിൽ ഇരിക്കുന്നവൻ... പേജ് 12

## മാനീസോ

കർത്താവേ നിന്റെ കരുണയിൻ ചിറകുകളുടെ ...പേജ്16

## ക്രോബേന്മാരുടെ സ്തുതി

കർത്താവിന്റെ ബഹുമാനം... പേജ് 18

## വിശ്വാസപ്രമാണം

ബസ്മൽക്കോ, സാദീക്കോ ചൊല്ലി ധൂപം വയ്ക്കുന്നു.

## ഹൂത്തോമോ

❖

www.malankaralibrary.com

# തിങ്കൾ - രാത്രി

## കൗമാ, പ്രാരംഭ പ്രാർത്ഥന

ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ കർത്താവേ... പേജ് 23

## സങ്കീർത്തനങ്ങൾ 134, 119 : 169-176, 117

ബാറെക്മോർ, രാത്രികാലങ്ങളിൽ .... പേജ് 23

## എനിയോനോ

(ആയീർ വാക്കീമ്മായ്ൻ)

1. നാഥാ, സകലേശാ
അലസതയാം നിദ്രയിൽനിന്നും
ഉണർത്തീ-ടണമെന്നെ
നിൻ മഹിമാവെ സ്തുതിചെ-യ്‌വാൻ.

2. മാനവ വത്സലനേ
ആരാധ്യം നിൻ തിരുനാമം
ഓർത്തിട്ടീരാവിൽ
എഴുന്നേറ്റേൻ സ്തോത്രം-ചെയ്‌വാൻ.

3. പിഴചെയ്തെന്നോർത്തു
ദുഃഖത്താൽ കണ്ണീർ വാർത്തു
കൃപയെന്മേൽ ചൊരിക
ലോകപരിത്രാണകൻ-യേശു.

4. നാഥാ, പിഴചെയ്തേൻ,
തേറുന്നേൻ, ശിക്ഷിക്കരുതേ
കൃപയെന്മേൽ വീഴ്ത്തി-
പ്പാപമശേഷം മായ്ക്കേണം.

www.malankaralibrary.com

5. ശെമഒാൻ തൻഭവനെ
പാപിനി തൻ പിഴപോക്കിയപോൽ
മോചിക്കെൻ പാപം
കർത്താവാം സർവ്വാധീശാ. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

6. ഈറേർ ദർശിപ്പാൻ
കഴിയാത്തവനെ മൺമയരോ
കൈകളിൽ ഘോഷിപ്പൂ
നാഥാ, സ്തോത്രമതങ്ങേക്കായ്.

കുറിയേ-കുറിയേ-കുറിയേ-

## ഒന്നാം കൗമാ
## എക്ബോ

(ആബോക്സബ്വോ)

കബറീന്നെന്ന-സ്ഥികളാർക്കും
'കന്യകദൈവത്തെപ്പെറ്റാൾ'
സന്ദേഹിച്ചീടിൽ
സത്യമതീന്നന്യൻ
ചിന്തയതിൽ സം-ശയമേറിൽ
ദു-ഷ്ടൻ-പോൽ നരകം പൂകും.

കുറി-കുറി-കുറിയേ....ഞങ്ങളുടെ കർത്താവേ,

## പ്രുമിയോൻ, സെദറാ

(ദൈവമാതാവിനെക്കുറിച്ച്)

## കോലോ

## കുക്കോയോ

(ഹ്ദൊത് ലിസോ മെൻ ബെസ് ദാവീദ്) എട്ടാം രാഗം

1. ദാവീദിൻ വംശത്തിൽ നിന്നൊരു കന്യകമറിയാം
പാരിൻവാഹകനെപ്പേറും രഥമായിത്തീർന്നാൾ

www.malankaralibrary.com

ഹസ്ക്കീയേൽതാൻ ദർശിച്ചുള്ളോരാ
രഥമതിലധികം ശ്രേഷ്ഠതയുള്ളവൾ താൻ
വാചാലതയുള്ളൊരുമുഖച-ക്ര-ങ്ങളതിന്നുണ്ടായ്
നാഥാ നിൻ സ്തുതിപാടും മറിയാമ്മിൻ വായ്ശ്രേഷ്ഠം
ഹാലേലുയ്യാ-അവൾ പ്രാർത്ഥനയഭയം. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

2. വായ്വചനം നാവതുമുള്ളോൻ വാഴ്ത്തപ്പെട്ടവളാം
മറിയാമ്മിന്നവളർഹിക്കും ഭാഗ്യം നല്കീടും
മോദക്കതിർകൾ വിളവായുള്ളോരാ
ധന്യതയാർന്ന വിളഭൂമിയവൾ താൻ
ഹസ്ക്കീയേലിൻരഥമവൾ, കാൽമുട്ടുകൾ ചക്രങ്ങൾ
ഉദരേലോകത്രാണകനെപ്പേറി, അവൾ ധന്യ!
ഹാലേലുയ്യാ അവൾ പ്രാർത്ഥനയഭയം
മൊറിയോ റാഹേം.....

## മാർ യാക്കോബിന്റെ ബോവൂസോ

(സ്ളൂസേക്ക് ആമ്മൻഓമ് ബാറക്ത്തോ) എട്ടാം രാഗം

1. വാഴ്ത്തപ്പെട്ടവളായൊരു കന്യേ! പ്രാർത്ഥിക്കണമേ
നാഥൻ നിൻ പ്രാർത്ഥന കേട്ടിവർമേൽ ദയചെയ്തീടാൻ

2. കന്യകയെന്നെ വിളിച്ചിന്നാളിൽ- ഭാഷിച്ചീടാൻ
വ്രതഹാനിഭവിക്കാത്തവൾ ചരിതം- ശ്രദ്ധിച്ചീടാം.

3. രണ്ടാം സ്വർഗ്ഗമതാമവളുദരേ നാഥൻ വാണു
ഭൂവീന്നിരുളിനെ നീക്കാനവളീന്നു- ദയം-ചെയ്താൻ.

4. ദൈവാത്മജമാതാവായ് തീർന്നു- നിർധനപുത്രി
നിർദ്ധന ഭൂമിക്കേകി ധനമവൾ- ജീവൻനേടാൻ

5. പിതൃസൗഭാഗ്യനിധികൾപേറും പട- വായ്തീർന്നാൾ
ഫലശൂന്യമതായ് തീർന്നൊരു ധരയെ ധന്യമതാക്കി.

www.malankaralibrary.com

6. ദൈവാത്മജനേ! ഒമ്പതുമാസം നിന്നെ വഹിച്ചോൾ
പ്രാർത്ഥനയാലേ ക്രോധത്തിന്റെ വടികളെ മായ്ക്ക.

## രണ്ടാം കൗമാ

കർത്താവിന്റെ ബഹുമാനം... പേജ് 18

## എക്ബോ

(ആബോക് സബ്വോ)

ധീരന്മാരല്ലോ നിങ്ങൾ
ഭൂ-പാ-ലകരെ വിജയിച്ചോർ
മുനയുള്ളസ്ത്രത്താൽ
വാളുകളാലുമല്ല
സ്ളീബായിൻ ശക്ത്യാ നിങ്ങൾ
സാത്താൻ വഞ്ചനയെവെന്നു.

കുറിയേ...കുറിയേ...കുറിയേ...
ഞങ്ങളുടെ കർത്താവേ...

## പ്രുമിയോൻ, സെദറാ

(വിശുദ്ധന്മാരെക്കുറിച്ച്)

## കോലോ
## കൂക്കോയോ

(ദ്ക്കിർ മൂശേ റീശ്മാബൂഓ) എട്ടാം രാഗം

1. പ്രവചന നീർച്ചാലതിൽമുമ്പൻ മോശ സ്മരണീയൻ
ശ്ലീഹന്മാർ തലയാം ശെമഓൻ ശില്പി പൗലോസും.
നീതിഷ്ഠന്മാ-രോർമ്മയെമാനിപ്പാൻ
റോമർക്കെഴുതി ലേഖനമതിൽ പൗലോസ്
മുഴുഹൃദയത്താൽ ദൈവത്തെ സ്നേഹിച്ചവരായോർ
പ്രാർത്ഥനയാചനകൾമൂലം കാരുണ്യമിവർമേൽ
ഹാലേലുയ്യാ-അവർ പ്രാർത്ഥനയഭയം. ബാറെക്മോർ.

www.malankaralibrary.com

ശുബ്ഹോ... മെൻഓാലം...

2. പ്രാസംഗിക യൂഹാനോനും, സ്തേ-ഫാനോസും
മഹിതൻ മാർ തേവോദോറോസ് ഗീവറുഗീസ് സഹദാ
സർഗീസ്, ബാക്കോസ് ശ്രേഷ്ഠഭടന്മാരും
മാർ കുറിയാക്കോസ്, യൂലിത്തിമാതാ
വാഴ്ത്തപ്പെട്ടവളാം ശ്മൂനി പാവന-സുതരേഴും
നാല്പതുശുദ്ധർ സഹദേന്മാർ, ധന്യൻ മാർ (തോമ്മാ)
ഹാലേലുയ്യാ - അവർ പ്രാർത്ഥനയ-ഭയം.
മൊറിയോ റാഹേം...

## മാർ അപ്രേമിന്റെ ബോവൂസോ

(മോറാൻ എ-സാഹാം അലായ്ൻ)

എട്ടാം രാഗം

1. കർത്താവേ, കൃപ ചെയ്യണമേ
നിൻപ്രിയരായോർ പ്രാർത്ഥനയാൽ

2. റൂഹായാൽ പാടിയ നിബിയർ
വെളിപാടോതിയ ശ്ലീഹന്മാർ
സ്നേഹാൽ മൃതരാം സഹദേന്മാർ
ഇവരർത്ഥിക്കും കൃപചെയ്ക.

3. പരിശുദ്ധന്മാരേ, നിങ്ങൾ
പ്രാർത്ഥിപ്പിൻ കർത്താവോടായ്
അടികളെയും തൻകോപത്തിൻ
വടികളെയും മായിച്ചീടാൻ.

4. കർത്താവേ കൃപ ചെയ്യണമേ
നിൻപ്രിയരായോർ പ്രാർത്ഥനയാൽ
അവർ പ്രാർത്ഥന യാചനയാൽ നീ
കാരുണ്യം ചെയ് ഞങ്ങൾമേൽ.

www.malankaralibrary.com

## മൂന്നാം കൗമാ

കർത്താവിന്റെ ബഹുമാനം.... പേജ് 18

## എക്ബോ

(ആബോക്സബ്വോ....)

സോദരരേ, കൃപ -യാചിപ്പാൻ
വന്നീടിൻ അവസരമിതുതാൻ
 നശ്വരലോകമിതിൽ
 അനുതാപം സാധ്യം
അഴിയാലോകേയനുതാപം
യാചനയും സ്വീകൃതമാകാ.

കുറിയേ... കുറിയേ... കുറിയേ...

ഞങ്ങളുടെ കർത്താവേ...

## പ്രുമിയോൻ, സെദറാ

(അനുതാപത്തിന്റെ)

## കോലോ-കൂക്കോയോ

(നവ്ദൂൻലൊക്ക് മൊറിയോ അബ്ദൈയ്ക്ക്...) എട്ടാം രാഗം

*"നാഥാ സ്തുതിചെയ്യും ദാസർ- ഹാലേലുയ്യാ"*

1. ദൈവാത്മജനെ സ്തുതിചെയ്വാൻ രാവിതിലെഴുന്നേല്ക്കാം
നാഥൻ വരുമെന്നുളവാകും രാത്രി-യിലൊരുശബ്ദം
 എതിരേല്പാനായ് പോകും നീതിഷ്ഠർ
 നിബിയർ, ശ്ലീഹർ, സഹദേർ, ശുദ്ധന്മാർ
അവനോടൊത്തവർ മോദമെഴും-മണവറയിൽ പൂകും
രാജ്യം ജീവനുമവകാശിച്ചീടും അവർ പാടും
ഹാലേലുയ്യാ-നാഥാ, തേ സ്തോത്രം. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

www.malankaralibrary.com

2. നിശയിൽ ദാവീദ് എഴുന്നേറ്റാൻ- സ്തോത്രം പാടീടാൻ
ദൈവത്തിന്നത്ഭുതവിധികൾ- വർണ്ണിച്ചീടാനായ്
ആകാശവിതാനത്തെ ദർശിച്ചാൻ
ഗോളങ്ങൾ തൻ ഭ്രമണമതും കണ്ടു
സൃഷ്ടിയതിൻ ശാന്തതയതുപോൽ മഹിമയതുംകണ്ടു
അത്യത്ഭുതമാർന്നാത്മാവിൽ- സ്തുതിഗീതികൾപാടി
ഹാലേലുയ്യാ-നാഥാ,തേ സ്തോത്രം.
മൊറിയോ റാഹേം....

## മാർ ബാലായിയുടെ ബോവൂസോ

(ഹോയേൻ ല്ഹാത്തോയേ) എട്ടാം രാഗം

1. ദുഷ്ടന്മാരിൽ കാരുണ്യം പൂണ്ടോനേ
കാരുണ്യം ചെയ്നിൻ ന്യായത്തീർപ്പിൻനാൾ.

2. ദുഃഖം പൂണ്ടോർ നിൻവാതിൽ മുട്ടുന്നു
കാരുണ്യത്താൽ നൽകേണം യാചനയെ.

3. സ്വർഗ്ഗസ്ഥൻ താതാ, പ്രാർത്ഥിക്കുന്നെങ്ങൾ
കൈക്കൊണ്ടികർമ്മം കാരുണ്യം ചെയ്ക.

4. വിണ്ണവർ തൻ നാഥാ മണ്ണയരാശയുമേ
കൈക്കൊണ്ടികർമ്മം കാരുണ്യം ചെയ്ക.

## നാലാം കൗമാ

ഹാലേലുയ്യാ, ഹാലേലുയ്യാ, ഹാലേലുയ്യാ... പേജ് 25
ത്രിത്വത്തിനു സ്തുതി, ത്രിത്വത്തിനു സ്തുതി,... പേജ് 33
നയവാൻ പനപോലെ...
ഒരുപോലിങ്ങും...
പ്രാർത്ഥനയിൻ സമയമിതല്ലോ...

മൊറിയോ റാഹേം ...

www.malankaralibrary.com

## മാർ യാക്കോബിന്റെ ബോവൂസോ

(ബ്പെൽഗെദ്ലിലിയോ എത്തിയീർ ദാവീദ്)

എട്ടാം രാഗം

1. ഉടയോൻ നാഥാ വിളിക്കുന്നടിയാർ തുണയ്ക്കായ് വന്നീ-
യാചനകേട്ടിവരാത്മക്കൾമേൽ കൃപചൊരിയണമേ.

2. സ്തുതിപാടാനുണരുകയായ്-ദാവീദ് രാവിൻ മദ്ധ്യേ
ദൈവത്തിൻ മഹിമാത്ഭുതമോതി സ്തോത്രം ചെയ്വാൻ.

3. രാവിൻമദ്ധ്യേ എഴുന്നേറ്റിപ്പോൾ പാടുക നീയും
ആത്മീയ സ്തുതി ദാവീദിൻ സങ്കീർത്തനമോടെ.

4. സ്നേഹിപ്പോർക്കൊരു പകലാം നിന്നിൽ ശോഭിക്കും ഞാൻ
വെളിവാം നാഥാ, തെളിയിക്കെൻ മിഴിനിൻ കൃപകാണ്മാൻ.

5. ലോകത്തിൻവഴി കെണികൾ, വൈരുദ്ധ്യങ്ങൾ നിറയും
പകലാം നിന്നിൽ നടക്കുന്നവനോ വീഴുന്നില്ല.

6. ഉത്തരമരുളീടണമേ നാഥാ, കൃപ ചെയ്യണമേ
അനുതാപത്തിനു മാനുഷരെ നീ പ്രേരിപ്പിക്ക.

## മാലാഖമാരുടെ സ്തുതി

അത്യുന്നതങ്ങളിൽ സ്വർഗീയ മാലാഖമാരും... പേജ് 33

## മോറാനേശുമിശിഹാ

❖

www.malankaralibrary.com

# തിങ്കൾ - പ്രഭാതം

## കൗമാ, പ്രാരംഭ പ്രാർത്ഥന

### സങ്കീർത്തനങ്ങൾ 51, 63 (പേജ് 35, 37)

### എനിയോനോ

(ല്‌വോസോക്ക്മ്ക്കാദെംനോ)

1. സിംഹാ-സനസവിധേ
നാഥാ ! വന്നു വണങ്ങുന്നേൻ
സ്വർഗ്ഗാധിപനേ! എൻ
പാപമശേഷം മായ്ക്കേണം.

2. അതിരാ-വിലെ സമയം
തെറ്റുകളേറ്റു പറഞ്ഞീടാൻ
വന്നേൻ ദയവാനേ!
പാപമശേഷം മായ്ക്കേ-ണം.

3. അലയാ-ഴിയിൽനിന്നും
ശെമഓനെ വീണ്ടോരുനാഥാ!
ഭിന്ന-തകളിൽ നിന്നും
നിൻ സഭയെ നീ കാക്കേ-ണം.

4. ഇരുളിൽ മേവിയൊരാ-
ലോകം നിൻ പ്രഭ ദർശിച്ചാൾ
തുഷ്ടി-പ്പെട്ടവൾതൻ
സുതരൊന്നായ് സ്തുതി പാടു-ന്നു.

5. നാഥാ! പിഴചെയ്തേൻ
പ്രതിപകരം നീ ചെയ്തില്ല;

www.malankaralibrary.com

ഏറ്റു-പറഞ്ഞോരെൻ
പാപമശേഷം മായ്ക്കേ-ണം.

6. നിൻമെയ് കൈക്കൊണ്ടേൻ
തവനിണമെൻപിഴമായിച്ചു;
പുനരു-ത്ഥാപകനേ!
തള്ളരുതെന്നെപാതാ-ളെ. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

7. ഭൂവാനങ്ങളതിൽ
പുകഴുന്നോനാം-കർത്താവേ!
വാനോർഭൗമികരും
വാഴ്ത്തും നിന്നെ, സ്തോ-ത്രം-തേ! ആമ്മീൻ.

## സങ്കീർത്തനം 113:1-9

പ്രകാശത്തിന്റെ സ്രഷ്ടാവിനു സ്തുതി... പേജ് 38

## എക്ബോ

(കോലൊദ് ശുബഹോ ബ്പും മാലാഖെ)

മാലാഖകൾ പാടും സ്തുതിയിൻ ഗീതം കേൾപ്പാൻ
എന്നെയുണർത്തണമേ.
സ്തുതിപാടി സ്തോത്രം ചെയ്വേൻ നിന്നെ
നാഥാ! ദേവാ! നീ കൃപ ചെയ്യണമേ.

സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## പ്രുമിയോൻ, സെദറാ

## കോലോ I

അനിൻമൊറിയോവശ്മാസ്ലൂസ്-ഹാ

*'കർത്താവേ! പ്രാർത്ഥനകേട്ടരുൾ-ഹാലേലുയ്യാ!'*

1. കൈക്കൊള്ളണമഹറോനണച്ചതുപോലെ ധൂപമിതും

www.malankaralibrary.com

കണ്ടടിയാർ ശുശ്രൂഷയെ നിനുവയരിൻ യാചനപോൽ
കടലതിൽ യൗനാനെന്നപോ-ലെ
കനിയുക ദാസന്മാ-രിലെന്നും. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

2. എന്നും സ്തുതിനിൻ കനിവിനു കനിവേറും രക്ഷകനേ
എത്ര നിറഞ്ഞിന്നെങ്ങും കാണുന്നു നിൻദാനം
നിനുവയരോടുണ്ടാ-യകോ-പം
നിലവിളിയാൽ നീ നീക്കിയല്ലോ.

(ദൈവമാതാവ്)

3. എരിതീ നിരവിട്ടീറേദൂതനിറ-ങ്ങിച്ചെന്ന്
ഇതമൊടുമറിയാം ഗൃഹമതിൽ നസറേത്തിൽ-ചൊല്ലിയിത്
നിന്നൊടുകൂടെക്ക-ർത്താ-വീ-
മന്നിടമഖിലം പാ-ലി-പ്പോൻ.

4. മുൾമരമെരിയാതെരിതീതൻ നടുവിൽ-കണ്ടതുപോൽ
ചിന്മയനാമ്മറിയാമ്മിൽ വസിച്ചു ശരീ-രം പൂണ്ടു
അതിനാൽ ഭംഗവുമാ-ക്കന്യാ-
വ്രതമുദ്രയ്ക്കുണ്ടായില്ല.

(വിശുദ്ധന്മാർ)

5. ലോകം താതസഹോദരർജാതിയതും-തറവാടും
ആകെയുപേക്ഷിച്ചേശുവിനായ് മരണം-സ്നേഹിച്ച
സഹദേന്മാരെ സദാ-കാലം
സ്മരണം ചെയ്‌വതുന-ന്നേറ്റം.

6. തൂക്കപ്പെട്ടു മരത്തിൽ വിലാവു തുറ-ന്നാച്ചവളം
രക്തം വെള്ളമൊടൊഴുകും മിശിഹായെ സഹദേന്മാർ
കണ്ടങ്ങോടി മരി-പ്പാ-നായ്
കർത്താവിൻ പേർക്കെ-ല്ലാ-രും.

www.malankaralibrary.com

(അനുതാപം)

7. വെളിവുനിറഞ്ഞോരീശോ നിൻ വെളിവാൽ-കാണുന്നു
വെളിവീയടിയാരഖിലാധാരമതാം-വെളിവും നീ
കാന്ത്യാ ഞങ്ങളെ നീ-താ-തൻ
കതിരേ! ശോഭിപ്പി-ക്കെ-ന്നും.

8. ഹാബേലിൻ കുഞ്ഞാടും നോഹിനുടെ കാഴ്ചയതും
അബറാഹാംതൻ ബലിയും കൈക്കൊണ്ട-കർത്താവേ,
നോമ്പും പ്രാർത്ഥനയും-കൈ-ക്കൊ-
ണ്ടലിവായുത്തരമേകേണമേ.

(പരേതർ)

9. കർത്താവേ, നിൻ രക്തശരീരങ്ങൾ-കൈക്കൊണ്ട്
ഭക്തരതായി മരിച്ചോർക്കരുളണമേ-നല്ലോർമ്മ
നിന്റെ മഹത്ത്വമുദിക്കുംനാൾ
നില്ക്കണമവർ വലഭാ-ഗ-ത്തിൽ.

മൊറിയോറാഹേം അലൈൻ ഉ ആദാറൈൻ.

## എത്രോ

## കോലോ II

(അക്അഹദോആത്തീറെ ഉമെസ്ക്കീനെ)

*'ധനവാന്മാർ ദരിദ്രരുമൊന്നായ്'*

1. പുലർകാലെ പ്രാർത്ഥിപ്പാനായ്
എഴുന്നേല്ക്കുക നാം, പുലർകാലേ
ബലിചെ-യ്‌വാനബറാഹംപോൽ
മിശിഹാ-യെക്കാണാൻ
പുലർകാലെതാനുരചെയ്യും;
നല്ലവരാം ദാസന്മാരേ
വരുവീൻ-രാജ്യം ജീവനെയും
അവകാ-ശിച്ചീടിൻ. ബാറെക്മോർ.

www.malankaralibrary.com

ശുബ്ഹോ... മെൻഓലം...

2. ന്യായസ്ഥലമതിൽ നിന്നീടും
ത്രിത്വത്തിന്നായ് സ്തുതി നിത്യം
ഋണമോ-ചനമേകും ത്രിത്വം
ദേവാ -തേ സ്തോത്രം!
നിന്നിൽ വാസം ചെയ്വോനെ
ഇരുളൊരുനാളും മൂടില്ല
നിൻ ശോ-ഭയവന്നുൾ നിത്യം
വാണീ-ടും നൂനം.

(ദൈവമാതാവ്)

3. താതനിൽനിന്നുടയോനുദയം
രക്ഷകനോമറിയാമീന്നും
ബേത്ലേ-മിൽനിന്നപ്പവുമാ
ജാതി-കൾ പേർക്കുണ്ടായ്.
സുതനെയയച്ച പിതാ വന്ദ്യൻ
പ്രസവിച്ചവൾ മറിയാം ധന്യ
കൈക്കൊ-ണ്ടോൾ സഭ ഭാഗ്യവതി
സ്തുതിയ-വൾ പാടുന്നു.

4. ദൈവസുതൻ തിരുമാതാവായ്
തീർന്നവളാം മറിയാമിന്നായ്
ജാതി-കൾ വംശങ്ങളുമെല്ലാം
നല്കീ-ടും ഭാഗ്യം ;
അവനവളീന്നുദയം ചെയ്താൻ
വ്രതമുദ്രയ്ക്കൂനമതെന്യേ
അവൾ ത-ന്നോർമ്മയതോശ്രേഷ്ഠം
വാനം ഭൂവിവയിൽ.

(വിശുദ്ധന്മാർ)

5. നാനാദിശകളിലേക്കല്ലോ

www.malankaralibrary.com

വൈദ്യന്മാർ പന്തിരുപേരെ
യേശു-നാഥനയച്ചരുളി
അവരോ-ടായേവം :
"ദുരിതമാക്കദുരാത്മാവെ
രോഗാർത്തരെ സൗഖ്യവുമാക്ക
വിലകൂ-ടാതെ ലഭിച്ചതുപോൽ
നല്കീൻ വിലയെന്യേ".

6. വാഴ്ത്തപ്പെട്ടവർ സഹദേന്മാർ
സ്വർഗ്ഗീയൂറിശിലേം പൂകി
ശുദ്ധാത്മാവെതിരേറ്റവരെ
സ്വസ്തി-യുമേകിയിദം:
വരുവിൻ സുതരേ, സോദരരേ
മണവറയിൻ സുതരാം നിങ്ങൾ
പൂകി-ൻ രാജ്യം ജീവനെയും
അവകാ-ശിച്ചീടീൻ.

(ഒരു വിശുദ്ധൻ)

7. മഹിമയെഴുന്നൊരു (മാർതോമ്മാ)
ഭാഗ്യംതേ! വ്യർത്ഥാശകളാൽ
നിന്നെ-പങ്കിലമാക്കീടാൻ
ലോകം-മോഹിച്ചു
കെണികൾതെറ്റിയൊഴിഞ്ഞുനീ,
വിജനസ്ഥനുമായ് കുരികിൽപോൽ
നിൻകീ-ർത്തിയിതാ നിറയുന്നു
വാനം-ഭൂവിവയിൽ.

(അനുതാപം)

8. കഷ്ടതയിൻഗർത്തമതീന്നും
ഇരുളീന്നും നാശച്ചേറ്റിൽ
നിന്നും ഞങ്ങളെയേറ്റിടുവാൻ
നാഥാ-കനിയണമേ.

www.malankaralibrary.com

മഹിമയെഴും മുടിസഹദേന്മാർ
ചൂടുന്നൊരുവിധിദിവസത്തിൽ
മണവ-റപൂകിസ്തുതി ഞങ്ങൾ
പാടാ-ൻ വരമേക.

9. സിദ്ധരെയല്ലവിളിപ്പാൻ ഞാൻ
വന്നിഹ, പാപികളനുതാപം
പ്രാപി-ച്ചീടാനായത്രെ
നാഥൻ-ചൊന്നേവം.
പാപികളേ, ജീവൻ നേടാൻ
കരുണാവാതിലണഞ്ഞീടുവിൻ
തേറിൻ-നിങ്ങൾ മൃതരാവാൻ
കാംക്ഷി-ക്കുന്നില്ലേൻ.

(പരേതർ)

10. നാം ദൈവസുതന്മാരാവാ-
നായുഷ്ക്കാലത്തിൽ ചൊല്ലി
ത്തന്നാ-താതരെയോർക്കേണം
പ്രാർത്ഥന-കാഴ്ചകളിൽ
നയവാന്മാർ പുണ്യപ്പെട്ടോ-
രൊന്നിച്ചേകുമവർക്കാശാ-
സംസ്വർഗ്ഗേ പുത്രൻ ദൈവം
നാഥാ-കൃപചെയ്ക.

## കുക്കിലിയോൻ

(മേലായ് സൂസ്മൊറിയോ) രണ്ടാംരാഗം

നാഥാ എൻവചനം കേട്ടെൻധ്യാനം ശ്രദ്ധിക്കണമേ ഹാ-
എൻ സങ്കടശബ്ദം കേൾക്കണമേ ദേവാ, നൃപതേ!

അതിരാവിലെ നിൻതിരുമുമ്പിൽ ഒരുങ്ങിവരും ഞാൻ ഹാ-
അന്യായത്തിൽ പ്രീതിയെഴാത്തൊരു ദൈവം നീ.

www.malankaralibrary.com

ബാറെക്മോർ. ശുബ്ഹോ... മെൻഓലം...

## എക്ബോ

(ബ്നായോ ദാബോ ശ്മായോനോ)

സ്വർഗ്ഗപിതാ സുതരായോരേ!
നാഥാജ്ഞകളനുവർത്തിപ്പോ-രേ!
സ്തുതിപാടി സ്തോത്രം ചെയ്‌വീൻ
നിത്യം തന്നെ കീ-ർത്തിപ്പീൻ.

സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## കോലോ

(ബ്സപ്രോ ക്രയ്‌വയ്കർനോസോ)

*"കർത്താവാകുന്നു ദൈവം"*

1. ഇതിരാവിലെ ഇസ്രായേല്യർ
   കാഹള നാദമോടാർത്തപ്പോൾ
   യീറി-ഹോവീണു
   സോദരരേ! വരുവിൻ പാടിൻ
   രാവിലെ ശബ്ദമുയർത്തിടുവിൻ
   സ്തുതിചെയ്‌വിൻ, ലോകേ ദൈവം
   കൃപചെ-യ്തീടാനായ്. ബാറെക്മോർ.

   ശുബ്ഹോ...

2. ആദാമ്യ കുലത്തിനു സൗഖ്യം
   നൽകാനുന്നത മതിൽ നിന്നും
   വന്നവനാം സ്വർഗ്ഗീയ വൈദ്യാ,
   സ്തുതി അ-ങ്ങേക്കെന്നും
   കുഷ്ഠം പൂണ്ടവർ സുഖമേറ്റു
   കുരുടന്മാർ ദ്യുതിയും കണ്ടാർ
   സവിധേ വന്നൊരു പാപിനിയും മോചിക്കപ്പെട്ടു.

   മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

www.malankaralibrary.com

## മാർ യാക്കോബിന്റെ ബോവൂസോ

(പ്താഹലൻ മോറാൻ) രണ്ടാം രാഗം

1. നാഥാ, കൃപയിൻ വാതിലിവർക്കായ് തുറന്നീ-ടണമേ-
യാചനകേട്ടിവരാത്മാക്കൾമേൽ കൃപ ചൊരിയണമേ-

2. നാഥാ എന്നിൽ ഉദിച്ചീടണമേ സന്തോഷാധിക്യാൽ
നിൻ സ്തുതിപാടും പകൽ പോൽ
നിന്നിൽ ശോഭിച്ചീടും- ഞാൻ

3. ദേവാ നിൻ സ്തുതി ചെയ്‌വാനുദയം,
ഉണർവ്വേകിയിതാ,മേ
താവകവചനം വായിച്ചീ ഞാൻ ദിനമഖിലം മേ-വും.

(ഹൊതയിൻ സപ്രോമ്മഓ)

4. ഞങ്ങളണച്ചീടും, നിർമ്മല ധൂപം ഉദയമിതാ പേറീ-ടുന്നു.
യോഗ്യമതാം സ്തോത്രം അവയോടൊ
ന്നായ് അർപ്പിച്ചീ-ടുന്നീ-ഞങ്ങൾ.

5. നിൻ കല്പനയാലേ, ഞങ്ങളിൽനിന്നും
നിദ്രയശേഷം നീ-ങ്ങിപ്പോയി
പീഡിപ്പിച്ചീടും, പാപഗണങ്ങൾ
അതിനൊപ്പം നീ നീക്കണമേ.

(ആദ്യത്തെ രീതി)

6. നാഥാ നിൻപ്രഭയുഷസിൽ സൃഷ്ടിയെ ശോഭി-പ്പിക്കുന്നു-
ബോധങ്ങളെ നീ വെളിവാക്കുക നിൻ
കൃപയെ സ്തുതി ചെ-യ്‌വാൻ.

### അപേക്ഷ

കർത്താവേ, നിന്നെ സ്തോത്രം ചെയ്യുന്നതും... പേജ് 39

### കൗമാ

### വിശ്വാസപ്രമാണം

❖

www.malankaralibrary.com

# തിങ്കൾ - മൂന്നാംമണി

## കൗമാ

## കോലോ

(ആബൂൻ ദ്ബശ്മായോ നീലാൻ)

1. സ്വർഗ്ഗ-ത്തിൽ വാഴും താതാ വിളിചെയ്യുന്നടിയാർ
ഞങ്ങ-ളിലലിയും മറ്റു പിതാ-വില്ല തുണപ്പാനായ്
ഇല്ലായ്മയിൽനി-ന്നിവരെ സൃഷ്ടിച്ചു
നിൻ കോപത്താൽ-ഇല്ലായ്മയിൽ വീണ്ടും
തിരിയ-രുതേ, നിൻ കല്പനകൾ കാത്തിടാം ഞങ്ങൾ
നീതിയെഴുന്ന പ്രവൃത്തികളാൽ പ്രീ-തിയെ നൽകാം തേ
ഹാ-കൃപയാൽ കനിയണമേ. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

2. യജമാ-നൻ വരുമന്നേര-ത്തുണർവുള്ളോരായ്തൻ
മുന്തിരിത്തോപ്പിൽ പണിയായി കാൺമോരോധന്യരാം
പകലെല്ലാം തൻ-കൂടെ പണിതോർ
ക്കവനരകെട്ടി-പരികർമ്മിച്ചീടും
താതനിരുത്തും മേശയ്ക്കായ് പരികർ-മ്മിക്കും സുതൻ
റൂഹ്ക്കുദിശാ പാറക്കലീത്ത മുടയുന്നോരോമുടി
ഹാ—ചൂടും—മകുടത്തിൽ.

മൊറിയോറാഹേം അലൈൻഉആദാറൈൻ.

www.malankaralibrary.com

## മാർ യാക്കോബിന്റെ ബോവൂസോ

(പ്താഹലൻ മോറാൻ) രണ്ടാം രാഗം

1. ഉടയോൻ നാഥാ വിളിക്കുന്നടിയാർ തുണയ്ക്കായ് വന്നീ-
യാചന കേട്ടിവരാത്മാക്കൾ മേൽ കൃപ ചൊരിയണമേ.

2. നിൻ സ്നേഹത്തിൽ നിന്നും നീങ്ങാൻ ഇടയാകരുതേ-
പാപത്താൽ ഞാൻ അന്യനതായ്, നിൻ സ്നേഹേ ചേർക്ക.

3. മൃതിയേറ്റോനേ! പാപക്കെണിയാൽ ക്ഷതമേറ്റവനാം
എളിയവനിവനുടെ-മുറിവുകളഖിലം സുഖമാക്കണമേ-

4. ദുഷ്ടൻ വലയിൽ വീഴ്ത്താനെന്നെ തേടീടുന്നു-
അവനുടെ വലയെ പൊട്ടിച്ചീടാൻ ബലമേകണമേ.

5. തെറ്റിയൊരാടിനെ തേടിയിറങ്ങുക നല്ലജപാലാ-
പ്രാണൻതേടും ദുഷ്ടനിൽ നിന്നും രക്ഷിക്കണമേ.

6. ഉത്തരമരുളീടണമേ ദേവാ, കൃപചെയ്യണമേ
അനുതാപത്തിനു മാനുഷരെ നീ പ്രേരിപ്പിക്ക.

### കൗമാ

### വിശ്വാസപ്രമാണം

❖

www.malankaralibrary.com

# തിങ്കൾ - ആറാം മണി

## കൗമാ

## കോലോ

(ലൊൽദീനോ ഉലോലത്ബാത്തോ)

1. ആംഗ്യ-ത്താൽ സൃഷ്ടിയെയഖിലം പോറ്റുന്നവനാം
ദൈവാത്മജനെ പേറിയിതാ പാലൂട്ടുന്നു
ജനനിരയിൽ നില്പവൾ മറിയാം
അവൾ പ്രാർത്ഥന ഞങ്ങൾക്കെന്നും
ഹാലേലുയ്യാ തുണയാകട്ടെ. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

2. വാനോർ-ഭൗമികരും മോദാൽ, സഹദേന്മാരേ
പാടും നിങ്ങൾ സ്മരണയതിൽ
തിരുശേ-ഷിപ്പുകളിൽ വാഴും ശക്തിയെവാഴ്ത്തും
നിങ്ങൾ പ്രാർത്ഥനയെപ്പോഴും
ഹാലേലുയ്യാ തുണയാകട്ടെ.

മൊറിയോറാഹേം അലൈൻ ഉ ആദാറൈൻ.

## മാർ ബാലായിയുടെ ബോവൂസോ

മാതാകാദീശന്മാർ തൻ പ്രാർത്ഥനയാൽ... പേജ് 41

## കൗമാ

## വിശ്വാസപ്രമാണം

❖

www.malankaralibrary.com

# തിങ്കൾ - ഒൻപതാംമണി

## കൗമാ

## കോലോ

(കൂൽ ആനിദേ ദനഹെസ്ലബ്ശൂക്ക്)

1. മാ-മോദീസാ-യാൽനിന്നെ ധരിച്ച പരേതന്മാ-രെ
നിൻ-തിരുനിണമെ-യ്കൾകൈക്കൊണ്ടുംതവ
ശരണത്താ-ലെ
നി-ദ്രിതരവരെ
ഓർത്തേകണമിഹ പരലോകേ
നാഥാ-നല്ലോരാ-ശ്വാ-സം. ബാറെക്മോർ.
ശുബ്ഹോ... മെൻഓലം...

2. ആ-ദാമ്മിൻ നാ-ഥൻ സ്രഷ്ടാവും തൻ സുതനായവനും
മൃ-തരായവർ മ-ദ്ധ്യേ ചെന്നവനോടേവം കല്പി-ച്ചാൻ
പു-നരുത്ഥാനം
നല്കീടും ഞാൻ, നീ വേഗം
അവകാ-ശത്തിൽ പൂ-കീ-ടും.
മൊറിയോറാഹേം അലൈൻ ഉ ആദാറൈൻ.

## മാർ ബാലായിയുടെ ബോവൂസോ

കരുണനിറഞ്ഞവനേ... പേജ് 42

## കൗമാ

## വിശ്വാസപ്രമാണം

❖

www.malankaralibrary.com

# ചൊവ്വ - സന്ധ്യ

## കൗമാ, പ്രാരംഭ പ്രാർത്ഥന

## സങ്കീർത്തനങ്ങൾ 141, 142, 119, 117

കർത്താവേ, നിന്നെ ഞാൻ വിളിച്ചു... പേജ് 6

## എക്ബോ

(സ്ളീ മൊറിയോ...)

നാഥാ നിൻ ചെവി ചായ്ക്കണമേ.

എൻ വിളിനാദം കേൾക്കണമേ
ശുശ്രൂഷകളും പ്രാർത്ഥനയും
കൃപയാൽ സ്വീകൃതമാ-കേ-ണമേ.

സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## പ്രുമിയോൻ, സെദറാ

## കോലോ I

(ബശ്മായോബറഉ കാബേലൊയ്മോർ)

*'മേൽ സ്വർഗ്ഗത്തിൽ ധരയിതിലും'*

1. മൃതിനീക്കിയതാം അഹറോൻ തന്നുടെ
ധൂപം പോലിവർതൻ ധൂപത്തെ
നാഥാ, കൈക്കൊണ്ടീടണമേ. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

2. വലഭാഗം ചേർ-ന്നൊരു പുത്രാ
സ്തുതിതേ ഈറയർ മാലാ-ഖമാരും
കാദീശ് കാദീശ് പാടുന്നു.

www.malankaralibrary.com

(ദൈവമാതാവ്)

3. ദൈവാംബികയേ-ധന്യേ കന്യേ
നിൻ മഹിമാചരിതം-ചൊല്ലീടാൻ
എന്നുടെ വായ് മതിയാവില്ല.

4. ദൈവ ജനനീ-മറിയാമേ, കന്യേ
ക്രോബേന്മാർപേ-റും രഥമോ
നിന്നോടുപമിപ്പാൻ പോരാ.

(പരിശുദ്ധന്മാർ)

5. നിബിയർ ശ്ലീഹർ, സഹദേന്മാരിവ-
രനുദിനമോർമ്മിക്ക-പ്പെട്ടീടും
അവർ പ്രാർത്ഥന കോട്ടയതാക.

6. അഗ്ന്യാലുയിരേ-പൂകിയവർ
സഹദേന്മാരെ, പ്രാർത്ഥി-പ്പിൻ ഞങ്ങൾ
പാപക്കടലതിൽ മുഴുകായ്വാൻ.

(അനുതാപം)

7. നാഥനുരച്ചാൻ- പാപികളേ
തേറിൻ മണവാളൻ വന്നീടുമ്പോൾ
മണവറയുൾ പൂകീടാനായ്.

8. ദയവാനേ നിൻ-മഹിമാദിനമതി-
ലുയിർപൂണ്ടു വിശുദ്ധർ-ഗണമൊന്നായ്,
സ്തുതി പാടാൻ വരമേകേണമേ.

(പരേതർ)

9. ത്രിത്വത്തിൽ ഏ-റ്റുപറഞ്ഞ
മൃതരെ രണ്ടാം വരവി-ങ്കൽ നാഥാ,
വലഭാഗം ചേർത്തീടണമേ.
മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

www.malankaralibrary.com

## എക്രോ

## കോലോ II

(മൊറ്യോ ആലോഹൊദ് ഫുർക്കോൻ)

*'എൻ രക്ഷാ ദേവാ നാഥാ-'*

1. എന്നാത്മാവിനു കാവലതായ് നീ തീർന്നീ-ടുക നാഥാ,
കെണികളിൽ നിത്യം മ്ലേഛതയതിലേ-
ക്കായി ഗമിക്കുന്നേൻ, മനുജ പ്രിയനേ!
പിഴയീന്നെന്നാത്മാവെ നീ വിടുവിക്ക,
കൃപയാൽ ര-ക്ഷിക്ക. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

2. നാഥാ നിൻ ബഹുമാനമതിന്നായ് മേലു-ള്ളവരീന്നും
നിൻ സാദൃശ്യേ സൃഷ്ടികളായൊരു
ഭൗമികരിൽ നിന്നും സ്തുതിയുണ്ടാക
ഭൂവാനം കടലും കരയും സ്തുതിപാടും
സ്രഷ്ടാവാം-നി-ന്നെ.

(ദൈവമാതാവ്)

3. മറിയാം സവിധേ വന്നു പറന്നങ്ങെത്തി-ഗബറിയേൽ
ശ്ലോമ്മോ ചൊന്നവനവളോടോതി
"നാഥൻ നിൻകൂടെ സകലത്തിന്നും
രക്ഷകനായോൻ നിന്നിൽ നി-ന്നുദിച്ചീടും" എന്നുമുര-ച്ചല്ലോ.

4. നിർമ്മല കന്യേ! നിൻ തിരുജനനം ആമോ-സിൻ തനയൻ
ഏശായാ നിബിയുൽഘോഷിച്ചു
തലമു-റപൂർവ്വികനാം ആമ്മനുവേലെ
നരനായ് തീർന്നൊരു ദൈവത്തെ
പ്രസവിച്ചാൾ കന്യാവ്ര-തയാം നീ.

www.malankaralibrary.com

(പരിശുദ്ധന്മാർ)

5. ശുദ്ധസഭെത്തൻ കൈപ്പത്തിയതാൽ
പണിതു-നിബിയരെയും
ശ്ലീഹരെയും സഹദേന്മാരെയുമതി
നടിസ്ഥാ-നം നിർത്തി, ജാതികളെയും
ചേർത്തോൻ ധന്യനിതാ അതിനുൾ
തൻ സ്തുതികൾ, രാപകൽ പാ-ടുന്നു.

6. രക്ഷകനെ പ്രതി കൊല്ലപ്പെട്ടോർ പരിമ-ളധൂപം പോൽ
മ്ശീഹാതൻ സിംഹാസന സവിധെ
രുധിര-മണച്ചവരാം സഹദേന്മാരേ!
ഐക്യസമാധാനം നാനാദിശകളിലും,
വാഴാൻ പ്രാർത്ഥിപ്പി-ൻ.

(ഒരു വിശുദ്ധൻ)

7. (മാർതോമ്മാ) നീ രാവും പകലും ജാഗ-രണം നോമ്പാൽ
പ്രാർത്ഥനയാലും കാട്ടിയ നിൻ മാ-തൃക
പോൽ ചെയ്യട്ടെ ഉത്തമനായൊരു
നാഥൻ തൻ നിറവറയീന്നൈ-ശ്വര്യത്തെ,
യാചിപ്പോരെല്ലാം.

(സഭ)

8. സുതനുടെ വചനം കാവലതായൊരു സഭയേ! തേ ഭാഗ്യം!
പ്രബലപ്പെടുകയുമില്ലിനി മേലിൽ
നരക കവാടങ്ങൾ, നിൻ മക്കൾ തൻ
പുണ്യത്തിനു തനു രുധിരങ്ങൾ
ഭക്ഷണപാ-നീയവുമാ-യേകി.

www.malankaralibrary.com

(അനുതാപം)

9. മോചനമതിനായ് നിന്നുടെ കരുണാ ദ്വാരേ-മുട്ടുന്നേൻ
ചതിയാൽ ദുഷ്ടൻ ജീവൻമാർഗ്ഗമതീ-
ന്നെ-ന്നെ വിലക്കി, വായ് കാൽപൂട്ടി
സ്തുതിയും നിൻ ഭവനേ നിലയായ്
നരപ്രിയനേ! കൃപചെയ്തീടണമേ.

10. താതൻ കതിരേ! ചതിയാലിരുളാം ഉലകിൽ-നിൻ കൃപയെ
സ്തോത്രം ചെയ്‌വാനെൻ കണ്ണുകളെ
ശോഭി-പ്പിക്കണമേ, പിഴപെരുകിയഹോ
സമയം പോയ്; തേറിയതില്ല: നിൻ
കൃപയെ-നിർത്തണമെൻ മു-മ്പിൽ.

(പരേതർ)

11. നാഥാ മാമോദീസായതിനാൽ നിന്നെ-പൂണ്ടവരായ്
തവ നിണ മെയ്കൾ കൈക്കൊണ്ടവരാം
മൃതരാ-യോർക്കെല്ലാമിഹപരലോകേ
നല്ലോരോർമ്മയതുണ്ടാക്കീ- ട്ടാത്മാക്കൾക്കേകീടാശ്വാസം.

## കുക്കിലിയോൻ

(ബാറെക്നപ്ശ്ല്മൊറിയോ)

ആറാം രാഗം

എന്നാത്മാവേ-നാഥനെ വാഴ്ത്തുക-ഹാലേലുയ്യാ
എന്നസ്ഥികളവൻനാമം പുകഴ്ത്തട്ടെ

നിൻ ദുഷ്ടതയെ അവൻ മായ്ച്ചീടും-ഹാലേലുയ്യാ
നിൻ രോഗങ്ങളെ സൗഖ്യവുമാക്കും. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

www.malankaralibrary.com

## എക്ബോ

(ഗോയെൻ ബീശേ മെൻ നൂറോ)

ധനവാനെപ്പോൽ ദുഷ്ടൻമാർ നരകത്തീയിൽ പ്രലപിപ്പൂ
വിരലിൽ വെള്ളം കേഴുമവർക്കാരും നൽകാനില്ലല്ലോ
നല്ലോൻ നല്ലവനുടെ സുതനേ
നിൻ കാരുണ്യം വലുതല്ലോ
നാഥാ നിൻ സൃഷ്ടിയതിൻമേൽ വാണീടരുതേ നി-ത്യാഗ്നി.
സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## കോലോ

(ബ്രീക്കുദ്യബ്ലൻ റംശോ ദ്ശൈനോ)

1. ശാന്തിയെഴും സന്ധ്യയുമാശ്വാസകരം രാവും-നല്കിയവൻ
വാഴ്ത്തപ്പെട്ടവൻ; അവയിൽക്ഷീണിത രാശ്വാ-സം-തേടും
സ്രഷ്ടാ-വായൊരു താതന്നും
സ്ലീബാ-യാൽ വീണ്ടോരു സുതനും
റൂഹായ്ക്കും സ്തോത്രം. ബാറെക്മോർ.

ശുബ്ഹോ...

2. ദാവീദരചൻ റൂഹായാൽ വീ-ണയെ മീട്ടിയപോലെ
എൻ സോദരരേ കിന്നരമേന്തി സ്തുതികൾ-പാടിടുവിൻ
നാഥ-നൊടർത്ഥിപ്പിൻ ഐക്യം
ശാന്തി-ഇവ ദിശകളിൽ വാഴാൻ
പ്രാർത്ഥിപ്പിൻ നിങ്ങൾ.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

www.malankaralibrary.com

## മാർ യാക്കോബിന്റെ ബോവൂസോ

(ബാർ ആലോഹോല്ദീനോ)

ആറാം രാഗം (വേറൊരു രീതി)

1. ഉടയോൻ-നാഥാവിളിക്കു-ന്നടിയാർ തുണയ്ക്കായ്വന്നീ
യാചന കേട്ടിവരാത്മാ-ക്കൾ മേൽ കൃപചൊരിയണമേ.

2. ദൈവ തനൂജൻ വിധി ശോധനകൾ -ക്കായണയുന്നു
ആഗതനാകും ന്യായാധിപനെ കുമ്പിടുമാരും.

3. തീജ്ജ്വാലകളാം വടിവാളാലെ വിധിചെയ്യുമവൻ
തീയാൽ ദുഷ്ടരെ ശിഷ്ടരിൽ നിന്നും നീക്കീടുന്നു.

(ല്കൂലേ ഒൽമോ  അക്ക്ദൽദഹബോ)

4. കനകത്തെ തീച്ചൂളയതിൽ പോൽ ഉലകം മുഴുവൻ
ശോധന ചെയ്തു ദഹിപ്പിച്ചീടും മലിനതയെല്ലാം.

5. സോദരരേ ദൈവസുതൻ വരവിൽ ഭയമാർന്നിടുവിൻ
സകലരുമനുതാപത്തിങ്കലണഞ്ഞ- ഭയം തേടിൻ.

6. മിശിഹാരാജാ നിൻ മുൻ വെളിവായ് എൻ മാലിന്യം
വിധിചെയ്യുന്നൊരു നേരത്തെന്നൊടു ദയ കാട്ടണമേ.

**മോറാനേശുമിശിഹാ**
**കൗമാ**

❖

www.malankaralibrary.com

# ചൊവ്വാ - സൂത്താറ

## കൗമാ

(ക്തീലോദക്താൽ)

ആറാം രാഗം

1. ആ-ദിമ നരനെ
കൊന്നൊരു ദുഷ്ടനെ മൃതിയെയും ത-ൻ മരണത്താൽ
കൊ-ന്നൊരു മൃതനേ!
തന്നിഷ്ടാൽ എന്നെ ദാസനതാ-ക്കി
തീർത്തൊരു പാപം ഹനിക്ക വഴിതെറ്റുമജത്തെ
തേടിയിറങ്ങും - നല്ലൊരജപാലാ
ന-ഷ്ടപ്പെട്ട
നാണയമവൾ തേടിയപോലെ
നാശേ വീണുഴലുന്നോ
നെന്നെ നീയും-തേടണമേ
താ-താത്മജനും
റൂഹായ്ക്കും സ്തുതി പാടീടാൻ
ഹാലേലുയ്യാ യോ-ഗ്യനുമാക്ക. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

2. നാ-ഥാജ്ഞകളെ
അറിവോടനുവർത്തിപ്പാൻ മടി കാ-ട്ടിയ ഭൃത്യൻ
നീ-തിക്കൊത്ത് ശിക്ഷിക്കപ്പെട്ടുഴലുമ്പോൾ
വേ-റൊരു-ദാസൻ
അറിവില്ലാത്തോ-ൻ ഏല്ക്കും ലഘു ശിക്ഷ;

www.malankaralibrary.com

സുവിശേഷത്തിൽ-ലിഖിതം ഉപമയിത്
നാ-ഥാ, നിന്റെ
തിരുഹിതമതു ചെയ്യാത്തോർ നിൻ
നീതിയതി-ന്നർഹരിവർ
നൃപർ തൻ നീതി-യിലും കഠിനം;
ര-ക്ഷിക്കിവരെ
ശൗലീന്നും ദാവീദെപ്പോൽ
ഹാലേലുയ്യാ, നീ-കൃപചെയ്ക.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർ യാക്കോബിന്റെ ബോവൂസോ

(റഹീം ഹാത്തോയോ)

ആറാം രാഗം

1. ഉടയോൻ നാഥാ വിളിക്കുന്നടിയാർ തുണയ്ക്കായ് വന്നീ
യാചന കേട്ടിവരാത്മാക്കൾ മേൽ കൃപചൊരിയണമേ.

2. മിഴിനീരാലെമുഖമഭിഷിക്തം ഏങ്ങൽവിലാപം
ഇവയാൽ വായും പൂട്ടിയ പാപി സ്നേഹാർഹനുമാം

3. അനുതാപികൾ തൻ കണ്ണിൽ നിന്നും തൂകും കണ്ണീർ
വിലതീരാത്തൊരു രത്നങ്ങളിലും വിലയേറിയതാം.

4. അനുതാപത്തെ ചിത്രിപ്പാൻ നീ ചായം തേടിൽ
മിഴിനീരതിലും മേൽത്തരമായതു കണ്ടെത്തീടാ;

5. അനുതാപത്തിൻ പെരുന്നാളല്ലോ പാപികൾ കണ്ണീർ
കണ്ണീരാലെ മോചനമേന്തി സന്തോഷിക്ക.

6. ഉത്തരമരുളീടണമേ ദേവാ കൃപചെയ്യണമേ
അനുതാപത്തിനു മാനുഷരെ നീ പ്രേരിപ്പിക്ക.

കുറിയേ... കുറിയേ... കുറിയേ...

www.malankaralibrary.com

## മസ്മൂറാകൾ : 91, 121

അത്യുന്നതന്റെ മറവിൽ ഇരിക്കുന്നവൻ... പേജ് 12

## മാനീസോ

കർത്താവേ നിന്റെ കരുണയിൻ ചിറകുകളുടെ നിഴലിൻ...പേജ് 16

## ക്രോബേന്മാരുടെ സ്തുതി

കർത്താവിന്റെ ബഹുമാനം... പേജ് 18

## വിശ്വാസപ്രമാണം

ബസ്മൽക്കോ, സാദീക്കോ ചൊല്ലി ധൂപം വയ്ക്കുന്നു.

## ഹൂത്തോമോ

❖

www.malankaralibrary.com

# ചൊവ്വ – രാത്രി

### കൗമാ, പ്രാരംഭ പ്രാർത്ഥന

ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ കർത്താവേ... പേജ് 23

### സങ്കീർത്തനങ്ങൾ 134, 119 : 169–176, 117

ബാറെക്മോർ, രാത്രികാലങ്ങളിൽ കർത്താവിന്റെ.... പേജ് 23

### എനിയോനോ

(എത്തയീർ ഹാത്തോയോ)

1. ഉണരുക നീ പാപീ
അവസരമുള്ളപ്പോൾ
അനുതാപാർത്ഥം,
നെടുവീർപ്പാൽകണ്ണീരാലും
കഴുകേണം മാലിന്യങ്ങൾ.

2. മനസ്സാകിൽ നിന്റെ
കടമെല്ലാം വേഗം
മായിച്ചീടാൻ
ഈശൻപക്കൽ കേഴുക നീ
ദോഷത്വങ്ങൾ നീക്കീടും.

3. പാപത്തിൻ ദാസ്യേ
നിന്നും മാനുഷരെ
രക്ഷിച്ചോനാം
ബലവാനായൊരു സകലേശാ
നാഥാ സ്തോത്രമതങ്ങേയ്ക്കായ്.

www.malankaralibrary.com

4. മ്ശിഹാരാജാ നിൻ
മണവറയിൻ വാതിൽ
തുറന്നീടും നാൾ
വിരുന്നിന്നർഹമതാം വസ്ത്രം
കൃപയാൽ ഞങ്ങൾക്കേകണമേ.

5. എൻ മാലിന്യങ്ങൾ
ഓർത്തു ഭ്രമിക്കുന്നേൻ
മനുജപ്രിയനേ
സകലേശാ നാഥാ എൻമേൽ
നിൻ കൃപയാൽ ദയചെയ്യേണമേ. ബറെക്മോർ.

ശുബ്ഹോ... മെൻഓലം...

6. നിർമ്മലമാം സ്തോത്രം
നവമാം സ്തുതികളെയും
അർപ്പിക്കുന്നു
തവസവിധേ ഉദ്ഘോഷിപ്പൂ
സകലേശാ നാഥാ! സ്തോത്രം.
കുറിയേ ... കുറിയേ ... കുറിയേ ...

## ഒന്നാം കൗമാ
## എക്ബോ
(ബ്സുൽത്തോ ക്രോസാൻ)

കന്യക വിളിചെയ്വൂ
തൻ ചരിതമുരപ്പാൻ
വിസ്മി-തനായ് ഞാൻ
ദൈവസുതാ നീ നൽകുക വചനം
കൃപയാൽ നിറവാക്കെന്നുടെ വീണ
നന്മകൾ നിറയുന്ന
നിന്നുടെ മാതാവെ
വർണ്ണിപ്പാനായ്.

www.malankaralibrary.com

കുറിയേ... കുറിയേ... കുറിയേ...

ഞങ്ങളുടെ കർത്താവേ,...

## പ്രുമിയോൻ സെദറാ

### കോലോ

(ബശ്മായോ ബറഓ ഹാലേലുയ്യാ)

ഒന്നാം രാഗം

*"വാ-നിലുമീധരയിതിലും ഹാലേലുയ്യാ"...*

1. ഭാ-ഗ്യവതീ നിന്നോർമ്മയതിൻ ദിനമെത്ര
മോഹനമഭികാമ്യവുമല്ലോ നാനാദിശകളിലും
പള്ളികൾ ദയറാകളുമൊന്നായ്-സ്തുതിപാടുന്നു.
കരയും കടലും മോദമൊടേ ഘോഷിച്ചീടുന്നു.
നിദ്രയെ നീക്കിയുണർത്തുന്നവനായ്
സ്തോത്രം പാടാൻ നിൻ തിരുനാളിൽ
എല്ലാനാവുകളൊത്തിവരും യോഗ്യരാവട്ടെ.
ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

2. കന്യകമറിയമേ! മോശ മുൾച്ചെടിയാലും
ബന്ധിതമായ കവാടത്താൽ ഹസ്ക്കിയേൽ-താനും
ഉപമിച്ചതിനുൾ നാഥൻതാൻ പൂകിയ പോലെ
വചനേശൻ ജഡമേല്ക്കാനും നിന്നിൽ തിരുവുളമായ്
കാലത്തിൻ തികവിൽ ഗബ്രിയേൽ
സ്വസ്തിയുരച്ചീവണ്ണം സ്വയമായ്
താഴ്ത്തിയ സുതനേ! സ്തോത്രംതേ! പാടുന്നു സഭയും.
മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

www.malankaralibrary.com

## മാർ യാക്കോബിന്റെ ബോവൂസോ

ഒന്നാം രാഗം

1. വാഴ്ത്തപ്പെട്ടവളായോൾകന്യേ പ്രാർ-ത്ഥന ചെയ്തീടണമേ
നാഥൻ ഞങ്ങളുടെമേൽ കൃപചെയ്തീടാൻ;ലോക
2. വംശജയാരിവൾ കന്യ? സൃഷ്ടിയതിന്മേൽ ഇരുളിൻ
വാഴ്ചയെ മായിപ്പവളാർ? പകൽപോൽ- ശോഭിച്ചീടും
3. വദനാഭയെഴുന്നധരം വാക്കുകൾ-മൊഴിയുന്നളവിൽ
ഒളിവിതറുന്നുലോകപാതയിൽ ദീപ്തിപൊഴിച്ചോ-
4. രാവരണം നീ അർത്ഥിച്ചടിയാർ പ്രാർത്ഥന ഈശൻ
പക്കലണയ്ക്ക നാഥൻ സുതനും ദൈവവുമായോൻ
5. സവിധേ കേഴുക; പുത്രാ പീഡസഹിച്ചൊരു ലോകേ
കൃപചെയ്തീടുക എന്നും പ്രാർത്ഥിക്കേണം
6. ദൈവാത്മജനേ ഒമ്പതുമാസം നിന്നെ വഹിച്ചോൾ
പ്രാർത്ഥനയാലെ ക്രോധത്തിന്റെ വടികളെ മായിക്ക.

## രണ്ടാം കൗമാ

കർത്താവിന്റെ ബഹുമാനം തന്റെ... പേജ് 18

## എക്ബോ

(ബ്രീക്കൂ ഹൈലോ)

ധന്യർ സഹദേർക്കായ്
ശക്തിയെ നൽകിയവൻ
ബലവാൻ സ്തുത്യൻ
പൂജിതമായവർ മരണത്തിൻ നാൾ
ദിശകളിലെല്ലാം ശ്രേഷ്ഠരുമായി
തന്നുടെ സ്നേഹത്തിൻ
നിറവിനെയവർ ഹൃത്തിൽ
ചേർത്തോൻ സ്തുത്യൻ.

www.malankaralibrary.com

കുറിയേ...കുറിയേ... കുറിയേ...
ഞങ്ങളുടെ കർത്താവേ,

## പ്രുമിയോൻ സെദറാ

### കോലോ

(ഈൻഹാനോനോമോറാൻമേത്തൂൽ മോനോ)

1. കാരുണ്യേശാ! എന്തിനു നിരസിപ്പതു നീ
ദാസരെ, നീതിഷ്ഠർ പീഡിതരായി കണ്ടിട്ടും?
ഏശായാവാളാൽക്ഷതനായ് പീഡിത-ദാവീദ്
ദാനീയേൽ കുഴിയിൽ വീഴ്ത്തപ്പെട്ടു, യൂഹാനോൻ
വധ്യനുമായ്; സ്ക്കറിയാ ബലിപീഠേ
കൊലയേറ്റാർ ശ്മൂനിയുമവൾ സുതരും
പീഡകരെ വിധി ചെയ്വോനേ!
കൃപ ചെയ്യണമിവർമേൽ. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

2. സഹദേർ ന്യായാധിപ സവിധേ കയറിയനേരം
ക്രൂശിതനാലവർ ആത്മീയ-കവച ധാരികളായ്
വിശ്വാസത്താൽ സ്ഥിരമാക്കപ്പെട്ടവർ മനസും
പീഡകൾ ദർശിച്ചതിലൊട്ടും ഭയമേറിയതില്ല.
ഭൂമിയിതിൽ വിജയിച്ചവർ, സ്വർഗ്ഗേ
ശ്രേഷ്ഠരുമായ്; കരുണാലയനേശു
കോട്ടയവർ ചിറകിൻ കീഴിൽ-സംരക്ഷിക്കിവരെ.
മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർ അപ്രേമിന്റെ ബോവൂസോ

(ഒന്നാം രാഗം)

1. കർത്താവേ കൃപചെയ്യണമേ
നിൻപ്രിയരായോർ പ്രാർത്ഥനയാൽ.

www.malankaralibrary.com

2. റൂഹായാൽ പാടിയ നിബിയർ
വെളിപാടോതിയ ശ്ളീഹന്മാർ
സ്നേഹാൽ മൃതരാം സഹദേന്മാർ
ഇവരർത്ഥിക്കും കൃപചെയ്ക.

3. പരിശുദ്ധന്മാരേ നിങ്ങൾ
പ്രാർത്ഥിപ്പീൻ കർത്താവോടായ്
അടികളെയും തൻ കോപത്തിൻ
വടികളെയും മായ്ച്ചീടാൻ.

4. കർത്താവേ കൃപചെയ്യണമേ
നിൻപ്രിയരായോർ പ്രാർത്ഥനയാൽ
അവർ പ്രാർത്ഥനയാചനയാലീ-
ഞങ്ങൾ മേൽ കൃപചെയ്യേണം.

## മൂന്നാം കൗമാ

കർത്താവിന്റെ ബഹുമാനം തന്റെ.... പേജ് - 18

## എക്ബോ

(വൊയ്ലീ ദഹവീസ്)

കഷ്ടമെനിക്കായി
ശുദ്ധർതന്നിടയിൽ
ഞാൻ നിസ്സഹായനായ്
അവരുടെ നടപടി പിൻതുടരായ്കയാൽ
അവർ തൻ വിരുന്നിന്നന്യനുമായേൻ
നിഷ്കാസിതനായ് ഞാൻ
ദുഷ്കർമ്മത്താലേ അവരിൽനിന്നും.

കുറിയേ...കുറിയേ... കുറിയേ...

ഞങ്ങളുടെ കർത്താവേ,

## പ്രുമിയോൻ സെദറാ

www.malankaralibrary.com

## കോലോ

(കേനോറോദ് റൂഹോദുകുദിശോ)

*'റൂഹായിൻ കിന്നരമാകും ഹാലേലുയ്യാ'*

1. ഈശായി സുതനാം ദാവീദ്-കീർത്തനമതിനാൽ
നിദ്രയിൽ നിന്നെന്നെയുണർത്തി-ച്ചൊന്നെന്നോടേവം
എന്തിനുറങ്ങുന്നുണരുക നീ വേഗം മനുജാ!
രാമദ്ധ്യേ ന്യായസ്ഥാനേ-യേറും കൈക്കൂലി
    മോചനമർത്ഥിപ്പാനെഴുന്നേൽക്ക
    കണ്ണിരാൽ രമ്യവുമാം നാഥൻ
രാപകലനുതാപിക്കായ് തൻ വാതിൽ-തുറന്നീടും.

ബാറെക്മോർ. ശുബ്ഹോ... മെൻഓലം...

2. രാത്രിയിലെന്നെയുണർത്തീടുക ദൈവാത്മജനേ
തവകൃപയും കർതൃത്വമതും സ്തോത്രം ചെയ്തീടാൻ
പാപക്കടലിൽ വീഴ്ത്താനായ് തേടും ദുഷ്ടൻ
നിദ്രയിലാഴ്ത്തുന്നവനെന്നെ സ്തുതി പാടാതാക്കാൻ.
    സ്തുതി പാടാൻ എന്നെയുണർത്തണമേ.
    നിൻകൃപയാശ്രയമായ് സ്തുതി പാടാൻ
ബലമേകുക, മുഖതെളിവൊടുനിൻ സ്തോത്രം പാടീടാൻ.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർ ബാലായിയുടെ ബോവൂസോ

ഒന്നാം രാഗം

1. ദുഷ്ടന്മാരിൽ കാരുണ്യം പൂണ്ടോനേ
കാരുണ്യം ചെയ്നിൻ ന്യായത്തീർപ്പിൻ നാൾ.

2. ദുഃഖം പൂണ്ടോർ നിൻ വാതിൽ മുട്ടുന്നു
കാരുണ്യത്താൽ നൽകേണം യാചനയെ.

3. സ്വർഗ്ഗസ്ഥൻ താതാ, പ്രാർത്ഥിക്കുന്നെങ്ങൾ
കൈക്കൊണ്ടീക്കർമ്മം കാരുണ്യം ചെയ്ക.

www.malankaralibrary.com

4. വിണ്ണവർതൻ നാഥാ മണ്മയരാശയുമേ
കൈക്കൊണ്ടീക്കർമ്മം കാരുണ്യം ചെയ്ക.

## നാലാം കൗമാ

ഹാലേലൂയ്യാ, ഹാലേലൂയ്യാ, ഹാലേലൂയ്യാ... പേജ് 25
ത്രിത്വത്തിനു സ്തുതി, ത്രിത്വത്തിനു സ്തുതി,... പേജ് 33
നയവാൻ പനപോലെ...
ഒരുപോലിങ്ങും...
പ്രാർത്ഥനയിൻ സമയമിതല്ലോ... മൊറിയോ റാഹേം ...

## മാർ അപ്രേമിന്റെ ബോവൂസോ

1. കർത്താവേ കൃപചെയ്യണമേ
കൈക്കൊണ്ടടിയാരുടെ കർമ്മം
പൊറുതിയയച്ചരുളണമേ നി-
ന്നറയീന്നലിവുമനുഗ്രഹവും.

2. നിദ്രയെഴാത്തുണർവ്വുള്ളോനേ
ഉയരവരോടൊപ്പം രാവിൽ
താഴെ വസിപ്പവരാം ഞങ്ങൾ
ഏറ്റീടും സ്തുതിയിൻ നാദം.

3. നിദ്രയതിൽപോൽ സോദരരേ
പാപത്തിൽ മുഴുകീടരുതേ
മണവറയുൾ പൂകീടാനായ്
ജാഗരണം ചെയ് വാതിൽക്കൽ.

4. പ്രാർത്ഥന കേട്ടീടുന്നവനേ
യാചന നൽകീടുന്നവനേ
പ്രാർത്ഥനകേട്ടു നിരപ്പായി
കൃപയാൽ യാചന നൽകണമേ.

## മാലാഖമാരുടെ സ്തുതി പേജ് 34

## മോറാനേശുമിശിഹാ

❖

www.malankaralibrary.com

# ചൊവ്വാ - പ്രഭാതം

## കൗമാ, പ്രാരംഭ പ്രാർത്ഥന

### സങ്കീർത്തനങ്ങൾ 51, 63 (പേജ് 36, 39)

### എനിയോനോ

(നുഹറോദ് ഒൽമോ ബ്രോദാലോഹോ)

1. ഉലകത്തിൻ പ്ര-ഭയാം
ദൈവാത്മജനിൻ-മുൻ
ആഗതനെന്മേൽ കൃപചെ-യ്യേ-ണം.

2. താതൻ കിരണ-മാം
മിശിഹാ ദേവാ-മുൻ
ആഗതനെന്മേൽ കൃപചെ-യ്യേ-ണം.

3. സ്തുത്യൻ ബലവാ-നാം
അത്ഭുതവാൻ നിൻ-മുൻ
ആഗതനെന്മേൽ കൃപചെ-യ്യേ-ണം.

4. ലംഘന പാപങ്ങൾ
ചെയ്തേൻ, തിരുമു-മ്പിൽ
ആഗതനെന്മേൽ കൃപചെ-യ്യേ-ണം.

5. അനുതാപികളിൻ-മേൽ
പ്രീതിയെഴും നിൻ മുൻ
ആഗതനെന്മേൽ കൃപചെ-യ്യേ-ണം.

www.malankaralibrary.com

6. ഉയരവരുടയോ-നേ
മൺമയർ ശരണം-മുൻ
ആഗതനെന്മേൽ കൃപചെ-യ്യേ-ണം. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

7. ഏകമതാം ത്രി-ത്വം
ആരാധ്യൻ, നിൻ മുൻ
ആഗതനെന്മേൽ കൃപചെ-യ്യേ-ണം. ആമ്മീൻ

## സങ്കീർത്തനം 113:1-9

പ്രകാശത്തിന്റെ സ്രഷ്ടാവിനു സ്തുതി... പേജ് 40

## എക്ബോ

(ബ്ഹാവ് നുഹറോ ഗായോ മാലാ-ഖെ)

ശോഭയെഴും പ്ര-ഭയിൽ വാനോർ-നിൻ
ദൈ-വത്വം ശുശ്രൂഷി-പ്പൂ.
ഉഷസ്സിന്നുദയ-ത്തിൽ സൃഷ്ടികളും
വന്ദിപ്പാൻ ധൃതി കൂ-ട്ടു-ന്നു.
സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## കോലോ I

(മൊറിയൊബ് സപ്രോ തെശ്മാ കോൽ ഹാ...)

*'എൻവിളി കേൾക്കുഷസ്സിൽ നാഥാ-ഹാലേലുയ്യാ'*

(ബ്ഏദോനെദ് സപ്രോ)

1. പരിമള ധൂപചുരുൾ
ഉയരുന്നുഷസ്സിങ്കൽ
മാലാഖകളുയരെ സ്തുതി പാടീടുന്നു-
പാവനരാചാര്യർ
പാപികൾ പേർക്കായി

www.malankaralibrary.com

പരിഹാരാർത്ഥമിതാ ധൂപമണയ്ക്കുന്നു
ഹാലേലുയ്യാ, ഉ ഹാലേലുയ്യാ
നാഥാ, യാചനകൾക്കുത്തരമരുളേ-ണം. ബാറെക്മോർ.
ശുബ്ഹോ... മെൻഓലം...

2. കൂപത്തിൻ കരയിൽ-
ശമറായസ്ത്രീയെ
ഉപദേശിച്ചവനാം, മിശിഹാ താൻ - സ്തുത്യൻ
അർത്ഥിച്ചൊരു ജലമോ
അവൾ നല്കിയതില്ല
ജീവൗഷധി നിറയുന്നുറവയവൻ ന-ൽകി
ഹാലേലുയ്യാ, ഉ ഹാലേലുയ്യാ
രക്തത്താൽ സഭയെ മക്കളെയും വീ-ണ്ടു.

(ദൈവമാതാവ്)

3. കൃപയാൽ ഞങ്ങളുടെ
കടപത്രം നീക്കി
ശിക്ഷാവിധി പോക്കാൻ രണ്ടാം വരവിങ്കൽ
ധന്യേ മാതാവേ!
നിൻസുതനുടെ പക്കൽ
മദ്ധ്യസ്ഥത ചെയ്‌വാൻ കേഴുന്നടിയങ്ങൾ
ഹാലേലുയ്യാ, ഉ ഹാലേലുയ്യാ
നിൻ പ്രാർത്ഥന ഞങ്ങൾക്കഭയം കോട്ടയുമാം.

4. വേഗമെഴും മുകിലേ,
മറിയാമേ! ചൊൽക:
കാലങ്ങൾക്കധിപനെയെങ്ങനെ നീപേ-റി?
ഗബ്റിയേൽ വന്നു
മംഗളവാർത്തയിദം:
നിന്നിൽനിന്നുദയം രക്ഷകനെന്നോ-തി

www.malankaralibrary.com

ഹാലേലുയ്യാ, ഉ ഹാലേലുയ്യാ
രക്ഷകനവനത്രെ ലോകത്തിനുസത്യം.

(പരിശുദ്ധന്മാർ)

5. തൻ കൈപ്പത്തിയതാൽ
സഭയെ പണിതതിനുൾ
ബലിപീഠം സ്ഥാപിച്ചവനായി സ്തോത്രം
നിബിയർ ശ്ലീഹരെയും
സഹദേന്മാരെയും
മുടികൾ ചൂടിച്ചതിനടിസ്ഥാനം നി-ർത്തി
ഹാലേലുയ്യാ, ഉ ഹാലേലുയ്യാ
സഭയെ പണിചെയ്തോൻ എന്നേക്കും സ്തുത്യൻ.

6. സഹദേന്മാരേ ചൊൽ
എന്തു പ്രതീക്ഷിച്ചു
സഹിപ്പാനായേവം, തനുവിൽ പീഡകളെ?
ഉത്തരമവരോതി:
കാതുകൾ കേട്ടീടാ,
കണ്ണുകൾ കണ്ടീടാ, മനഃചിന്ത്യവുമല്ല
ഹാലേലുയ്യാ, ഉ ഹാലേലുയ്യാ
ദൈവം വാഗ്ദാനം ചെയ്തൊരു സമ്മാ-നം.

(ഒരു വിശുദ്ധൻ)

7. ആബുൻ (മാർതോമ്മാ)
ഓർമ്മ കഴിച്ചങ്ങേ
മേനിയെ ബഹുമാനിച്ചൊരു കൂട്ടത്തി-ന്മേൽ
നാഥൻ വലതുകരം
ചേർപ്പാനർത്ഥിക്ക
മിശിഹാ തൻ സ്തുതികൾ പാടുന്നിവരി-പ്പോൾ
ഹാലേലുയ്യാ, ഉ ഹാലേലുയ്യാ
നിൻ പ്രാർത്ഥന ഞങ്ങൾക്കഭയം കോട്ടയുമാം.

www.malankaralibrary.com

(പ്രഭാതം)

8. ദാവീദുഷസിങ്കൽ
പ്രാർത്ഥിപ്പാനെത്തി
ദേവാലയമതിനുൾ; യാചന ചെയ്തേ-വം:
നാഥാ, കേൾക്കണമേ,
എൻ സങ്കടശബ്ദം
ശ്രദ്ധിക്കെൻ വചനം, രക്ഷാകരനേനീ
ഹാലേലുയ്യാ, ഉ ഹാലേലുയ്യാ
പാപവിമോചനമതിനർഹതയേക-ണമേ.

(അനുതാപം)

9. പാപം നീ മേലിൽ
ചെയ്യരുതേ, പാപീ
വീഴായ്വാൻ സിദ്ധൻ സൂക്ഷിച്ചീടട്ടെ.
നീതിയിതാ നില്പൂ
വാതില്ക്കൽ; ചുരുളിൽ
മുഖനോട്ടമതെന്യേ സകലവുമെഴുതുന്നു
ഹാലേലുയ്യാ, ഉ ഹാലേലുയ്യാ
രഹസ്യവുമറിവോനേ! കൃപചെയ്തീടണമേ.

10. നാഥാ, നിൻ വാതിൽ
മുട്ടുന്നടിയങ്ങൾ
യാചന നല്കണമേ, ചോദിപ്പവരെ-ല്ലാം
പ്രാപിക്കും; വിരവോ-
ടന്വേഷിപ്പോരും
കണ്ടെത്തും കതകിൽ മുട്ടുന്നേ-ഴ-യ്ക്കായ്
ഹാലേലുയ്യാ, ഉ ഹാലേലുയ്യാ
വാതിൽ തുറപ്പവനേ, നാഥാ, സ്തുത്യൻ-നീ.

www.malankaralibrary.com

(പരേതർ)

11. പ്രാർത്ഥന കാഴ്ചകളിൽ
ഓർക്കുക നാം മൃതരെ
വിസ്മൃതിയിൽ തള്ളീടരുതെയവർ നാ—മം
ബലിപീഠത്തിങ്കൽ
സ്മരണം ചെയ്തീടാം
നിത്യാശ്വാസമവർക്കുണ്ടായിടുവാ-നായ്
ഹാലേലുയ്യാ, ഉ ഹാലേലുയ്യാ
പുനരുത്ഥാപകനേ! സ്തുതിതേ പാടു-ന്നു.
മൊറിയോറാഹേം അലൈൻ ഉഃആദാറൈൻ.

## എത്രോ

## കോലോ II

(അക്ക് സെബിയോനേ ദാലോഹോ, ബ്ഏദൊൻ സപ്രോ)

*'ദൈവത്തിൻ തിരുവിഷ്ടംപോൽ'*

1. സ്വർഗ്ഗകവാടം—ഉഷസിങ്കൽ
പ്രാർത്ഥനയതിനായ്—ഉയരുമ്പോൾ
നാഥാ ശുശ്രൂഷകൾ കൈക്കൊ-
ണ്ടടൻപാൽ യാച—ന നൽകണമേ
കേഴുന്നോരാ-ത്മാക്കൾക്കായ്
ശരണം രക്ഷയുമേകണമേ. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

2. വലഭാഗം ചേ-ർന്നൊരു പുത്രാ!
ഉഷസിൽ വാനോർ-ഭൗമികരും
സ്തുതിയങ്ങേക്കർപ്പിക്കുന്നു
ഇരുളും, മരണം-സാത്താനും
നിൻ കല്പനയാൽ-നീങ്ങിയിതാ
അഖിലാണ്ഡം നിൻ പ്രഭപൂണ്ടു.

www.malankaralibrary.com

(ദൈവമാതാവ്)

3. താതൻ ശ്ലോമ്മോ-ഗബ്രീയേൽ
മൂലംമേലീ-ന്നാ ധന്യ
മറിയാമ്മിനു നൽകപ്പെട്ടു
തീ പൂണ്ടോർ വാ-യിൽതിങ്ങും
ശ്ലോമ്മോ ചൊന്നാൻ - "നാഥൻ നിൻ
കൂടെ തന്നുദയം നിന്നിൽ".

4. പ്രവചനമിഴിയാൽ-ദർശിച്ചു
ഹസ്ക്കീയേൽ ദാ-വീദുസുതയെ
കന്യകതൻ മഹിമാരൂപം
ദൈവിക വെളിപാ-ടാൽ നാഥൻ
കാണിച്ചു പ്രവാ-സാത്മജനെ
അത്ഭുതമായതു കണ്ടവനും.

(പരിശുദ്ധന്മാർ)

5. ശ്ലോമ്മോ തൻ നി-ബിയന്മാർക്കും
ശ്ലോമ്മോ തൻ ശ്ലീഹ-ന്മാർക്കും
ശ്ലോമ്മോ ശ്ലോമ്മോ നാഥങ്കൽ
കൂറേറും സഹദേന്മാർക്കും
ശ്ലോമ്മോതന്മ-ക്കൾ വസിക്കും
പരിശുദ്ധസഭയ്ക്കും ശ്ലോമ്മോ.

6. രണഭൂമിയിൽ നി-ങ്ങളിറങ്ങി
സഹദേന്മാരേ! സ്വയമല്ല
നാഥൻ നിങ്ങളൊടൊത്തുണ്ടായ്
മനസ്സിനു ബലമേ-കി; സ്നേഹം
കറയില്ലാതായ്-കണ്ടതിനാൽ
ഓർമ്മയെ ശ്രേഷ്ഠവുമാക്കിയവൻ.

www.malankaralibrary.com

(ഒരു വിശുദ്ധൻ)

7. വേഗതയേറും-ചിറകുകളെ
നേടി ആബ്രൂൻ (മാർതോമ്മാ)
പ്രതിഫലമേന്തിടുവാനായ് നീ
ഉന്നത മതിലേ-ക്കു പറന്നു
പരിപാവനജീ-വിത മതിനാൽ
നാഥനെ എതിരേല്പാൻ പോയി.

(അനുതാപം)

8. നാഥാ നിൻ രാ-ജ്യം വരണം
സുരലോകമതിൽ-എന്നതുപോൽ
നിന്നിഷ്ടം ഭൂമിയിലാക;
ഋണപാപങ്ങൾ-മോചിക്ക;
പൂകരുതെങ്ങൾ-പരീക്ഷയതിൽ
ദുഷ്ടനിൽ നിന്നും രക്ഷിക്ക.

9. വലഭാഗത്തെ-ചോരൻ നീ,
പറുദീസാതൻ-സൗന്ദര്യം
വിവരിച്ചിവരോടുരചെയ്ക
ജാഗരണം നോ-മ്പർത്ഥനയാൽ
ജീവ മരത്തിൻ-ഫലമേന്താൻ
തരുവതിനെ കാണിക്കിവരെ.

(പരേതർ)

10. നാം ദൈവസുത-ന്മാരാവാ-
നായുഷ്കാല-ത്തിൽ ചൊല്ലി
ത്തന്നതാതരെയോർക്കേണം
നയവാന്മാർ പു-ണ്യപ്പെട്ടോ
രൊന്നിച്ചേകു-മവർക്കാശ്വാ-
സംസ്വർഗേപുത്രൻ ദൈവം.

www.malankaralibrary.com

## കുക്കിലിയോൻ

(ലോതെഹസംബ്റാശീയേ) എട്ടാം രാഗം

ദുഷ്ടരിൽ നീരസമരുതേ-ഹാ-
പാപികളിൽ വൈ-രാഗ്യമതും.
ദൈവാശ്രയമൊടു നന്മ പ്രവർത്തിക്ക ഹാ—
ഭൂവാസമതിൽ വിശ്വാസം - തേടീടുക. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

## എക്ബോ

(ബ് ഏദൊൻ സ-പ്രോ)

ഉഷഃകാല-ത്തിൽ, സൃ-ഷ്ടി
വന്ദിക്കുന്നങ്ങെ
സൃഷ്ടികളീ-ന്നിരുളിനെ നീക്കിയവൻ,ദേവേ-ശാ,
സ്തുതിയങ്ങേക്കുണ്ടാകട്ടെ.സ്തൗമെൻകാലൊസ് .....

## കോലോ

(ബ്ഏദൊൻസപ്രോഎശ്ത്താദറസ്) എട്ടാം രാഗം

1. ഉഷഃകാലേ നീതിഷ്ടൻ നോഹ
പ്രളയത്തിൻ-നിലയറിവാനായ്
പെട്ടകമതിനുള്ളീന്നു മയ-ച്ചു
പ്രാവിനെ, യതുവന്നെത്തിമട-ങ്ങി
ഐക്യസമാധാനത്തിൻ ചി-ഹ്നം
ഒലിവിനുടെ-ശിഖരവുമേന്തി. ബാറെക്മോർ.
ശുബ്ഹോ...

2. ഉഷഃകാലേ ധന്യൻ മൂ-ശ
പ്രാർത്ഥിപ്പാൻ-മലമുകളേ-റി
'മെസറേൻകാർ തന്നടിമത്തത്തിൽ
നിന്നിസറേല്യരെ വിടുവിയ്-ക്കൂ നീ'

www.malankaralibrary.com

എന്നവനോടുടയോനരുളി
അധികാര-വടിയും നല്കി.
മൊറിയോറാഹേം അലൈൻ ഉഅ്ആദാറൈൻ.

## മാർ അപ്രേമിന്റെ ബോവൂസോ

(മോറാൻ എസറാഹാമ്മേലാ-മ്മായ്ൻ) എട്ടാം രാഗം

1. കർത്താവേ, കൃപ ചെയ്യണമേ-
നശ്വരമാം ഈയുഷസ്സി-ങ്കൽ
പുലരിയിൽ സൃഷ്ടികൾ വന്നങ്ങേ-
കരുണാദ്വാ-രേ മുട്ടുന്നു.
ശ്രീഭണ്ഡാരത്തിൽ നിന്നും-
ദയമോച-നമയ-പ്പാ-നായ്.

(മെൻ സപ്രോല്സപ്രോസാക്കീസ്)

2. മാനുഷരിൽ പ്രിയമേറും നിൻ
രക്ഷയെ ഞാൻ നോക്കിപ്പാർത്തു
നിൻ വരവിൻ വലിയൊരുഷസിൽ
നിർത്തുക ഞങ്ങളെ വലഭാഗേ.

3. ഒലിവിലയേന്തി കപോതം വീ-ണ്ടും
നോഹിൻ പക്കലണഞ്ഞതുപോ-ലെ
കൃപയും ദയയും പേറിയിവർ
പ്രാർത്ഥനയും തിരികെ വരേ-ണം.

## അപേക്ഷ

കർത്താവേ, നിന്നെ സ്തോത്രം ചെയ്യുന്നതും... പേജ് 41

## കൗമാ

## വിശ്വാസപ്രമാണം

❖

www.malankaralibrary.com

# ചൊവ്വാ - മൂന്നാംമണി

## കൗമാ

## കോലോ

(മാസ്-ലേ-മാലെൽ ഫോറൂ-ക്കാൻ)

1. ദൃ-ഷ്ടാ-ന്തങ്ങളിലുപമകളിൽ
നാഥൻ-ഉപദേശി-ച്ചേവം
സ്വർ-ഗ-രാജ്യം മണവാളനെ
എതിരേ-റ്റോർ കന്യ-കമാർപോൽ
    നിദ്രാ-ഭാരം ചേർന്നവരിൽ
    രാവിൽ കേട്ടാർ ആ-ർപ്പുവിളി-യേവം
'മണവാ-ളൻ വന്നീടുന്നു'
ജ്ഞാനി-കളവനെയെതിരേ-റ്റാർ
ഭോ-ഷി-കളായോരാക്കന്യകമാരെവർ വാതിൽ
പ്പുറമേ നിന്നു കരഞ്ഞയ്യോ;
അവരുടെ വ്യഥയോ വാക്കാൽ
വർണ്ണ്യമതാ-വില്ല. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

2. താ-തൻ-വചനം ഏകസുതൻ
ഉപമ-കളോതിയിവർ-പേർക്കായ്
ചൊ-ന്നാൻ: ധനവാനൊരുവനതാ
സുഖസ-മ്പത്തിൽ വാഴുമ്പോൾ
പാവ-പ്പെട്ടവനാം ലാസ്സർ

www.malankaralibrary.com

പശിതീർപ്പാനി-ല്ലാഞ്ഞു വല-ഞ്ഞേറ്റം
മരണം-വന്നവനെ ദൂതർ
അബറാ-ഹാം മടിയിൽ-ചേർത്തു
ആ-ർദ്ര-തയില്ലാത്തോൻ ധനവാനെ തീ-നരകത്തിൽ
തള്ളീ നിത്യമതാം ദുഃഖം
ദുരിതം പീഡകളിവയെ
അവനവകാ-ശിച്ചു.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർ യാക്കോബിന്റെ ബോവൂസോ
(ഒമറോ ബ്കീബേ - നപ്ശോക്രിഹ്തോ)

നാലാം രാഗം

1. ഉടയോൻ-നാഥാ വിളിക്കു-ന്നടിയാർ തുണയ്ക്കായ് വന്നീ-
യാച-നകേട്ടി-വരാത്മാ-ക്കൾമേൽ കൃപചൊരിയ-ണമേ.

2. രോഗി-ണി യായോ-രാത്മാ-വയ്യോ- ചോദിച്ചീ-ടുന്നു
പാപ-ത്തിനു മുൻ-പുള്ളൊരുകാന്തി ആരിനി നല്കീടും?

3. കരുണാ-ലയനാം-ദൈവ-ത്താൽ ഞാൻ സ്വീകൃതയ-ല്ലെങ്കിൽ
ആരേ-കീടും-നഷ്ടമതായോ-രെൻ സൗന്ദര്യത്തെ?

4. നൃപരൂ-പിണിയാ-മാത്മാവേ നീ-വന്നീടുക വേ-ഗം
നാഥൻ-കയ്യാൽ നിൻ സൗ-ന്ദര്യം-വീണ്ടും പ്രാ-പിക്ക.

5. വാഗ്ദത്തംപോൽ നല്കീടും നിൻ-കാന്തിയെയെല്ലാം-താൻ
അർ-ത്ഥിക്കുമ്പോൾ-വീണ്ടും നല്കാൻ സൂക്ഷിച്ചീ-ടുന്നു.

6. ഉത്ത-രമരുളീ-ടണമേ ദേവാ-കൃപ ചെയ്യ-ണമേ.
അനുതാപത്തി-ന്നായ് മാനുഷരെ പ്രേ-രിപ്പിക്ക.

## കൗമാ
## വിശ്വാസപ്രമാണം

❖

www.malankaralibrary.com

# ചൊവ്വാ – ആറാം മണി

## കൗമാ

## കോലോ

(ബ്സപ്രോ ഹ്സാവൂയ്തൽമീദേ)

1. ഉജ്ജ്വലമായൊരു മിന്നൽ പോൽ
വാനവനെ കാണ്ടാൾ മറിയാം
 ചൊന്നാൻ; 'മറിയാമേ സ്വസ്തി!
 നാഥൻ-നിൻ കൂടെ ഉയരോൻ
ശക്തിയിറങ്ങി വിശുദ്ധാത്മാ
നിന്നിൽ വാസം ചെയ്തീടും'. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

2. നിബിയർ ശ്ലീഹർ സഹദേന്മാർ
കോട്ടയുമഭയവുമാകണമേ.
 ദുഷ്ടൻ ശക്തിയതിന്നെതിരായ്
 തിരുശേ-ഷിപ്പു നമിപ്പവരെ
പ്രാർത്ഥനയാൽ തുണ ചെയ്തിടുക,
മോക്ഷവുമവകാശിക്കുമവർ.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർബാലായിയുടെ ബോവൂസോ

മാതാ കാദീശന്മാർ തൻ... പേജ് 43

## കൗമാ

## വിശ്വാസപ്രമാണം

❖

www.malankaralibrary.com

# ചൊവ്വാ - ഒൻപതാം മണി

## കൗമാ

## കോലോ

(ലോക്ക് മൊറിയോ കോറേനാൻ)

1. മ്ശീ-ഹായിൽ നിദ്രിതരേ കേഴേണ്ടോട്ടും
പ്രതിഫല പുനരുത്ഥാന ദിനം ജവമിങ്ങണയുന്നു.
നാശം വിട്ടുണരും നിങ്ങൾ കബറിൽ നിന്നും
രാജാത്മജനെ എതിരേല്പാൻ പോയീടും വേഗം
മഹിമയെഴും-അങ്കി ധരിച്ചീടും
പാടീടും സ്തുതിതൻ തിരുമുമ്പിൽ
ആദാമ്യരെ എഴുന്നേല്പിക്കും നാഥാ-
കനിയണമേ. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

2. വാ-ങ്ങിപ്പോയവർപേർക്കായ് മൂന്നുദിനങ്ങൾ
ധൂപമണയ്ക്കുക എന്നുള്ളതു പാരമ്പര്യമല്ലോ.
മോ-റാനേശു കബറിൽ വയ്ക്കപ്പെട്ടു
ശുദ്ധാത്മാവങ്ങെമൂടി വാനോർ ഭൗമികരും
ധൂപസുഗ-ന്ധക്കൂട്ടർപ്പിച്ചാർ
ആദാമിൻ സ്രഷ്ടാവിന്നായി
നാഥാ! ധൂപിക്കപ്പെട്ടോർക്കാശ്വാ-സം നൽക.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർ ബാലായിയുടെ ബോവൂസോ

കരുണനിറഞ്ഞവനേ... പേജ് 44

## കൗമാ

## വിശ്വാസപ്രമാണം

❖

www.malankaralibrary.com

# ബുധൻ - സന്ധ്യ

## കൗമാ, പ്രാരംഭ പ്രാർത്ഥന

## സങ്കീർത്തനങ്ങൾ 141, 142, 119, 117

കർത്താവേ, നിന്നെ ഞാൻ വിളിച്ചു... പേജ് 6

## എക്ബോ

(ലെക്ക്നെസ്ക്കാശാഫ്)

സർവ്വേ-ശാം ബേ,
രാജാധിപ രാജൻ സവിധേയർത്ഥിക്കണമടിയാ-ർക്കാ-യി
തൻ ഐക്യം ശാന്തിയുമീഭൂവെങ്ങും വാഴാൻ
രോഷവടി ഭൂചരരീ-ന്നകലാനാ-യർത്ഥിക്ക
തൻകാരുണ്യത്താൽ.

സ്തൗമെൻകാലൊസ് കുറിയേലായിസോൻ.

## പ്രുമിയോൻ, സെദറാ

## കോലോ I

(ശാബാഹ് സാദിക്കെ ല്മൊറയോ)

*'സത്തമരേ, സ്തുതി ദൈവത്തെ'*

(അംഎതറൊദുബെസ്മേ)

1. ദൈവാംബിക കന്യാ-മറിയാമ്മിന്നായി
   പരിമള ധൂപത്താൽ കീർത്തി ഭവിക്കട്ടെ. ബാറെക്മോർ.
   ശുബ്ഹോ... മെൻഓലം...

www.malankaralibrary.com

2. ഗുരുവരരാചാര്യർ-സിദ്ധർശുദ്ധർക്കും
പരിമളധൂപത്താൽ-സ്മരണഭവിക്കട്ടെ.

(ദൈവമാതാവ്)

3. പാവനയാം കന്യേ സുതനോടർത്ഥിക്കൂ
ശാന്തിയയച്ചിവർമേൽ-കാരുണ്യം ചെയ്‌വാൻ.

4. വാഴ്‌വായ്തീരണമേ-മറിയാമിന്നോർമ്മ
അവൾ പ്രാർത്ഥനയാത്മാ-ക്കൾക്കായും കോട്ട.

(പരിശുദ്ധന്മാർ)

5. ഭാഗ്യം നിബിയർക്കും ഭാഗ്യം ശ്ലീഹർക്കും
ഭാഗ്യം സഹദേർക്കും-പുനരുത്ഥാനദിനേ.

6. രക്ഷകനെ കാണ്മാൻ സഹദേരാശിച്ചു
വാളാൽചിറകേന്തി-പോയാരുയരത്തിൽ.

(അനുതാപം)

7. നീതി വിധിച്ചീടും ഉത്തമന്യായസ്ഥാ
ശിക്ഷവിധിക്കരുതേ-ഓർക്കരുതെൻ പിഴകൾ.

8. നാഥാ കൃപയാലെൻ ഹീനത തീർക്കണമേ
രാപകൽ ഞങ്ങളുടെ ശരണം നീയല്ലോ.

(പരേതർ)

9. മേലൂറിശിലേമിൽ മിശിഹാസന സവിധേ
ഓർക്കണമേ മൃതരാം വിശ്വാസികളെയും.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## എത്രോ

www.malankaralibrary.com

## കോലോ II

(ബശ്മായോ ബറഗാ ഹാലേലുയ്യാ)

*'വാ-നിലുമീഭൂമിയിലും-ഹാലേലുയ്യാ'*

(ലോക്ക് മൊറിയോ കോറേനാൻ)

1. നാനാദിശിയുളവാകണമേ കന്യകയാകും
മറിയാമിന്നായ് നല്ലോർമ്മ ദയറാ പള്ളികളിൽ
പാവന പരിശുദ്ധിയെഴുന്നവൾ കന്യ-ത്വത്തിൽ
നൃപരാജനിറങ്ങി വസിപ്പാൻ കാരുണ്യം തോന്നി
ഭൂവാനങ്ങളിൽ മാതൃസ്മരണ
അവളുടെ പ്രാ-ർത്ഥനയെൻ കോട്ടയുമാം
നാഥാ നിൻ ജനനീ സ്മരണേ- ചേർത്തീടടിയാരെ.
ബാറെക്മോർ.

ശുബ്ഹോ.... മെൻഓലം...

2. പാവനയാം കന്യക തൻ പരിപാവന ഗർഭേ
നിന്നുമുദിപ്പാൻ മനസ്സായൊരു ദൈവസുതാ സ്തോത്രം!
ശ്രോത്രത്താലവളേറ്റവനെ മുദ്രിതയുദരേ
ആഗമനാലജ്ഞാനികളെ ലജ്ജാകുലരാക്കി
സ്തോത്രംതേ, തവതാഴായ്മയ്ക്കായ്
സ്തോത്രംതേ, മാനുഷനായവനേ;
സ്തോത്രം സഭതൻ രക്ഷകനായ് സ്തോത്രം-പാടുന്നു.

(പരിശുദ്ധന്മാർ)

3. ശ്ലീഹന്മാരേ, സഭയീന്നും സുതരിൽ നിന്നും
കലഹമൊഴിപ്പാൻ പ്രേഷകനോടർത്ഥിപ്പീനെന്നും
ശ്ലീഹർതൻ സഭയിൽ ചൊന്നോരുപദേശത്തെ
ഭിന്നിതമാക്കാനണയുന്നു താർക്കികരെല്ലാരും
നാഥാനിൻ സത്യമതാം ഉലയിൽ
സഭസൂക്തം പൊൻപോൽ ശോധന ചെയ്
ആചാര്യന്മാർ ഘോഷിക്കും, സ്തുത്യൻ സഭയുടയോൻ.

www.malankaralibrary.com

4. ക്രൂശിന്മേ-ൽ തലചായ്ച്ചവനെ വല ഭാഗത്തായ്
സഹദേരേ മുടിനിങ്ങൾക്കായ്മുടയുന്നതുകണ്ടു
ആയതിനാൽ പീഡകൾ നിങ്ങൾ ഗൗനിച്ചില്ല
നിങ്ങളെ നിങ്ങടെ ഗളരുധിരം ധവളാംഗകരാക്കി
കഷ്ടതവെ-ന്നുന്നതരായ് നിങ്ങൾ
മിശിഹായിൻ സ്നേഹം കാംക്ഷിച്ചു
വാനൂഴികളിൽ നിങ്ങൾ തൻ സ്മൃതിയുന്നതമല്ലോ.

(അന്നത്തെ പരിശുദ്ധൻ)

5. (മാർതോമ്മാ) ജ്ഞ്ഞാനാത്മകനാം വൈദ്യാ-നിന്നിൽ
അബലരെ സുഖമാക്കാനേകി കർത്താവധികാരം
ആലംബം അടിയാർക്കങ്ങേയസ്ഥികൾ പാത്രം
തവയാചനയാൽ നാഥൻ കേട്ടടിയാ-ർത്ഥനകൾ
ദീനർക്കാ-യേകണമേ സൗഖ്യം
പീഡനമേ-ല്ക്കുന്നോർക്കാശ്വാസം
ദൂരസ്ഥരെയടുപ്പിക്കണമേ, പാപം പോക്കണമേ.

(അനുതാപം)

6. നാ-ഥാ, വിളികൂട്ടുന്നിതു നിന്നെ ഞങ്ങൾ
തുണപ്പാനായ് വന്നീടണമേ അടിയാരുടെ പക്കൽ
സാ-ത്താൻ വഞ്ചിക്കുന്നു സൃഷ്ടിയെയെല്ലാം
അരചന്മാരധിപന്മാരിവരെയും കലക്കുന്നു.
വഞ്ചിക്കും നിൻ പ്രിയരെയുമവൻ
സങ്കേതം മറ്റെങ്ങടിയാർക്കും?
അകലെ നിറുത്തീടണമവനെയെന്നും നിൻ സ്ളീബാ.

7. ന്യായാധിപ ന്യായാധിപനേ, വൻ പാപത്താൽ
രോഷിപ്പിച്ചോനെന്നെ വിധിയിൽ ശി-ക്ഷിക്കരുതേ
പാപവിമോചന ലബ്ധിക്കിവനർഹതയില്ലേ
ഉൾക്കൊണ്ടൊരു നിൻ നിണമെയ്യാൽ കാരുണ്യം ചെയ്ക

www.malankaralibrary.com

നാഥാ ഞാൻ നിന്നെ സ്നേഹിച്ചു
നിൻ സ്ലീബായെ ഞാൻ വന്ദിച്ചു
നിൻ നിണമെയ്യാൽ പുണ്യം നല്കേശു സ്നേഹനിധേ.

(പരേതർ)

8. മിശിഹായിൽ മൃതരേ നിങ്ങൾ കേഴേണ്ടൊട്ടും
പ്രതിഫല പുനരുത്ഥാന ദിനം ജവമിങ്ങണയുന്നു
നാശം വിട്ടുണരും നിങ്ങൾ കബറിൽ നിന്നും
രാജാത്മജനെ എതിരേല്പാൻ പോയിടും വേഗം
മഹിമയെഴും അങ്കിധരിച്ചീടും
പാടിടും സ്തുതിതൻ തിരുമുമ്പിൽ
ആദാമ്യരെയെഴുന്നേല്പ്പിക്കും നാഥാ കനിയണമേ.

## കുക്കിലിയോൻ

ഏഴാം രാഗം

നിന്നാൾ സ്തുതിയൊടു രാജമകൾ ഹാ-ഉ-ഹാ
നിൻവലഭാഗേ രാ-ജഭാമിനിയും

നിന്നഴകരചൻ മോഹിപ്പാൻ ഹാ-ഉ-ഹാ
നിൻ ജനമോർക്കായ്ക-പിതൃഗൃഹവും. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

## എക്ബോ

(ദേസ്പനീ ബ്റഹമ്മാവ്)

ജനനീ-താഴ്മ
തൻ കൃപയാൽ-നോക്കിയവൻ
തൻ തായയ്ക്കതി സ്തുതിയേകി
ദൈവം പരിശുദ്ധൻ താൻ
സ്തൗമെൻകാലോസ് കുറിയേലായിസോൻ.

www.malankaralibrary.com

## കോലോ

(ഹായെൽത്തോൻ വത്എൻതോക്ക്)

1. ഞാൻ പേറി തവ തുണയാൽ തേ കാലിക്കൂട്ടിൽ
പെറ്റളവിൽ മഹിമാ വീക്ഷിച്ചിതിമാതാവോതി
തീജ്ജ്വാലാ വലയിതമായ കാലിക്കൂടും
ചിറകാറാറുള്ളവർ സ്രോപ്പേർ പറന്നീടുന്നുയരെ
കർത്താവേ ചിറകവരുയർത്തീടാൻ
കല്പിക്ക വണങ്ങാൻ ഞാൻ നിന്നെ
ഹിതമതുപോലങ്ങെ വാഴ്ത്തി നല്കീടും സ്തന്യം.
ബാറെക്മോർ.

ശുബ്ഹോ... ഹാലേലൂയ്യാ.

2. പാവന മാതാതൻ രൂപം നിയമങ്ങളിലും
പ്രവചനമതിലും കാട്ടിയൊരിൽ ശ്രേഷ്ഠൻ നിബിമൂശ
നിയമപ്പേടകമതിനാലും മന്നാച്ചെപ്പാൽ,
ക്ദുശ്ക്കുദിശീനിൽ തളിരിട്ടോരഹറോൻ വടിയാലും
ഏലിശാ തൻ നവ കുംഭത്താൽ
ഏശായാ വേഗമെഴും മുകിലാൽ
ഗിദയോൻ മഞ്ഞുപതിഞ്ഞൊരു രോമക്കെട്ടാ-ലും കാട്ടി.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർ യാക്കോബിന്റെ ബോവൂസോ

ഏഴാം രാഗം (വേറൊരു രീതി)

(ശൗത്തെഫ്ലാൻ മോർ)

1. ചേർക്കുക നാ-ഥാ-ഞങ്ങളെയങ്ങെ അമ്മയുടെ-യും
നിൻ ശുദ്ധന്മാർ ഏവരുടെയും ഓ-ർമ്മയതിങ്കൽ.

www.malankaralibrary.com

2. ദാവീദു പുത്രീ, വലിയൊരു ശരണം ഉണ്ടുനിനക്കായി
അരചാധിപരെ വിടുവിക്കുന്ന രാജാവിങ്കൽ.

3. മലിനതയറ്റ മുത്തേ നിന്നോടർത്ഥിക്കുന്നടിയാർ
നീ കേഴണമേ നിന്നിലുദിച്ച സൂനുവിങ്കൽ.

4. കബറിലടഞ്ഞ നിദ്രിതരേ നൽധൈര്യം കൈക്കൊൾവിൻ
ഉയിർപ്പു സമീപിച്ചെന്നൊരു വാർത്ത നിങ്ങൾക്കുണ്ട്.

5. മാതൃഗർഭേ രൂപം നിങ്ങൾക്കേകിയൊരാംഗ്യത്താൽ
നാശമെഴാത്ത പുനരുത്ഥാനം പ്രാപിച്ചീടും.

6. പാവനയാം തൻ മാതാവിന്നും ശുദ്ധന്മാർക്കും
വാനൂഴികളിലുളവാകട്ടെ നീണാളോർമ്മ.

**മോറാനേശുമിശിഹാ**

**കൗമാ**

❖

www.malankaralibrary.com

# ബുധൻ - സൂത്താറ

## കൗമാ

## കോലോ

(ബ്കുൽ മേദം)

1. എല്ലാം ഞാൻ പരിശോ-ധി-ച്ചേൻ
ദൈവാശ്രയമതിനെ ക്കാ-യിൽ
 വലുതായി-ഇല്ലൊന്നും
 അതിൽ പ്രിയൻ താൻ-ധന്യൻ.
സ്നേഹിച്ചതിനെ യൗസേഫ് മിസ്രേം രാജാ-വാ-യി
സ്നേഹിച്ചതു മൂശാറബി, സമുദ്രത്തെ ഭാ-ഗിച്ചു.
 ഹാനനിയാ ബാലർ-സ്നേഹിച്ചതിനെ
 തീച്ചൂളയിൽ നിന്നും-രക്ഷപെട്ടാർ
കനകത്തെക്കാൾ മോ-ഹനീ-യം
തേൻ കട്ടെക്കാൾ മാ-ധു-ര്യം.
ദൈവത്തെ-ഭജിപ്പോൻ,
 അവൻ തന്നെ-ധന്യൻ. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

2. പൗലോസ് എൻപേർക്കാ-യെ-ഴുതി
ലേഖനമതുവായി-ച്ച-പ്പോൾ
 ഒഴുകുകയാ-യ്-കണ്ണീർ
 എൻമി-ഴി-കളിൽ നിന്നും
വ്യഭിചാരികൾ മോഷ്ടാക്കളിവർക്കയ്യോ ദുരിതം-പാരം
ദൈവത്തെ ദുഷിചെയ്യുന്നോരഗ്നിയതും പൂ-കീടും

www.malankaralibrary.com

കഷ്ടമെനിക്കേറ്റം, ബാ-ല്യം മുതലെ
ചെയ്തേൻ പിഴകളസം-ഖ്യം-ഞാനും
പാപിനിപോൽ വിലപി-യ്ക്കു-ന്നു
ചുങ്കക്കാരൻ പോൽ, നാഥാ,
യാചിച്ചീ-ടുന്നു കൃപചെയ്തീ-ടണമെന്മേൽ.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർ അപ്രേമിന്റെ ബോവൂസോ

(മോറാൻ എ-സ്രാഹാം അലായ്ൻ)
ഏഴാം രാഗം

1. കർത്താവേ കൃപ ചെയ്യണമേ
കൈക്കൊണ്ടടിയാരുടെ കർമ്മം
പൊറുതി അയച്ചരുളണമേ നിൻ
അറയീന്നലിവുമനുഗ്രഹവും.

2. കോപവിഹീനപരാ നിന്നെ
ഞങ്ങൾ കോപിപ്പിച്ചതിനാൽ
കരുണാംബുധിയാം നീ തെല്ലും
ക്ഷുഭിത മനസ്ക്കനുമാകരുതേ.

3. നിബിയായുര ചെയ്തതുപോലെ
അഖിലജനാഘവുമൊരു തുള്ളി
നിന്നുടെ ശാന്തതയിൻ കടലിൽ
പങ്കകണം നിറമേകീടാ.

4. പ്രാർത്ഥന കേട്ടീടുന്നവനേ
യാചന നൽകീടുന്നവനേ
പ്രാർത്ഥന കേട്ടു നിരപ്പായി
കൃപയാൽ യാചന നൽകണമേ.

കുറിയേ... കുറിയേ... കുറിയേ...

www.malankaralibrary.com

## മസ്മൂറാകൾ : 91, 121

അത്യുന്നതന്റെ മറവിൽ ഇരിക്കുന്നവൻ... പേജ് 12

## മാനീസോ

കർത്താവേ നിന്റെ കരുണയിൻ ചിറകുകളുടെ നിഴലിൻ...പേജ് 16

## ക്രോബേന്മാരുടെ സ്തുതി

കർത്താവിന്റെ ബഹുമാനം... പേജ് 18

## വിശ്വാസപ്രമാണം

ബസ്മൽക്കോ, സാദീക്കോ ചൊല്ലി ധൂപം വയ്ക്കുന്നു.

## ഹൂത്തോമോ

❖

www.malankaralibrary.com

# ബുധൻ - രാത്രി

## കൗമാ, പ്രാരംഭ പ്രാർത്ഥന

ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ കർത്താവേ... പേജ് 23

## സങ്കീർത്തനങ്ങൾ 134, 119 : 169-176, 117

ബാറെക്മോർ, രാത്രികാലങ്ങളിൽ .... പേജ് 23

## എനിയോനോ

(ഈറോ ദ്ലോ ദോമ്മേ)

1. നിദ്രാ രഹിതൻ നീ,
അനുതാപത്തിനുണർത്തി-വരെ

2. പാവന കന്യകയേ,
നിൻ പ്രാർത്ഥന കോട്ട-യിവർ-ക്കായ്.

3. നിബിയർ ശ്ലീഹരുമേ,
പ്രാർത്ഥന കോട്ടയതാകേണം

4. താതർ, ഗുരുവരരേ,
പ്രാർത്ഥന കോട്ടയതാ—കേണം.

5. നല്ലോനുടെ സുതനേ,
വൻകൃപയാൽ കനിയ-ണമിവരിൽ. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

6. ത്രിത്വത്തിനായി
സ്തുതിയും സ്തോത്രവുമേ-റ്റി-ടാം.

www.malankaralibrary.com

കുറിയേ....കുറിയേ.....കുറിയേ.....

## ഒന്നാം കൗമാ

### എക്ബോ

(ആബോ ക്സബ്വോ)

കായിതമെഴുതിയയച്ചു പിതാ
ദൂതൻവഴിനസറേത്തിങ്കൽ
    ലോകം രക്ഷിപ്പാൻ
    വന്നൊരു സൂനു തൻ
മാതാവായി നിയോഗിച്ച
കന്യക മറിയാമ്മിൻപേർക്കായ്.

കുറിയേ...കുറിയേ...കുറിയേ...

ഞങ്ങളുടെ കർത്താവേ...

## പ്രുമിയോൻ, സെദറാ

### കോലോ

(ബ്കുൽമേദം ബ്സുൽത്തോ യെൽദസ് ദുമ്മോറോ) ഒന്നാം രാഗം

1. കന്യക പെറ്റാളാശ്ചര്യം!
   വരുവീൻ സൂക്ഷിച്ചീടുകനാം
   തലമുറപൂർവ്വികനെ ശീലകൾ ചുറ്റ-പ്പെ-ട്ടോൻ-
   സകലരിലും മുൻപുള്ളവനെ കന്യക പ്രസവി-ച്ചാൾ
   ഗിരികളെയും താങ്ങുന്നവനെ ബാലിക താലോ-ലിപ്പൂ
       പശിയുള്ളോർക്കശനം നൽകു-
       ന്നവനല്ലോ പാൽനുകരുന്നു...
   ആരംഭമെഴാത്തൊരു സുതനോ!
   ഇഷ്ടാലാരംഭമെടുത്തു
   അന്ത്യമെഴാത്തവനോ ജനനത്തിന്നായ് വന്നാൻ.

ബാറെക്മോർ.

www.malankaralibrary.com

ശുബ്ഹോ... മെൻഓലം....

2. ദാവീദിൻ മകളാം കന്യാ-
മറിയാമ്മിന്നായിട്ടേകി
സുന്ദരനാമങ്ങൾ, ആദിമനീതിഷ്ഠർ
ഹസ്കീയേൽ: ബന്ധിത വാതിൽ;
ശ്ലേമ്മോൻ: ആവൃതതോട്ടം,
മുദ്രിതമാമുറവ, ദാവീദ് :
ശോഭി-ത പട്ടണമെ-ന്നായ്
വിതചെയ്യാ-തവളിൽ മുളച്ചാ
ച്ചെടിയ-ല്ലോ സുതനാം മിശിഹാ
ജാതികൾ പേർക്കവനശനവുമായ്
ശ്രേഷ്ഠമതാക്കിയവൻ തന്റെ
ജനനീ സ്മരണയെ സ്വർഗ്ഗമതിൽ- ധരയിലുമൊരുപോ-ലെ.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർ യാക്കോബിന്റെ ബോവൂസോ

ഒന്നാം രാഗം

1. വാഴ്ത്തപ്പെട്ടവളായോൾ കന്യേ-പ്രാർത്ഥന ചെയ്തീടണമേ
നാഥൻ ഞങ്ങളുടെമേൽ കൃപ ചെയ്തീടാൻ:മറിയാം

2. പ്രാർത്ഥനയിൽ ആണ്ടവളായ്-നിന്നീടുമ്പോൾ ഈറേ-
ദൂതനിറങ്ങി സ്വസ്തി നല്കിയവൾക്കായ് ശ്ലോമ്മോ

3. ശാന്തിഭവിക്കുക ധന്യേ! കന്യത്വത്തിൽ ഗർഭ-
വതിയായ് നീ പ്രസവിക്കും : എന്നുമുരച്ചാൻ ദൂതൻ

4. നന്മനിറഞ്ഞവളേ നീ ഭയമെല്ലാം നീക്കിടുക
നാഥൻ നിന്നിൽ പ്രീതൻ, ഏകസുതൻ-മാതാവായ്

5. തീർന്നീടും നീ തൻരാ-ജത്വം തീ-രാതുള്ളോൻ
അത്ഭുതനാം ശിശുവേ നീ ഗർഭേ പേറും

www.malankaralibrary.com

6. ദൈവാ-ത്മജനേ ഒൻപതുമാസം നിന്നെ വഹിച്ചോൾ
പ്രാർത്ഥ-നയാലെ-ക്രോധത്തിന്റെ വടികളെ മാ-യി-ക്ക.

## രണ്ടാം കൗമാ

കർത്താവിന്റെ ബഹുമാനം... പേജ് 18

## എക്ബോ

(ആബോ ക്സബ്വോ)

തിരഞ്ഞെടുക്കപ്പെട്ടോർ നിങ്ങൾ
സഹദേന്മാർ ഭൂമിയിലെങ്ങും
ശാന്തിയൊഴുക്കീടു-
ന്നുറവകളസ്ഥികളിൽ
ശക്തിവസിപ്പിച്ചോൻ സ്തുത്യൻ
ഞങ്ങൾക്കായർത്ഥിക്കേണം.

കുറിയേ.... കുറിയേ... കുറിയേ...

ഞങ്ങളുടെ കർത്താവേ,...

## പ്രുമിയോൻ, സെദറാ

## കോലോ

(ബ്കുൽമേദം - സാദീക്കേദറഹേം കുശ്ത്തോ) ഒന്നാം രാഗം

1. സത്യസ്നേഹികൾ നീതിഷ്ഠർ
ദൈവാത്മജ സ്നേഹാൽ മൃതരാം
സഹദേന്മാരുടെയും ഓർമ്മ അനുഗ്രഹജന്യം!
തേറും പാപികൾ പേർക്കായി
തുണയിൻ-തുറമുഖമായോർ
അസ്ഥികളുൾവാസം ചെയ്യും മിശിഹായോട-ർത്ഥിപ്പീൻ
തൻ മഹിമോദയനാൾ തന്നിൽ
ഇവർമേൽ കൃപ ചെയ്തീടാനാ-യ്

www.malankaralibrary.com

ദൈവിക സിംഹാസന സവിധേ
അടിയാർക്കും മുഖ തെളിവേകും
രാപകൽ അങ്ങേക്കായ് സ്തുതി-യിവരും പാ-ടീടാൻ.
ബാറെക്മോർ.

ശുബ്ഹോ.. മെൻഓലം ..

2. സുവിശേഷേ നാഥൻ ചൊന്ന
വാക്യമതെത്ര മനോഹരമാം :
തന്നെ സ്നേഹിച്ചോരുത്സാഹികൾ ധ-ന്യർ!
ആത്മാവിൽ ദരിദ്രർ ധന്യർ സ്വർഗ്ഗമവർ നേടും
വിലപിപ്പോർക്കും ഭാഗ്യമവർ-ആശ്വാസം പ്രാപിക്കും
പീഡിതരും ശരണത്താലേ
ഹതരാം സഹദേരും ധന്യ-ന്മാർ
പീഡാസഹനങ്ങൾ പ്രതിയായ്
അവകാശിക്കുമവർ രാജ്യം
അഴിയാത്തൊരു ജീവൻ താനും പ്രാപി-ച്ചീടും.
മൊറിയോറാഹേം അലൈൻ ഉആദാറെൻ.

## മാർ അപ്രേമിന്റെ ബോവൂസോ

ഒന്നാം രാഗം

1. കർത്താവേ കൃപചെയ്യണമേ
നിൻ പ്രിയരായോർ പ്രാർത്ഥനയാൽ

2. റൂഹായാൽ പാടിയ നിബിയർ
വെളിപാടോതിയ ശ്ലീഹന്മാർ
സ്നേഹാൽ മൃതരാം സഹദേന്മാർ
ഇവരർത്ഥിക്കും കൃപചെയ്ക.

3. പരിശുദ്ധന്മാരേ നിങ്ങൾ
പ്രാർത്ഥിപ്പിൻ കർത്താവോടായ്

www.malankaralibrary.com

അടികളെയും തൻ കോപത്തിൻ
വടികളെയും മായിച്ചീടാൻ.

4. കർത്താവേ കൃപചെയ്യണമേ
നിൻ പ്രിയരായോർ പ്രാർത്ഥനയാൽ
അവർ പ്രാർത്ഥന യാചനയാൽ നീ
കാരുണ്യംചെയ് ഞങ്ങൾമേൽ.

## മൂന്നാം കൗമാ

കർത്താവിന്റെ ബഹുമാനം... പേജ് 18

## എക്ബോ

(ആബോ ക്സബ്‌വോ)

കർത്താവേ നൽ-കാശ്വാസം
നിൻ സൽ-ഭവനങ്ങൾക്കുള്ളിൽ
വാങ്ങിപ്പോയോർക്കായ്
കൃപയീ ഞങ്ങൾക്കും
അടിയാർക്കുമവർക്കും പറ്റും
കുറ്റങ്ങളെ മാറ്റീടേണം.

കുറിയേ.... കുറിയേ... കുറിയേ...

ഞങ്ങളുടെ കർത്താവേ,....

## കോലോ

(ബ്കൂൽമേദം-ആബോഹൈൻ വാഹൈൻദശ്ക്കേബ്)

1. കർത്താവേ ആശ്വാസം നൽ—
കുത്ഥാനത്തിൻ നാളോളം
താല്ക്കാലികമാമീജ്ജീവൻ
വിട്ട പിതാക്കൾക്കും
ഭ്രാതൃജനങ്ങൾക്കും

www.malankaralibrary.com

കാന്തിയെഴുന്നറകൾക്കുള്ളിൽ
നൽകീടാശ്വാസം.
അവരെയോർക്കും നാൾ കബറു—
ള്ളസ്ഥിതികളറിയേണം.
    നിൻകല്പന മണ്മയരാമാ-
    ദാമ്യർക്കുയിരേകിടുമ്പോൾ
കാന്തിയണിഞ്ഞിട്ടവർ നിന്നോ—
ടൊപ്പം മണവറയിൽ പൂകി
ഉയിരേകും നിന്നെ
സ്തോത്രം ചെയ്യേണം.        ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

2. ആർക്കായ് കാഴ്ചകളിവിടെയണ—
യ്ക്കുന്നോ-ഭാഗ്യമവന്നേറ്റം
മേൽ സ്വർഗ്ഗത്തിലവ-
ന്നോർമ്മയതുണ്ടാകും
ഗോത്രപ്പേരുകളോർമ്മയ്ക്കായ്
കർത്താവിൻ മുൻപിൽ
കാൺമാൻ കല്ലുകളിൽ മൂശ
കൊത്തിയതോർക്കുമ്പോൾ
    നിങ്ങൾതൻ മൃതർ പേരുകളെ
    ഓർക്കാനും പള്ളിയിലിവിടെ.
എഴുതാനും മേൽസ്വർഗ്ഗത്തിൽ
മിശിഹാ തൻവരവിൽ തന്നോ-
ടവർ മോദിപ്പാനും
ചേർപ്പിൻ പ്രിസ്തായിൽ *

മൊറിയോറാഹേം അലൈൻ ഉ ആദാറൈൻ.

www.malankaralibrary.com

## മാർ ബാലായിയുടെ ബോവൂസോ

ഒന്നാം രാഗം

1 കരുണനിറഞ്ഞവനേ, പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമേ.

2 നിന്നിൽ ശരണത്താൽ നിദ്രയിലായ് നിന്റെ
വരവിനു കാത്തീടും മൃതരിൽ കനിയണമേ.

3 അവരബ്റാഹത്തി-ന്റെയും ഇസഹാക്കുടെയും
യാക്കോബിന്നുടെയും മടിയിൽ പാർക്കണമേ.

4 വന്നവനും വരുവോ-നും മൃതർതന്നുയിരും
സ്തുതനെന്ന് ശരീരാ-ത്മാക്കൾ പാടണമേ.

## നാലാം കൗമാ

ഹാലേലൂയ്യാ, ഹാലേലൂയ്യാ, ഹാലേലൂയ്യാ... പേജ് 25
ത്രിത്വത്തിനു സ്തുതി, ത്രിത്വത്തിനു സ്തുതി,... പേജ് 33
നയവാൻ പനപോലെ...
ഒരുപോലിങ്ങും...
പ്രാർത്ഥനയിൻ സമയമിതല്ലോ...
മൊറിയോ റാഹേം അലൈൻ...

## മാർ അപ്രേമിന്റെ ബോവൂസോ

1. ഞങ്ങൾ തൻ കർത്താവേ! നീ
കാരുണ്യം ചെയ് ഞങ്ങൾമേൽ
നിൻമാതാവും കാദീശ-
ന്മാരും ചെയ്യും യാചിപ്പാൽ.

* മരിച്ചുപോയവരുടെ പേരെഴുതുന്ന പുസ്തകം

www.malankaralibrary.com

2. മറിയാമ്മിന്നായ് ശ്ലോമ്മോ വ-
ന്നറിയിച്ചോരാമാലാഖാ
ദൈവം യോജിപ്പായെന്നായ്
വന്നറിവിങ്ങേകീടേണം.

3. പനനീർ ഹാനനിയാദ്യർമേൽ
വീഴ്ത്തിയൊരാ മാലാഖാതൻ
മൃതർ തന്നസ്ഥിക്കൂട്ടത്തിൽ
കൃപയാം നീർ വീഴ്ത്തീടേണം.

4. ഞങ്ങൾ തൻ കർത്താവേ! നീ
കാരുണ്യം ചെയ് ഞങ്ങൾമേൽ
നിൻമാതാവും കാദീശ-
ന്മാരും ചെയ്യും യാചിപ്പാൽ.

5. നിൻ മാതാവും കാദീശ-
ന്മാരും ചെയ്യും യാചിപ്പാൽ
നൽകീടേണം പുണ്യം ഞ-
ങ്ങൾക്കും വാങ്ങിപ്പോയോർക്കും.

## മാലാഖമാരുടെ സ്തുതി

അത്യുന്നതങ്ങളിൽ സ്വർഗീയ മാലാഖമാരും... പേജ് 34

## മോറാനേശുമിശിഹാ

❖

www.malankaralibrary.com

# ബുധൻ - പ്രഭാതം

## കൗമാ, പ്രാരംഭ പ്രാർത്ഥന

### സങ്കീർത്തനങ്ങൾ 51, 63 (പേജ് 36, 39)

### എനിയോനോ

(അംബ്സുൽത്തോ കാദിശ്ത്തോ)

1. കർത്താവാം സർവ്വേശാ
വ്രതമൊടു നിന്നെ പ്രസവിച്ച
പാവനയാം ക-ന്യകയൊടുമായ്
സ്തുതിപാടാൻ വരമേ-കേ-ണം.

2. കർത്താവാം സർവ്വേശാ
മുന്നം നിൻവരവറിയിച്ച
ഋജുമാനസരാം-നിബിയരുമായ്
സ്തുതിപാടാൻ വരമേ-കേ-ണം.

3. കർത്താവാം സർവ്വേശാ
പീഡിതരാം മൗദ്യാനന്മാർ
ക്ലേശിത സഹദേ-രൊടുകൂടെ
സ്തുതിപാടാൻ വരമേ-കേ-ണം.

4. കർത്താവാം സർവ്വേശാ
വലിയൊരു മാർ ഗ്രീഗോറിയോസ്
മഹിതൻ ബാസ്സേ-ലിയൊസൊത്ത്
സ്തുതിപാടാൻ വരമേ-കേ-ണം.

5. കർത്താവാം സർവ്വേശാ
അണയാദീപമെടുത്തവരാം

www.malankaralibrary.com

ധീമതിമാരാം-ഐവരുമായ്
സ്തുതിപാടാൻ വരമേ-കേ-ണം.

6. കർത്താവാം സർവ്വേശാ
ശരണത്താൽ നീ പറുദീസാ
ഏകിയ മോഷ്ടാ-വൊടുകൂടെ
സ്തുതി പാടാൻ വരമേ-കേ-ണം. ബാറെക്മോർ.

ശുബ്ഹോ.... മെൻഓലം....

7. കർത്താവാം സർവ്വേശാ
വിഗതവിരാമം സ്തുതിപാടും
വാനവസേനാ-നികരവുമായ്
സ്തുതിപാടാൻ വരമേ-കേ-ണം. ആമ്മീൻ

## സങ്കീർത്തനം 113:1-9

പ്രകാശത്തിന്റെ സ്രഷ്ടാവിനു സ്തുതി... പേജ് 40

## എക്ബോ

(മറിയാം ദീലേത്തോക് ...)

മാതാവാം മറിയാമും സ്നാപകയൂ-ഹാനോനും
ഇവർ ഞങ്ങൾക്കാ-യർത്ഥിക്കും നാഥാ
കൃപതോന്നീ-ടേ-ണം

സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## പ്രുമിയോൻ, സെദറാ

## കോലോ I

(റാഹേമ്മേലൈൻ മൊറിയോ റാഹേമ്മേലൈൻ)

*'കാരുണ്യംചെയ്-നാഥാകാരുണ്യം ചെയ്'*

1. നിൻ സന്നിധിയിൽ
അണച്ചോരീ ധൂപം

www.malankaralibrary.com

ഉടയവനാം ദേവാ
കടപരിഹാരമതാകണമേ
പാപവിമോചനമെന്നതിനും
സ്ലീബാമൂലം രക്ഷിച്ച
ജീവത്മജനേ വിധിനാളിൽ
വലഭാഗേ-ഞങ്ങളെയാക്കണമേ. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

2. താതാത്മജനാം
നിത്യന്നായ് സ്തോത്രം
ക്ലേശാദികളാകെ
ആദാമ്യാബല വർഗ്ഗത്തിൽ
നിന്നൊഴിവാക്കുവതിന്നായി
തിരുഹിതമൊടുനരവടിവേന്തി
വാനം വിട്ടിഹ വന്നവനേ
സ്തുത്യം നിൻ ബഹുമാനം സ്തുതിതേ.

(ദൈവമാതാവ്)

3. ഉടയോൻ നാഥാ
ഗിരി സീനാ നിൻ സ-
ന്നിധിയിങ്കൽ തുള്ളി
മലയും കടലും പേറും നി-
ന്നെക്കന്യക ഗർഭേ പേറി
അവൾ ഗർഭണിയായാശ്ചര്യ-
ത്താൽത്തന്നെ പെറ്റാൾ നിന്നെ
വലുതാക്കീടണമവൾ തന്നോർമ്മ.

4. വാനവദൂതൻ
കന്യക തന്നോടായ്
സ്വസ്തി പറഞ്ഞേവം :
നിന്നിൽവാഴും രാജേശൻ

www.malankaralibrary.com

കന്യകയായ് നീ പ്രസവിക്കും
സൃഷ്ടികളെ ദ്യോതിപ്പിക്കും
കതിരവനെ പെറ്റൊരുകന്യേ
മാതാവേ, നീ താൻ ഭാഗ്യവതി.

(പരിശുദ്ധന്മാർ)

5. കാദീശന്മാർ
ജീവന്നും രാജ്യ
ത്തിനുമവകാശക്കാർ
മ്ശീഹായെ സ്നേഹിച്ചോരേ-
തിനുയോഗ്യന്മാരാ ഭാഗ്യം
കാതുകളാൽ കേട്ടിട്ടില്ലേ
കണ്ണുകളാൽ കണ്ടിട്ടില്ലേ
ഇല്ലേ ചിത്തേ കല്പിച്ചിട്ടും.

6. ചൂടും ഞങ്ങൾ
നിലനില്ക്കും മുടികൾ
മ്ശീഹാ സ്വർഗ്ഗത്തെ
പ്രതിഫലമായ് ഞങ്ങൾക്കേകും
തീയും വാളും കൊണ്ടുള്ള
യാതനയതിയായേറ്റതിനാൽ
ആശ്വാസം മിശിഹാ നല്കും
എന്നല്ലോ സഹദേർ ചൊല്ലുന്നു.

(അനുതാപം)

7. മ്ശീഹാ രാജാ,
നിൻ കരുണാ കതകിൽ
മുട്ടുന്നനിശം ഞാൻ
ശ്രീഭണ്ഡാരെ നിന്നുമരുൾ
കരുണയിരക്കുന്നടിയാർ നിൻ
ശരണിതരെ തുണചെയ്യണമേ

www.malankaralibrary.com

സാക്ഷിയെ ലജ്ജിതനാക്കരുതേ
നീ താനെൻ ശരണവുമാശ്രയവും.

8. നാകം പൂകും
വാതിലിടുക്കം താൻ
വഴിയഴലേറിയതും
ആ വഴി സഞ്ചാരം ചെയ്‌വോ-
നത്യാവശ്യം സുസ്ഥിരത
അവിടണു വഴുതുകിലോ അവനെ
പിഴവഴിയാകർഷിച്ചീടും
തന്നിഷ്ടാലാത്മവധം ചെയ്യും.

9. മാമോദീസാ
മൂലം മിശിഹാതൻ
റൂശ്മാ കുത്തപ്പെ-
ട്ടും തൻ ഗാത്രം ഭക്ഷിച്ചും
തൻ രക്തം പാനം ചെയ്‌വോർ
തൻമൂലം ജീവൻ പൂണ്ടി-
പ്പൂഴിയതിൽ നിന്നിങ്ങേറി
ട്ടണിയും നൽ മഹിമാവിന്നങ്കി.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## എത്രോ

### കോലോ II

(ദ്നാഹ് നുഹ്റോ ബ്ഹേശൂക്കോ)

*"നേരുള്ളോർക്കായ് ശോഭയുദിച്ചിരുളിൽ'*

1. കർത്താവേ പുലരിയുദിക്കുമ്പോൾ
തിമിരം പാടെ നീങ്ങുന്നു
ഭൂവാനം സോദരികൾ നിന്നെ

www.malankaralibrary.com

അത്തരുണേനതി ചെയ്യുന്നു
സലിലം സ്ഥിതിചെയ്യും മട്ടിൽ
മേലൊരു മണ്ഡലമുണ്ടിടയിൽ
വായു വിരിച്ചൊരു മണിയറയും
ഏവം ഞൊടിയിട നേരത്തിൽ
സൃഷ്ടിച്ചോൻ നാഥൻ സ്തുത്യൻ. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

2. നിർമ്മലനാം സുതനെ ഞങ്ങൾക്കായ്
ഏകിയ താതാ സ്തോത്രം തേ
ഞങ്ങൾ നിൻ തനയനു സമമാവാൻ
അവനടിയാരൊടു സമനായി
പരിപൂതതരം ഗർഭത്തിൽ
വന്നു വസിപ്പാൻ തിരുഹിതമായ്
അടിയാർ താതനു സുതരാവാൻ
റൂഹായോടനുബന്ധിപ്പാൻ
തിരുമനസ്സവനെ നരനാക്കി.

(ദൈവമാതാവ്)

3. പ്രാർത്ഥനയിൽ ആണ്ടവളായ് മറിയം
മരുവീടുമ്പോളഗ്നിമയൻ
മാലാഖാ സവിധേ വന്നരുളി:
'നന്മ നിറഞ്ഞവളേ സ്വസ്തി
രാജകുമാര നികേതനമേ
ദാരിദ്ര്യ വിഹീനേ നാഥേ
ലോകക്ഷുത്തു നശിപ്പിപ്പാൻ
ധനമഖിലത്തിനു മധിനാഥൻ
വന്നമരും നിന്നുദരത്തിൽ '.

www.malankaralibrary.com

4. ദൈവത്തിൻ തിരുസുത മാതാവേ
മറിയാമേ, നീ ഭാഗ്യവതി !
വണിഗീശൻ വന്നു വസിച്ചവളാം
മഹിമയെഴും പടവേ! സ്വസ്തി
അരചാലയമേ വൻ ഭാഗ്യം
നിൻവ്രതഹാനി ഭവിക്കാതെ
വാനവശില്പിയെ നീ പേറി
പുനരപി നിർമ്മല നീയമ്മേ
നിൻ സുതനഭിവന്ദ്യൻ തന്നെ.

(പരിശുദ്ധന്മാർ)

5. ചൊന്നീശൻ ശിഷ്യഗണത്തോടായ്
സത്യവെളിച്ചം ഞാൻ തന്നെ
ഇതിലെന്നും വാസം ചെയ്വോരെ
ഇരുളൊരുനാളും പിടികൂടാ
ഗുരുവരനൊളിയിൽ നടന്നവരാം
ശിഷ്യഗണത്തിന്നതിഭാഗ്യം
ഭൂവിൽ നാനാഭാഗത്തും
അവരെ അനുദിനമോർക്കുന്നു
അവരുടെ പ്രാർത്ഥനയെന്നഭയം.

6. ജീവകരം മൃതികരമിതി രണ്ട്
പാതകൾ സഹദേന്മാർ കണ്ടു
നവ ജീവൻ നേടുന്നതിനവയിൽ
ദുർഘടവഴിയവർ കൈക്കൊണ്ടു
സാത്താനോടവർ പോരാടി
അവനെ വെന്നവർ വാഴ്ത്തീടും
ഈശൻ നാമം വന്ദ്യം താൻ
വന്ദിപ്പവരുടെ വഴികാട്ടി
അർത്ഥികൾ തന്നഭയസ്ഥാനം.

www.malankaralibrary.com

(പ്രത്യേക വിശുദ്ധൻ)

7. (മാർത്തോമ്മാ) ഉത്സുകനാം ഭൃത്യൻ
വിശ്വാസത്തിൻ യോദ്ധാവ്
തൻഗേഹം തീർത്തൊരു നൽശില്പി
തൻ ശിരസ്സുയർന്നഥ വാനോളം
ശാഖകളേറെ വിരിച്ച തരു
പരിശുദ്ധാത്മാ പാർത്തവനിൽ
അവനിൽ നിന്നരുൾ വാങ്ങാനായ്
ജാതികൾ നാനാ ദിശിനിന്നും
വരുന്നവനോർമ്മയെ മാനിപ്പാൻ.

(അനുതാപം)

8. സർവ്വേശാ കേഴും പാപികളിൽ
കരുണയൊഴുക്കും രക്ഷകനേ
ക്രോധത്തിൻ ശിക്ഷകളെല്ലാം നീ
മനസ്സലിവോടെയകറ്റണമേ
നൽകാനന്ദസുമാസങ്ങൾ
വർദ്ധനവിൻ വർഷങ്ങളെയും
നിൻ കൃപ ഞാനഭിനന്ദിപ്പാൻ
നിൻ കുരിശിന്നടയാളത്താൽ
ദുഷ്ടനെയാട്ടിപ്പായിക്ക.

9. നാഥാ നിൻ സ്തുതിയും കീർത്തനവും
വിട്ടകലാനിടയാകരുതേ
നിർദ്ദയമായെന്നെ വിധിക്കരുതേ
പാതകനിവനെന്നറിയുന്നേൻ
എൻ കടമെല്ലാം ചോദിക്കിൽ
എന്നവകാശം നിത്യാഗ്നി
ജീവൻ നഷ്ടമതാക്കിയഹം

www.malankaralibrary.com

പ്രാർത്ഥിക്കാത്തൊരു മൂകനുമായ്
കൃപയാലെൻ പിഴ പോക്കണമേ.

(പരേതർ)

10. വാങ്ങിപ്പോയ പിതൃക്കൾക്കും ഭ്രാ-
താക്കൾക്കും നൽകാശ്വാസം
നിന്നാരാധകരെ നിൻ പരിശു-
ദ്ധന്മാർ സംഘത്തിൽ ചേർക്ക
നീ സിംഹാസന മേറിട്ടാ
ദുഷ്ടന്മാരെ നീക്കുമ്പോൾ
അവർ നിൻ കാരുണ്യം കണ്ട്
നിൻ മാഹാത്മ്യമുദിക്കുമ്പോൾ
വലഭാഗത്തായീടേണം.

## കുക്കിലിയോൻ

(കുർബോനെ ആഫെക്)

ഏഴാം രാഗം

ധനവാന്മാർ തവ പ്രീതിക്കായർച്ചനയേകും ഹാ-ഉ-ഹാ-
രാജാത്മജ തൻ മ-ഹിമാവകമേ.

ചേർക്കും കന്യാളികളെയവൾ തൻ പിറകെ ഹാ-ഉ-ഹാ-
അവർ പോകും തൻ പിറകെ അതിയാ-മോദത്താൽ.
ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

## എക്ബോ

(ശ്ളോംലേക്ക് ബ്സുൽത്തൊ ദ്കീസോ)

ഭാ-ഗ്യം! ശുദ്ധിവെടിപ്പെഴും അംബേ കന്മഷമറ്റൊരു
മുത്തേ ഭാഗ്യം നിന്നൊടു കൂ-ടെന്നും :
ഭാ-ഗ്യം! സകലചരാചര വാഹകനെ

www.malankaralibrary.com

പ്പെറ്റംബേതേയ-തിഭാ-ഗ്യം
അനുദിനമഖില കുലങ്ങളുമങ്ങേ
ക്കോതുന്നവികല ഗാനാ-ലാപം.
സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## കോലോ

(ഏബാറേക്ക് ല്മൊറിയോ)

*'ലോകേശനെ ഞാനനുദിനവും വാഴ്ത്തിപ്പാടും'*

1. ദാ-വിദ് പുത്രീ-
സകല കുലങ്ങളിലും-നിന്ന്
തൻ ഗാത്രമെടു-ക്കാൻ മിശിഹാ
ചേർന്നവളായ് നിന്നെക്കണ്ടു
പരനുരു നിന്നിൽ നിന്നേന്തി
ഭേദം ലേശവുമേ—ശാതെ
മഹിമയിൽനിന്നും ഞങ്ങൾക്കായ്
ഏവം താഴ്ന്നവനതി വന്ദ്യൻ
തവ ജനനീസ്മൃതി ദിശിയഖിലം
കീർത്തിതമായി ത്തീ-രേണം. ബാറെക്മോർ.
ശുബ്ഹോ...

2. ഈ-ശൻ തന്റെ-
ജീവനെഴും വചനം-സ്തുത്യൻ
തിരുവിഷ്ടത്താൽ പാവനയാം
കന്യക തന്നുദരെ നിന്നും
തൻതനുചേതനയാർന്നവനാം
ദൈവ തനൂജാ തേ-സ്തോത്രം.
തനുവിലുമതുപോൽ ജീവനിലും
അവളതി ശുദ്ധിസമാർജ്ജിച്ചു
താനുരുവായി റൂഹായാൽ
തന്നെപ്പെറ്റവളാശ്ച-ര്യം.. മൊറിയോറാഹേം ...

www.malankaralibrary.com

## മാർ യാക്കോബിന്റെ ബോവൂസോ

(ശൗത്തെഫ്ലാൻ മോർ)

ഏഴാം രാഗം

1. ചേർക്കുകനാഥാ ഞങ്ങളെയങ്ങെ അമ്മയുടെയും
നിൻ ശുദ്ധന്മാർ ഏവരുടെയും ഓർമ്മയതിങ്കൽ.

2. പ്രാർത്ഥിച്ചീടും ഇവർ നിൻ സവിധേ ഞങ്ങൾക്കായി
ഏകുക പുണ്യം ഞങ്ങൾക്കും വാങ്ങിപ്പോയോർക്കും.

3. മാതാവേ നിൻ സാദൃശ്യം പോൽ മോശ ചമച്ച
പേടകമങ്ങേ രൂപം കാട്ടുന്നല്ലോ ഭാഗ്യം.

4. പേടകമുള്ളിൽ സ്ഥിരമായ് ദിവ്യശിലഫലകങ്ങൾ
നിൻ ഉദരത്തിൽ സത്യ ജീവന്നപ്പവുമുണ്ട്.

5. ആശ്വസിപ്പീൻ മൃതരായോരേ തുഷ്ടിയോടെ
ദൈവാത്മജൻ തൻതിരുമേനി നിങ്ങളിലുണ്ട്.

6. പാതാളത്തിൻ കോട്ടകളെല്ലാം ഇല്ലാതാകും
ദിവ്യനാദം കേട്ടെതിരേല്പാൻ പോകും നിങ്ങൾ.

7. ദാവീദിന്റെ സുതയിൽ നിന്നും ജനിയാർന്നോനേ
കാരുണ്യം നി–ന്നിടവകയിന്മേൽ വർഷിച്ചാ–ലും.

### അപേക്ഷ

കർത്താവേ, നിന്നെ സ്തോത്രം ചെയ്യുന്നതും... പേജ് 41

### കൗമാ

### വിശ്വാസപ്രമാണം

❖

www.malankaralibrary.com

# ബുധൻ - മൂന്നാംമണി

## കൗമാ

## കോലോ

(ബ്സുൽത്തോയെൽദസ്ദു-മ്മോ-റോ)

1. അത്ഭുതമേ! പെറ്റാൾ കന്യ
ദൈവത്തെ മാനവരോടൊന്നിപ്പിച്ചവനാം
വചനേശൻ തന്നെ.
അത്ഭുതമേ! ജ്വാലയണിഞ്ഞോൻ
മാനവഗാത്രമതും പൂണ്ടുനരനായ് തീർന്നു
ജാതം ചെയ്തല്ലോ.
അത്ഭുതമേ! ഒൻപതുമാസം
വാണുദരത്തിൽ ജനനീവ്രതമുദ്രയ്ക്കൂനം
ചേരാതിഹ വന്നാൻ.
അത്ഭുതമേ! മുപ്പതുവർഷം
ലോകേവാസം ചെയ്തിവരെ രക്ഷിപ്പാനായ്
പീഡാ മൃതിയേറ്റാൻ.
അത്ഭുതമേ! മൂന്നാൾ കബറിൽ
വാണിട്ടുത്ഥാനം ചെയ്തു-ഹാലേലുയ്യാ
സ്വർഗ്ഗാരോഹിതനായ്. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

2. മോദിച്ചാൾ മാതാ മറിയം
മോദിച്ചാർ തൻ ജനനത്തിന്നർഹത ചേർന്ന
പാഴ്ഗുഹ പുൽക്കൂടും.

www.malankaralibrary.com

മോദിച്ചാരജപാലന്മാർ
ഉയരേ നിന്നവരോഹിതരാം
മാലാഖകൾ തൻ മഹിമയതും കണ്ടാർ.
മോദിച്ചാർ വാനം ഭൂമി
ശാന്തി ജഗത്തിനു തന്നവനായ്-ഹാലേലുയ്യാ
മേരി സുതൻ സ്തുത്യൻ!

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർ യാക്കോബിന്റെ ബോവൂസോ

(സ്ളൂസേക്ക് ആമ്മാനുമ്ബാറെക്ത്തോ) ഒന്നാം രാഗം

1. വാഴ്ത്തപ്പെട്ടവളായോൾ കന്യേ! പ്രാർത്ഥനചെയ്തീടണമേ നാഥൻ ഞ-ങ്ങളുടെമേൽ കൃപചെയ്തീടാൻ

2. എളിയ-വളായൊരുമ-റിയാം പ്രാപിച്ചൗന്നത്ത്യത്തെ-യോർക്കുന്തോറും അത്ഭുതവാനായ്ത്തീർന്നീടുന്നു

3. കൃപയാൽ-സുതനവൾ പ-ക്കലിറങ്ങി ദൈവാത്മജ നുടെ ജനനീപദമതിലേ-റാൻ വരമാർ-ജ്ജിച്ചു വിചിത്രം.

4. വിനയം-ശാന്തതയെ-ന്നിവയുള്ളോർ പക്കൽവാസം ചെയ്യും ദൈവമിറ-ങ്ങി വസിച്ചു മറിയാമിന്നുൾ.

5. താഴ്മ-യിലവളെ വെന്നീടാനായ് ആരുണ്ടീ ഭുവി-യതിനാൽ അവളെയേറ്റി ഉന്നത പദമതിൽ നാഥൻ.

6. ദൈവാത്മജനേ! ഒൻപതുമാസം നിന്നെ വഹിച്ചോൾ പ്രാർത്ഥനയാലെ കോപത്തിന്റെ വടികളെ മാ-യിക്ക.

### കൗമാ

### വിശ്വാസപ്രമാണം

❖

www.malankaralibrary.com

# ബുധൻ - ആറാം മണി

## കൗമാ
## കോലോ

(മൽക്കൂസ് റൗമ്മോ)

1. മൂ-ശാനിബിയാൽ
സ്ഥാപിതപേടകമേ,
മറിയാമേ, സ്വസ്തി
ജീവജലത്തെയുൾക്കൊള്ളും
റൂഹയിൻ ആവരണം നീ
ഈശ്ശായി സുതനാം ദാവീദ്
പാടിയ ബലമേറും-പൂരി നീ
ഈശൻനിൻ-മടിയീന്നും വന്നാൻ. ബാറെക്മോർ.

ശുബ്ഹോ.. മെൻഓലം...

2. ആ-യുധമായി,
സഹദേർ സ്ലീബായെ
ഏന്തിയിറങ്ങിയഹോ
സാത്താനോടവരടരാടി
വാൾ ചവളാഗ്നികളെ വെന്നാർ
കണ്ടതു ദുഷ്ടൻ കോപിച്ചു
നാഥാ, അവർ തൻ പ്രാർത്ഥനയാൽ
കാരുണ്യം-ചെയ്തീടണമിവർമേൽ

മൊറിയോറാഹേം അലൈൻ ഉ ആദാറൈൻ.

## മാർ ബാലായിയുടെ ബോവൂസോ

മാതാ കാദീശന്മാർതൻ പ്രാർത്ഥനയാൽ... പേജ്-43

## കൗമാ
## വിശ്വാസപ്രമാണം

❖

www.malankaralibrary.com

# ബുധൻ - ഒൻപതാംമണി

## കൗമാ

## കോലോ

(അക്ക്മൊദ് ലൊബ്ശിൻ ശൂശാനെ)

1. ആശ്വാസം ജീവൻ–തുഷ്ടിയുമേകണമേ
നാഥാ, തവ നിണമെയ് കൊണ്ടോർ മൃതരായോർക്കായ്
ന്യായാസനമതിൽ നിൻ– കൃപയവർ ദർശിക്കും
നിൻവരവിൽ, വലഭാഗമവർ പ്രാപിച്ചീടും.
ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

2. മൃതരെ ജീവിപ്പി–പ്പാനണയും രാജാ
മുകിലഴകിന്മേലാഘോഷിതനായീടുന്നു.
നയവാന്മാർ തൻ മുൻ കൊമ്പിൻ നാദം കേ–
ട്ടങ്കിയണിഞ്ഞെതിരേല്പാനായ് പോയീടുന്നു.

മൊറിയോറാഹേം അലൈൻ ഉ ആദാറൈൻ.

## മാർ ബാലായിയുടെ ബോവൂസോ

കരുണനിറഞ്ഞവനേ... പേജ് 44

## കൗമാ

## വിശ്വാസപ്രമാണം

❖

www.malankaralibrary.com

# വ്യാഴം - സന്ധ്യ

## കൗമാ, പ്രാരംഭ പ്രാർത്ഥന

### സങ്കീർത്തനങ്ങൾ 141, 142, 119, 117

കർത്താവേ, നിന്നെ ഞാൻ വിളിച്ചു... പേജ് 6

### എക്ബോ

(ശ്മായോനേ ശുബ്ഹോ സൊമറീൻ)

വാനവർ വാ-ഴ്ത്തിപ്പാടുന്നു
മണ്മയരാ-രാധിക്കുന്നു
ഏകൻ താൻ നിത്യനുമായ്
ഉലകത്തിൻ സ്രഷ്ടാവാം ദൈവം-തന്നെ.

സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## പ്രുമിയോൻ, സെദറാ

### കോലോ I

(ബ്കോലെ ല്മോറ്യോക്രീസ്)

*"എൻ ശബ്ദത്താൽ ഞാൻ നാഥനെ വിളിചെയ്തു"*

1. സ്തുതി സമ്പൂർണ്ണം ശബ്ദത്താൽ പ്രീതിയെ നല്കുംതേ
   എൻനാഥാ! ദേവാ തിരുമുമ്പിൽ നിന്നെന്നെ തള്ളീടരുതേ,
   ഋണപാപങ്ങൾക്കായേവം വിളിചെയ്തീടും
   ബഹുദോഷത്വം മൂലമിതാ
   അനുതാപമണയ്ക്കും, മ്ശീ-ഹാ
   രാജാവേ ദോഷിയിവന്മേൽ കൃപ തോ-ന്നണമേ.
   ബാറെക്മോർ.

www.malankaralibrary.com

ശുബ്ഹോ... മെൻഓലം...

2. ദേവാ-കരുണാ നിധിയേ തവ കൃപയാൽ ഋണമെല്ലാം
പോക്കണമെയെൻ ഭോഷത്വങ്ങൾ സദയം നീ ക്ഷമ-
ചെയ്യണമേ,
ശത്രുവിനായ് വിട്ടീടരുതേ അവനുടെ വലയിൽ
വീഴരുതെന്നെ ഹസിക്കരുതേ
ലജ്ജിതനാകരുതേ, മ്ശീ-ഹാ,
നിൻ കതകിൽ മുട്ടുന്നിവനിൽ കൃപ ചെയ്യണമേ.

(ദൈവമാതാവ്)

3. ഉയരതിലുള്ളോ-രരമനയീന്നീറേ ദൂതനയ-
യ്ക്കപ്പെട്ടു ഗ്ളീലായിലെ നസറേത്തിൽ ദാവീദിന്നുടെ-
സുതയാം
മറിയാം തൻ സവിധത്തിങ്കൽ ശ്ലോമ്മോ ചൊന്നാൻ:
"താതൻ സുതനുദയം ചെയ്യും
നിന്നിൽ നിന്നുമിദം" മ്ശീഹാ
അവളീന്നും ജനനം ചെയ്തവനേ, കാ-രുണ്യം ചെയ്.

4. മേലുയരത്തിൽ അഗ്ന്യാത്മീയന്മാർ നാവുകളും
ധരയിതിലുള്ളോരെല്ലാ വംശങ്ങളുമവൾ
ചൊന്നതുപോൽ ഭാഗ്യം
നൽകട്ടെ ധന്യയവൾക്കായ്, സർവ്വേശ്വരനേ,
അവളുടെ പ്രാർത്ഥനയാൽ ദയവായ്
ഓർമ്മയെ ബഹുമാനി-ച്ചോർക്കായ്
ഋണപാപങ്ങൾ തൻ മോചന മേകീ-ടണമേ.

(പരിശുദ്ധന്മാർ)

5. വിശ്വാസത്തിൻ ശില്പികളായ് സഭതൻ തൂണുകളാം
നിബിയന്മാർക്കും ശ്ലീഹർക്കും സഹദേർക്കും
നല്ലൊരു ശ്ലോമ്മോ

www.malankaralibrary.com

നാഥന്നായ് പീഡകളേറ്റു അവരാത്മാക്കൾ
ദാവീദേവം പാടിയപോൽ
നാഥനുപിൻ ചെന്നാർ, മിശി–ഹാ
അവർ പ്രാർത്ഥനയാൽ ഞങ്ങൾമേൽ കൃപതോന്നണമേ.

6. ആരാലാവൂ വർണ്ണിപ്പാൻ സഹദേർ സ്തുതികളഹോ!
കഴിവുകളഖിലമൊടും മിശിഹായെ
സ്നേഹിച്ചഴിയും കാലത്തിൻ
ബഹുമതിയേയും ദ്വേഷിച്ചു, മുഴുഹൃദയത്താൽ
ദൈവഭയത്തെ സ്നേഹിച്ചാർ
സഹദേന്മാർ നാഥാ, മ്ശീഹാ
അവർ പ്രാർത്ഥനയാൽ ഞങ്ങൾമേൽ കൃപതോന്നണമേ.

(അനുതാപം)

7. കരുണാ വാതിൽ കള്ളനുപോൽ നാഥാ തുറക്കണമേ
അടിയാർക്കായും ചുങ്കക്കാരൻ പാപിനി
ഇവരിന്നെന്നതുപോൽ
അനുതാപം കൈക്കൊള്ളണമേ ഞങ്ങളിൽനിന്നും
തള്ളിയ ശെമഓനെപ്പോലെ
പാവനരാക്കണമേ, നാ–ഥാ
അനുതാപികളിൽ സന്തുഷ്ടനുമാണല്ലോ നീ.

8. നിനുവയരെല്ലാം ബർമത്തായ് യൗനാൻ വചനത്താൽ
സംഭ്രമമാർന്നു, ജാഗരണം നോമ്പ് അർത്ഥനയാൽ–
തേറി നന്നായ്
തിന്മയിൽനിന്നു തിരിഞ്ഞിടുവാൻ ചൊന്നതു കേട്ടാർ
കണ്ണീരോടവർ പ്രലപിച്ചു
ശിക്ഷാവിധി നീക്കി; വാഴ്ത്ത –
പ്പെട്ടവനവരെയനുതാപത്തിൽ പൂകിച്ചോൻ.

www.malankaralibrary.com

(പരേതർ)

9. ഓർക്കുക നാഥാ വാങ്ങിപ്പോയവരെ നിൻ ഗാത്രം
ഭക്ഷിച്ചും നിൻ രക്തം പാനം ചെയ്തവരാം
വിശ്വാസികളെ
നിർത്തണമവരെ വലഭാഗേ മുഖശോഭയോടെ
നിൻമഹിമാഗമനത്തിങ്കൽ
ദൂതന്മാർ സഹിതം, മ്ശിഹാ,
തവ ദൈവത്വമതിന്നവരും സ്തുതിപാടണമേ.

മൊറിയോറാഹേം അലൈൻ ഉത്തൊദാറൈൻ.

## എത്രോ

## കോലോ II

(ഇസേല്ബയ്ത്തോക്ക് ബീക്കോറോവെപ്റൊക്ക് നെദറായ്)

*'ബഹുമതിപൂർവ്വം നിൻഭവനേ വന്നെൻ
നേർച്ചകളർപ്പിക്കും ഹാലേലുയ്യാ'*

(ബ്റംശോ ല്ബയ്ത്തോക്ക് — ഏസയ്നാൻ)

1. നാഥാ ദയ മോച-നമിവയെയിരന്നീടാൻ
സന്ധ്യാസമയം നിൻഭവനേ വന്നീടുന്നേൻ
പാപികളെ മോചിപ്പോൻ നീ രക്ഷകനേ!
വന്നു പ്രഭാതത്തിൽ നിന്നെ വന്ദിച്ചീടാം.
ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

2. സ്തുതി തേ! ഈറയർ ശു-ശ്രൂഷിപ്പോനേ, നീ
ഭൗമി-കർ സേവനമതിലും പ്രീതനതല്ലോ
അലയാഴിക്കുഴിയിൽ നിന്നും വിളിചെയ്തോൻ
യൗനാനെപ്പോൽ ഞങ്ങളെയും ശ്രദ്ധിക്കണമേ.

www.malankaralibrary.com

(ദൈവമാതാവ്)

3. സംയോഗമതെന്യേ ശുദ്ധിയിൽ ദൈവത്തിൻ
മാതാവായൊരു ധന്യേ, നിൻ ഓർമ്മയതിങ്കൽ
മൃതരായോർക്കാശ്വാ-സം ജീവിപ്പോർക്കായ്
ശരണവുമുണ്ടായിടുവാനായർത്ഥിക്കണമേ.

4. മുട്ടുകൾമേൽ മറിയാം പേറി മിശിഹായെ
സർവ്വത്തിൻ സംരക്ഷകനായ് സ്തന്യം നല്കി
ദൈവത്വം മനുഷ്യത്വവുമായ് ചേർത്തവനെ
ശീലകൾ ചുറ്റിയവൾ വച്ചു പുൽക്കൂടതിനുൾ.

(പരിശുദ്ധന്മാർ)

5. മനുജർക്കായ് ജീവൻ ലഭ്യമതാക്കുന്നോർ
പരിശുദ്ധന്മാരുടെ വാസസ്ഥലമേ, സ്വസ്തി
പ്രാർത്ഥന ഭണ്ഡാരം യാചിപ്പോർക്കു തുറ-
ന്നനർത്ഥമെഴാതതിനെ നിങ്ങൾ കാത്തീടണമേ.

6. നീതിഷ്ഠൻ നോഹ പ്രളയത്തിൻ നാളിൽ
ജീവികളെ പെട്ടകമതിനുൾ കാത്തതുപോലെ
തിരമാലകളീന്നും വൻകാറ്റിൽനിന്നും
സൃഷ്ടിയെ സംരക്ഷിക്കണമെ, സഹദേന്മാരേ.

(ഒരു വിശുദ്ധൻ)

7. ഉയരതിലുള്ളോർക്കായ് നിൻ പ്രഭ (മാർത്തോമ്മാ)
അത്ഭുതമേകി നിൻനാമം ധരയിൽ ശ്രേഷ്ഠം
നിന്നിൽ സന്തുഷ്ടൻ നാഥൻ നിന്നോർമ്മ
വലുതാക്കി; പ്രാർത്ഥിക്കണമേ ഞങ്ങൾപേർക്കായ്.

www.malankaralibrary.com

(അനുതാപം)

8. ശാന്തൻ ശാന്തരെ സ്നേഹിപ്പോനാം നാഥാ,
ദേവാ ഞങ്ങൾക്കേകണമെ ശാന്തതയെന്നും
വ്യർത്ഥഭയം വ്യസനം, നിൻ പ്രീതിയെഴാത്ത
സർവ്വവുമെങ്ങളിൽ നിന്നും നീ നീക്കിടണമേ.

9. നിനുവയരിൽ കനിവായവനേ കൃപചെയ്ക
പാപികൾതൻ വംശത്തീന്നും തിരിയരുതേ നീ
ദയവാനേ നിൻ വാതിലടച്ചാൽ വേറെ
കതകേതിൽ പോയ് മുട്ടീടും? പാപികൾ ഞങ്ങൾ.

(പരേതർ)

10. രക്ഷകനേ നിൻ ഗാത്രത്തെ ഭക്ഷിച്ചും
വിലയേറും രക്തക്കാസാ പാനം ചെയ്തും
മൃതരായോരെ നാശം നീക്കി ജീവി-
പ്പിച്ചണിയുക നിന്നെനോക്കുന്നവരിൽ കാന്തി.

## കുക്കിലിയോൻ

(മൊറിയോൾമാസ്ളൂസ്) അഞ്ചാം രാഗം

നാഥാ എൻ പ്രാർത്ഥന കേൾക്കണമേ ഹാ-ഉ-ഹാ
എൻരോദനമങ്ങെപ്പക്കൽ-പൂകട്ടെ.

എൻനാളുകൾ പുകപോൽ പോയി ഹാ-ഉ-ഹാ
എന്നസ്ഥികൾ വെണ്ണീർ വെള്ളയുമായ്. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

## എക്ബോ

(കാബെൽ മോറാൻ തെൾമെൾത്താൻ)

നാഥാ പ്രാർത്ഥന ശുശ്രൂഷകൾ സ്വീ-കൃതമാക
മോശയുടെയും ഏല്യായുടെയും അഹറോൻ

www.malankaralibrary.com

കഹനാ-യുടെയും പോൽ
സ്തുതിയോഗ്യം-ദേവാ അങ്ങേക്കായ്.

സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## കോലോ

(മോതോബ്യൂമോ ശാപ്പീർ)

"*നല്ലതുമെത്ര മനോഹരവും*"

1. പകലിൻ പ്രഭയവസാനിച്ചു
നിൻകൃപയരികിലിവർക്കു സദാ.
കെണികൾ വയ്ക്കും ദുഷ്ടനെ നീ
ഞങ്ങളിൽ നിന്നും നീക്കണമേ
താ-വക സ്ളീബാ,
കാവലുമഭയവുമാകണമെ
രാപകൽ ഞങ്ങൾക്കായ്. ബാറെക്മോർ.

ശുബ്ഹോ...

2. മണ്മയർ ശുശ്രൂഷാ നാദം
കേട്ടുയരതിലീറയർ പറയും
ആത്മീയമതാം വീണകളിൽ
സ്തോത്രം സ്തുതി ഇവ പാടീടും
മൺമയനാകും
ആദം സുതരുടെ ശബ്ദമഹോ
മോഹനമാണല്ലോ.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

www.malankaralibrary.com

## മാർ യാക്കോബിന്റെ ബോവൂസോ

ഒന്നാം രാഗം

1. ഉടയോൻ നാഥാ വിളിക്കുന്നടിയാർ തുണയ്ക്കായ് വന്നീ
യാചന കേട്ടിവരാത്മാക്കൾ മേൽ കൃപ ചൊരിയണമേ.

2. പാപീ, അനുതാപത്തിന്നായ് നീ നിന്നെയുണർത്തുകവലുതാം
പ്രാർത്ഥനയാലേ കണ്ണീർ തൂകീടേണം;

3. മിഴിനീർ തുള്ളികളഗ്നിസമുദ്രം കെടുമാറാക്കും; കണ്ണീർ
നിൻ കഴിവിന്നൊത്തതുപോൽ കൊണ്ടുവരേണം; ദൈവാ-

4. ത്മജനുടെ മാർഗ്ഗത്തെ ഞാൻ ശൂന്യമതാക്കുകയില്ലെൻ
പുറകേ വന്നവനെ ഞാൻ അനുതാപത്താൽ തേടും

5. ശരണമുയർത്തിട്ടേവം ചൊന്നിട്ടർത്ഥിച്ചിടു നീ
മോചനമേകീടാനായ്; നിന്നുടെ നാഥൻ പ്രീതൻ

6. ഉത്തരമരുളീടണമേ, കൃപചെയ്യണമേ-നാഥാ
മാനുഷരെയനുതാപത്തിനു പ്രേരിപ്പി-ക്ക.

**മോറാനേശുമിശിഹാ**

**കൗമാ**

❖

www.malankaralibrary.com

# വ്യാഴം - സൂത്താറ

## കൗമാ

## കോലോ

(മൊറിയോ ലോബ്റുഗൂസോ തക്സാൻ)

1. നാഥാ നിൻ-ക്രോധത്തിൽ നീ വിധിചെയ്യരുതേ
നിൻ കോപത്തിൽ ശിക്ഷിക്കരുതെന്നേവം
പാ-ടി നിബി ദാവീദ്
ദേവാ നീ കരുണാലയനാണെല്ലായ്പ്പോഴും
തൻ കരസൃഷ്ടിനശി-പ്പാനാഗ്രഹമില്ലാ-
ത്തവനും നീയത്രെ. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

2. പ്രാർത്ഥിപ്പാ-നാലയമതിനുൾ വന്നീടുമ്പോൾ
ആത്മശരീരങ്ങൾ തിന്മകളിൽനിന്നും
സംശുദ്ധമതാക്ക
പ്രാർത്ഥന യാചനകൾ കേട്ടിട്ടവനിൽ നാഥൻ
ന്യായവിധി ദിവസം കൃപചെയ്യും നന്നായ്
ദയയും വർഷിക്കും.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർ യാക്കോബിന്റെ ബോവൂസോ

(മോശാപ്പീറോ സ്ളൂസോദാലെപ്പ്)

അഞ്ചാം രാഗം

1. ഉടയോൻ നാഥാ വിളിക്കുന്നടിയാർ തുണയ്ക്കായ് വന്നീ
യാചന കേട്ടിവരാത്മാക്കൾ മേൽ കൃപചൊരിയണമേ.

www.malankaralibrary.com

2. ദൈവസുതൻ താനുരുവിട്ടേകിയ പ്രാർത്ഥനയെത്ര
മോഹനമതിനെ ധ്യാനിച്ചീടുന്നവനായ് ഭാഗ്യം!
3. നീതിക്കുള്ളൊരു പരിപൂർണ്ണതയിൻ സൗന്ദര്യമെല്ലാം
കണ്ടെത്തീടും മനസ്സായതിനെ പ്രാർത്ഥിക്കുന്നോൻ
4. 'നാഥായിവർ തൻ ഋണപാപങ്ങൾ പൊറുത്തീടണമെ'
താതനൊടേവം പ്രാർത്ഥിക്കണമെന്നവിടുന്നോതി
5. മോചനമതിനായ് പ്രാർത്ഥിപ്പാനുപദേശിച്ചതിനാൽ
പാപക്ഷമ ലഭ്യമതാമെന്നും ധൈര്യം നല്കി
6. സർവ്വം കേട്ടിട്ടർത്ഥനയെ കൈക്കൊള്ളുന്നവനേ
യാചന കേട്ടിവർ മേൽ തൂകണമേ നിൻ കാരുണ്യം.

കുറിയേ... കുറിയേ... കുറിയേ...

## സങ്കീർത്തനങ്ങൾ : 91, 121

അത്യുന്നതന്റെ മറവിൽ ഇരിക്കുന്നവൻ... പേജ് 12

## മാനീസോ

കർത്താവേ നിന്റെ കരുണയിൻ ചിറകുകളുടെ നിഴലിൻ...പേജ് 16

## ക്രോബേന്മാരുടെ സ്തുതി

കർത്താവിന്റെ ബഹുമാനം... പേജ് 18

## വിശ്വാസപ്രമാണം

ബസ്മൽക്കോ, സാദീക്കോ ചൊല്ലി ധൂപം വയ്ക്കുന്നു.

## ഹൂത്തോമോ

❖

www.malankaralibrary.com

# വ്യാഴം - രാത്രി

## കൗമാ, പ്രാരംഭ പ്രാർത്ഥന

ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ കർത്താവേ... പേജ് 23

## സങ്കീർത്തനങ്ങൾ 134, 119 : 169-176, 117

ബാറെക്മോർ, രാത്രികാലങ്ങളിൽ .... പേജ് 23

## എനിയോനോ

(അൽമോനോ റൊഹമ്മത് ശെൻതോ)

1. ആത്മാവേ! നീ സ്തുതിയേക്കാൾ
നിദ്രയെ സ്നേഹി-പ്പതുമെന്ത്?
എന്തിന്നായ് നീ വ്യർത്ഥമതാം
മോഹങ്ങളിൽ വ്യാ-പൃതനാവൂ?
എഴുന്നേറ്റിനിയും സ്തുതിപാടൂ
സ്തോ-ത്രം തേ! സ-കലേ-ശാ.

2. അനുതാപത്തിൻ സമയമിതാ
തിന്മയിൽ നിന്നും-തിരിയുക നീ
കൃപയാചിപ്പാനിടമില്ലാ-
താകും സമയം-പോയീടിൽ
തിന്മകൾ തൻപ്രതികൃതിയരുതേ
സ്-തോത്രം തേ സ-കലേ-ശാ.

3. നാഥൻ ഭൂമിയെ വീക്ഷിച്ചു
ഭൂവാസികൾതൻ അന്യായം

www.malankaralibrary.com

കാരണമതു വിറകൊള്ളുന്നു
ഇളകീടുന്ന-തിനാസ്ഥാനം
    തിന്മകൾ തൻപ്രതികൃതിയരുതേ
      സ്തോ-ത്രംതേ സ-കലേ-ശാ.

4. പാപികൾമേൽ ശാപംചൊല്ലി
പാപത്തിനു മുൻപായ് ദാവീദ്
പാപത്തിനുശേഷം ചൊന്നാൻ;
നാഥാ കൃപചെയ്യണമെന്നായ്
    തിന്മകൾ തൻപ്രതികൃതിയരുതേ
      സ്തോ-ത്രം തേ സ-കലേശാ.

5. നിനുവായർ പൈതങ്ങളവർ
ചോദിക്കുകയായ് താതരൊടായ്
'എബ്രായൻ' ഘോഷിച്ചതുപോൽ
മൃതിനാമെപ്പോൾ പൂകീടും ?
    തിന്മകൾ തൻപ്രതികൃതിയരുതേ
      സ്തോ-ത്രം തേ സകലേ-ശാ. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

6. ഏകത്വം ത്രിത്വവുമാകും
പിതൃസുത പരിശുദ്ധാത്മാവാം
ത്രിത്വൈകൻ സത്യമതായൊരു
ദൈവത്തിന്നായ് സ്തുതി നിത്യം
സ്തുതിയങ്ങേക്കെന്നെന്നേക്കും
ഞങ്ങൾമേൽ കൃപചെയ്യേണം.

കുറിയേ... കുറിയേ... കുറിയേ...

www.malankaralibrary.com

## ഒന്നാം കൗമാ
## എക്ബോ
(പറുദൈസോ)

ദാവീദിൻ സുതയേ! രഹസ്യംപേടകമുൾ
നിൻ സുന്ദരചിത്രം നിബിയർ എഴുതിയിതാ
ലിഖിതങ്ങളിൽ വച്ചൂ, ചിന്തിക്കുന്നോർക്കായ്:
പുതിയകുടം നിന്റെ സാദൃശ്യം കാ-ട്ടി
അതിനുൾ സൂക്ഷിക്കും ലവണം നിൻ സുതനാം
നാശമതീന്നുലകം സംരക്ഷിക്കുന്നോൻ.

കുറിയേ... കുറിയേ... കുറിയേ...

ഞങ്ങളുടെ കർത്താവേ...

## പ്രുമിയോൻ, സെദറാ

## കോലോ
(മൊറിയോ മോറാൻ)

1. ഉടയോൻ നാഥാ നിൻ ദൈവത്വമിറങ്ങീട്ടിവർ തൻ
മർത്ത്യശരീരം ഏൽപ്പാൻ വന്നപ്പോൾ
ഗബ്റീയേൽ താൻ
നാഥൻ "ശ്ലോമ്മോ" കൊ-ണ്ടെത്തിയവൻ
മറിയാമിന്റെ ശ്രോത്രേവിതചെയ്തു
'സ്വസ്തീ മറിയാം!
നാഥൻ നിന്നോടുകൂ-ടെ നിന്നിൽ
നിന്നും ലോകത്രാണകനുദയവുമാം,
ഹാലേലുയ്യാ
തൻ രാജത്വത്തി-ന്നൊരുനാളും
അവസാനമെഴാതുള്ളോൻ എന്നേക്കും. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

www.malankaralibrary.com

2. മറിയം ചൊന്നാൾ
മിശിഹായോടവനെ-പ്പെറ്റളവിൽ
സുതനേ! നിന്നെ എങ്ങനെ വിളിചെയ്‌വേൻ?
ശിശുവെന്നാകിൽ
തലമുറകൾക്കും മുൻ-പൻ നീയേ
വൃദ്ധനതെന്നോ? പൈതൽ നീയല്ലോ.
വിളിചെയ്യും ഞാൻ
സൃഷ്ടിയെയെല്ലാം ദ്യോതിപ്പിക്കും
താതൻ തന്റെ രശ്മിയതത്രെ നീ
ഹാലേലുയ്യാ
സ്തുത്യം നിൻ പ്രഭ ഞ-ങ്ങൾ രക്ഷ-
യ്ക്കങ്ങെയയച്ച താതനുമാരാധ്യൻ.
മൊറിയോറാഹേം അലൈൻ ഉത്തോദാറൈൻ.

## മാർ യാക്കോബിന്റെ ബോവൂസോ

എട്ടാം രാഗം

1. വാഴ്ത്തപ്പെട്ടവളായോൾ കന്യേ പ്രാർത്ഥന ചെയ്ക
നാഥൻ ഞങ്ങൾമേൽ കാരുണ്യം ചെയ്തീടാനായ്
2. വരികസമാധാനത്താലേ നവജീവൻ പേറും
പടവേ,സ്വസ്തി! രാജാധീശ നികേതനമാം നീ
3. നീട്ടപ്പെട്ടൊരു ചെങ്കോലുള്ളോരുദ്യാനം നീ
രഹസ്യം സൂക്ഷിച്ചീടും മന്ദിരമേ,തേ സ്വസ്തി!
4. വരിക സമാധാനത്താലേ, സൗന്ദര്യം നിറയും
കന്യകയേ! രാജാളിയെ പോറ്റിയ മാടപ്രാവേ!
5. വൈവാഹിക ബന്ധം കൂടാത്തൊരു വധുവേ സ്വസ്തി
ലോകത്തിൻ തുറമുഖമേ, വിശ്രമ കേന്ദ്രം നീയേ
6. ദൈവാത്മജനേ ഒൻപതുമാസം നിന്നെ വഹിച്ചോൾ
പ്രാർത്ഥനയാലെ ക്രോധത്തിൻ വടികൾ മായ്ക്കണമേ.

www.malankaralibrary.com

## രണ്ടാം കൗമാ

കർത്താവിന്റെ ബഹുമാനം... പേജ് 18

## എക്ബോ

(പർദൈസോ)

ശ്ലീഹന്മാർ കൂട്ടം ദർശിച്ചോൻ ധന്യൻ
മോഹനമാമവർ ശബ്ദം കേട്ടോൻ ധന്യൻ
അവരുടെ തുറമുഖമതിലെത്തിയവൻ ധന്യൻ.
അവരാസ്ഥാനം ദർശിച്ചവനായ് ഭാ-ഗ്യം.
അവർ പേർക്കായ് സ്ഥാപിത മഹിമാസനമവിടെ
ന്യായവിധിക്കണയും വംശങ്ങൾ സകലം.

കുറിയേ...കുറിയേ... കുറിയേ...

ഞങ്ങളുടെ കർത്താവേ...

## പ്രുമിയോൻ, സെദറാ

## കോലോ

(മൊറിയോ മോറാൻ)

എട്ടാം രാഗം

1. ഉടയോൻ നാഥാ
ദീപശിഖാസമമായ് പരിശുദ്ധശ്ലീഹർ ലോകം
തന്നിൽ പുറപ്പെട്ടാ-ർ
ശിഷ്യരതാക്കി
സാത്താൻ തൻ ദാസ്യത്തിൽനിന്നും
പുറജാതികളെ
സത്യമതിൻ മാർഗ്ഗേ
വിശ്വാസമൊടേ
താതസുതാത്മാക്കൾ നാമത്തിൽ സ്നാന-പ്പെട്ടോർ
പാപക്ഷമനേടി. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

www.malankaralibrary.com

2. ഉടയോൻ നാഥാ
ശെമഓൻ കീപ്പാ യോഹന്നാനും ദേവാലയമുൾ
പൂകി പ്രാർത്ഥിപ്പാൻ
ദർശിച്ചവിടെ
തളർവാതം പിടിപെട്ടൊരുവനതാ- ശയ്യാലംബൻ
ശെമഓൻ ചൊന്നേവം:
സ്വർണ്ണംവെള്ളി
ഞങ്ങൾക്കില്ല നൽകീടാനായ്,
എഴുന്നേറ്റേശു നാമത്തിൽ നടക്ക.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർ അപ്രേമിന്റെ ബോവൂസോ

എട്ടാം രാഗം

1. കർത്താവേ കൃപചെയ്യണമേ
ശ്ലീഹന്മാർ തൻ പ്രാർത്ഥനയാൽ.

2. നൽ കുഞ്ഞാടുകൾ പോൽ ശ്ലീഹർ
മാളികയിൽ കൂടി പാർത്തു
രക്ഷകനുടെ വാഗ്ദാനത്തെ
പ്രാപിപ്പാ— നുൽസുകരായി.

3. സഭ ചൊന്നാൾ ശ്ലീഹരോടേവം
എന്നുൾ പൂകി ദ്യുതിയേകി
ബഹുമാനിത രാജാത്മജപോൽ
നിങ്ങളിതാ അണിയിച്ചെന്നെ.

4. കർത്താവേ കൃപ ചെയ്യണമേ
ശ്ലീഹന്മാർ തൻ പ്രാർത്ഥനയാൽ
അവർ പ്രാർത്ഥന യാചനയാലീ
ഞങ്ങൾമേൽ കൃപ ചെയ്യേണം.

www.malankaralibrary.com

## മൂന്നാം കൗമാ

കർത്താവിന്റെ ബഹുമാനം... പേജ് 18

## എക്ബോ

(പർദൈസോ)

യേശു പിതൃസുതനേ ഞങ്ങളെ തുണയ്ക്കണമേ
യേശു മറിയസുതാ, ഞങ്ങളെ കാക്കണമേ
യേശു ബലമേകി; യേശു പാലിക്ക
യേ-ശു ദോ-ഷിയെ ഞങ്ങളിൽ നി-ന്നകറ്റ-ണമേ.
യേശു പരിഹരിക്ക ഋണക-ന്മഷമെല്ലാം
യേശു വിധിദിവസം ദയയിങ്ങേകണമേ.

കുറിയേ...കുറിയേ... കുറിയേ...

ഞങ്ങളുടെ കർത്താവേ...

## പ്രുമിയോൻ, സെദറാ

## കോലോ

(ശോറേ ആസീറെ)

*"ബന്ധിതരെ നാഥൻ മോ-ചിപ്പൂ-ഹാലേലുയ്യാ"*

1. രാവിൽ ശെമഓൻ കാരാഗൃഹമുള്ളിൽ നിന്നും
പുറപ്പെട്ടാൻ; രാവിൽ പൗലോസ് മോചിതനായി
പാപത്തിൻ ശൃംഖലരാവിൽ പൊട്ടി-ച്ചീ-ടണമി-വരിന്നും.
ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

2. രാവിൽ മരുഭൂവിലുദിച്ചു യാക്കോബിന്നായ്
പ്രഭയിൻ താരം; അ-ഗ്നിത്തൂൺ—ഇസറേല്ല്യർക്കും
രാവിൽ നിൻപ്രഭ ആരാധക ഹൃത്തിൽ ശോ-ഭിപ്പി-ക്കേണം.

മൊറിയോറാഹേം അലൈൻ ഉഅ്ദാറൈൻ.

www.malankaralibrary.com

## മാർ ബാലായിയുടെ ബോവൂസോ

ഒന്നാം രാഗം

1. ദുഷ്ടന്മാരിൽ കാരുണ്യം പൂണ്ടോനേ
   കാരുണ്യം ചെയ്നിൻ ന്യായതീർപ്പിൻനാൾ
2. ദുഃഖം പൂണ്ടോർ നിൻവാതിൽ മുട്ടുന്നു
   കാരുണ്യത്താൽ നൽകേണം യാചനയെ.
3. സ്വർഗ്ഗസ്ഥൻ താതാ, പ്രാർത്ഥിക്കുന്നെങ്ങൾ
   കൈക്കൊണ്ടിക്കർമ്മം കാരുണ്യംചെയ്ക.
4. വിണ്ണവർ തൻനാഥാ മൺമയരാശയുമേ
   കൈക്കൊണ്ടിക്കർമ്മം കാരുണ്യം ചെയ്ക.

## നാലാം കൗമാ

ഹാലേലുയ്യാ, ഹാലേലുയ്യാ, ഹാലേലുയ്യാ... പേജ് 25
ത്രിത്വത്തിനു സ്തുതി, ത്രിത്വത്തിനു സ്തുതി,... പേജ് 33
നയവാൻ പനപോലെ...
ഒരുപോലിങ്ങും...
പ്രാർത്ഥനയിൻ സമയമിതല്ലോ...
മൊറിയോ റാഹേം അലൈൻ...

## മാർ യാക്കോബിന്റെ ബോവൂസോ

1. മേൽപ്പ-ട്ടക്കാർ താത-ന്മാരേ പ്രാർത്ഥന ചെയ്തീടണമേ
   നാഥൻ ഞങ്ങളുടെമേൽ കൃപ ചെയ്തീടാൻ
2. മേൽപ്പട്ടക്കാർ ശെമഓൻ തന്റെ വാക്കുകളാലേ
   വിശ്വാസം ഭിന്നതകൂടാതെ പഠിപ്പിച്ചല്ലോ
3. ഗുരുജനപാദം പിൻ ചെന്നവരോശ്ലീഹന്മാർ തൻ
   വഴിയിൽ കാലിടറാതെ ചരിച്ചാർ സംശയമെന്യേ

www.malankaralibrary.com

4. നാനാഭാഗേ നിന്നും ഹാ! ഞാൻ പീഡിതയല്ലോ
   ദൈവാത്മജനുടെ ശ്ലീഹന്മാരേ പ്രാർത്ഥനയാൽ
5. തുണചെയ്‌വീൻ പ്രേഷിതനാം ദൈവസുതൻ താതൻ
   സന്നിധി പൂകിയ നേരമജയ്യം ദുർഗ്ഗമതായിട്ടല്ലോ
6. നിങ്ങളെ നൽകി വിശ്വാസത്തൊടു നിങ്ങൾ പ്രാർത്ഥന-
   യാശ്രയമായവരീന്നും നാഥൻ ക്രോധം മായ്ച്ചീ-ടും.

## മാലാഖമാരുടെ സ്തുതി

അത്യുന്നതങ്ങളിൽ സ്വർഗീയ മാലാഖമാരും... പേജ് 34

## മോറാനേശുമിശിഹാ

❖

www.malankaralibrary.com

# വ്യാഴം - പ്രഭാതം

## കൗമാ, പ്രാരംഭ പ്രാർത്ഥന

## സങ്കീർത്തനങ്ങൾ 51, 63 (പേജ് 36, 39)

## എനിയോനോ

(ല്വോസോക്-മ്ക്കാദേമ്നോ)

1. സവിധേ-വന്നിപ്പോൾ
പിഴമോചനമർത്ഥിക്കുന്നേൻ
കാരു-ണ്യേ-ശാ, നീ എന്റെ
ഭോഷത്വങ്ങൾ പോക്കണമേ
പാപിയിവന്മേൽ കൃപയുണ്ടാ-കേ-ണം.

2. എൻ പാപഗണങ്ങൾ
തീർത്തൊരു വൻ പാപക്കടലിൽ
താഴു-ന്നയ്യോ: സകലേശാ
കൃപയാലെന്നെയേറ്റണമേ
പാപിയിവന്മേൽ കൃപയുണ്ടാ-കേ-ണം.

3. ഒരു താ-ലന്തു ലഭി-
ച്ചതു വ്യാപാരം ചെയ്യാതെ
അലസ-തപൂ-ണ്ട, ഭൃത്യൻപോൽ
ആയോരെന്നെ തള്ളരുതേ
പാപിയിവന്മേൽ കൃപയുണ്ടാ-കേ-ണം.

4. ചുങ്ക-ക്കാരൻപോൽ
ചോരൻ പാപിനിയിവരൊപ്പം
വിളിചെ-യ്യുന്നേൻ, ദേവേശാ

www.malankaralibrary.com

പിഴമായിച്ചുത്തരമരുൾക,
പാപിയിവന്മേൽ കൃപയുണ്ടാ-കേ-ണം.

5. പിഴകൾ-പെരുകിയിതാ
ശിരസ്സിൻ മീതെ ഒഴുകുന്നു
കാരു-ണ്യേ-ശാ, നിൻ കൃപയാൽ
പാപമശേഷം മായ്ക്കണമേ
പാപിയിവന്മേൽ കൃപയുണ്ടാ-കേ-ണം.

6. സൃഷ്ടി-കളഖിലം നിൻ
മഹിമയെ ആരാധിക്കുന്നു
കരുണാ-വാ-തിൽ, മുട്ടുന്നു
ഉത്തരമരുളണമെ കൃപയാൽ
പാപിയിവന്മേൽ കൃപയുണ്ടാ-കേ-ണം. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

7. വാനവ-ഗണമനിശം
നിന്നെ സ്തുതി ചെയ്തീടുന്നു
പാടീ-ടുന്നു, നിൻ സ്തുതികൾ
അവരോടൊത്തിവരും, നാഥാ
പാപിയിവന്മേൽ കൃപയുണ്ടാ-കേ-ണം. ആമ്മീൻ

## സങ്കീർത്തനം 113:1-9

പ്രകാശത്തിന്റെ സ്രഷ്ടാവിനു സ്തുതി... പേജ് 40

## എക്ബോ

(ആലോഹോ ആദാറൈൻ)

ദേവാ നീ-തുണ ചെയ്ക
എൻ പാപ-ച്ചുഴികളിൽ ഞാൻ
താണു വല-ഞ്ഞീടുന്നു

www.malankaralibrary.com

പാപസമു-ദ്രത്തിൽ
മുങ്ങിപ്പോകായ്‌വാൻ:
ശാന്തിയെഴും-തുറമുഖമാ-ക-ണമേ
അനുതാപത്തിന്നായ് ഞാൻ പാർക്കുന്നു
ശെമഓന്നതുപോൽ-നിൻ-കൈ
നീട്ടിത്ത-ന്നെന്മേൽ കൃപചെ-യ്ക.

സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## പ്രുമിയോൻ, സെദറാ

### കോലോ I

(ബ്തറഒക് മോറാൻ)

*'അവർ പ്രാർത്ഥന കോട്ടയിവർക്കായ്'*

1. ആദിമ സിദ്ധർ ശുദ്ധിയെഴും ധൂപമണച്ചു
തവ കരുണയതിന്നായ്
ഫിനഹാസിൻ പ്രാർത്ഥന നീക്കി മൃതിയെ, അഹറോൻ
ധൂപത്താൽ രമ്യമതാക്കി
ഈശൻ തന്നോ-ടിസ്രായേൽക്കാരെ.

ബാറെക്മോർ. ശുബ്ഹോ... മെൻഓലം...

2. ആംഗ്യത്താൽ സൃഷ്ടിയെയഖിലം പാലിപ്പവനേ
ഉഷസ്സുകളിൽ സ്തുതിതേ!
ഭൂവാനം പോരാ നിന്നെ ഉൾക്കൊണ്ടിടുവാൻ
ശുദ്ധർ ഹൃദയം മതിയാകും;
നിന്നെ നിത്യം-വന്ദിപ്പോൻ ധന്യൻ.

(ദൈവമാതാവ്)

3. സുന്ദരസുതനാം ശ്ലേമ്മോനേ ചൊല്ലുക വെളിവായ്,
മുദ്രിതമായ് ചുറ്റും

www.malankaralibrary.com

കെട്ടിയടയ്ക്കപ്പെട്ടതുപോൽ നീ പാടിയതാം
ഉദ്യാനമതേദൻ തോട്ടം
നിർമ്മിച്ചവനെ പ്രസവിച്ചോൾ മറിയാം.

4. 'നന്മനിറഞ്ഞവളേ, സ്വസ്തി' ഈറേ ദൂതൻ
കന്യകയോടോതി
എൻ നാഥൻ നിന്നോടുകൂടെ, തൻ രാജത്വം
ഒരു നാളും തീരാത്തരചൻ
നിന്നിൽനിന്നും-അവതാരം ചെയ്യും.

(പരിശുദ്ധന്മാർ)

5. താതൻ തൻ മുന്തിരിത്തോപ്പിൽ പണിചെയ്‌വാനായ്
രാവിലെ രാജസുതൻ
നിബിയരെയും ശ്ലീഹന്മാരെയുമവസാനത്തിൽ
കള്ളനെയും വിളി ചെയ്തവനെ
താക്കോൽ നൽകി-ഏദൻ പൂകിച്ചാൻ.

6. പരിശുദ്ധന്മാരേ ഭാഗ്യം നാഥൻ ചൊന്നാൻ
ലൗകികാശകളെ
ദ്വേഷിച്ചവർ നിങ്ങൾ പേർക്കായുണ്ടുയരത്തിൽ
മണവറയും തോട്ടവുമതുപോൽ
സിംഹാസനവും പ്രതിഫലമായ് സ്വർഗ്ഗേ.

(പ്രഭാതം)

7. ഉഷഃകാലേ മെദിയാൻകാരാം വണിഗീശന്മാർ
ബാലക യൗസേപ്പെ,
കൂപത്തീന്നു കരേറ്റിട്ടവനുടെ വില നൽകി
മെസ്രേൻ നാട്ടിൽ നയിച്ചവനെ
ഈശൻ കൃപയാൽ-വലിയവനായ്ത്തീരാൻ.

(അനുതാപം)

8. നാഥാ നിൻ കതകിൽ മുട്ടി കൃപ യാചിക്കും

www.malankaralibrary.com

പഴകിയ പാപിയിവൻ;
നിന്നുടെ വഴിയിൽനിന്നും ഞാൻ തെറ്റിപ്പോയി
തെറ്റുകളേറ്റു പറഞ്ഞിനിമേൽ
ജീവിപ്പാനായ്-നിൻ കൃപയേകണമേ.

9. പിതൃസുത പരിശുദ്ധാത്മാവേ നീ അഭയമിവർ-
ക്കുന്നതദുർഗ്ഗമതും;
ശിഷ്ടരെ ദുഷ്ടരിൽനിന്നും നീ വേറാക്കുമ്പോൾ
സാത്താൻ സൈന്യമതീന്നിവരെ
കൃപയിൻ ചിറകാൽ സംരക്ഷിക്കണമേ.

(പരേതർ)

10. നിൻസഭയെ മേയിച്ചവരാമജപാലർക്കും
നിബിയർ ശ്ലീഹർക്കും
സഹദേന്മാർ, കാദീശന്മാർ, ആചാര്യന്മാർ
സഭയിൻ മക്കളിവർക്കെല്ലാം
നാഥാ നിത്യം-സ്മരണയതേകണമേ.

മൊറിയോറാഹേം അലൈൻഉആദാറൈൻ.

## എത്രോ

### കോലോ II

(മോറാനേശുമ്ശിഹോ ബ്സപ്രൊഹ്സാവൂയ് തൽമീദേ)

*"മോറാനേശുമ്ശീഹാ"*

1. പുലർകാലേ കണ്ടാർ ശിഷ്യർ
ആഴിപ്പുറമതിലുടയവനെ
നിദ്രാരഹിതൻ ഉണർവ്വുള്ളോൻ
പടവിൽ-ഉഷഃകാലമുറങ്ങി
'പ്രതിഫലമേന്തിടുവാൻ വരുവീൻ'
എന്നരുളും-താൻ പുലർകാലെ. ബാറെക്മോർ

www.malankaralibrary.com

ശുബ്ഹോ... മെൻഓാലം...

2. ഉഷസ്സിങ്കൽ സ്തുതി പാടുന്നു
പള്ളികൾ ദയറാകളുമൊന്നായ്
പക്ഷിമൃഗാദികളുദയത്തിൽ
പരനെ-സ്തുതിചെയ്തീടുന്നു
കടലും ദ്വീപുകളും അവയുൾ
പാർപ്പവരും വന്ദിക്കുന്നു.

(ദൈവമാതാവ്)

3. ധരയെ നനപ്പാൻ മുകിലുകളെ
നിയമിച്ചാക്കിയ സകലേശൻ
കന്യക മറിയാം മാർവ്വീന്നും
സ്തന്യം-നുകരുന്നത്ഭുതമേ!
അവൾ തന്നുടയവനെ പേറി
താലോലിച്ചീടുന്നേറ്റം.

4. തലമുറ പൂർവ്വികനാം ശിശുവെ
താരാട്ടാലെ ഉറക്കുന്നു
യൂഹാനോൻ എതിരേറ്റവനോ
ശിശുപോൽ-നീന്തി നടക്കുന്നു
വൃദ്ധരിൽ വൃദ്ധനെയാമറിയാം
കൈകളിലേറ്റി ഘോഷിപ്പൂ.

(പരിശുദ്ധന്മാർ)

5. നിൻ ശരണേ മൃതിയേറ്റവരാം
നിബിയർ, ശ്ലീഹർ, സഹദേന്മാർ
ശുദ്ധപിതാക്കൾ, മല്പാന്മാർ
ഇവർതൻ-പ്രാർത്ഥനയാൽ നാഥാ,
സൃഷ്ടിയതിൻ ഭാഗങ്ങളിൽ നിൻ
ശാന്തി നിരപ്പുകൾ വാഴണമേ.

6. രണഭൂമിയിൽ നിങ്ങളിറങ്ങി

www.malankaralibrary.com

സഹദേന്മാരേ! സ്വയമല്ല,
നാഥൻ നിങ്ങളൊടൊത്തുണ്ടായ്
മനസ്സി-നു ബലമേകി, സ്നേഹം
കറയില്ലാതായ് കണ്ടതിനാൽ
ഓർമ്മയെ ശ്രേഷ്ഠവുമാക്കിയവൻ.

(ഒരു വിശുദ്ധൻ)

7. വേഗതയേറും ചിറകുകളെ
നേടിയിതാബ്ബൂൻ (മാർത്തോമ്മാ)
ചിറകാൽ ഉന്നതപദമേറി
പ്രതിഫ-ലമേന്തീടാൻ സ്വർഗ്ഗേ
നിന്നെജമാനനെയെതിരേല്പാൻ
പോയ് നീ ജീവിത ശുദ്ധിയതാൽ.

(പ്രഭാതം)

8. ഈശനൊടർത്ഥിച്ചുഷസ്സിങ്കൽ
പുണ്യാത്മകയാം ശ്മൂനിയിദം:
ദേവാ, നിർദ്ദയനന്ത്യോക്കസ്
നൃപനീ-ന്നെന്നെ രക്ഷിക്ക
സിംഹസമം കൊന്നെൻ സുതരെ
നില്പു ചീന്തിടുവാനിവളെ.

(അനുതാപം)

9. കാരുണ്യാലയനാം ദേവാ,
നിൻ കാരുണ്യമയയ്ക്കിവർമേൽ
കെണികൾ വയ്ക്കും ദുഷ്ടനെ നീ
മായി-ച്ചീടണമിവരീന്നും
നിൻ സ്ലീബാ ഞങ്ങൾക്കെന്നും
കാവലു മഭയവുമാകണമേ.

10. പാപം ഞങ്ങൾ ചെയ്തതിനാൽ
ലോകത്തെ ശിക്ഷിക്കരുതേ
നിബിയർ ശ്ലീഹർ സഹദേന്മാർ

www.malankaralibrary.com

ഇവർമൂ-ലം നിന്നാടുകൾ മേൽ
പിതൃതുല്യൻ ദൈവാത്മജനേ,
കാരുണ്യം ചെയ്തീടണമേ.

(പരേതർ)

11. രക്ഷകനേ നിൻ തനുരുധിരം
ഭക്ഷിച്ചങ്ങേ പീഡകളെ
ഏറ്റുപറഞ്ഞവരേവരെയും
ഓർത്തീ-ടണമേ ബലിപീഠോ
ജീവിപ്പോർ കാവൽ സ്ലീബാ
മൃതരെ പുണ്യവുമാക്കണമേ.

## കുക്കിലിയോൻ

ഒന്നാം രാഗം

(ല്വോസൊക് മൊറിയോ നഫ്ശ് ആറീമേസ്)

എന്നാത്മാവിനെ നിങ്കൽ ഉയർത്തുന്നേൻ നാഥാ ഹാ-ഹാ
നീയെൻ ശരണം ലജ്ജി-ക്കരുതേ ഞാൻ.

ദോഷികൾ ലജ്ജിക്കും വ്യർത്ഥതയിൽ ഹാ-ഹാ-
നാഥാ നിൻ പാതകളെന്നെ കാട്ടിടുക. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

## എക്ബോ

(സോഗെദ് ലോക് മൊറിയോ നുഹറോ)

പ്രഭ നിന്നെ വ-ന്ദിക്കുന്നു
വാനവ നിരകൾ-പുകഴ്ത്തുന്നു
നിൻ പ്രഭയേറും ഉഷസ്സിങ്കൽ
സൃഷ്ടികൾ നിന്നെ നമി-ക്കുന്നു.
സ്തൗമെൻകാലോസ് കുറിയേലായിസോൻ.

www.malankaralibrary.com

## കോലോ

(ബ്സപ്രോ ഏത്തയീർ മെൻ ശെൻതേ യാക്കൂബ്)

1. നിദ്രയിൽ നിന്നുമുണർ-
ന്നുഷസ്സിങ്കൽ-യാ-ക്കോബ്
ഭൂമിയതിൽ നിന്നും
വാനോ-ളമുയർന്നൊരു ശ്രേണി
ഈറേ-മാലാഖമാരും
കയറിയിറങ്ങുമൊരത്ഭുതമാം-ദൃശ്യം
കണ്ടത്-ഭുതവാനായ്. ബാറെക്മോർ.

ശുബ്ഹോ...

2. ഉഷസ്സിങ്കൽ ശെമഓൻ
കീപ്പാ ചൊന്നാൻ
"നാഥാ കല്പിക്ക
ഞാൻ നിൻ-പക്കലണഞ്ഞീടാൻ"
"വരു നീ-ഭയമെന്യേ" നാഥൻ
അരുളിയിതെൻ വിശ്വാ-സി
ജയി-ച്ചീടും കരയും, വൻ കടലും.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർ യാക്കോബിന്റെ ബോവൂസോ

(പ്താഹ്ലാൻ മോറാൻ തറഓക്)

ഒന്നാം രാഗം

1. നാഥാ-നിന്നുടെ ആർ-ദ്രതയേറും വാതിൽ തുറന്നീ
യാചന കേട്ടിവരാ-ത്മാക്കൾ മേൽ കൃപ ചൊരിയേണം.

2. ഉള്ള-റയതിലെര-ഹസ്യാർത്ഥനയിൽ നാഥൻ പ്രീതൻ
ശബ്ദ-ത്താലല്ലാ-ർന്നതു ഭാഗ്യം നീതിഷ്ഠന്മാർ

www.malankaralibrary.com

3. സൗമ്യൻ-മോശ പ്രാ-ർത്ഥനയാലെ ഭാഗിച്ചാഴിയെ
ജനമ-തു തരണം ചെയ്-തു ദുഷ്ടൻ ഫറവോൻ മുങ്ങി.

4. ദാവീ-ദിൻ പ്രാർത്ഥ-ന കേട്ടീശ-ന്നാർദ്രത തോന്നി
പാപം-മോചിച്ചേകി-വീണ്ടും പ്രവചന ശക്തി.

5. ചൂള-യ്ക്കുള്ളിൽ ഹാ-നനിയന്മാർ പ്രാർത്ഥിച്ചപ്പോൾ
തീക്കു-ണ്ഢത്തീന്ന-വരെ ദൈവം സംരക്ഷിച്ചു.

6. മൃതി ന്യാ-യാസന നരകങ്ങളതാം സത്യമിവകൾ മൂന്നും
നാഥാ, ഭീ-യേറ്റീടു-ന്നെന്നുള്ള-ത്തിൽ.

## അപേക്ഷ

കർത്താവേ, നിന്നെ സ്തോത്രം ചെയ്യുന്നതും... പേജ് 41

## കൗമാ
## വിശ്വാസപ്രമാണം

❖

www.malankaralibrary.com

# വ്യാഴം - മൂന്നാംമണി

## കൗമാ

## കോലോ

(മൊറിയോ മോറാൻ)

ഒന്നാം രാഗം

1. ഉടയോൻ നാഥാ
നിൻ റൂഹാ-യും സ-ന്നിധിയും വിട്ടെങ്ങോട്ടായ്
ഓടിപ്പോകും ഞാൻ
ഉയരേറീടിൽ
നിത്യൻ നീ മരുവും തത്ര, പാതാളത്തിൽ
നിന്നധികാരവുമാം
കനിവായെന്നെ
നിർത്തണമേ നിൻ വലഭാഗേ, അതിനർഹനതായ്
പാരിതിലില്ലാരും. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

2. പാപമതിന്റെ
ദാസനതായ് പണി ചെയ്തോരീ
കുറ്റക്കാരൻ
മരണവുമോർത്തില്ലേൻ
തവ കല്പനകൾ
തള്ളിയവയ്ക്കെതിരായ് നിന്നേൻ, വ്യർത്ഥാശകളെ
നിയമവുമാക്കി ഞാൻ,
കൃപയിൻ വസ്ത്രം
പുണ്യമതിൻ മഹിമാ വസനം ഇവ നഷ്ടമതായ്
തീർന്നൊരു നഗ്നൻ ഞാൻ.
നിൻ ഹാശായാൽ

www.malankaralibrary.com

മൃതിയാലും കൃപചെയ്യണമേ
നാഥാ, നരകേ
നിന്നും രക്ഷിക്ക.

മൊറിയോറാഹേം അലൈൻ ഉത്താദാറൈൻ.

## മാർ യാക്കോബിന്റെ ബോവൂസോ

ഒന്നാം രാഗം

1. ഉടയോൻ, നാഥാ വിളിക്കുന്നടിയാർ തുണയ്ക്കായ് വന്നീ
യാചന കേട്ടിവരാത്മാക്കൾ മേൽ കൃപ ചൊരിയണമേ

2. നാഥാ, കരുണയതെന്മേൽ വരുവാൻ വാഞ്ഛിക്കുന്നു
മോചന-മതിനായ് യാചിച്ചീടാൻ നൽകുക കണ്ണീർ.

3. നിന്നാർദ്രതയതിനായ് ദാഹിപ്പേൻ കൃപയില്ലാതിനിയൊട്ടും
ജീവിപ്പാൻ സാധ്യമത-ല്ലെന്നറിയുന്നേൻ സമയം.

4. പോയീടുന്നു, ഞാനോ വ്യർത്ഥമതായ് പണിചെയ്‌വേൻ
ജീവനതിന്നന്ത്യമതിൽ നിന്നുടെ താവാൻ കൃപചെയ്.

5. വ്യാജാധിപനെൻതനുവിൽ ശരമേറ്റുകയാൽ വ്രണിതൻ
ബലവാനങ്ങൗഷധമി ങ്ങേകീടണമേ. കൃപയാൽ,

6. ഉത്തരമരുളീടണമേ കൃപചെയ്യണമേ, നാഥാ,
മാനുഷരെയനുതാപ-ത്തിനുപ്രേരി-പ്പി-ക്ക.

## കൗമാ

## വിശ്വാസപ്രമാണം

❖

www.malankaralibrary.com

# വ്യാഴം - ആറാം മണി

## കൗമാ

## കോലോ

(ബ്സപ്രോഹ്സാവൂയ്തൽ മീദേ)

1. നാനാഭാഗങ്ങളിലും ന-
ല്ലോർമ്മയതുണ്ടായീടട്ടെ
ദൈവസുതൻ തിരുമാതാവാം
കന്യാ-മറിയാമ്മിനെന്നും
ഓർമ്മയെ ശ്രേഷ്ഠവുമാക്കി സുതൻ
അവൾ പ്രാർത്ഥന കോട്ടയിവർക്കായ്. ബാറെക്മോർ

ശുബ്ഹോ... മെൻഓലം....

2. നിൻ ശരണേ മൃതിയേറ്റവരാം
നിബിയർ ശ്ലീഹർ സഹദേന്മാർ
ശുദ്ധപിതാക്കൾ മല്പാന്മാർ
ഇവർതൻ-പ്രാർത്ഥനയാൽ നാഥാ
സൃ-ഷ്ടിയതിൽ ഭാഗങ്ങളിൽ നിൻ
ശാന്തി നിരപ്പുകൾ വാഴണമേ.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർബാലായിയുടെ ബോവൂസോ

മാതാ കാദീശന്മാർ തൻ... പേജ് 43

## കൗമാ

## വിശ്വാസപ്രമാണം

❖

www.malankaralibrary.com

# വ്യാഴം - ഒൻപതാംമണി

## കൗമാ

## കോലോ

(ബാറുബ്തൊ ബ്റീശീസ്)

1. പുത്രൻ കല്പനകൾ
കാത്തേറ്റു പറഞ്ഞോർ വാങ്ങി-
പ്പോയ മൃതർ രണ്ടാം വരവിങ്കൽ
മോക്ഷം ജീവനെയും അവകാശിച്ചീടും
ഹാ-ഹാ-സന്തോഷിക്കുമവർ. ബാറെക്മോർ.
ശുബ്ഹോ... മെൻഓലം...

2. ദൈവസുതൻ തന്റെ
ആഗമനം മിന്നൽ തുല്യം
കബറു പൊളി-ഞ്ഞീടും മൃതരായോർ
എഴുന്നേറ്റുത്ഥാനം
നൽകിയ നാഥന്നായ്
ഹാ-ഹാ-സ്തുതികൾ പാടീടും.
മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർ ബാലായിയുടെ ബോവൂസോ

കരുണനിറഞ്ഞവനേ... പേജ് 44

## കൗമാ

## വിശ്വാസപ്രമാണം

❖

www.malankaralibrary.com

# വെള്ളി - സന്ധ്യ

## കൗമാ, പ്രാരംഭ പ്രാർത്ഥന

## സങ്കീർത്തനങ്ങൾ 141, 142, 119, 117

കർത്താവേ, നിന്നെ ഞാൻ വിളിച്ചു... പേജ് 6

## എക്ബോ

(ഹാവ്ദത ഈൻകൂൽ ബെറിയോസോ)

സൃഷ്ടിയെയഖിലം താങ്ങുന്നോൻ
സ്ളീബായിൻ മാ-മരമേന്തി
ജീവിപ്പോൻ ജീവ പ്രദനും
സ്വേഛയാ മരണം രുചിനോക്കി
        അതിരില്ലാത്തോൻ അഖിലാണ്ഡം
        നിറയുന്നോൻ കബറുൾ പൂകി
ലോക പരാക്രമിയായോനും
മൃതരിടയിൽ വിശ്രമമാ-ർന്നു.
സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## പ്രുമിയോൻ, സെദറാ

## കോലോ

(സ്ളൂസേക്ക് ശൂറോ തെഹവേലാൻ)

*'നിൻ പ്രാർത്ഥന കോട്ടയിവർക്കായ്'*

1. എല്ലാ-വംശങ്ങളിൽ നിന്നുമെടുക്കപ്പെട്ടവളാം
   ദൈവജനനീ മറിയാമേ,
   കന്യേ! ഇ-വർമേൽ നിൻ പ്രാർത്ഥന-യാൽ
   കൃപചെയ്തീടാൻ
   ഏകാത്മജനോടർത്ഥിക്ക. ബാറെക്മോർ.

www.malankaralibrary.com

ശുബ്ഹോ... മെൻഓലം...

2. സ്തുത്യം ത്രിത്വം താതനുസ്തുതിയും വന്ദനസുതനും
സ്തോത്രമതാത്മനുമുണ്ടാക
ആളുകൾ, മൂവർ പേരുകൾ മൂന്നായ് ഏകൻ സത്യ-
ദൈവത്തിനു സ്തുതിയാകട്ടെ.

(ദൈവമാതാവ്)

3. മറിയാ-മോ-തി: ഭാഗ്യമെനിക്കായ് ഭൂപാലകരും
കൂപ്പും നൃപനെ പ്രസവിച്ചേൻ
ദിശകളതിർത്തികളും ആംഗ്യത്താൽ നയിക്കുന്നവനെ
വളർത്തുന്നവളായ് തീർന്നു ഞാൻ.

4. ഭാഗ്യ-വതിയാം കന്യകമറിയാം തന്നോർമ്മയതിൽ
സൃഷ്ടികളഖിലം മോദിപ്പൂ.
അവളുടെ ദിവസം ബഹുമാനിച്ചുന്നതമാക്കിയവ-
ന്നായി സ്തോത്രം പാടുന്നു.

(പരിശുദ്ധന്മാർ)

5. ഭാഗ്യം നിബിയർ ശ്ലീഹന്മാർക്കും സഹദേ-ന്മാർക്കും
ഉയിർപ്പിൻ വൻ ദിനമതിലല്ലോ
താതാത്മജരെ ദർശിച്ചീടും മുടികൾ മുടയും
റൂഹായേയും കേൾക്കുമവർ.

6. സഹദേ-ന്മാ-രേവം പറയുന്നു പീഡകരോടായ്
ഭയമില്ലഗ്നിയെ വാളിനെയും
ജഡമിതു ചാ-കും ആത്മാവെന്നും ജീവിച്ചീടും
സ്തോത്രം സ്തുതി ഇവ പാടീടും.

(അനുതാപം)

7. മൂല്യതയേറും സ്വർണ്ണം രത്നം ഇവയിലുമധികം
നിന്നെ സ്നേഹിച്ചോൻ ധന്യൻ

www.malankaralibrary.com

പൂജ്യനിഹത്തിൽ നിത്യമതായൊരു ജീവൻ താനും
അവകാശിക്കും പരലോ-കേ.

8. പോ-വുക സ്ത്രീ-നിൻ ഋണപാപങ്ങൾ മോചിക്കുന്നേൻ
നാഥൻ പാപിനിയോടോതി
പ്രാ-സംഗികരോടൊന്നായ് നീയും സുവിശേഷത്തിൽ
എഴുതപ്പെടുമതു സത്യമഹോ.

(പരേതർ)

9. ശാശ്വത രാ-ജ്യേ നാഥാ നിന്നുടെ ദാസ-ന്മാർക്കായ്
ആശ്വാസം നല്കീടണമേ
സ്വർഗ്ഗീയോർശ്ലേം തന്നിൽ ജീവൽ ഗ്രന്ഥത്തിന്നുൾ
അവർ നാമങ്ങൾ ചേർക്കണമേ.

മൊറിയോറാഹേം അലൈൻ ഉത്താദാറൈൻ.

## കോലോ II

(ഗ്ബൽത്തോൻ സൊമ്ത് ആലായ് ഈദോക്ക്)

*'എന്നെ മനഞ്ഞെൻമേൽവച്ചു നിൻകൈ'*

1. ആറാം ദിവസമതിൽ
ആദിയിലാദാമെ പൂഴി-യിൽ നിന്നു മനഞ്ഞവനാത്മാവേകി
വാചാലതനൽകി സ്രഷ്ടാവിനെയേ-വം
ഹാ-ഹാ-സ്തോത്രം പാടീടാൻ. ബാറെക്മോർ
ശുബ്ഹോ... മെൻഓലം...

2. ഉയരേന്നാഗതനായ്
സ്ലീബായാൽ രക്ഷിച്ചവനാ-യ് സ്തുതി, നമ്മെ-
ശാപത്തിൽനിന്നും
നേടിയ സ്ലീബായെ നമിപ്പാൻ ചൊന്ന-വനെ
ഹാ-ഹാ-ആരാധിച്ചീടാം.

(ദൈവമാതാവ്)

3. നീതിഷ്ഠർ പുത്രീ
ദൈവ ജനനീ തേ ഭാഗ്യം, കൃപയാലെ ദൈവത്തെ ഗർഭേ

www.malankaralibrary.com

പേറി നിന്നോർമ്മ വാനം ഭൂവി-വയിൽ
ഹാ-ഹാ-താൻ ശ്രേഷ്ഠമതാക്കി.

4. മറിയം ഏലിശുബാ
ഇവർ രണ്ടത്ഭുതമാം പടവുകളാണല്ലോ മുന്നോടിയെ ഒരുവൾ
രക്ഷകനെ മറ്റവൾ പ്രസവിച്ചവർ പ്രാ-ർത്ഥന
ഹാ-ഹാ-തുണയായീടട്ടെ.

(പരിശുദ്ധന്മാർ)

5. ഭാഗ്യം നിബിയർക്കും
ഭാഗ്യം ശ്ലീഹർക്കും ഭാഗ്യം സഹദേർക്കും നാഥൻ തൻ വഴിയിൽ
ശുദ്ധികളായോർക്കും തൻകല്പന നി-ത്യം
ഹാ-ഹാ-പാലിക്കുന്നോർക്കും.

6. കരുണയപേക്ഷിക്ക-
പാപികൾ വംശത്തിന്നായ് സ-ഹദേന്മാരേ! കാക്കപ്പെടണമിവർ
സാത്താൻ ലജ്ജിക്കും തോല്ക്കുമ-വൻ സൈ-ന്യം
ഹാ-ഹാ-നിങ്ങൾ പ്രാർത്ഥനയാൽ.

(ഒരു വിശുദ്ധൻ)

7. ആബൂൻ (മാർത്തോമ്മാ)
നിൻ സ്മരണയിതിങ്കൽ സൃഷ്ടികൾ
മോദിപ്പൂ; നിന്നെ ശ്രേഷ്ഠനുമായ്
തീർത്തൊരു മിശിഹാ തൻ സ്തുതി പാ-ടീടു-ന്നു,
ഹാ-ഹാ-നിൻ പ്രാർ-ത്ഥന തുണയാം.

(വെള്ളിയാഴ്ച)

8. ആറാം ദിവസമതിൽ
ഉടയോൻ സ്ക്കീപ്പായിൽ കൈകൾ

www.malankaralibrary.com

ചേർത്തല്ലോ; ആദാമിനുപകരം
മരണം രുചിനോക്കി അവനെ അവകാ-ശേ
ഹാ-ഹാ-തിരികെ-യയച്ചല്ലോ.

(അനുതാപം)

9. വാഗ്ദാനം ചെയ്തേൻ
അനുദിനമനുതാപത്തിന്നാ-യ്
ദിവസങ്ങൾ, പലതുകഴിഞ്ഞല്ലോ
നില്ക്കുന്നെൻ കടമോ, കൃപചെയ്തീടണമേ
ഹാ-ഹാ-കൃപയാൽ ജീവിപ്പേൻ.

10. നാഥാ തവകരുണാ
ദാനങ്ങൾ വിതറീടണമേ, രാജാക്കൾ-ക്കേകു സമാധാനം
സഭകൾക്കു നിരപ്പും ആചാര്യർക്കൈക്യം
ഹാ-ഹാ-ഞങ്ങൾക്കു മോചനവും.

(പരേതർ)

11. പുത്രൻ കല്പനകൾ
കാത്തേറ്റു പറഞ്ഞോർ വാങ്ങിപ്പോയ മൃതർ,
രണ്ടാംവരവിങ്കൽ
മോക്ഷം ജീവനെയും അവകാശിച്ചീ-ടും
ഹാ-ഹാ-സന്തോ-ഷിക്കുമവർ.

## കുക്കിലിയോൻ

(മേത്തുലോസോക്ക് എസ്ക്കാത്തൽ)

നിന്നെ പ്രതിനിത്യം കൊല ചെയ്യപ്പെടുവോർ
ഹാ-ഹാ-ബലിയാടുകൾ പോലായ് ഞങ്ങൾ

നിൻ മുഖമെങ്ങളിൽനിന്നു തിരിക്കരുതേ
ഹാ-ഹാ-താഴ്മഞെരുക്കങ്ങൾ മറക്കരുതേ. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

www.malankaralibrary.com

## എക്ബോ

(ഓ സൊഹദേ കാദീ-ശേ)

അന്യാ-യക്കാരാ-യ ന്യായാധിപരീന്നും
പീഡകളെ, സഹിച്ചോരാം-സഹദേന്മാ-രേ,
ശാശ്വതമാം ശോഭ-യെഴും
മണവറയിൽ പ്രതിഫലമുണ്ടാ-കും
പ്രാർത്ഥന ഞങ്ങൾക്കാശ്രയവും കോ-ട്ടയുമായി തീ-രേണം.

സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## കോലോ

(സൊഹദാവ് ആത്തൂൻ)

1. സഹദേന്മാരേ! മേ-ലുള്ളോൻ തന്നേക സുതന്റെ
സ്നേഹിതരാ-യോ-രേ! അവനെ പ്രതി നിങ്ങൾ
മൃതിപൂണ്ടു സ്നേഹ-ത്താ-ലെ പീഡകളെ-യേറ്റു
ബ-ലിയായ് തീർന്നോ-രോർമ്മയെ ശ്രേഷ്ഠമതാ-
ക്കിയവൻ വാഴ്ത്ത-പ്പെട്ടവനാ-കുന്നു.

ബാറെക്മോർ.

ശുബ്ഹോ...

2. നീ-തിഷ്ഠന്മാ-രെ-ല്ലാ തലമുറകളിലുള്ളോരാം
നാഥാ! മുൻ കാ-ലം, നോഹയും അബറാഹും
ഇസഹാക്കൊടു യാക്കോബും നൽ
മോശയും ഏല്യാവും, ഈ തലമുറയിൽ,
ഗളരക്തമൊഴുക്കിയ സഹദേന്മാരും പ്രാർത്ഥി-ച്ചീ-ടട്ടെ.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

www.malankaralibrary.com

## മാർ യാക്കോബിന്റെ ബോവൂസോ

(ശൗത്തെഫ്ലാൻ മോർ)

എട്ടാം രാഗം (വേറൊരു രീതി)

1. ചേർക്കു-ക-നാ-ഥാ ഞങ്ങളെയങ്ങെ അ-മ്മയുടെ-യും
നിൻ ശുദ്ധന്മാർ ഏ-വ-രു-ടെ-യും ഓ-ർമ്മയ-തിങ്കൽ.

2. ദൈ-വജനനി കന്യാ-മറിയാം തന്നുടെ ഓർമ്മ
മോ-ഹനമഭികാമ്യവുമാ-ണവൾ പ്രാ-ർത്ഥനയാൽ നാ-ഥാ.

3. ക്രോ-ധത്തിൻ വടികളെ മാ-യ്ക്കണമേ വിശ്വാ-സത്താൽ
അ-വൾ പ്രാർത്ഥന-യാശ്രയമാ-യ് അണയു-ന്നവരിൽ -നിന്നും.

4. നാ-ഥൻ മൃതനായ് പാതാ-ളത്തിൽ പൂ-കിയനേ-രം
ശ-രണമുദിച്ചു മൃതരാ-യോർക്കായ് മരണം മൃതമായ്.

5. അ-വകാശികളേ വരുവീൻ അവകാ-ശത്തിൽ പൂ-കീൻ
അ-പഹാരീന്നും വീണ്ടവ-നാ-യി സ്തോത്രം പാ-ടീൻ.

6. മേൽ സ്വർഗ്ഗത്തിൽ സഭയിലുമിവിടെ ശുദ്ധ-ന്മാർക്കും
വി-ശ്വാസികളായ മൃത-ന്മാരേ-വർക്കും
നല്ലോ-രോ-ർമ്മയതുണ്ടാക-ട്ടെ.

### മോറാനേശുമിശിഹാ

### കൗമാ

❖

www.malankaralibrary.com

# വെള്ളി - സൂത്താറ

## കൗമാ

## കോലോ

(യൊദയീനാൻ മോർ)

1. നാഥാ, പിഴ ചെയ്തെന്നറിയുന്നിവരധികം നിന്നെ,
കോപിപ്പി—ച്ചല്ലോ
നീതിയതിൻ വാളിന്നഭിമുഖമായ് നിന്നീടണമേ,
നിന്നുടെ കാരുണ്യം, കാലാന്ത്യമിതാ-
യെങ്കിൽ നിൻകരുണയി-ലിവരവസാനം,
ആയി-ത്തീ-രേണം ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

2. ദാസൻ പിഴ ചെയ്കിൽ നാഥനുടെ സ്നേഹിതരിൽ പോയ്
ശരണപ്പെട്ടീടും
യാചന ചെയ്തേറ്റം കേഴുമ്പോൾ മോചനമേകും
ദോഷത്വം പോക്കും, ഏവം-നാഥാ!
നിൻ സ്ളീബായിൽ ശരണപ്പെട്ടിവരിൽ
കരുണയയക്കേണം.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർ യാക്കോബിന്റെ ബോവൂസോ

ഒന്നാം രാഗം

1. ഉടയോൻ നാഥാ വിളിക്കുന്നടിയാർ തുണയ്ക്കായ് വന്നീ
യാചന കേട്ടിവരാ-ത്മാക്കൾമേൽ കൃപചൊരിയണമേ

www.malankaralibrary.com

2. ലോകേ കഷ്ടം കാലന്ത്യ മതിൽ സംഭവ്യവസ്തുതകൾ
അന്യായ-മധർമ്മങ്ങൾ പാഷണ്ഡ-തകൾ ഇവയാൽ.

3. മ്ളേഛരമതാ-കും, ഭൂമി പ്രസവിപ്പോൾ-നാരിസമം
മുറയിട്ടീ-ടും യുദ്ധാ-നർത്ഥങ്ങൾ പെരുകീടും.

4. അന്ത്യവുമാ-രംഭിക്കും, ബലികൾ ശു-ശ്രൂഷകളും
പൊയ്പ്പോകും ചതിയും ദ്ര-വ്യാഗ്രഹവും വർദ്ധിക്കും.

5. ജനമെതിരായ് ജനമേൽക്കും ഗ്രാമം നാ-ശമതാകും
നഗരത്തിൽ സംഭ്രമവും വന്നുഭവി-ക്കും നൂനം!

6. ഉത്തരമ-രുളീടണമേ, കൃപചെയ്യ-ണമേ നാഥാ
മാനുഷരെ അനുതാപത്തിനു പ്രേരി-പ്പി-ക്ക.

കുറിയേ... കുറിയേ... കുറിയേ...

## മസ്മൂറാകൾ : 91, 121

അത്യുന്നതന്റെ മറവിൽ ഇരിക്കുന്നവൻ... പേജ് 12

## മാനീസോ

കർത്താവേ നിന്റെ കരുണയിൻ ചിറകുകളുടെ നിഴലിൻ...പേജ് 16

## ക്രോബേന്മാരുടെ സ്തുതി

കർത്താവിന്റെ ബഹുമാനം... പേജ് 18

## വിശ്വാസപ്രമാണം

ബസ്മൽക്കോ, സാദീക്കോ, ബോക്ക്ന്ദാക്കർ ചൊല്ലി ധൂപം വയ്ക്കുന്നു.

## ഹൂത്തോമോ

❖

www.malankaralibrary.com

# വെള്ളി - രാത്രി

## കൗമാ, പ്രാരംഭ പ്രാർത്ഥന

ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ കർത്താവേ... പേജ് 23

## സങ്കീർത്തനങ്ങൾ 134, 119 : 169-176, 117

ബാറെക്മോർ, രാത്രികാലങ്ങളിൽ .... പേജ് 23

## എനിയോനോ

(എത്ഈൗർ കൂം ബ്നൈ നുഹറോ)

1. പ്രഭയിൻ സുതരേ!
എഴുനേൽപിൻസ്തുതി ചെയ്തീ-ടിൻ
സൃഷ്ടിയെ രക്ഷിപ്പാൻ
കഷ്ടതയേറ്റൊരുനാഥന്നായ്.

2. നിൻജനനീമറിയാം,
കന്യകമാതിൻ പ്രാർത്ഥനയാൽ
സ്ളീബായാൽ വീണ്ട
സഭയൊടു കൃപചെയ്തിടുനാഥാ.

3. നിബിയർ, ശ്ലീഹർ
പ്രാർത്ഥനയാൽ തിരുസഭതന്റെ
അടിസ്ഥാനത്തെയും
സ്ഥിരമാക്കീടേണം, നാഥാ.

4. ശുദ്ധപിതാക്കൾ
മല്പാന്മാർ പ്രാർത്ഥനയാലും

www.malankaralibrary.com

സ്ളീബായാൽ വീണ്ട
സഭമേൽ നീ കൃപ ചെയ്യേണം.

5. മഹിമയെഴുന്ന
മാർ അപ്രേമിൻ പ്രാർത്ഥനയാൽ
സ്ളീബായാൽ വീണ്ട
സഭമേൽ നീ കൃപ ചെയ്യേണം. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

6. നാഥാ! സ്തുതിതേ
ബഹുമാനം നിൻ താതന്നും
ആരാധന നതികൾ
പരിശുദ്ധാത്മാവിനുമാക.

കുറിയേ... കുറിയേ... കുറിയേ...

## ഒന്നാം കൗമാ

## എക്ബോ

(പർദൈസോ ബ് സുൽത്തോ - കാദീശ്ത്തോ സാലി)

വ്യത്യസ്തർ മൂവർ ക്രൂശിതരെ കണ്ടേൻ
വലഭാഗം ചേർന്നോൻ ജീവിക്കുന്ന മൃതൻ
ഇടതുവശത്തുള്ളോൻ മൃതനാം നിർജ്ജീവൻ.
മദ്ധ്യസ്ഥൻ താനോ അത്ഭുതമേകുന്നോൻ
ജീവിക്കെ മരിച്ചോൻ മൃതിയിൽ ജീവിപ്പോൻ
മാനുഷസുതതുല്യൻ ദൈവംതാനുമവൻ.

കുറിയേ... കുറിയേ... കുറിയേ...

ഞങ്ങളുടെ കർത്താവേ,

## പ്രുമിയോൻ, സെദറാ

www.malankaralibrary.com

## കോലോ

### കൂക്കോയോ (എട്ടാം രാഗം)

1. രാജപുരിറോമ്മായിൽനിന്നെ-ത്തിയൂർശ്ളേമ്മിൽ
സ്ളീബായെ നമിച്ചീടാനായ് ഹെലേനി രാജ്ഞി
യൂദന്മാരെ കൂട്ടീട്ടവളോതി
കാണിച്ചിടുവീൻ സ്ളീബായിൻ സ്ഥാനം
ഉത്തരമവരോതി ഞങ്ങൾക്കുണ്ടേകൻ—ഗുരുവായ്
അവനെ സ്വാധീനിച്ചീടിൽ സ്ലീബാ തരുവിന്റെ
ഹാലേലൂയ്യാ—സ്ഥാനം കാ-ട്ടീടും. ബാറെക്മോർ
ശുബ്ഹോ... മെൻഓലം...

2. അമ്മാനുവേൽ ആലോഹോ മര-ത്തിന്മേൽ തൂ-ങ്ങി
മല്ലൻ ബലവാൻ തനയൻ താൻ തലചായ്ച്ചുമരിച്ചു
റൂഹാമാത്രം വിട്ടല്ലോ തനുവിൽ
സാരാംശം തൻ മേനിവെടിഞ്ഞില്ല.
മാനുഷറൂഹാ തനുവിട്ടു സംരാംശമതല്ല
ഉന്നതനെകുരിശിച്ചവരാം ദുഷ്ടർ വിലപിക്കും
ഹാലേലൂയ്യാ-ഉ-ഹാലേലൂയ്യാ.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർ യാക്കോബിന്റെ ബോവൂസോ

(ബ്രോ ദ്ബസലീബേ) എട്ടാം രാഗം

1. തിരുസഭയെതൻ കുരിശാൽ തെറ്റിൽ നിന്നും-വീണ്ടോൻ
സുതനേ ശാന്തി നൽകി പാലിക്കണമവൾ സുതരെ.

2. പ്രഭയിൻ സ്ളീബാ ചരിതമുരപ്പാൻ നാഥാ കൃപചെയ്
ദർശിപ്പോർക്കതിൽ നിന്നുളവാകും അത്ഭുതമതുപോൽ

3. സ്ളീബാപ്രഭയതു വന്ദിപ്പവരെ പ്രഭയണിയിപ്പൂ
ആഴമതിൽ നിന്നുയരതിലേക്കായേറ്റിടുമവരെ.

www.malankaralibrary.com

4. സ്ലീബാപാതാളത്തിൻ കോട്ടകൾ തല്ലിയുടച്ചു
രക്ഷിതർ കൂട്ടവുമതിനാൽ പോയാർ ഭീതിയുമെന്യേ.

5. ക്രോധത്തിൻ വേലികളെല്ലാമതു നീക്കി സത്യം
മനുജന്മാരെ ദൈവത്തോടതു രമ്യവുമാക്കി.

6 വലഭാഗത്തെകള്ളന്മേൽ നീ തൂ-കിയ കൃപയാൽ
ദൈവാത്മജനേ, കനിവായിവർമേൽ കൃ-പചെയ്യണമേ.

## രണ്ടാം കൗമാ

കർത്താവിന്റെ ബഹുമാനം... പേജ് 18

## എക്ബോ

(പർദൈസോ)

(ബ് ദുക്റോൻ കാദീശേ നെശ്കാനാശ്)

സോദരരേ ശുദ്ധർ-ഓർമ-യ്ക്കായ് കൂടാം
അവർ നാഥന്നായിട്ടേറ്റീ—ടാം സ്തുതികൾ
തൻ ദയയാൽ സൃഷ്ടികളിൽ ശാ-ന്തി വസിപ്പാൻ
അവർ ഗണമതിൽനാമും യോജിച്ചീടാനായ്
തൻ പ്രാഭവമുദയം ചെയ്തീടും നാളിൽ
ശുദ്ധരൊടൊന്നായ് നാം സ്തുതി പാ-ടാം നിത്യം.

കുറിയേ...കുറിയേ... കുറിയേ...
ഞങ്ങളുടെ കർത്താവേ,

## പ്രുമിയോൻ, സെദറാ

## കോലോ

(സ്ളേക് എത്രോ മെൻഗർമൈഹൂൻ)

1. വാഴ്ത്തപ്പെട്ടോർ സഹദേർതൻ അസ്ഥികളീന്നും-
രാജാധീ-ശ പ്രീ-തിക്കായ് പരിമളമേറും
ഈറേരും മോദി-ച്ചീടുന്നവർ ധൈര്യത്തിൽ—

www.malankaralibrary.com

സഭ മക്ക-ളുമവരോർമ്മയെ ആഘോഷിപ്പൂ. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

2. സഹദേന്മാരസ്ഥി-കളിന്നാനന്ദിക്കട്ടെ-
അവരോർമ്മ-യെ ഘോഷി-ക്കുന്നു സഭയും മോ-ദാൽ
മ്ശിഹാരാജൻ പ്രാ-ഭവമൊടു വന്നീ-ടുമ്പോൾ
തന്നോടൊ-ന്നി-ച്ചവർ പൂകും മണവറ-യു-ള്ളിൽ.

മൊറിയോറാഹേം അലൈൻ ഉത്ആദാറൈൻ.

## മാർ അപ്രേമിന്റെ ബോവൂസോ

ഒന്നാം രാഗം

1. കർത്താവേ കൃപചെയ്യണമേ
നിൻ പ്രിയ സഹദേർ പ്രാർത്ഥനയാൽ

2. അംഗങ്ങൾ വിഛേദിതമായ്
സഹദേന്മാർ ഹതരാംസ്ഥാനേ
റൂഹ്ക്കുദിശാ വന്നാവാസം
ചെയ്തതിൽ ശാ-ന്തി നിറ-ച്ചല്ലോ.

3. സഹദേർ ശോകത്തിൻ ഗാനം
പീഡകളിൽ സുതനായ് പാടി
സഭ തൻ മക്കളുമായേവം
പാടീടുന്നവരോർമ്മയിതിൽ.

4. കർത്താവേ കൃപചെയ്യണമേ
നിൻ പ്രിയ സഹദേർ പ്രാർത്ഥനയാൽ
അവർ പ്രാർത്ഥനയാൽ ഞങ്ങൾമേൽ
മൃതർമേലും കൃപചെയ്യണമേ.

## മൂന്നാം കൗമാ

കർത്താവിന്റെ ബഹുമാനം... പേജ് 18

www.malankaralibrary.com

## എക്ബോ

(പർദൈസോ)

(ഹബ്മോർ ആനിദൈൻ താമോൻ)

മൃതരായോരോടൊത്തിവരും നിൻ നിറവിൻ
മേശയെ ദർശിപ്പാൻ വരമേ-കുക നാഥാ
ആമോദം നിറയും സ്നേഹ-ത്തിൻ ദൃശ്യം
അതിനാൽ നിറയുന്നോൻ നിത്യം പുതുതായ
ഭക്ഷണപേയങ്ങൾ കൈക്കൊള്ളും ധന്യൻ
കൃപനിറയും ഈശോ നിൻ സൗ-ന്ദ-ര്യത്താൽ.

കുറിയേ...കുറിയേ... കുറിയേ... ഞങ്ങളുടെ കർത്താവേ...

## പ്രുമിയോൻ, സെദറാ

## കോലോ

(ആദാറൈൻ ആലോഹോ ഫൊറൂക്കാൻ)

"*രക്ഷകനാം ദേവാ തുണയ്ക്കായ് വന്നീടേണം*"

1. എഴുന്നേറ്റിവരെ രക്ഷിക്ക-ചൊന്നാനാദം
തരുനിരയിൽ സ-ർപ്പം ഹവ്വയുമെന്നെ-വീഴ്ത്തി
ഫലമതു ഭക്ഷി-ച്ചതിനാൽ ഞാൻ കുറ്റം ചെയ്തു
മഹിമാ-വസ്ത്രമതും-പോ-യി. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

2. ദുഷ്ടൻ ശൃംഖലയാലെന്നെ ബന്ധിച്ചയ്യോ
പാപത്തിൽ ഞാൻ ബഹുകാലം ബന്ധിതനായി
നാഥാ പാപത്തിൻ ബന്ധനമെല്ലാം സദയം
ഛേദി-ച്ചീടണമി-വനീ-ന്നും

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർ ബാലായിയുടെ ബോവൂസോ

കരുണനിറഞ്ഞവനേ... പേജ് 44

www.malankaralibrary.com

## നാലാം കൗമാ

ഹാലേലൂയ്യാ, ഹാലേലൂയ്യാ, ഹാലേലൂയ്യാ... പേജ് 25
ത്രിത്വത്തിനു സ്തുതി, ത്രിത്വത്തിനു സ്തുതി,... പേജ് 33
നയവാൻ പനപോലെ...
ഒരുപോലിങ്ങും...
പ്രാർത്ഥനയിൻ സമയമിതല്ലോ...
മൊറിയോ റാഹേം അലൈൻ...

## മാർ യാക്കോബിന്റെ ബോവൂസോ

1. ചേർക്കുക നാഥാ ഞങ്ങളെയങ്ങേ അമ്മയുടേയും നിൻ ശുദ്ധന്മാർ ഏവരുടേയും ഓർമ്മയതിങ്കൽ.
2. ന്യായാധിപനെഴുതി മാലാഖാ ചൊന്നതുപോലെ മറിയാമ്മിന്നതുവെളിവാക്കി ശാശ്വത രാജത്വം.
3. മാലാഖാ മറിയാം ഇവർ മദ്ധ്യേ ഉന്നത രഹസ്യം അവിചാരിതമായ് സ്ക്കീപ്പാമുകളിൽ തൂക്കപ്പെട്ടു.
4. രാജൻ കുരിശിൽ കയറിയൊരളവിൽ രക്ഷയുദിച്ചു അട്ടഹസിച്ചാനിദ്രിതരടിമകളേ-യുമുണർത്തി.
5. മൃതരൊടു ചൊന്നാൻ: കല്ലറവിട്ട് കാൺമിൻരക്ഷ സദ്വാർത്തയിതാ: ജീവൻ നൽകാൻ ഞാൻ മൃതനായി.
6. മേൽ സ്വർഗ്ഗത്തിൻ സഭയിലുമിവിടെ ശുദ്ധന്മാർക്കും മൃതരായോർക്കും നല്ലോരോർമ്മയതു-ണ്ടാകട്ടെ.

## മാലാഖമാരുടെ സ്തുതി

അത്യുന്നതങ്ങളിൽ സ്വർഗീയ മാലാഖമാരും....പേജ് 34

## മോറാനേശുമിശിഹാ

❖

www.malankaralibrary.com

# വെള്ളി - പ്രഭാതം

## കൗമാ, പ്രാരംഭ പ്രാർത്ഥന

## സങ്കീർത്തനങ്ങൾ 51, 63 (പേജ് 36, 39)

## എനിയോനോ

(സ്ളീബോ ഓസോദ് ശൈനോ)

1. ശുഭചിഹ്നം താൻ സ്ലീ-ബാ
വിജയക്കൊടി താനും സ്ലീ-ബാ
നമ്മെ രക്ഷിച്ചീടുന്ന
സ്ലീബായിൽ പുകഴു—ന്നു—നാം.

2. മോറാനേശു, സ്ലീബായാൽ
നിൻ ജനനീ പ്രാർത്ഥനയാ-ലും
അടികളെയും കോപത്തിന്റെ
വടികളെയും മായ്ച്ചീ—ടേ—ണം.

3. ആദാമ്യ സുതർക്കായ് സ്ലീബാ
പാലമതാക്കിയവൻ വന്ദ്യൻ
അതിനാലുന്നത പദമേറി
നിബിയർ, ശ്ലീഹർ സഹദേ-ന്മാർ.

4. വാനിൽ സ്ലീബാ വാഴുന്നു
ഭൂമിയിലും ഭരണം ചെയ്വൂ
പള്ളികൾ ദയറാകൾക്കെന്നും
സ്ലീബാ കോട്ടയതാ—ക—ട്ടെ.

5. ദുഷ്ടനെ ലേശം ഭയമില്ല

www.malankaralibrary.com

നാഥൻ നമ്മൊടു കൂടെന്നും
തന്നായുധമിവരണിയുന്നു
അവനിൽ നാം പുകഴേ-റു-ന്നു.

6. തോളിന്മേൽ സ്ലീബായേന്തി
സീയോനിൽ നിന്നും പോയോൻ
മൃതർ തന്നസ്ഥികൾമേൽ കൃപയാം
പനിനീരെന്നും ചൊരിയ-ട്ടെ. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

7. ഊറിശിലേം ഗോഗുൽത്തായിൽ
ക്രൂശിതനേശു സ്തോത്രം; തൻ
ശബ്ദത്താൽ കോട്ടകളിളകി
മൃതരെഴുന്നേറ്റു സ്തുതി പാ-ടി. ആമ്മീൻ.

## സങ്കീർത്തനം 113:1-9

പ്രകാശത്തിന്റെ സ്രഷ്ടാവിനു സ്തുതി...പേജ് 40

## എക്ബോ

(പ്സക്ക്ത് ബസലീബോക് ല്റീശോ ദ് ശാലീത്തോ)

സർവ്വേശാ! നിൻ സ്ലീബായാൽ
മല്ലൻ ശിരസിനെ ധൂ-ളിച്ചു-
തൃപ്തിയെഴാത്തൊരു മരണത്തിൻ
വാഴ്ചയെ നീ മാ-യിച്ചു-
അതിനാൽ ഞങ്ങൾ ഘോഷിപ്പു
നിൻ ബലമെന്നും സ്തുത്യം, സ-കലേ-ശാ.

സ്തൗമെൻകാലോസ് കുറിയേലായിസോൻ.

www.malankaralibrary.com

## കോലോ I

(ദാബഹ്‌ലേ ദെബഹെദ്ശുബഹോ)

*"സ്തുതിയാഗങ്ങളണച്ചിടുവിൻ"*

1. മശ്ക്കൻ-സബ്നായിൽ
മോശ വിളിച്ചതു കേട്ടവനുടെ
പ്രാർത്ഥന, ധൂപം കൈക്കൊ-ണ്ട
ദേവേ-ശാ, സഭയിൽ
ദാസർ ധൂപം കൈക്കൊൾക
അഹറോൻ തന്നുടെ ധൂപം പോൽ
ഹാ-ഇരുലോകങ്ങൾക്കുടയവനേ,
നിൻ ദാസന്മാരിവരല്ലോ. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

2. ക്രോബേർ-സ്രോപ്പേന്മാർ
ഇവരെ ജ്വാല ധരിപ്പിപ്പോൻ
കന്യകയിൽ വന്നു വസി-ച്ചോൻ
ബലവാ-നേ സ്തോത്രം!
ഈശൻ നീ അവളുൾ പൂകി
മനുജത്വം ചേർന്നിഹ വ-ന്നാൻ
ഹാ-ജാതികളെ, പാടിൻ സ്തുതികൾ
രക്ഷിച്ചൊരു ദൈവ നരന്നായ്.

(ദൈവമാതാവ്)

3. ഓർക്ക-പ്പെട്ടീടും
ധന്യയവൾ മറിയാം മഹിമയൊ-
ടേദൻ പൂകിയ സൽദ്ദിവസം
ജനനീ, വന്നിടു നീ
ഭൂമിയതിന്മേൽ കൃപചെയ്‌വാൻ
സുതനോടർത്ഥിക്കെന്നേ-വം

www.malankaralibrary.com

ഹാ–ചൊല്ലീടും ശുദ്ധന്മാർക്കും
നല്ലൊരോർമ്മയതുണ്ടാ–കും.

4. അത്യു–ന്നതനായോൻ
ശക്തിയതാവാസം ചെയ്തു
രക്ഷകനെ പ്രസവിച്ചവൾ നീ
ധന്യേ, കന്യകയേ,
ധരയിന്മേൽ കൃപചെയ്തീടാൻ
ഏകാത്മജനോടർത്ഥിക്ക
ഹാ – നിൻ പ്രാർത്ഥന യാചനകൾ
കേട്ടവിടുന്നിവരിൽ കൃപചെയ്യും.

(സ്ലീബാ)

5. സ്ലീബാ–യാൽ യൂദർ
മുന്തിരിയിൻ ചക്കിനെ നാട്ടി
ധന്യഫലത്തെയതിലാ–ട്ടി
രുചി നോ–ക്കിയതില്ല
തിരുസഭ കൈക്കൊണ്ടനുദിനവും
ആശ്വാസം പ്രാപിക്കു–ന്നു
ഹാ–സുതരൊത്തവളതിനെ പാനം
ചെയ്തെന്നേക്കും മോദി–പ്പൂ.

(പരിശുദ്ധന്മാർ)

6. കർഷ–കർപോൽ ഭൂവിൽ
വിശ്വാസ പ്രാസംഗികരാം
ശ്ലീഹർ നിങ്ങൾ പണിചെ–യ്തു!
പ്രാർത്ഥി–ച്ചീടണമേ
ധാന്യത്തിനു നാശം ചെയ്യും
കളകൾ ദൂരിതമാക്കീ–ടാൻ
ഹാ–സുവിശേഷത്തെ ഭൂവഖിലം
വിതചെയ്തവനെന്നും സ്തു–ത്യൻ!

www.malankaralibrary.com

7. പരിമ—ള ധൂപസമം
ദൈവനിരപ്പിനെയാർജ്ജിച്ചാർ
സഹദേന്മാർ നമ്മൾ പേർ-ക്കായ്
അവർ ര-ക്തത്താൽ താൻ
പാപികൾ നമ്മൊടു ദയകാട്ടി
ദൈവേഷ്ടം ചെയ്തവർ പാരിൽ
ഹാ-സ്തുത്യൻ തന്നാരാധകരുടെ
ഇംഗിതമെല്ലാം നല്കു-ന്നോൻ.

(ഒരു വിശുദ്ധൻ)

8. ആബൂൻ-(മാർതോമ്മാ)
നിന്നജവൃന്ദത്തെ ശ്രേഷ്ഠാ!
സന്ദർശിച്ചീടേണം-നീ
ചെന്നാ-യ്ക്കൾ ചീന്തി
ആടുകൾ നാനാദേശത്തും
ചിതറിപ്പോയ്, ഇടയനുമില്ല:
ഹാ-ഇടയർക്കുടയവനാം മിശിഹാ
ചേർക്കുക നിന്നജവൃന്ദത്തെ.

(അനുതാപം)

9. സ്ക്കീപ്പാ-യിൻ മുകളിൽ
ഉയരോൻ തന്നുടെ വലഭാഗേ
ചോരൻ താനുര ചെയ്തേ-വം
ഭാഗ്യം, മേ ഭാഗ്യം!
ആദമടച്ചൊരു വാതിൽ ഞാൻ
തുറക്കാൻ നാഥാ, കൃപചെയ്ക
ഹാ-ഉൾപൂകി തെളിവോടാർക്കും
നാഥാ, നീ സ്തുത്യൻ നിത്യം!

(പരേതർ)

10. മൃതിഹീനാ, പരനേ!

www.malankaralibrary.com

ബലിപീഠത്തീന്നും നിന്നെ
കൈക്കൊണ്ടവരാം മൃതരെ—നീ
ഓർത്തീ—ടുക നാഥാ
പുനരുത്ഥാന മഹാദിവസം
പൊടിയീന്നിവരെയേറ്റേ—ണം
ഹാ-മൃതരായോർ വിശ്വാസികൾമേൽ
കൃപചെയ്യണമുത്ഥാന—ത്തിൽ.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## കോലോ II

(മൊറിയോ ബ്സപ്രോ തെശ്മാ ക്കോൽ ഹാ...)

*"ഉഷസിൽ കേൾക്കണമെൻ ശബ്ദം-ഹാലേലുയ്യാ"*

1. നിൻവരവിൻവലുതാം പുലരിയിൽ നാഥാ—നീ
ഞാൻ നിങ്ങളെയറിയില്ലെന്നരുളീടരുതേ
അച്ചാരമതായിട്ടേകി നിൻ തിരുമെയ്യ്
പരിഹാരാർത്ഥം നിൻ നിണവും നീ നൽകി
ഹാ-മോദിപ്പോർ ജാതികൾ സ്തുതി പാടീടുന്നു.
ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

2. സ്തോത്രം സ്തുതിയാരാധന ബഹുമാനങ്ങൾ
കന്യാസുതനാക, വാഴ്വിന്നവളോർമ്മ
കന്യാവ്രതമുദ്രിതയാത്മജനെപെറ്റാൾ
രക്ഷകനായ് സ്തന്യം കന്യകയാൾ നൽകി
ഹാ-ലോകപരിത്രാണകനവനത്രെ സത്യം!

(ദൈവമാതാവ്)

3. സർവ്വത്തിൽ നിന്നും മറവായ് സ്ഥിതി ചെയ്വോൻ
കന്യകയിൽനിന്നും ജഡമേറ്റുപിറന്നാൻ
ഉന്നത രഥമതുമാ ക്രോബകളേയും താൻ

www.malankaralibrary.com

വിട്ടു മറിയാമിൻ മുട്ടുകളിൽ വാഴ്വൂ
ഹാ-പാപത്തീന്നിവരെ മോചിച്ചോൻ സ്തുത്യൻ.

4. വാഴ്വായ്തീരണമേ മറിയാമിന്നോർമ്മ
അവൾ പ്രാർത്ഥന ഞങ്ങൾക്കാത്മാവിനു കോട്ട
നിബിയന്മാർ ശ്ലീഹ-ന്മാർ സഹദേന്മാർ തൻ
നാഥൻ അവളീന്നും രക്ഷിപ്പാൻ വന്നാൻ
ഹാ-ലോകപരിത്രാണക നവനത്രെ സത്യം.

(സ്ലീബാ)

5. സ്ലീബാത്മാക്കൾക്കേകി പരിശുദ്ധി
സ്ലീബാ അടിയാർ തൻ കടമെല്ലാം നീക്കി
ദുഷ്ടൻ സൈന്യത്തിൻ മേൽ വിജയം നൽകി
അതിനെ വന്ദിപ്പോർ മോദിക്കുന്നീനാൾ
ഹാ-നാഥാ സ്ലീബായാൽ സംരക്ഷിക്കിവരെ.

(പരിശുദ്ധന്മാർ)

6. സഭയേ, നിൻ വാതിൽ കാവൽക്കാർ നിൽപ്പൂ
രാപകൽ ദുഷ്ടനിൽ നിന്നവർ കാത്തീടുന്നു:
അടിസ്ഥാനം ശെമഓൻ ശില്പിയതാം പൗലോസ്
യൂഹാനോൻ തോഴ്മക്കാരൻ സ്നേഹിതനും
ഹാ-റൂഹായിൻ കിന്നരമാകും ദാവീദും.

7. ന്യായാസന സവിധേ നിന്നിട്ടുരചെയ്വൂ
ഉന്നതനായവനുടെ ദാസന്മാരേവം:
സ്നേഹിച്ചിവരങ്ങെ ദ്വേഷിച്ചുലകത്തെ
നാഥാ നൽകണമേ വിജയം ദുഷ്ടൻമേൽ
ഹാ-പുറജാതികളിവരെ ഹസിക്കായ്വാൻ തന്നെ.

(വെള്ളിയാഴ്ച)

8. വെള്ളിയാഴ്ചയതാം ആറാം ദിവസത്തിൽ
ദോഷികൾ നാഥന്റെ സ്ക്കീപ്പായെ നാട്ടി
ചവളത്താൽ മാർവ്വും ഭേദിച്ചതിൽ നിന്നും

www.malankaralibrary.com

ജീവജലം രക്തവുമൊഴുകി നമ്മൾക്കായ്
ഹാ-വിശ്വാസികൾപേർക്കതു പരിഹാരവുമായി.

(പ്രഭാതം)

9. നാഥാ നിൻവരവിൻ ഭീകരമാം പുലരി
ഗർജ്ജിക്കുന്നേരം സൃഷ്ടികൾ വിറകൊള്ളും
വിധികർത്തനിരിക്കും ഗ്രന്ഥങ്ങൾ തുറക്കും
രഹസ്യങ്ങൾ സകലം വെളിവായിത്തീരും
ഹാ-രഹസ്യാധിപനേ നീ കൃപചെയ്യണമെന്നിൽ.

(അനുതാപം)

10. നിൻവിധി അതിരൂക്ഷം: ഇവർ പാപംബഹുലം
നീതി-യതോ കഠിനം; ഒഴിവാനുമസാദ്ധ്യം
ഞങ്ങൾ പേർക്കായ് നീ ന്യായാസനമേറി
വിധിനീക്കി കടങ്ങൾ വിസ്മരിച്ചീടേണം
ഹാ-ഉത്തമന്യായസ്ഥാ കൃപചെയ്തീടണമേ.

(പരേതർ)

11. പുനരുത്ഥാനത്തെ നോക്കിപ്പാർക്കുന്ന
മൃതരെ വിസ്മൃതിയിൽ, തള്ളരുതേ നാഥാ
അവർതൻ ദേഹികളെ ജീവിപ്പിക്കണമേ
നിത്യാശ്വാസമവർക്കേകണമേ മ്ശീഹാ ഹാ-
ജീവദനേ നിന്റെ സ്തുതിയവർ പാടീടും.

## കുക്കിലിയോൻ

(ബോക്ക്ദാക്കർ) എട്ടാം രാഗം

നിന്നാൽ വൈരിയെ വീഴ്ത്തീടും ഞങ്ങൾ ഹാലേ-ലു-യ്യാ
നിൻ നാമത്താൽ ദ്വേഷികളെ കാൽക്കീഴാക്കും.

ദ്വേഷികളീന്നെങ്ങളെ വീണ്ടതു നീയേ, ഹാലേ-ലു-യ്യാ
വൈരിയെ ലജ്ജി-പ്പി-ച്ചതു നീ. ബാറെക്മോർ

www.malankaralibrary.com

ശുബ്ഹോ... മെൻഓലം...

## എക്ബോ

(അത്ബസലീബോക്ദൊശ്ത്ത് വസഹപ്ത് ലോക്കൽക്കറുസോ)

മനുജകുലത്തെ വീഴ്ത്തിയൊരാ
സാത്താനെ നിൻ സ്ലീബായാ-ൽ
മർദ്ദിച്ചവനെ വിജയിച്ചൂ നീ
അതിനാൽ ഞങ്ങൾ വന്ദിക്കുന്നു
ജീവൻ നല്കും സ്ലീ-ബാ-യെ.

സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## കോലോ

(ലോക്ക്മൊറിയോ കോറേനാൻ)

*"ചിറകിൻകീഴിൽ മറയ്ക്കിവരെ നാഥാ-ഹാ-ലേലുയ്യാ"*

1. ജീ-വൽ സ്ളീബായുഷസിൽ ചെയ്തിടുമുദയം
   എല്ലാ ഭാഗങ്ങളിൽ നിന്നും വിജയം കാട്ടീടും
   അ-ജ്ഞാനികളായവരും വിശ്വ-സിച്ചീടും
   വാഴ്ത്തപ്പെട്ടവർ സഹദേന്മാർ മുടിചൂ-ടും മോദാൽ
   ഏറ്റുപറ-ഞ്ഞിവരും വന്ദിക്കും
   നിൻ മൃതിയാൽ-ജീവൻ നീ നല്കി
   മിശിഹാ നിൻ തിരു സ്ലീബായാൽ
   കൃപചെ-യ്യണമിവർമേൽ. ബാറെക്മോർ

   ശുബ്ഹോ...

2. കു-സ്തന്തീനോസ് രാജൻ, ആ—കാശത്തിൽ
   കണ്ടാനൽഭുതമായവിടെ സ്ലീബായിൻ ചിഹ്നം
   ചി-ന്താകുലനായപ്പോൾ കേട്ടൊരു സ്വരവും:
   'ഈയടയാളത്താലെ നീ വിജയം നേടീടും'

www.malankaralibrary.com

വിഗ്രഹമെ—ല്ലാം തല്ലിയുടച്ചു
സ്ലീബായെ-മാത്രം മാനിച്ചു
സ്തുത്യൻ സ്ലീബായാത്മാവിനു
കോട്ട-യതാക്കിയവൻ.

മൊറിയോറാഹേം അലൈൻ ഉഅ്ദാറൈൻ.

## മാർ യാക്കോബിന്റെ ബോവൂസോ

(ബ്രൊദ് ബസലീബെ ഫർക്കോല് ഈത്തൊ)

എട്ടാം രാഗം (വേറൊന്ന്)

1. തിരുസഭയെ തൻ കുരിശാൽ തെറ്റിൽ നിന്നും വീണ്ടോൻ
സുതനേ-ശാന്തി നൽകി പാലി-ക്കണമവൾ സുതരെ.

2. സ്ലീബാതൻ തരു ഊറിശിലേമിൽ നിന്നു തിരിച്ചു
തരണം ചെയ്താദേശമതെല്ലാം മാനിച്ചതിനെ.

3. കുസ്തന്തീനോസ് നൃപനും കേട്ടാൻ കുരിശാഗമനം
സൈന്യങ്ങളുമായ് ചെന്നാനതിനെയെതിരേല്പാനായ്.

4. ദർശിച്ചപ്പോൾ ശിരസ്സു വണങ്ങിയാരാധിച്ചു
കൈകളുയർത്തി സ്തുതിചെയ്തേവം ആർത്തുപറഞ്ഞു:

5. ദൈവാത്മജനേ, സ്ലീബാ നൽകിയതിനാൽ സ്തോത്രം
നേരിട്ടീടും ശത്രുക്കൾ തൻശക്തിയതിന്നാൽ.

6. വലഭാഗത്തെ കള്ളൻമേൽ നീ തൂകിയ കൃപയാൽ
ദൈവാത്മജനേ, കനിവായിവർമേൽ കൃപചെയ്യണമേ.

## അപേക്ഷ

കർത്താവേ, നിന്നെ സ്തോത്രം ചെയ്യുന്നതും... പേജ് 41

## കൗമാ

## വിശ്വാസപ്രമാണം

❖

www.malankaralibrary.com

www.malankaralibrary.com

# വെള്ളി - മൂന്നാംമണി

## കൗമാ

### കോലോ

(ബത്‌ലൊാസ് ശോയിൻ)

1. ജീവൻ നൽകും നൽ സ്ലീബായെ
എല്ലായ്പ്പോഴും നമിച്ചീടും ഞങ്ങൾ
ശരണമതായും രക്ഷയതായും
നെറ്റിയതിന്മേൽ വരച്ചീടുന്നെന്നും;
ര-ക്ഷിച്ചീടും
രാപകൽ ഞങ്ങളെ, ദുഷ്ടൻ തൻ
സൈന്യങ്ങളിൽ നിന്നും-സ്ലീ-ബാ. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

2. കടലതിനെ തന്നുടെ വടിയാൽ ഭാഗിച്ചു
മൂശ ഇസറേല്യരെ വീണ്ടാൻ
മോറാനേശു സ്ലീബായാൽ തുറന്നാൻ
പാതാളം മൃതരെയുയർപ്പിച്ചു.
സ്തു-ത്യൻ മ്ശീഹാ
കബറീന്നും പറുദീസായ്ക്കായ്
ജീവൻ മാർഗ്ഗമതേ-കി-താൻ.

മൊറിയോറാഹേം അലൈൻ ഉത്ആദാറൈൻ.

www.malankaralibrary.com

## മാർ യാക്കോബിന്റെ ബോവൂസോ

(ബ്രോദ് ബസലീബേ)

എട്ടാം രാഗം

1. തിരുസഭയെ തൻ കുരിശാൽ തെറ്റിൽ നിന്നും വീണ്ടോൻ
സുതനേ ശാന്തി നൽകി പാലിക്ക-ണമവൾ സുതരെ.

2. സ്ലീബാ, മനുജരെ അത്ഭുതശക്തി കാ-ട്ടിയ നിന്നാൽ
സഭയിൻ കൊമ്പിനെ ഉന്നതമാക്ക ഇ-പ്പൊഴുമെന്നും.

3. സ്ലീബാ പ്രഭയതു; വന്ദിപ്പവരെ പ്ര-ഭയണിയിപ്പു
മനസ്സിൻ കണ്ണുകൾ നിൻപ്രഭ കാണ്മാൻ തെളിവാക്കവയെ.

4. വലുതാം രക്ഷയെ നല്കി സഭയെ ര-ക്ഷിച്ചവനേ,
നാഥാ, നീതി വിധിക്കും നാളിൽ ര-ക്ഷിക്കിവരെ.

5. ഇന്നീപ്പെരുന്നാൾ ദിവസം ഞങ്ങൾ വ-ന്നീടുന്നു
നിന്നുടെ സ്ലീബാ സന്നിധിയിങ്കൽ, നി-ൻ കാ-രുണ്യം.

6. കാണ്മാൻ നിൻ നാമത്തെ സ്തോത്രം ചെയ്-വാനായും
നാഥാ, വിധിയിൻ വൻ പെരുന്നാളിൽ കൃപചെയ്യണമെ.

7. വലഭാഗത്തെ കള്ളന്മേൽ നീ തൂ-കിയ കൃപയാൽ
ദൈവാത്മജനേ, കനിവായിവർമേൽ കൃ-പചെയ്യണമേ.

### കൗമാ

### വിശ്വാസപ്രമാണം

❖

www.malankaralibrary.com

# വെള്ളി - ആറാം മണി

## കൗമാ

## കോലോ

(സൊഹദാവ് ആത്തൂൻ)

1. ഭാ-ഗ്യം മറിയാ-മേ, ദൈവത്താൽ ബാല്യമതിൽ നീ
തിരഞ്ഞെടുക്കപ്പെട്ടു.
കാ-ഴ്ചയണച്ചീ-ടും അപ്പത്താൽ പോറ്റപ്പെട്ടു
ആചാര്യ-ന്മാരും
ബ-ഹുമാനിച്ചു; മാലാഖാ സ്വസ്തിയുരച്ചു
ദൈവം-നിന്നിൽ വസി-ച്ചല്ലോ. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

2. ന്യാ-യസ്ഥലമേ-റി സഹദേന്മാർ നിരനിരയായി
സാക്ഷിച്ചേ-ശുവിനെ
വാ-ളാൽ ഗളര-ക്തം വധകർമേൽ ഒഴുകുന്ന-തിനെ
ദർശിച്ചു-നാഥൻ
നൽകി മുടികൾ; അവർ പ്രാർത്ഥന നമ്മൾക്കെന്നും
അഭയം-കോട്ടയുമാ-കട്ടെ.

മൊറിയോറാഹേം അലൈൻ ഉത്താദാറൈൻ.

## മാർബാലായിയുടെ ബോവൂസോ

മാതാ കാദീശന്മാർ തൻ... പേജ് 43

## കൗമാ

## വിശ്വാസപ്രമാണം

❖

www.malankaralibrary.com

# വെള്ളി - ഒൻപതാംമണി

## കൗമാ

## കോലോ

(ത്രായ്ഹൂൻ ഒൽമേ ദീലോക്മോർ)

1. ലോകം രണ്ടിലു-മധികാരം
ഏന്തു-ന്നവനേ, നിൻ-സ്ലീ-ബാ
കാ-ക്ക-ണമേ ജീവിപ്പവരെ
മൃതരെ-പാവന-രാ-ക്കണമേ. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

2. സംസ്ക്കാ-രം ചെയ്യപ്പെട്ടോർ
മൃതരെ-ഉയിർപ്പിക്കു-ന്നവനേ
അങ്ങേ-യ്ക്കായ് സ്തുതി താതന്നും
സ്തോത്ര-മതാത്മനുമു-ണ്ടാക.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർ ബാലായിയുടെ ബോവൂസോ

കരുണനിറഞ്ഞവനേ... പേജ് 44

## കൗമാ

## വിശ്വാസപ്രമാണം

❖

www.malankaralibrary.com

# ശനി – സന്ധ്യ

## കൗമാ, പ്രാരംഭ പ്രാർത്ഥന

## സങ്കീർത്തനങ്ങൾ 141, 142, 119, 117

കർത്താവേ, നിന്നെ ഞാൻ വിളിച്ചു... പേജ് 6

## എക്ബോ

(ലകുൻ തൂബൈക്കൂൻ)

ഭാഗ്യം മൃതരേ! പുനരുത്ഥാ-
നത്തിൻ ദിനമതിലു-ണ്ടാകട്ടെ-
ഉൾക്കൊണ്ടൊ-രുയിരിൻ തിരുമെയ്യും
മോചനമേകും-തിരുരക്തമതും
നിങ്ങളെ നിർത്തീടും-വലഭാഗേ.

സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## പ്രുമിയോൻ, സെദറാ

## കോലോ I

(ബാറെക്ക്നപ്ശ് ല് മൊറിയോ)

*'വാ-ഴ്ത്തുക നാഥനെയാത്മാ'*

1. ദാസർ തന്നാ-ത്മാക്കൾ-ക്കായ്
ആ-ശ്വാസം നല്കണമേ മിശിഹാരാജാ-
ശാന്തിയിൽ വാഴുമവർ
മരണം, വ്യഥ ചേരാത്തൊരു നൽ
ശാശ്വത ജീവനെഴും രാജ്യേ-
ശുദ്ധന്മാർ തൻ ഗണമൊന്നായ്. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

www.malankaralibrary.com

2. ദിനമെല്ലാം നിന്നെ വിളിച്ചേൻ
നീട്ടി കൈകൾ നിൻ പക്കൽ
നീ അത്ഭു-തമേകി മൃതർക്കായ്
സ്തുതിചെയ്യും തേ! പ്രബലന്മാർ
മൃതരെ ജീവിപ്പിപ്പോൻ നീ
വാഴ്ത്തീ-ടുന്നവർ നിൻ കൃ-പയെ.

(ദൈവമാതാവ്)

3. മണ്ണയനാദാ-മിനെയേറ്റാൻ
അത്യുന്നതനെളിയവനായി
നിന്നിൽ-നിന്നുമുദിച്ചല്ലോ;
മേൽ സ്വർഗ്ഗത്തിൽ ധരയിതിലും
വലുതാക്കിയവൻ നിന്നോർമ്മ
നിൻ പ്രാ-ർത്ഥന കോട്ടയിവർക്കായ്.

4. കന്യക മറിയാ-മുൾപൂകി
നിവസിച്ചാൻ ദൈവതനൂജൻ
തീജ്ജ്വാ-ലകളവളേറ്റില്ല
മുൾമരമെരിയാതെരിതീയിൽ
മൂശാനിബി മലമേൽ ദർശി
ച്ചതു താ-നവൾ സാദൃശ്യമഹോ.

(പരിശുദ്ധന്മാർ)

5. ശ്ലോമ്മോ തൻ നിബിയന്മാർക്കും
ശ്ലോമ്മോ തൻ ശ്ലീഹന്മാർക്കും
ശ്ലോമ്മോ-ശ്ലോമ്മോ നാഥങ്കൽ
കൂറേറും സഹ-ദേന്മാർക്കും
ശ്ലോമ്മോ തൻമക്കൾ വസിക്കും
പരിശു-ദ്ധസഭയ്ക്കും ശ്ലോമ്മോ.

www.malankaralibrary.com

6. നഗരത്തിനു കോട്ടകൾപോലെ
കൂടാരത്തിന്നുൾ വെച്ചാൻ
യൗസേ-പ്പസ്ഥികളെ മൂശ
സഹദേന്മാരസ്ഥികളതുപോൽ
ആത്മാക്കൾക്കായും കോട്ട
ചിറകിൻ കീഴിൽ മറ-യ്ക്കിവരെ.

(അനുതാപം)

7. കരുണാ വാതിൽ തുറ-ക്കണമേ
നാഥാ സുവിശേഷത്തിൽ നീ
വാഗ്ദാ-നം ചെയ്-തതുപോലെ
നിൻ നിണമെയ് ഞാൻ കൊണ്ടതിനാൽ
വാതിൽ പുറം തള്ളപ്പെട്ടിവ
നഗ്നിക്കിരയാ-യീടരുതേ.

8. പരിമള തൈലം പൂശിയവൾ
പാപിനി നിൻപക്കൽ നിന്നും
ദയവാ-നേ മോചനമേറ്റു
ചുങ്കക്കാരൻ പോൽ ഞാനും
വിളിചെയ്തീടു-ന്നഗതിയിവ-
ന്നേകീടണമേ തവ കൃപയെ.

(പരേതർ)

9. കബറുകൾ പരിശോധിച്ചീടാം
സുന്ദരനും മല്ലനുമൊരുപോൽ
നാശ-ത്തിന്നിരയായല്ലോ
പടുകുഴിയിൽ ചവറായവരും
നാഥാ നിൻ സാദൃശ്യത്തി-
ന്മേൽ നീ അലിയണമേ കൃപയാൽ.

www.malankaralibrary.com

10. നാം ദൈവസുതന്മാരാവാ-
നായുഷ്ക്കാലത്തിൽചൊല്ലി
ത്തന്നാ-താതരെയോർക്കേണം
നയവാന്മാർ പുണ്യപ്പെട്ടോ—
രൊന്നിച്ചേകുമവർക്കാശ്വാസം
സ്വർഗ്ഗേ-പുത്രൻ ദൈവം.

മൊറിയോറാഹേം അലൈൻ ഉഅ്ദാറൈൻ.

## കോലോ II

(ആലോഹൻ റാഹേം അലായൻ)

(ബ്റംശൊദ്ശാലേം ബേകീനേ)

*'ദൈവം നമ്മൊടു കൃപചെയ്യും'*

1. നീതിഷ്ടർ പ്രതിഫലമേന്തും
സന്ധ്യയിൽ നിൻ കൃപയിവർ പക്കൽ
നിർത്തണമേ ഞങ്ങളിൽ നിന്നും
ദുഷ്ടനെ മായി-ച്ചീടണമേ. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

2. സന്ധ്യയതിൽ ശുശ്രൂഷയിലും
പ്രാർത്ഥനയതിലും കൃപചെയ്ക
നിൻ ന്യായാസന സവിധത്തിൽ
വലഭാഗം നിർ-ത്തണമിവരെ.

(ദൈവമാതാവ്)

3. ഭക്തർ പുകഴ്ചാ ഭാജനമേ
നിന്നിലുദിച്ചോരേകസുതൻ
തൃക്കരങ്ങൾ ഞങ്ങളിലലിവാൻതൻ
പക്കലപേക്ഷയണ-ക്കേണം.

www.malankaralibrary.com

4. ജീവൻ പ്രവഹിപ്പിച്ചീടും
ഉറവയുമായ് തീർന്നാൾ കന്യ
അവൾ പ്രാർത്ഥന സംരക്ഷണയാം
വിളിചെയ്യുന്നോർ-ക്കഭയമതും.

(പരിശുദ്ധന്മാർ)

5. റൂഹായാൽ പാടിയ നിബിയർ
വെളിപാടോതിയ ശ്ലീഹന്മാർ
സ്നേഹാൽ മൃതരാം സഹദേന്മാർ
ഇവരർത്ഥിക്കും; കൃപചെയ്ക.

6. പരിശുദ്ധന്മാരേ, നിങ്ങൾ
പ്രാർത്ഥിപ്പിൻ കർത്താവോടായ്
അടികളെയും തൻ കോപത്തിൻ
വടികളെയും മായി-ച്ചീടാൻ.

(ഒരു വിശുദ്ധൻ)

7. ഒരുപോലിങ്ങും (മാർതോമ്മാ)
വാനിലുമതുപോൽ നിന്നോർമ്മ
ഉതകണമേ നിൻ പ്രാർത്ഥന നിൻ
ഓർമ്മയെ ബഹുമാനി-ച്ചോർക്കായ്.

(അനുതാപം)

8. അൻപുടയോനേ നിൻ വാതിൽ
മുട്ടുന്നു ദാസർ നാദം
ആവശ്യത്താൽ യാചിക്കും
അടിയാരെ തള്ളീ-ടല്ലേ.

9. നിന്നെ വിളിക്കുന്നേ നാഥാ
നിന്നുതവിക്കായ് ബലഹീനർ
നല്ലവനേ കാരുണ്യത്താൽ
നൽകണമേ യാചിപ്പുകളെ.

www.malankaralibrary.com

(പരേതർ)

10. നാഥാ, വാങ്ങിപ്പോയവരാം
ഭ്രാതൃപിതൃക്കളെയേറ്റേണം
ജീവനെഴും നിൻ ശബ്ദത്താൽ
കബറീന്നുദ്യാ-നത്തിന്നായ്.

11. സ്തുതിദൈവത്തിന്നുയരത്തിൽ
തൻ മാതാവിന്നുന്നതിയും
മഹിമാമുടി സഹദേന്മാർക്കും
മൃതരിൽ കരുണയു-മുണ്ടാക.

## കുക്കിലിയോൻ

(അക്ക്ദമറാഹേം) ഒന്നാം രാഗം

മക്കളിലപ്പൻ കൃപചെയ്‌വതുപോലെ
ഹാലേലൂ-യ്യ-ഉ-ഹാലേ-ലുയ്യാ
ഭക്തന്മാരിൽ ദൈവം-കൃപചെയ്യും.

പുല്ലിനുതുല്ല്യം നരനുടെ നാൾകളഹോ
ഹാലേലൂ-യ്യ-ഉ-ഹാലേ-ലുയ്യാ
പൂക്കുന്നിതുവയലിൽ പൂ-ച്ചെടിപോലെ. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

## എക്ബോ

(റാമ്മേ ദ്നൂഹോമ്മോ)

ഉയിർപ്പിൻ—ഇടിനാദം
കേൾക്കും ഭ്രമമിയലും മരണം
ജീർണ്ണി-ച്ചൊരു മൃതദേഹങ്ങൾ
പുതുതായ് തീരും നിൻ ശരണേ
കരുണനിറഞ്ഞവനേ
നിദ്രി-തരെ പുതുതാ-ക്ക-ണമേ. സ്തൗമെൻകാലോസ്...

www.malankaralibrary.com

## കോലോ

(അബറോഹോം സൊമ്ലൊക്ക്ബെസ്മേ)

1. അബറാഹാം—ധൂപമണ—ച്ചു
നോഹ കാഴ്ചയെ യ-ർപ്പി-ച്ചു
ധൂപമണ—യ്ക്കപ്പെട്ടോ—രാം
ദാസ-ർക്കേകണ മാ—ശ്വാസം. ബാറെക്മോർ

ശുബ്ഹോ...

2. അബറാഹാം തന്നുടെ മ—ടിയിൽ
പ്രഭയേറും കൂടാ-രത്തിൽ
ആശ്വാസം നാഥാ നൽക
നിൻ ശ-രണേ മൃതരാ—യോ—ർക്കായ്.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർ യാക്കോബിന്റെ ബോവൂസോ

(ല്അ-ബ്ദൈയ്ക്ക് ആ-നീഹ്)

ഒന്നാം രാഗം (വേറൊരു രീതി)

1. ദൈ-വാ-ത്മ-ജനേ, ശാശ്വത രാജ്യേ
സി-ദ്ധർ മ-ദ്ധ്യേ-ശുദ്ധരൊടൊന്നായ്
ആ-ശ്വാ-സം നൽകുകദാ-സന്മാർക്കായ്.

2. ഓ-രോ-ന്നോരോ-ന്നായ് തലമുറകൾ
ലോ-കം ത-ന്നിൽ വന്നീടുന്നു
പോ-വാ-നാ-യും ധൃതികൂ-ട്ടീടുന്നു.

3. വൻ-പാ-ല-മതിൽ ഒന്നൊ-ന്നായി
ട്ടേ-റുന്നവയും അന്ത്യമടുപ്പാൻ
മു-മ്പേ-റാനായ് വെമ്പൽകൊ-ള്ളുന്നു.

www.malankaralibrary.com

(ബസ്ബൻഹായേ പൊക്ക്ദീൻ നോശോ)

4. ജീവിക്കുമ്പോൾ മർത്ത്യൻ ദൈവസമം കല്പിപ്പൂ
അന്ത്യമതിൽ മൃഗതുല്യം മൃതിയിൽ പൂ-കിടുമെല്ലാരും.

5. ഇന്നലെയുന്നത രാജാക്കൾപോൽ വാ-ണവരെല്ലാം
ഇന്നു പരാജിതരെളിയവരവരെ മരണം പിടികൂ-ടി.

6. മരണക്കാസാ നീങ്ങിടുവാനായ് പ്രാ-ർത്ഥിച്ചവനേ
മിശിഹാ, രണ്ടാം മരണക്കാസാ നീക്കണമിവരീ-ന്നും.

**മോറാനേശുമിശിഹാ**

**കൗമാ**

❖

www.malankaralibrary.com

# ശനി - സൂത്താറ

## കൗമാ

## കോലോ

(ആലേപ്പെൻ മൊറിയോ)

1. നിൻ-കല്പന മാ-ർഗ്ഗേ
ശിക്ഷണമേ-കീടണമേ
കൃപയാൽ ജീവിപ്പാൻ
    അവകാത്തീ-ടും ഞാൻ
താ-വക-ദാനങ്ങൾ
അപഹൃത മാ-കായ്‌വാനെൻ
അവയവ വാതിൽ നീ
കാവൽ നിറു-ത്തേ-ണം.            ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

2. അന്യായമതീന്നും
തിരികെ വരാ-നായിവരിൽ
ക്ഷമകാണിപ്പോനേ
    സ്തോത്രമത-ങ്ങേക്കായ്
ലോ-കാന്ത്യമണഞ്ഞു
പടിവാതിൽ-ക്കൽ നില്പു
ഗൗനിക്കുന്നില്ലീ
ഹീനന്മാ-ർ ഞങ്ങൾ.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർ യാക്കോബിന്റെ ബോവൂസോ

ഒന്നാം രാഗം

1. ഉടയോൻ നാഥാ, വിളിക്കുന്നടിയാർ തുണയ്ക്കായ് വന്നീ
യാചന കേട്ടിവരാ-ത്മാക്കൾമേൽ കൃപചൊരിയണമേ.

www.malankaralibrary.com

2. പാപീ-അനുതാപത്തിൻ കണ്ണീർ കൊണ്ടുവരേണം
വിലപി-ച്ചീടുക മൗനം നീക്കി കരയുക നന്നായ്.

3. മിഴിനീർ വ്രണമിതിനാവശ്യമഹോ സൗഖ്യമതുണ്ടായിടും
അധികം ക-ണ്ണീരാലെ പ്രാർത്ഥനയാൽ യാചിക്ക.

4. ഏങ്ങലടിച്ചർത്ഥന ചെയ്‌ കോപമശേഷം മായും
മാരകമാം നൈരാശ്യം കൈവെടിയേണം;

5. ധൈര്യം-പ്രാപിച്ചർത്ഥനചെയ്ക, കൃപയെ യാചിച്ചീടിൽ
കൃപയെ കൈക്കൊണ്ടീടും കോപമശേഷം നീങ്ങും.

6. ഉത്തരമരുളീടണമേ, കൃപചെയ്യണമേ നാഥാ
മാനുഷരെ അനുതാപ-ത്തിനു പ്രേരി-പ്പി-ക്ക.

കുറിയേ... കുറിയേ... കുറിയേ...

**സങ്കീർത്തനങ്ങൾ : 91, 121**

അത്യുന്നതന്റെ മറവിൽ ഇരിക്കുന്നവൻ... പേജ് 12

**മാനീസോ**

കർത്താവേ നിന്റെ കരുണയിൻ ചിറകുകളുടെ നിഴലിൻ...പേജ് 16

**ക്രോബേന്മാരുടെ സ്തുതി**

കർത്താവിന്റെ ബഹുമാനം... പേജ് 18

**വിശ്വാസപ്രമാണം**

ബസ്മൽക്കോ, സാദീക്കോ, കൊഹനെ ചൊല്ലി ധൂപം
വയ്ക്കുന്നു.

**ഹൂത്തോമോ**

❖

www.malankaralibrary.com

# ശനി – രാത്രി

## കൗമാ, പ്രാരംഭ പ്രാർത്ഥന

ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ കർത്താവേ പേജ് 23

## സങ്കീർത്തനങ്ങൾ 134, 119 : 169–176, 117

ബാറെക്മോർ, രാത്രികാലങ്ങളിൽ കർത്താവിന്റെ ഭവനത്തിൽ നിൽക്കുന്ന.... പേജ് 23

## എനിയോനോ

(ലീക്കോറോ വൽ തെശുബുഹത്തോ)

1. നിൻ ബഹുമാന മഹത്ത്വങ്ങൾക്കായി
   സ്തുതി പാ–ടീ–ടാൻ
   ഞങ്ങളിതാ ഉണർവ്വുള്ളവരായ്
   സകലേശാ സ്തുതിയങ്ങേയ്ക്കായ്.

2. നാഥാ നിൻ ജനനീമറിയാം
   ഓർമ്മയെ ശ്രേഷ്ഠ–മതാ–ക്ക
   അവൾ പ്രാർത്ഥനയാൽ ഞങ്ങളെയും
   കൃപയാൽ തുണ ചെയ്തീടേണം.

3. നാഥാ നിബിയർ ശ്ലീഹർതൻ
   ഓർമ്മയെ ശ്രേഷ്ഠ–മതാ–ക്ക
   അവർ പ്രാർത്ഥനയാൽ ഞങ്ങളെയും
   കൃപയാൽ, തുണ ചെയ്തീടേണം.

www.malankaralibrary.com

4. ശുദ്ധപിതാക്കൾ മൽപ്പാന്മാർ
ഓർമ്മയെ ശ്രേഷ്ഠ-മതാ-ക്ക
അവർ പ്രാർത്ഥനയാൽ ഞങ്ങളെയും
കൃപയാൽ തുണചെയ്തീടേണം.

5. മഹിതനതാം (മാർതോമ്മാ) തൻ
ഓർമ്മയെ ശ്രേഷ്ഠ-മതാ-ക്ക
തൻപ്രാർത്ഥനയാൽ ഞങ്ങളെയും
കൃപയാൽ തുണചെയ്തീടേണം. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

6. നവമാം സ്തുതി അർപ്പിക്കുന്നു
തവ കരുണയ്ക്കായ് നാ-ഥാ
ആരാധ്യം പരിശുദ്ധവുമാം
തിരുനാമത്തിന്നായ് സ്തോത്രം.

കുറിയേ... കുറിയേ... കുറിയേ...

## ഒന്നാം കൗമാ

## എക്ബോ

(ആബോ ക്സബ്‌വോ)

ഉന്നതമാം നില-യമതീ-ന്നും
താതൻതൻ വചന-മിറങ്ങി
കന്യകയിൽ വാ-ണു
പ്രസവിച്ചാൾ ധന്യ
വചനാതീതൻ പുത്രൻ താൻ
താ-ർക്കികനാകാ, ശോ-ധിപ്പാൻ.

കുറിയേ...കുറിയേ... കുറിയേ... ഞങ്ങളുടെ കർത്താവേ,

## പ്രുമിയോൻ, സെദറാ

www.malankaralibrary.com

## കോലോ

(ദ്മൊറഹീമ്മിൻ - അക്എതറോ ദ്ബെസ്മേ തോബേ)

1. പരിമളധൂപസമം നാഥാ
മാതാവിന്നോർമ്മ പ്രീതിനിന-ക്കേകും
ശുദ്ധിയെഴും കന്യാ-ത്വ-ത്തിൽ
നിന്നെ പ്രസവിച്ചാൾ ധന്യ
അവൾ തൻ ഓർമ്മയതുണ്ടാക്ക
സഭയിലുമിവിടെ-സ്വർഗ്ഗമതിൽമേലും. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

2. പാവനകന്യേ! ആദിയിലെ
നിന്നെ നിയോഗിച്ച താതൻ താൻ സ്തുത്യൻ
നിന്നിൽ-നിന്നു ജനി-ച്ചോനാം
പുത്രൻ യേശുവിനായ് സ്തോത്രം
നിന്നിലിറങ്ങിവസി-ച്ചോനാം
പാവന റൂഹായ്ക്കും മഹിമയതു-ണ്ടാക.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർ യാക്കോബിന്റെ ബോവൂസോ

ഒന്നാം രാഗം

1. വാഴ്ത്തപ്പെട്ടവളായൊരു കന്യേ പ്രാർത്ഥന ചെയ്തീടണമേ
നാഥൻ ഞ-ങ്ങളുടെമേൽ കൃപചെയ്തീടാൻ.

2. വിശ്വാസ സ്നേഹത്താൽ വരുവീൻ വിവേകികളേ
വാഴ്ത്തപ്പെട്ടവൾ മറിയാം ഓർമ്മയെ മാനിച്ചീടാം.

3. ജാഗരണം പ്രാർത്ഥനയിവയാൽ ആഘോഷിച്ചീടിൻ
ഭക്തന്മാർക്കായ് പ്രതിഫലം ഏകീടുന്നവളധികം.

4. താവകബഹുമാനത്തിന്നിവരെ ശക്തന്മാരാക്ക

www.malankaralibrary.com

പ്രഭയിൻ മണവറയതിലേയ്ക്കി-വരെ പൂകിക്കണമേ.

5. പ്രാർത്ഥനയഭയം തേടിപ്പെരുന്നാൾ ഘോഷിച്ചവരെ
നിദ്രിതരേയും നാഥൻ ഈറേർ നിര ചേർക്കേണം.

6. ദൈവാത്മജനേ ഒൻപതുമാസം നിന്നെ വഹിച്ചോൾ
പ്രാർത്ഥനയാലെ ക്രോ-ധത്തിന്റെ വടികളെ മാ-യിക്ക.

## രണ്ടാം കൗമാ

കർത്താവിന്റെ ബഹുമാനം... പേജ് 18

## എക്ബോ

(ആബോ ക്സബ്‌വോ)

പരിശുദ്ധന്മാരേ ഭാഗ്യം
പുത്രൻതൻ സുവിശേഷത്തിൽ
നിങ്ങൾ നാമങ്ങൾ
ജീവൽ ഗ്രന്ഥത്തിൽ
ഓർമ്മയെ ബഹുമാ-നിക്കുന്നോൻ
ഭാഗ്യ-പ്പെട്ടവനാ-യീടും.

കുറിയേ...കുറിയേ... കുറിയേ... ഞങ്ങളുടെ കർത്താവേ,

## പ്രുമിയോൻ, സെദറാ

## കോലോ

(മൊറഹീമ്മീൻ)

1. ശുദ്ധന്മാർ ഓ-ർമ്മ-യതിൻനാൾ
കമനീയം യോഗ്യം പ്രിയങ്കരമാ-ണേറ്റം
സ്ലീബാപാലമതായ് നിങ്ങൾ
ജീവൽ-സ്ഥാനേവ-ന്നെത്തി
നിങ്ങളിൽ സംപ്രീതൻ റൂഹാ
മുടികൾ മുടഞ്ഞിട്ടാ ശിരസുകളിൽ-ചൂടി. ബാറെക്മോർ

www.malankaralibrary.com

ശുബ്ഹോ... മെൻഓലം...

2. ഔഷധമായ് തീർന്നാർ നിങ്ങൾ
സഹദേന്മാരേ ശരണപ്പെ-ടുവോ-ർക്കായ്
ഓർമ്മ-യിൽ സംബന്ധി-ച്ചതിനെ
ബഹുമാനി-ക്കുന്നോൻ ധ-ന്യൻ
ക്ഷണിക്കപ്പെട്ടോനായ് തീർന്നി-
ട്ടവനും പ്രാപി-ക്കും ശാ-ശ്വതമാം-ജീവൻ.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർ അപ്രേമിന്റെ ബോവൂസോ

ഒന്നാം രാഗം

1. കർത്താവേ കൃപചെയ്യണമേ
നിൻ പ്രിയരായോർ പ്രാർത്ഥനയാൽ

2. റൂഹായാൽ പാടിയ നിബിയർ
വെളിപാടോതിയ ശ്ലീഹന്മാർ
സ്നേഹാൽ മൃതരാം സഹദേന്മാർ
ഇവരർത്ഥിക്കും കൃപചെയ്ക.

3. പരിശുദ്ധന്മാരേ നിങ്ങൾ
പ്രാർത്ഥിപ്പീൻ കർത്താവോടായ്
അടികളെയും തൻ കോപത്തിൻ
വടികളെയും മായിച്ചീടാൻ.

4. കർത്താവേ കൃപചെയ്യണമേ
നിൻ പ്രിയരായോർ പ്രാർത്ഥനയാൽ
അവർ പ്രാർത്ഥന യാചനയാൽ നീ
കാരുണ്യം ചെയ്യ് ഞങ്ങൾമേൽ.

www.malankaralibrary.com

## മൂന്നാം കൗമാ

കർത്താവിന്റെ ബഹുമാനം... പേജ് 18

## എക്ബോ

(ആബോ ക്സബ്വോ)

കാക്കണമേ നാ-ഥാ-നിന്റെ
തനുരു-ധിരങ്ങളശി-ച്ചോരാം
മൃതരെ പു-തുതാ-ക്കി
പരിമളവും വീ-ശി
അടിയാരാത്മാ-ക്കളിൽനിന്നും
ശമനം ചെയ്യുക, നി-ത്യാഗ്നി.

കുറിയേ...കുറിയേ... കുറിയേ... ഞങ്ങളുടെ കർത്താവേ,

## പ്രുമിയോൻ, സെദറാ

## കോലോ

(മ്ശീഹോ ലോ തഹമ്മേ മേനാൻ)
(ഏഹാദൈൻ ഉലോ തെത്ഏൻ)

*'ഞങ്ങൾ വിസ്മൃതരാകരുതേ'*

1. മ്ശീഹാ-നിന്നാരാധകരിൽ
നിന്നും പിൻതിരിയ-രുതേ-നീ
നിന്നിൽ, അഭയം തേടിയിവർ
ജീവ-വഴിയിൽ നയിക്കിവരെ.
രാ-പ-കലങ്ങേ സ്തുതി പാടാൻ
ഇവർ യോ-ഗ്യന്മാരാ-കേണം. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

2. ഉയരെ-കൊമ്പിൻ ധ്വനിയുണ്ടായ്
കാഹളനാദം കേ-ൾക്കു-മ്പോൾ

www.malankaralibrary.com

കല്ലറ, പാറകളും പിളരും
മൃതരെല്ലാരും ഉയിർത്തീടും
ആ സമയം നാഥാ കൃപചെ-
യ്തിവരെ നിൻ വലമാക്കേണം.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർ ബാലായിയുടെ ബോവൂസോ

കരുണനിറഞ്ഞവനേ... പേജ് 44

## നാലാം കൗമാ

ഹാലേലുയ്യാ, ഹാലേലുയ്യാ, ഹാലേലുയ്യാ... പേജ് 25
ത്രിത്വത്തിനു സ്തുതി, ത്രിത്വത്തിനു സ്തുതി,... പേജ് 33
നയവാൻ പനപോലെ...
ഒരുപോലിങ്ങും...
പ്രാർത്ഥനയിൻ സമയമിതല്ലോ...
മൊറിയോ റാഹേം അലൈൻ...

## മാർ അപ്രേമിന്റെ ബോവൂസോ

1. ഞങ്ങൾതൻ കർത്താവേ നീ
കാരുണ്യംചെയ് ഞങ്ങൾമേൽ
നിൻമാതാവും കാദീശ-
ന്മാരും ചെയ്യും യാചിപ്പാൽ.

2. ദൈവീകൻ ജനിതൻതാനാ
താതനിൽ നിന്നാത്മീയമതായ്,
കന്യകയിന്നു വെടിപ്പായും
ജഡമയനെ പ്രസവിച്ചവളും.

www.malankaralibrary.com

3. ഒളിവായിഗർഭേ വാണു
വെളിവായിട്ടുദയം ചെയ്താൻ
ഘോഷിക്കപ്പെടുമെന്നേക്കും
പാവനമാം അവൾതൻ ഓർമ്മ.

4. ആജ്ഞാപിക്കും നിൻ ശബ്ദം
ധൃതഗതിയായവർ എഴുന്നേൽക്കും
ശുദ്ധിയിൽ നിൻ തനു ഭ-ക്ഷിച്ചോർ
രക്തം പാനം ചെയ്തവരും.

5. ന്യായമതായ് വിധിചെയ്തീടാൻ
വേഗം നീ അണയും നേരം
നിന്നോടൊത്തവർ പൂകീടും
പ്രഭയിൻ മണവറയുൾമോദാൽ.

6. ഞങ്ങൾ തൻ കർത്താവേ നീ
കാരുണ്യം ചെയ് ഞങ്ങൾമേൽ
നിൻ മാതാവും കാദീശ-
ന്മാരും ചെയ്യും യാചിപ്പാൽ.

7. നിൻമാതാവും കാദീശ-
ന്മാരും ചെയ്യും യാചിപ്പാൽ
നൽകീടേണം പുണ്യം ഞ-
ങ്ങൾക്കും വാങ്ങിപ്പോയോർക്കും.

## മാലാഖമാരുടെ സ്തുതി

അത്യുന്നതങ്ങളിൽ സ്വർഗീയ മാലാഖമാരും.... പേജ് 34

## മോറാനേശുമിശിഹാ

❖

www.malankaralibrary.com

# ശനി – പ്രഭാതം

## കൗമാ, പ്രാരംഭപ്രാർത്ഥന

## സങ്കീർത്തനങ്ങൾ 51, 63 (പേജ് 36, 39)

## എനിയോനോ

(ലോ തേ ഊൽ ലദീനോ)

1. നാഥാ നിൻ നിണമെയ് ഉൾക്കൊണ്ടവരായോർ
ദാസന്മാരേനീ–വിധി ചെയ്തീ–ടരുതേ.

2. വാഴ്വായ്തീരണമേ, മറിയാമിന്നോർമ്മ
അവൾ പ്രാർത്ഥനയാത്മാക്കൾക്കായും കോട്ട.

3. ഭാഗ്യം നിബിയർക്കും, ഭാഗ്യംശ്ലീഹർക്കും
ഭാഗ്യം സഹദേർക്കും, പുനരുത്ഥാനദിനേ.

4. നമ്മൾക്കായ് നിത്യം മാദ്ധ്യസ്ഥം ചെയ്‌വാൻ
സഹദേന്മാരോടായ് പ്രാർത്ഥന ചെയ്തീടാം.

5. ഉത്തമന്യായസ്ഥാ,–കൃപ ചെയ്തീടണമേ
ബഹുലമതാം കൃപയാൽ–ഋണമോചനമേക.

6. സ്നേഹിതർ ബന്ധുക്കൾ കൈവെടിയുന്നേരം
നാഥാ നീ അഭയം–മദ്ധ്യസ്ഥനുമാക. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

7. മാതാ കാദീശർക്കൗന്നത്യം നൽകി
മൃതരെയുയർപ്പിപ്പോൻ നാഥാ, നീ സ്തുത്യൻ. ആമ്മീൻ.

www.malankaralibrary.com

## സങ്കീർത്തനം 113:1–9

പ്രകാശത്തിന്റെ സ്രഷ്ടാവിനു സ്തുതി... പേജ് 40

## എക്ബോ

(അശ്വൊൻ ല്ഹാവ് സപ്രൊ)

ശുദ്ധർ മോ–ദി–ക്കും
സഹദേർ പ്രതി–ഫലവും
പ്രാപിക്കും പുലരി
ക്കർഹതയേ–കണമേ.

സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## പ്രുമിയോൻ, സെദറാ

## കോലോ I

(ഹോല്മീസെ ഓബേദ് അത്ത് തെദ്മറോസോ–ഹാ)

*വാ–ങ്ങിപ്പോയോർക്കായ് അത്ഭുതമേകും നീ ഹാലേലു–യ്യാ*

1. ആചാ–ര്യന്മാരർപ്പിക്കും–
ധൂപത്താ–ലെ വിശ്വാ–സിനിയാം സഭ
തന്റെ മൃതരെയോർക്കുന്നു
താതൻ ശാന്തിയതിൽ മേവും
ദുഷ്ടൻ തോ–റ്റിട്ടവൾ തൻ സുതരുത്ഥാ–പകനാം
നിന്നെ സ്തുതിചെയ്യും. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

2. മാർത്താ–മറിയം സോദരനെ
ജീർണ്ണിച്ചോ–നാം ലാസ–റിനെ തൻ ശബ്ദത്താൽ
ജീവി–പ്പിച്ചവനേ
യായീ–റോസിൻ സുതയെപ്പോൽ
മൃതരെയ–ന്ത്യേ തൻ ശ–ബ്ദത്താൽ എഴുന്നേൽപ്പി–
പ്പോനേ–തേ സ്തോത്രം.

www.malankaralibrary.com

(ദൈവമാതാവ്)

3. ലിഖിത-മല്ലാത്തൊരു കത്തും-
പേറിയണ-ഞ്ഞാൻ ഗബ്രീ-യേൽ മറിയാം സവിധേ
ശ്ലോമ്മോ-നിറയുമതിൽ
ചൊന്നാൻ-മറിയാമേ സ്വസ്തി
സകലത്തി-ന്നും രക്ഷകനായോൻ നിന്നിൽ നി-
ന്നുദയം-ചെയ്തീടും.

4. മരുവിൽ-പാറയിൽ നിന്നൊഴുകി
നദികളത-ല്ലോ നിൻ സാ-ദൃശ്യം മറിയാമേ
ധന്യേ-കന്യകയേ,
നിന്നിൽ-നിന്നും ദൈവസുതൻ
ജാതം ചെ-യ്താൻ അവന-ത്രെ ശില സത്യത്തിൽ
പൗലോസ്-ചൊന്നതുപോൽ.

(പരിശുദ്ധന്മാർ)

5. ശ്ലീഹ-ന്മാർ ശിരസ്സാം ശെമഓൻ-
പാറയതി-ന്മേൽ പണിയ-പ്പെട്ടവളത്രെ ഞാൻ
ചൊന്നാൾ സഭയേവം
ഭയമി-ല്ലലകൾ കാറ്റുകളും
എന്നിലടി-ച്ചു; ഇളകില്ലേൻ വേദവിരോധികൾ
പൊരുതി വീണവരും.

6. സഹദേ-ന്മാരേ, ചൊല്ലിടുവിൻ
എന്തിനു നി-ങ്ങൾ ദ്വേഷിച്ചപരർ സ്നേഹിക്കും
നശ്വര ലോകത്തെ
മോഹ-ങ്ങളിലതി വഞ്ചകിയാ-
ണതിനെ വരി-ച്ചോരെല്ലാ-വരെയുമതിന്നോളം
വഞ്ചി-ച്ചെന്നറിവു.

www.malankaralibrary.com

(അനുതാപം)

7. പാപി-ഞാനതി പാപിയതാ-
ണെന്നെപ്പോ-ലെ അങ്ങ-യെ ആരും ഒരുനാളും
കോപി-പ്പിച്ചില്ല;
ഹ്രസ്വം-ജീവിതമെൻ മൃതിയും
അകലെത്ത-ല്ലെന്തിനി ചെയ്യേണ്ടൂ? സ്നേഹപരാ,
ഋണമോചനമേക.

8. ന്യായ-സ്ഥലമതിലുണ്ടാകും
വലിയ വിലാ-പം ദുഷ്ട-ർ തൻ ചെയ്തികളെല്ലാം
പരിശോ-ധിക്കുമ്പോൾ
ന്യായാ-ധിപനരുളിച്ചെയ്യും
ദയ കൂടാ-ത്തൊരു-വിധി; കൈ-ക്കൂ-ലിയുമില്ലിവിടെ,
മുഖപ-ക്ഷവുമില്ല.

(പരേതർ)

9. ജ്ഞാന-ത്താൽ ലോകം മുഴുവൻ-
മരണനുക-ത്തിന്നടിമ-പ്പെടുവാൻ ഇടയാക്കിയ
സ്രഷ്ടാ-വാം ജ്ഞാനി
സ്ഥാനെ-നിന്നും നീക്കുന്നു
ശക്തന്മാ-രാം നൃപരെ-ന്യായാധിപരേയും
അധികാ-രമതീന്നും.

10. പരിമ-ളധൂപമിതാൽ നിന്റെ
നിണമെയ്കൾ-കൊണ്ടോരാം-വിശ്വാസികൾ മൃതരെ
പാവനരാക്കണമേ;
നിൻവ-ലഭാഗേ നിന്നവർ തൻ
പുനരുത്ഥാ-പകനാം മ്ശീ-ഹാ നിൻ സ്തുതിയവരും
പാടാൻ-വരമേക. മൊറിയോറാഹേം...

www.malankaralibrary.com

## എത്രോ

## കോലോ II

(മ്ശംശോനെദ് ഒബ്ദീൻ സെബിയോനെ ദ്മൊ-റിയോ)

*"നാഥാജ്ഞകളെ അനുവർത്തിച്ചൊരു ദാസ-ന്മാർ"*

1. നാഥൻ തന്നുടെ തോട്ടമതിൽ
സന്ധ്യവരെ പണിചെയ്തവർ ദാ-സർ
ഉഷസ്സിൽ കൂലിയെയർത്ഥിക്കും
പ്രതിഫലമേകീടുക നാഥാ,
ഉത്തരമരുളീടും നാഥൻ :
"വാ-ഗ്ദാനം ചെയ്തതിലധികം
പുനരുത്ഥാനത്തിൽ
മുഖതെളിവും നൽകീടാം ഞാൻ." ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

2. പാതാളം പൂകി മൃതിയെ
വിജയിച്ചോരേക-സുതാ-സ്തോത്രം
അവനെ ദർശിച്ചാശ്വാസം
പ്രാപിച്ചാദ്യപിതാവാദാം
വന്ദിച്ചവനോടർത്ഥിച്ചാൻ
മോ-ചിച്ചെന്നെ മക്കളെയും
ഏദനിലേക്കിനിയും
നാഥാ, തിരികെയയയ്ക്കണമേ.

(ദൈവമാതാവ്)

3. അഗ്നിമയൻ തീജ്ജ്വാലകളെ
തരണം ചെയ്തുകടന്നൊരുതേ-രിൽ
വായുവിനെ ഭേദിച്ചെത്തി
നസറേത്തിൽ മറിയാം സവിധേ

www.malankaralibrary.com

ധന്യയവൾക്കേകി 'സ്വസ്തി'
ന-മ്മുടെ നാഥൻ നിന്നുദരേ
ആദാമ്യകുലത്തിൻ
ശാപമശേഷം മാറ്റുന്നോൻ.

4. കന്യകമറിയാം പ്രാർത്ഥനയാൽ
അർത്ഥനയാലും, ഞങ്ങളിൽ നി-ന്നും
അടികളെയും കോപത്തിന്റെ
വടികളെയും നീക്കീടണമേ
മോദമെഴുന്നൊരു മാസങ്ങൾ
വ-ർഷങ്ങളെയും നൽകണമേ
നാഥാ നിൻ പ്രീതി-
യ്ക്കുതകണമിവരുടെ ശുശ്രൂഷ.

(പരിശുദ്ധന്മാർ)

5. വരുവീൻ, ശരണപ്പെട്ടീടാം
പീഡകളാലേ മിശിഹാ ത-ന്റെ
സ്നേഹിതരാം ശ്ലീഹന്മാരിൽ,
ഉയരാഴങ്ങൾക്കധികാരം
റൂഹായേയും കൈക്കൊണ്ടോർ,
പ്ര-സംഗികരായ് നിയമിച്ചോൻ
സ്തുത്യൻ! അവരോർമ്മ
ഭൂമിയിലിന്നുവിളങ്ങുന്നു.

6. ന്യായാധിപരോടായ് സഹദേർ
ചൊന്നാർ: നാഥനിവർക്കുയരത്തിൽ
ആയിരവും പതിനായിരവും
മാലാഖകൾ സേവിപ്പവനായ്
തള്ളുകയില്ലവനുടെ സത്യം
നാ-ഥനിവർക്കായില്ലപരൻ

www.malankaralibrary.com

പീഡിതരായവരെ
ദുഷ്ടരിൽനിന്നും രക്ഷിപ്പോൻ.

(ഒരു വിശുദ്ധൻ)

7. മഹിമയെഴുന്നൊരു (മാർത്തോമ്മാ)
ഭടനായ്ധീരം പൊരുതിയ നി-ന്നെ
വിജയത്തിൻ മുടികൾ നൽകി
ബഹുമാനിച്ചവനും സ്തുത്യൻ.
ഉയരാഴങ്ങൾ മോദിപ്പൂ
നി-ന്നോർമ്മദിനേ, താതന്നും,
സുതനും പാവനനാം
റൂഹായ്ക്കും സ്തുതിയേറ്റുന്നു.

(അനുതാപം)

8. അനുതാപം പൂണ്ടൊരു പുത്രൻ
പിതൃസന്നിധിയിൽ യാചിച്ചേ-വം;
"സ്വർഗ്ഗം മുൻ, തവ സന്നിധിയും
പാപം ചെയ്തൊരയോഗ്യൻ ഞാൻ
പുത്രനതല്ലിനി ഭൃത്യൻ പോൽ
താ-വക ഭവനേ-നിന്നീടാം
കരുണയതിൻ വാതിൽ
പാപിയിവന്നു തുറക്കണമേ."

9. നമ്മുടെ കാലം നമ്മേപ്പോൽ,
ധനവാൻ ധനലാഭം മോഹി-പ്പൂ
പാവപ്പെട്ടവർ വഞ്ചനയും:
സർപ്പസമാനം മനുജന്മാർ
അന്യോന്യം ദ്വേഷിക്കുന്നു.
കൊ-ന്നീടുന്നു; കുരുടന്മാർ
കാണുന്നീലയ്യോ
സർവ്വേശൻ തൻ ന്യായവിധി.

www.malankaralibrary.com

(പരേതർ)

10. സ്തുത്യൻ, പുനരുത്ഥാനത്തെ
വലുതാക്കി, ശരണമുറപ്പി-ച്ചോൻ
ധന്യൻ പൗലോസിൻ സാക്ഷ്യം
സംശയമാകെയകറ്റുന്നു
ജീർണ്ണിക്കാതെ മുളച്ചിടുമോ
ധാ-ന്യം? അതുപോൽ ആദാമിൻ
വംശജരെല്ലാരും,
മഹിമയൊടെഴുന്നേൽക്കും നൂനം.

11. സ്വർഗ്ഗീയൂറിശിലേം തന്നിൽ
നാഥാ, സൽസ്മൃതിയുണ്ടാക്ക-ണമേ.
നിൻ തനുരുധിരത്താൽ പുണ്യം
പ്രാപിച്ചോർ മൃതരായോർക്കായ്
നീ നിൻ സിംഹാസനമേറി
ദു-ഷ്ടന്മാരെ നീക്കുമ്പോൾ
സന്തുഷ്ടന്മാരായ്
നില്ക്കണമവർ വലഭാഗത്തിൽ.

## കുക്കിലിയോൻ

(കൊഹനൈയ്ക്നെൽബ്ശൂൻ) എട്ടാം രാഗം

1. ചാർത്തും നീതിയെ നിന്നാചാര്യ-ന്മാരും
മഹിമയെ നിൻ നയവാ-ന്മാരും ഹാലേ-ലു-യ്യാ
നിന്നഭിഷിക്ത മുഖം തിരിപ്പിക്കല്ലേ
നിൻ ദാസൻ ദാവീ-ദിനെയോർത്ത്.

2. നിൻ പുത്രന്മാർ കാത്തിടുമെങ്കിൽ-ഹാലേ-ലു-യ്യാ
എൻ നിയമത്തേയും ഞാനുപദേശിക്കും സാക്ഷ്യമിതും.
ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

www.malankaralibrary.com

## എക്ബോ

(റെഗ്‌ലേ ദ്‌റക് ബെസ്ക്കുദ്ശോ)

ശുചിയൊ-ടുശുദ്ധ്യാ ബെസ്ക്കുദിശാ
സ്പർശിച്ചുള്ളാപ്പാദങ്ങൾ
പറുദീസിൻ വാതിൽപൂകി
വാനവരൊത്തു വസിക്കേണം.

സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## കോലോ

(ആഹായ്ൻ ദഹ്‌വാവ് കേനോറേ)

1. നാഥാ, നിൻ സ്തുതി കിന്നരമായ്
നിൻ ഗീ-തങ്ങൾ-പാടിയോരാം
ഇവർ തൻ സോദരരായോരെ-
നിൻ ജീ-വൽ ശ-ബ്ദത്താ-ൽ നീ
കബറീ-ന്നുദ്യാ-നത്തി-നായ്
ഉണർത്തീ-ട്ടവരെ-യേറ്റേ-ണം
മുടിയേറ്റവർ മോദാൽ
പ്രതിഫലവും കൈക്കൊള്ളേണം. ബാറെക്മോർ

ശുബ്ഹോ...

2. മൃതിയെ രുചി നോക്കിയൊരെയെല്ലാം
ജീവി-പ്പിച്ചീ-ഞങ്ങളുടെ
മൃതിയുള്ളൊരു വർഗ്ഗത്തിന്നായ്
ജീവൻ-വാഗ്ദാ-നം ചെ-യ്ത
നാഥാ, നിന്നിൽ-നിദ്രി-തരാം
ആചാ-ര്യർ നി-ൻ വചന-ത്താൽ
മണവറയേറീട്ടവരും
താതസുതാത്മാ, സ്തുതിപാടും. മൊറിയോ റാഹേം...

www.malankaralibrary.com

## മാർ യാക്കോബിന്റെ ബോവുസോ

(ല്കൊഹനയ്ക് ആനീഹ്)

1. ദൈവാ–ത്മജനേ ശാ–ശ്വത രാജ്യേ സിദ്ധർ മ–ദ്ധ്യേ
ശുദ്ധ–രൊടൊന്നായ് ആശ്വാസം നൽ–കാചാര്യ–ർക്കായ്

2. മ്ശീഹാ–മണാളാ, നിൻ–ശുശ്രൂഷകരായോർക്കായ്–നീ
ഉണർവേ–കണമേ–കബറുകൾ–വാഴും ആചാര്യന്മാർക്കായ്.

3. ക്ഷണികാ–ശകളിൽ–മോദിക്കാഞ്ഞിട്ടവർനിൻ സ്നേ–ഹാൽ
പീഡ–വരിച്ചാർ; പ്രതിഫ–ലമായ് നീ–നന്മയയ–യ്ക്ക.

(ദ്നക്റിവ് മെന്ഹൂൻ)

4. ക്ഷണികാശകളെ–
ത്യജിച്ചതിനാലേ–പ്രഭയിൻ–മ–ണവ–റയിൽ
മോദിച്ചാശ്വാസം
പ്രാപിക്കട്ടെ–പാവനരാ–ചാര്യർ.

5 യൗവ്വനമോ–ഹത്തിൻ
മുടിയെവെടിഞ്ഞാർ ലോകസുഖ–ത്തെയും
നിൻ തിരുനാ–മത്തെ
മുഴുഹൃദയത്താൽ–സ്നേഹിച്ചോരല്ലോ.

6. കേൾക്കരുതേ–നാഥാ
ശരണമൊടുക്കും–ധ്വനി നിൻ ദാ–സന്മാർ
ഏറ്റുപറ–ഞ്ഞങ്ങെ
നാഥാ, അവരെ–തള്ളരുതേ–നീയും.

### അപേക്ഷ

കർത്താവേ, നിന്നെ സ്തോത്രം ചെയ്യുന്നതും... പേജ് 41

### കൗമാ

### വിശ്വാസപ്രമാണം

❖

www.malankaralibrary.com

# ശനി – മൂന്നാംമണി

## കൗമാ

## കോലോ

(അത്ത് മൊറിയോ–ഹാസൊ ല്കൊഹനൈക് ഹാലേലുയ്യാ)

*'നാഥാ–നൽകീടുക പുണ്യം ഹാ–ലേ–ഏ–ലുയ്യാ'*

1. പള്ളികൾ ദയറാകളിൽ നിന്നെ ആയു–ഷ്ക്കാലേ
പരികർമ്മിച്ചോരാചാര്യർ ശെമ്മാ–ശന്മാർക്കായ്;
കരമതിൽ നിൻ തിരുമെയ് നിണമവ രാഘോ–ഷിച്ചാർ
കടമെല്ലാം നീങ്ങിടുവാനായ് മദ്ബഹായതിനുള്ളിൽ
നിൻ തിരുമെയ് അവർ പിഴ പോ–ക്കണമേ
തവരുധിരം പാപം മാ–യ്ക്കണമേ
നിൻ വലഭാഗേ പാടുമവർ
നാഥാ, തേ സ്തോത്രം. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

2. ശ്ലീഹന്മാർ–ശിരസ്സാം ശെമഓനോടാ–യ്–നാഥൻ
'കഹനൂസാ' പരമുരചെയ്തോരതി മോ–ഹന വചനം;
"ഭവന വിചാരകനായ് നിന്നെ ഞാൻ നി–യമിച്ചു
ഉയരാഴങ്ങടെ താക്കോൽകൾ നിൻ കൈ–കളിൽ നൽകി
നീ ബന്ധി–ച്ചാൽ ഞാൻ ബന്ധിക്കും
മോചിച്ചാൽ ഞാനും മോചിക്കും
പാപികൾ പേർക്കായ് യാചിക്കിൽ
നിൻ പ്രാർത്ഥന കേൾപ്പേൻ".

മൊറിയോറാഹേം അലൈൻ ഉഅ്ദാറൈൻ.

www.malankaralibrary.com

# മാർ യാക്കോബിന്റെ ബോവൂസോ

(കോഹനൈക് ആനീഹ്)

ഏഴാം രാഗം

1. ദൈവതനൂജാ സിദ്ധർ മദ്ധ്യേ ശു-ദ്ധരൊടൊന്നായ്
ശാശ്വതരാജ്യേ ആശ്വാസം നൽകാചാര്യർക്കായ്.
2. ആചാര്യർതൻ മഹിമയൊടുക്കി മൃതിപാതാളേ
ശെമ്മാശ്ശർ തൻ കാന്തിയെയും ഹാ! കവരുന്നല്ലോ.
3. മണവാളൻ തൻ തോഴ്മക്കാർ പാതാളത്തിന്നുൾ
ധൂളിയതായി, അവർ വീണകളിൻ നാദം നിന്നു.
4. ദൈവതനൂജാ, വാങ്ങിപ്പോയോരാചാര്യന്മാർ
മോദിക്കേണം നിന്നോടൊന്നായ് നിൻ വരവിങ്കൽ.
5. മൃതരായോരാം ഭ്രാതാക്കന്മാർ ഗുരുജനമിവരെ
പന്തിയിരുത്തുക ശുദ്ധരൊടൊന്നായ് നിൻ രാജ്യത്തിൽ.
6. ആചാര്യേശാ, നിൻ രഹസ്യങ്ങൾ പരികർമ്മിച്ചോ-
രാചാര്യന്മാർക്കേകുക പുണ്യം മ്ശിഹാ സ്തോത്രം!

## കൗമാ

## വിശ്വാസപ്രമാണം

❖

www.malankaralibrary.com

# ശനി – ആറാം മണി

## കൗമാ

## കോലോ

(പ്താഹ ലീ തറയേ)

1. പുതിയൊരു സ്വർഗ്ഗം ഭൂമിയിതിൽ
ദൃശ്യമതായി, കന്യകമ-റിയാം
    ലോകങ്ങൾക്കു പുരാതനനാം
    നീതി ദിവാകരനവളിന്നും
    ഉദയം ചെയ്തിരുളിനെ നീക്കി
ആ-ഗതനായി-ട്ടവൾ നാമം
ശ്രേഷ്ഠമതാക്കിയവൻ
വാഴ്ത്തപ്പെട്ടവനാകട്ടെ. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

2. ശ്ലോമ്മോ നിത്യമതുണ്ടാക
വിശ്വാസത്തിൻ ശില്പികളാ-യോർ
    നിബിയർക്കും, സഭയെ പണിതോർ
    ശ്ലീഹർക്കും, ശ്ലോമ്മോയ്ക്കുടയോൻ
    നാഥനെ സ്നേഹിച്ചവരായോർ
സ-ഹദേന്മാർക്കും, അവർ നാമം
ബഹുമാനിച്ചവളാം
പരിശുദ്ധ സഭയ്ക്കും ശ്ലോമ്മോ!
മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർബാലായിയുടെ ബോവൂസോ

മാതാ കാദീശന്മാർ തൻ... പേജ് 43

## കൗമാ

## വിശ്വാസപ്രമാണം

❖

www.malankaralibrary.com

# ശനി - ഒൻപതാംമണി

## കൗമാ

## കോലോ

(പ്തഹ ലീ തറയേ)

1. സ്തുത്യൻ പുനരുത്ഥാനത്തെ
വലുതാക്കി ശരണമുറപ്പിച്ചോൻ
ധന്യൻ പൗലോസിൻ സാക്ഷ്യം
സംശയമാകെയകറ്റുന്നു:
ജീർണ്ണിക്കാതെ മുളച്ചിടുമോ
ധാ-ന്യം? അതുപോൽ ആദാമിൻ
വംശജരെല്ലാരും
മഹിമയൊടെഴുന്നേൽക്കും നൂനം. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

2. സ്വർഗ്ഗീയൂറിശിലേം തന്നിൽ
നാഥാ സൽ സ്മൃതിയുണ്ടാക്ക-ണമേ
നിൻ തനുരുധിരത്താൽ പുണ്യം
പ്രാപിച്ചോർ മൃതരായോർക്കായ്
നീ നിൻ സിംഹാസനമേറി

ദു-ഷ്ടന്മാരെ നീക്കുമ്പോൾ
സന്തുഷ്ടന്മാരായ്
നില്ക്കണമവർ വലഭാഗത്തിൽ.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർ ബാലായിയുടെ ബോവൂസോ

കരുണനിറഞ്ഞവനേ... പേജ് 44

## കൗമാ

## വിശ്വാസപ്രമാണം

❖

www.malankaralibrary.com

# ‘ശ്ഹീമ്മോ’

## അഥവാ

## പ്രതിദിന

# നമസ്ക്കാരം

# മെൻഓലം

www.malankaralibrary.com

www.malankaralibrary.com

# തിങ്കളാഴ്ച - സന്ധ്യ

## കൗമാ, പ്രാരംഭ പ്രാർത്ഥന

## സങ്കീർത്തനങ്ങൾ 141, 142, 119, 117

കർത്താവേ, നിന്നെ ഞാൻ വിളിച്ചു... പേജ് 6

## എക്ബോ

(ഹ്ത്തിസ് ബശ്മായോ)

സ്വർഗ്ഗംമുൻ തവ സന്നിധിയും നാഥാപാപം
ചെയ്തൊരയോഗ്യൻ ഞാൻ
പുത്രനതല്ലിനി ഭൃത്യൻപോൽ താവകഭവനേ
സ്വീകൃതനാ-കേ-ണം.
സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## പ്രുമിയോൻ, സെദറാ

### കോലോ I

(ബ്ഹൂബോ വബ് ഹൈമ്മോനൂസോ; കാബേ-ലൊയ്മോറാൻ)

*'വാഴ്ത്തുക നാഥനെയഖിലരുമേ'*

1. കാരു-ണ്യമതിന്നായ്
ദാസന്മാരിവരർപ്പിക്കും
ധൂപം-കൈക്കൊണ്ടി-
ട്ടേകണമേ നാഥാ, പുണ്യം. ബാറെക്മോർ.

ശുബ്ഹോ.... മെൻഓലം...

www.malankaralibrary.com

2. അഹറോ-നുടെ ധൂപം,
പ്രാർത്ഥനയും കൈക്കൊണ്ടതുപോൽ
നിന്നാ-രാധകർതൻ
ധൂപം സ്വീകൃതമാകണമേ.

(ദൈവമാതാവ്)

3. വിമലേ-കന്യകയേ!
ദൈവസുതൻ തിരുമാതാവേ
കാരു-ണ്യം ചെയ്‌വാൻ
സുതനോടർത്ഥിക്കിവർ പേർക്കായ്.

4. മാതാ-മറിയാമേ
നിൻസാദൃശ്യം ദർശിച്ചാൻ
സീനാ-യ് മലമുകളിൽ
മൂശാനിബിയൊരു മുൾച്ചെടിയിൽ.

(പരിശുദ്ധന്മാർ)

5. നിബിയ-ന്മാർ വ്യഥയിൽ
വിതചെയ്താർ ശ്ലീഹന്മാരോ
കൊയ്താ-ർ സാമോദം
ഫലമേന്തുന്നോർ മല്പാന്മാർ.

6. സ്കീപ്പാ-മേൽ കൈകൾ
ചേർത്തൊരുസുതനെ ദർശിച്ചോർ
സഹദേ-ന്മാർ സ്നേഹാൽ
പീഡയ്ക്കായ് ഗളമേല്പിച്ചാർ.

(അനുതാപം)

7. വിളിചെ-യ്യുന്നിവരെ
വാഗ്ദാനം പോൽ കേൾക്കണമേ,
ശുശ്രൂ-ഷകൾ കൈക്കൊ-
ണ്ടൻപാലുത്തരമരുളണമേ.

www.malankaralibrary.com

8. പ്രീതിപ്പെട്ടിവർതൻ
പ്രാർത്ഥനയങ്ങെത്തിരുമുമ്പിൽ
പരിമ-ളധൂപംപോൽ
നാഥാ! സ്വീകൃതമാകണമേ.

(പരേതർ)

9. മേലൂ-റിശിലേമിൽ
നാഥാ ഭൂമൗസഭയിതിലും
നിന്നിൽ-മൃതരായോ-
ക്കോർമ്മയതുണ്ടായീടേണം.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## എക്രോ

## കോലോ II

(മെൻ നഹലേക്ക് ബസീമ്മോ തശ്ക്കേ
ഏനൂൻ-മോറാൻ-യേശുമിശിഹോ)

*'നിൻ മോദത്താഴ്‌വരയിൽ കുടിപ്പിക്കും നീയവരെ,*

1. കർത്താ-വേ! ഞങ്ങൾ ഭക്ഷിച്ചീ നിൻ മെയ്യും
വിശ്വാസത്താൽ പാനം ചെ-യ്തോ-
രു-യിരേകും രക്തമതും തീനരകത്തിൽ
പാലമതായ് തീർന്നേകണമേ
ഹാലേ-ലു-യ്യാ-ജീവൻ നിത്യം. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

2. സിംഹ-ക്കുഴിയിലിറങ്ങി വസിച്ചവയിൽ നിന്നും
നീതിഷ്ഠൻ ദാനിയേലേ
ചീന്താ-യ്‌വാൻ അവയിൻ വായ്കൾ ബന്ധിച്ചോരുവൻ
കൃപയാലവനെ രക്ഷിച്ചോൻ
ഹാലേ-ലു-യ്യാ-സ്തുത്യൻ നിത്യം!

www.malankaralibrary.com

(ദൈവമാതാവ്)

3. ദാവീ-ദിൻ വിജയത്തിങ്കൽ യൂദാംഗനമാർ
തപ്പുകളേന്തിപ്പാടിയഹോ
ദൈവാം-ബികതന്നോർമ്മയതിൽ പാടീടുന്നു
വാനോർ ഭൗമികരും മോദാൽ
ഹാലേ-ലുയ്യാ-സ്തോത്രം സ്തുതികൾ.

4. ഉണ്ടാ-കട്ടെ മാഞ്ഞീടാത്തൊരു നല്ലോർമ്മ
കന്യകമറിയാമ്മിന്നെന്നും
അവൾത-ന്നാത്മജനെന്നാളും നിലനിൽക്കുന്നോൻ
നിലനിന്നീടുമവൻ രാജ്യം
ഹാലേ-ലു-യ്യാ- എന്നന്നേക്കും.

(പരിശുദ്ധന്മാർ)

5. ശ്ലീഹർ-ശിരസ്സാം ശെമഓനേ- പൗലോസ് ധന്യാ!
സ്നാപകനാം യൂഹാനോനേ!
വിശ്വാ-സത്തിന്നുറവിങ്കൽ മേയിച്ചാട്ടിൻ
കൂട്ടമതിൻ പേർക്കർത്ഥിക്ക
ഹാലേ-ലു-യ്യാ-നയിച്ചീടവയെ.

6. വിഗ്ര-ഹദേവന്മാർപക്കൽ സഹദേർ, നിങ്ങൾ
ധൂപക്കൂട്ടർപ്പിച്ചില്ല
രാജാ-ക്കൾ മുടികൾ നീക്കീട്ടടി പണിയുന്നു
നിങ്ങൾതന്നസ്-ഥികൾ മുമ്പിൽ
ഹാലേ-ലു-യ്യാ-പ്രാർത്ഥിക്കണമേ.

(ഒരു വിശുദ്ധൻ)

7. മാലാ-ഖകളൊന്നിച്ചല്ലോ മേൽസ്വർഗ്ഗത്തിൽ
(മാർത്തോമ്മാ) നിൻ വിശ്രാന്തി
പ്രഭയേ-റുന്നൊരു മണവറയിൽ നീ മോദിപ്പൂ

www.malankaralibrary.com

സ്വർഗ്ഗീയമതാം രാജ്യത്തിൽ
ഹാലേ-ലു-യ്യാ-പ്രാർത്ഥിക്കണമേ.

(ഞായറാഴ്ച)

8. 'രുചിനോ-ക്കിയറിഞ്ഞീടുക നീ നാഥൻ നല്ലോൻ'
നശ്വ-രമാമീ ഞായർദിനേ നിൻതനുരുധിരം
ദൈവസുതാ നീയിവനേകി:
ശാശ്വ-തമാം ഞായർനാളിൽ നിൻ വലഭാഗേ
നിന്നിട്ടങ്ങേ സ്തുതി ചെയ്‌വാൻ
ഹാലേ-ലു-യ്യാ-യോഗ്യനതാക്ക.

(അനുതാപം)

9. 'ഹൃദയം-തകരുന്നോർക്കേകും നാഥൻ സൗഖ്യം'
ദാവീദേവം പ്രവചിച്ചാൻ
മാമ്മോ-ദീസായിൻ നീരാലിവർ ഹൃദയങ്ങൾ-
ക്കേകി മിശിഹാനൽ സൗഖ്യം
ഹാലേ-ലു-യ്യാ-താൻ സ്തുത്യനഹോ!

10. മറവായ്-സ്ഥിതിചെയ്യും താതൻ കാത്തീടട്ടെ
പുത്രൻ സംരക്ഷിക്കട്ടെ
അനിശം-നമ്മൊടുപോരാടും ദുഷ്ടൻ തന്റെ
കെണിയീന്നും പരിശുദ്ധാത്മാ
ഹാലേ-ലു-യ്യാ-രക്ഷിക്കട്ടെ.

(പരേതർ)

11. നിൻ തി-രുമെയ് കൈക്കൊണ്ടവരാം മൃതരായോരെ
ഓർക്കേണമേ-നീ, ദൈവസുതാ
നിൻമ-ഹിമാഗമനത്തിങ്കൽ മുഖശോഭയോടെ
നിന്നിട്ടങ്ങെ സ്തുതിചെയ്‌വാൻ
ഹാലേ-ലു-യ്യാ-ഏറ്റണമവരെ.

www.malankaralibrary.com

## കുക്കിലിയോൻ

(തൂബാവ്‌ലമാൻ ദെശ്ത്ബേക്ക്) ആറാം രാഗം

കർത്താവവനുടെ പാപങ്ങൾ ഗണിക്കാത്തവനും
ഹാലേ-ലു-യ്യാ
ഹൃദയേവഞ്ചനയില്ലാത്തവനും ഭാഗ്യം!

രാപകൽ നിൻ കരമെന്മേൽ ഭാരപ്പെട്ടു ഹാലേ-ലു-യ്യാ
എന്നെ നശിപ്പിക്കാൻ വേദന പാഞ്ഞെൻ ഹൃദയേ.
ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

## എക്ബോ

(ബ്ഹൗബായ് വഹത്തോഹായ്)

സർവ്വ-ത്തിൻ-നായകനേ-എൻ
ഋണപാപ-ങ്ങൾ നിൻ മുൻ-പിൽ
ഏറ്റുപറ-ഞ്ഞൻ പിന്നാ-യ് ഞാൻ
യാചിപ്പൂ, കൃപചെയ്യ-ണമേ.

സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## കോലോ

(ബ്റമ്ശോ ക്രൊക്ക്വോ അബ്റോഹോം)

1. സന്ധ്യാ-സമയേ വിളിചെ-യ്താൻ
   ഹേ-സക്കിയ, അവനെ നീ
   രക്ഷിച്ചാസ്സു-റായക്കാർ
   സൈന്യങ്ങളിൽനി-ന്നും
   സന്ധ്യയിതിൽ വിളിചെയ്യു-
   ന്നടിയങ്ങൾ നി-ന്നെ
   ഹാലേലുയ്യാ-കൃപചെയ്യിവർമേ-ൽ. ബാറെക്മോർ

   ശുബ്ഹോ...

www.malankaralibrary.com

2. പ്രാർത്ഥി-പ്പീനുണർവുള്ളോ-രായ്
ആ-ത്മജഡ-ങ്ങളെവേറാ-
ക്കുന്നൊരു മാലാ-ഖായെപ്പോൾ
വരുമെന്നറിവി-ല്ല
ന്യാ-യാധി-പ സവിധത്തിൽ
ചെന്നുകണക്കെ-ല്ലാം
ഹാലേലു-യ്യാ നേരിൽ നൽകാൻ.
മൊറിയോറാഹേം അലൈൻ ഉത്താദാറൈൻ.

## മാർ യാക്കോബിന്റെ ബോവൂസോ

(കോറേനാൻ ലൊക്ക്) ആറാം രാഗം

1. ഉടയോൻ നാഥാ-വിളിക്കുന്നടിയാർ തുണയ്ക്കായ് വന്നീ
യാചന കേട്ടിവരാത്മാക്കൾമേൽ കൃപ ചൊരിയണമേ.
2. ഈറേമാലാ-ഖാമാർക്കുടയോൻ നാഥാ ദേവാ!
യാചന കേട്ടിവരാത്മാക്കൾമേൽ കൃപ ചൊരിയണമേ.
3. സന്ധ്യാസമയേ-ആചാര്യന്മാർ സ്തുതികൾ പാടി
സന്ധ്യാസമയ-ത്തവരർപ്പിച്ചാർ മോശൈകബലി.
4. സന്ധ്യായതിങ്കൽ പുലർകാലത്തും ബലികളണച്ചാർ
നിയമം പോൽ നിൻ, ദൈവ-ത്വത്തെ സ്തോത്രം ചെയ്താർ.
5. തിരുസഭയൊന്നായ് സന്ധ്യയതിങ്കൽ സ്തുതിപാടുന്നു
അവളുടെ പേർക്കായ് നീ ബലിയായി സന്ധ്യാസമയെ.
6. കുരിശിൽ നിന്നും നിൻതിരുരക്തം നൽകിയവൾക്കായ്
നിൻ നിണമെയ്കളിലവൾ മോദിപ്പൂ നാഥാ സ്തോത്രം!
7. സന്ധ്യാസമയം ഹാ! കൊണ്ടെന്നെ രാത്രിയിലാക്കി
നാഥാ, നീയെൻ സൂര്യൻ നിന്നിൽ നടന്നീടും ഞാൻ.

## മോറാനേശുമിശിഹാ

## കൗമാ

❖

www.malankaralibrary.com

# തിങ്കൾ - സൂത്താറ

## കൗമാ

## കോലോ

(ല്യാമ്മൊദ് റഹമ്മായ്ക്ക്)

1. നോക്കണമെൻ ദുരിതം-നാ-ഥാ!
പലതരദോഷം ഞാൻ ചെയ്തേൻ കോപിപ്പിച്ചു
ശരണമെനിക്കില്ല
വൈദ്യന്മാർ പക്കൽ-ഞാൻ-പോയ്
അവരൗഷധമെല്ലാം ചെയ്തിട്ടില്ലൊരു ഗുണവും
എൻവ്രണമോ കഠിനം
നൽവൈദ്യാ-നിന്നേ-യും നിൻ
ഔഷധഗുണവും ഞാൻകേട്ടു, നിങ്കൽ വരുന്നോൻ
സുഖമേൽക്കും നൂനം
തിരുജനകൻ സ്നേഹ-ത്താലും
മാതാവിൻ പ്രാർത്ഥനയാലും ഹാലേലുയ്യാ
പോക്കണമെൻപിഴകൾ. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

2. എൻ പാപത്തിൽ ഞാൻ-ചാ-കാ-
നിടയാകരുതയ്യോ നാഥാ
എൻ ബാഷ്പങ്ങൾ
ചൊരിഞ്ഞീടുന്നിപ്പോൾ
അജമോ, മാടോ, ചെ-ങ്ങാ-ലിയോ
കുറുപ്രാവിൻ കുഞ്ഞുങ്ങളെയോ കാഴ്ചയതായി-

www.malankaralibrary.com

ട്ടർപ്പിക്കുന്നില്ലേ.
ശെമഓൻ തൻ ഭവനെ-വ-ന്ന
പാപി സ്ത്രീപോലിരുതുള്ളി
കണ്ണീർ കണ്ടേൻമേൽ
ദയതോന്നണമേ.
തിരുജനകൻ സ്നേഹ-ത്താ-ലും
മാതാവിൻ പ്രാർത്ഥനയാലും, ഹാലേലൂയ്യാ
പോക്കണമെൻ പിഴകൾ.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർ അപ്രേമിന്റെ ബോവൂസോ

(മൊദ്കോയം അത്ത് ബസലൂസോ) ഒന്നാം രാഗം

1. കർത്താവേ കൃപ ചെയ്യണമേ
കൈക്കൊണ്ടടിയാരുടെ കർമ്മം
പൊറുതിയയച്ചരുളണമേ നിൻ
അറയീന്നലിവുമനുഗ്രഹവും.

2. തനുവതുപോൽ നിൻ ഹൃദയമതും
പ്രാർത്ഥനയിൽ നിന്നീടട്ടെ.
ദേവാലയമാക്കുകമേനി
ശുദ്ധസ്ഥലമായ് മാനസവും.

3. സർവ്വസ്തുതികളിലും ശ്രേഷ്ഠം
നിൻ മഹിമാവെൻ സകലേശാ!
മർത്യതയെ സ്നേഹിച്ചിവരെ
രക്ഷിച്ചതിനാൽ സ്തോത്രം തേ!

4. പ്രാർത്ഥന കേട്ടീടുന്നവനേ
യാചനകൾ നൽകുന്നോനേ
പ്രാർത്ഥന കേട്ടു നിരപ്പായി
കൃപയാൽ യാചന നൽ-കണമേ.

www.malankaralibrary.com

കുറിയേ... കുറിയേ... കുറിയേ...

**സങ്കീർത്തനങ്ങൾ : 91, 121**

അത്യുന്നതന്റെ മറവിൽ ഇരിക്കുന്നവൻ... പേജ് 12

**മാനീസോ**

കർത്താവേ നിന്റെ കരുണയിൻ ചിറകുകളുടെ നിഴലിൻ...പേജ് 16

**ക്രോബേന്മാരുടെ സ്തുതി**

കർത്താവിന്റെ ബഹുമാനം... പേജ് 18

**വിശ്വാസപ്രമാണം**

ബസ്മൽക്കോ, സാദീക്കോ ചൊല്ലി ധൂപം വയ്ക്കുന്നു.

**ഹൂത്തോമോ**

❖

www.malankaralibrary.com

# തിങ്കൾ - രാത്രി

## കൗമാ, പ്രാരംഭ പ്രാർത്ഥന

ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ കർത്താവേ... പേജ് 23

## സങ്കീർത്തനങ്ങൾ 134, 119 : 169-176, 117

ബാറെക്മോർ, രാത്രികാലങ്ങളിൽ .... പേജ് 23

## എനിയോനോ

(ആയീർ വാക്കീമ്മായ്ൻ)

1. നാഥാ-സകലേശാ
രാമദ്ധ്യേ സ്തുതിപാടാൻ നിൻ
കൃപയെ-ന്നെയുണർത്തി
ഋണമോചനമേകീ-ടേണം.

2. നിദ്രാ-രഹിതന്മാ-
രീറയരെ ഓർത്തീടുന്നേൻ
അവരൊ-ന്നായ് നിൽപ്പേൻ
മനുജപ്രിയ നിൻ സ്തു-തിപാ-ടാൻ.

3. എൻ പാ-പം ബഹുലം
വിധിനിലയേ നേർക്കുന്നെന്നെ
കൃപയെന്-മേൽ വീഴ്ത്തി
പ്പാപമശേഷം മാ-യ്ക്കേണം.

4. മേലൂ-റിശിലേമിൽ
നാഥാ ഭൂമൗസഭയിതിലും

www.malankaralibrary.com

നിന്നിൽ-നിദ്രിതരാം
മൃതരേയോർത്തീ-ടു-ക നാ-ഥാ. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

5. ഈറ-യർ ദർശിപ്പാൻ
കഴിയാത്തവനെ മൺമയരോ
കൈക-ളിൽ ഘോഷിപ്പൂ
നാഥാ സ്തോത്രമതങ്ങേ-ക്കായ്.

കുറിയേ... കുറിയേ... കുറിയേ...

## ഒന്നാം കൗമാ

## എക്ബോ

(ആബോ ക്സബ്‌വോ)

കബറീന്നെന്ന-സ്ഥികളാർക്കും
'കന്യകദൈവത്തെപ്പെറ്റാൾ'
സന്ദേഹി-ച്ചീ-ടിൽ
സത്യമതി-ന്ന-ന്യൻ
ചിന്തയതിൽ സം-ശയമേറിൽ
ദുഷ്ടൻ-പോൽ നരകം-പൂ-കും.

കുറിയേ...കുറിയേ... കുറിയേ...

ഞങ്ങളുടെ കർത്താവേ,...

## പ്രുമിയോൻ, സെദറാ

(ദൈവമാതാവിനെക്കുറിച്ച്)

## കോലോ

കൂക്കോയോ

(ഹ്ദൊത്ത്ലീസോ മെൻബെസ് ദാവീദ്) എട്ടാം രാഗം

1. ദൈവാംബികയേ കന്യകയേ വാ-ഴ്‌വാം നിന്നോ-ർമ്മ

www.malankaralibrary.com

ദൂരസ്ഥർ സമീപസ്ഥർതൻ യാ-ചന നീ കേൾ-പ്പൂ
 രോഗാതുരരായോർക്കേകുക, സൗഖ്യം
 പീഡിതരായോർ, ക്കേകണമാശ്വാ-സം
ദുഷ്ടാരൂപിയതിൻ ബാധയെ നീ-ക്കിപ്പാലി-ക്ക
താവക പ്രാർത്ഥന യാചനയാൽ കാ-രുണ്യമിവർമേൽ
ഹാലേലുയ്യാ, നിൻപ്രാർത്ഥനയ-ഭയം. ബാറെക്മോർ
ശുബ്ഹോ... മെൻഓലം...

2. ദാവീദിൻ സുതയേ നിന്നെ എങ്ങനെ വിളി ചെയ്‌വേൻ
എന്തൊരു നാമം നൽകീടും ചൊൽവാനുമശ-ക്തൻ
 കന്യകയെങ്കിൽ, പാൽനുകരും സൂനു!
 മാ-താവെ-ന്നോ? ക-ന്യകയല്ലോ നീ
അതിനാൽ ദൈവാംബികയെന്നായ്
 നി-ന്നെ വിളി ചെയ്-വേൻ
താർക്കികരും വിജ്ഞാനികളും ല-ജ്ജിച്ചീട-ട്ടെ
ഹാലേലുയ്യാ ശപ്തൻ ശോധി-പ്പോൻ.
മൊറിയോറാഹേം അലൈൻ ഉത്താദാറൈൻ.

## മാർ യാക്കോബിന്റെ ബോവൂസോ

(സ്‌ലൂസേക്ക് ആമാൻ ഓമ്ബാറെക്ക്തോ) എട്ടാം രാഗം

1. വാഴ്ത്ത-പ്പെട്ടവളാ-യോൾ കന്യേ പ്രാ-ർത്ഥിക്കണമേ
നാഥൻ നിൻ പ്രാർത്ഥന കേട്ടിവർമേൽ ദയചെയ്തീടാൻ.
2. കൃപയാൽ പൂരിതനീയർത്ഥിക്ക കൃപ യാചിക്കും
ഇവർമേൽ ആർദ്രതയു-ള്ളൊരു നാഥൻ ദയ ചെയ്തീ-ടാൻ.

3. ശാപം ധരയീന്നൊഴിവാക്കിയവൾ സ്ത്രീകളിൽ ധന്യേ
വിധിയിൻ വാചകമെന്നേക്കും നീ മായിച്ചവൾ താൻ.

4. ശുദ്ധതയിൻ രഹസ്യം പുണ്യത്തിൻ സൗന്ദര്യനിധേ
നിൻ വൃത്താന്തമുരപ്പാനെൻ വായ് മതിയാവില്ല.

www.malankaralibrary.com

5. താതൻ സ്തുത്യൻ, സുതമാതാവായ് തീർത്തവനവളെ
വന്ദ്യൻ പുത്രൻ, ശുദ്ധിയൊടവളിൽ താൻ നിവസിച്ചാൻ

6. അവൾ തന്നോർമ്മയെ ശ്രേഷ്ഠമതാക്കിയ റൂഹാ സ്തുത്യൻ
തൻ പ്രാർത്ഥനയാൽ നിത്യം കരുണയിവർക്കേകണമേ.

7. ദൈവാത്മജനെ ഒൻപതുമാസം നിന്നെ വഹിച്ചോൾ
പ്രാർത്ഥനയാലെ ക്രോധത്തിന്റെ ദണ്ഡുകൾ മായ്ക്ക.

## രണ്ടാം കൗമാ

കർത്താവിന്റെ ബഹുമാനം... പേജ് 18

## എക്ബോ

(ആബോ ക്സബ്വോ)

ധീരന്മാര-ല്ലോ നി-ങ്ങൾ
ഭൂ-പാ-ലകരെ വിജയിച്ചോർ
മുനയുള്ള-സ്ത്രത്താൽ
വാളുകളാ-ലുമല്ല
സ്ലീബായിൻ ശ-ക്ത്യാനിങ്ങൾ
സാ-ത്താൻ വഞ്ചനയെ-വെന്നൂ.

കുറിയേ...കുറിയേ... കുറിയേ... ഞങ്ങളുടെ കർത്താവേ,

## കോലോ

## കൂക്കോയോ

(ദ്ക്കിർ മൂശേ റീശ് മാബൂവോ)

1. മുൻ നിയമത്തിൻ തലയായി തീ-ർന്നാൻ നിബി മൂ-ശ
പുതിയതിനുടെ തല ശെമഓനും സാ-ദൃശ്യമെഴുന്നോർ.
മൂ-ശയിറക്കി, നി-യമപ്പലക-കളെ
ശെമഓൻ ദ്ദ്യോവിൻ, താക്കോലുകൾനേടി
താല്ക്കാലിക കൂടാരത്തെ മൂ-ശാപണി ചെയ്-താൻ
സഭയെ പണിതാൻ ശെമഓനും, നാ-ഥാതേ സ്തോ-ത്രം

www.malankaralibrary.com

ഹാലേലുയ്യാ അവർ പ്രാർത്ഥനയ-ഭയം. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

2. സത്യത്തിൻ മുൻമുദ്രകളായ് തീ-ർന്നു സഹദേന്മാർ
വഞ്ചനയേറും ദുഷ്ടനവർ-ക്കുള്ളിൽ പൂകീ-ടാ.
ഹേറോദോസിൻ വാ-ളാൽ യൂഹാനോൻ
ഹതനായ് കല്ലേറാൽസ്തേഫാനോസും
ശ്രേഷ്ഠനതാം മാർ ഗീ-വറുഗീസ് ചക്രം വാളാലും
അവർ പ്രാർത്ഥന യാചനയാലേ-കാ-രുണ്യമിവർമേൽ
ഹാലേലുയ്യാ അവർ പ്രാർത്ഥനയഭയം.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർ അപ്രേമിന്റെ ബോവൂസോ

(മോറാൻ എസ്റാഹാം മേലായിൻ) എട്ടാം രാഗം

1. കർത്താവേ, കൃപചെ-യ്യണമേ
നിൻപ്രിയരാ-യോർ പ്രാ-ർത്ഥനയാൽ
അവർ പ്രാർത്ഥന യാചനയാൽ നീ
കാരുണ്യം ചെയ് ഞ-ങ്ങൾമേൽ.

2. രക്ഷകനേ നിബിയർ ശ്ലീ-ഹർ
സഹദേർക്കോ-ർമ്മയതുണ്ടാ-ക്ക
പ്രാർത്ഥനയാ-ലവർ ഞ-ങ്ങൾക്കായ്
തുണയേകാൻ വരമേ-കേണം.

3. നിബിയർ ശ്ലീഹർ സഹദേർക്കായ്
ശക്തിയെ നൽകിയവൻ സ്തു-ത്യൻ
വിജയിച്ചാർ ശ്രേഷ്ഠരുമായി
സ്ലീബാ തൻ അടയാ-ളത്താൽ.

4. കർത്താവേ, കൃപ ചെ-യ്യണമേ
നിൻ പ്രിയരാ-യോർ പ്രാർത്ഥനയാൽ

www.malankaralibrary.com

അവർ പ്രാർത്ഥന യാചനയാൽ നീ
കാരുണ്യംചെയ് ഞങ്ങൾമേൽ.

## മൂന്നാം കൗമാ

കർത്താവിന്റെ ബഹുമാനം... പേജ് 18

## എക്ബോ

(ആബോ ക്സബ്വോ)

സോദരരേ, കൃപ-യാ-ചിപ്പാൻ
വന്നീ-ടിൻ അവസ-രമിതുതാൻ
നശ്വരലോ-കമതിൽ
അനുതാപം സാ-ധ്യം
അഴിയാലോകേ,യനു-താ-പം
യാച-നയും സ്വീകൃ-തമാ-കാ.

കുറിയേ...കുറിയേ... കുറിയേ... ഞങ്ങളുടെ കർത്താവേ,

## പ്രുമിയോൻ, സെദറാ

## കോലോ

## കൂക്കോയോ

(നവ്ബ്ദൂൻ ലൊക്മൊറിയോ അബ്ദൈക്) എട്ടാം രാഗം

*"നിൻ ദാസന്മാർ വാഴ്ത്തീടും ഹാലേലുയ്യാ"*

1. ശയ്യയിൽ നിന്നെ ഓർത്തീടും രാ-വതിലെന്നും ഞാൻ
രാവിൽ നിന്നെ ധ്യാനിക്കും നീ-ഭയജന്യൻ താൻ
ദാനിയേലിൻ-ശ-ബ്ദം കേട്ടു ഞാൻ
അഗ്നിനദി നിൻ, സവിധേ ഒഴുകു-ന്നു
കഷ്ടമെനിക്കെൻ പാപത്താൽ ത-രണം ചെയ്യേണം
നിൻ കാരുണ്യമിവർ പേർക്കായ് യാ-ചിച്ചീടേണം
ഹാലേലുയ്യാ-ഇഹപരലേക-ത്തിൽ. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

www.malankaralibrary.com

2. നാഥനൊടർത്ഥിച്ചൊരുകാര്യം മേ-ലിൽ ചോദി-ക്കാ
രക്ഷകനേ നിരസിക്കരുതേ രണ്ടാമർത്ഥനയെ
തിന്മയിൽ നിന്നും രക്ഷിക്കയിഹത്തിൽ
പരലോകത്തിൽ, ഭീകരവിധിയീന്നും.
നിൻ പ്രിയ സഹദേർ ചിറകുകളാലെന്നെ മറ ചെ-യ്ക
രാപകലവരോടൊത്തങ്ങെസ്തോ-ത്രം ചെയ്യും ഞാൻ
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർ ബാലായിയുടെ ബോവൂസോ

(ഹോയേൻ ലഹാത്തോയേ) എട്ടാം രാഗം

1. ദുഷ്ടന്മാരിൽ കാ-രുണ്യം പൂണ്ടോനേ
കാരുണ്യം ചെയ്നിൻ ന്യായ-ത്തീർപ്പിൻ നാൾ.

2. നിന്നുടെ കൃപ തന്റെ ബാഹുല്യത്താൽ നീ
എന്നുടെ കടമെല്ലാം മായിച്ചീടേണം.

3. യേശു കരുണാലോ നിൻകരുണാവാതിൽ
പൂകുന്നോൻ പാപി, പിൻവാ-ങ്ങട്ടൻപാൽ.

4. വിളിചെയ്വിൻ കേൾക്കും യാചിപ്പിൻ നല്കും
എന്നരുൾ ചെയ്തോനാം നാഥ-ന്നായ് സ്തോത്രം!

5. വിണ്ണവർ തൻ നാഥാ മണ്മയരാശയുമേ
കൈക്കൊണ്ടിക്കർമ്മം കാരു-ണ്യം ചെയ്ക.

## നാലാം കൗമാ

ഹാലേലുയ്യാ, ഹാലേലുയ്യാ, ഹാലേലുയ്യാ... പേജ് 25
ത്രിത്വത്തിനു സ്തുതി, ത്രിത്വത്തിനു സ്തുതി,... പേജ് 33
നയവാൻ പനപോലെ...
ഒരുപോലിങ്ങും...
പ്രാർത്ഥനയിൻ സമയമിതല്ലോ... മൊറിയോ റാഹേം...

www.malankaralibrary.com

## മാർ യാക്കോബിന്റെ ബോവൂസോ

(ബ്പെൽഗെത്ലിലിയോ എത്തയിർദാവീദ്) എട്ടാം രാഗം

1. ഉടയോൻ നാഥാ വിളിക്കുന്നു സഹായാ-ർത്ഥം വന്നീ-
യാചന കേട്ടിവരാത്മാക്കൾമേൽ കൃ-പ ചൊരിയണമേ.

2. ഈറേമാലാഖമാർക്കുടയോൻ നാഥാ ദേവാ
യാചന കേട്ടിവരാത്മാക്കൾ മേൽ കൃപചൊരിയണമേ.

3. രാവിൽ സ്തുതിപാടീടാനുണരുന്നോർപേർക്കായി
രാവിന്നിരുളിൻ ശക്തിയതെല്ലാം ദൂരിതമാകും.

4. ദൈവത്വത്തിൻ സ്തുതികൾ രാവിൽ പാടുന്നോർക്കായ്
സ്തുതി പാടാനുണരും രാവത് പകൽ പോൽ ശോഭിതമാം.

5. നിദ്രയെഴാത്തോരീറയരുയരേ നിൻ സ്തുതി പാടും
രാവിൻ നിദ്രമൗനികളാക്കിയഭൂചരർ പകരം

6. കടലും കരയും വായുവുമങ്ങേസ്തോത്രം പാടും
സൃഷ്ടികളാലേ സ്തുത്യനതായൊരു നാഥാ സ്തോത്രം.

7. ഉത്തരമരുളീടണമേദേവാ കൃപചെയ്യണമേ
അനുതാപത്തിനു മാനുഷരെ നീ പ്രേരിപ്പിക്ക.

### മാലാഖമാരുടെ സ്തുതി

അത്യുന്നതങ്ങളിൽ സ്വർഗീയ മാലാഖമാരും.... പേജ് 34

### മോറാനേശുമിശിഹാ

❖

www.malankaralibrary.com

# തിങ്കൾ - പ്രഭാതം

## കൗമാ, പ്രാരംഭ പ്രാർത്ഥന

## സങ്കീർത്തനങ്ങൾ 51, 63 (പേജ് 36, 39)

## എനിയോനോ

(ല്വോസോക്ക് മ്ക്കാദോം നോ)

1. കരുണ-യ്ക്കായ് അടിയാർ
നിന്നൊടു യാചി-ച്ചീടുന്നു
നല്ലോ-ൻ-ദയവാ-നേ
പാപമശേഷം മാ-യ്ക്കേ-ണം.

2. അബല-ന്മാർ പക്കൽ
നിന്നെയയച്ചൊരു വൻകൃപയാൽ
ശുശ്രൂ-ഷകൾ കൈക്കൊ
ണ്ടൻപാലുത്തരമേ-കേ-ണം.

3. പ്രഭയിൽ-വാണീടും
പ്രഭയിൻ സുതനാം വെളിവേ നീ
അണയാ-ത്തൊരു വെളിവി-
ന്നർഹത ഞങ്ങൾക്കേ-കേ-ണം.

4. ഉഷസ്സി-ങ്കൽ പ്രഭയീ
സൃഷ്ടിയെ മോദിപ്പിക്കുന്നു
എഴുന്നേ-റ്റെല്ലാരും
സ്തോത്രം സ്തുതിയിവ പാടുന്നു.

www.malankaralibrary.com

5. സർവ്വം-കേൾപ്പവനേ!
രക്ഷിച്ചുത്തരമരുളും നിൻ
കൃപയെ-ന്മേൽ വീഴ്ത്തി-
പ്പാപമശേഷം മാ-യ്ക്കേ-ണം.

6. മേലൂ-റിശിലേമിൽ
നാഥാ ഭൂമൗസഭയിതിലും
നിന്നിൽ-മൃതരായോ
ക്കോർമ്മയതുണ്ടായീ-ടേ-ണം. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

7. ഭൂവാ-നങ്ങളതിൽ
പുകഴുന്നോനാം കർത്താവേ
വാനോ-ർ ഭൗമികരും
വാഴ്ത്തും നിന്നെസ്ത്രോ-ത്രം തേ! ആമ്മീൻ

## സങ്കീർത്തനം 113:1-9

പ്രകാശത്തിന്റെ സ്രഷ്ടാവിനു സ്തുതി... പേജ് 40

## എക്ബോ

(കോലോദ്ശുബഹോ-ബ്പും മാലാഖെ)

മാലാഖകൾ പാടും സ്തുതിയിൻ ഗീതം കേൾപ്പാ-ൻ
എന്നെയുണർത്തണമേ
സ്തുതിപാടി സ്തോത്രം ചെയ്വേൻ, നിന്നെ
നാഥാ! ദേവാ! നീ- കൃപ ചെ-യ്യണമേ.
സ്തൗമെൻകാലൊസ് കുറിയേലായിസ്സോൻ.

## പ്രുമിയോൻ, സെദറാ

## കോലോ I

(അനീൻ മൊറിയോ വശ്മാസ്ളൂസ്-ഹാ...)

*'കർത്താ-വേ, നിലവിളികേട്ടരുൾ ഹാലേ-ലു-യ്യാ'*

www.malankaralibrary.com

1. തീരുക തിരുനാ-മത്തിനുസുഖകര-മാ-യ്-ഈ ധൂപം
തൃക്കരളിന്നറിവി-ന്നനുകൂലമതാം-മൂലവുമായ്
നിരപ്പാകണമേ ദൈ-വമേ-നിൻ
നിരുപമ കൃപയാൽ ഞ-ങ്ങളോ-ട്. ബാറെക്മോർ

ശുബ്ഹോ... മെൻഓാലം...

2. അഹറോന്റെയുമ-സ്ക്കറിയാ തന്നുടെയും-ധൂപമതും
മരണത്തെ നീ-ക്കിയ ഫിനഹാസിൻ പ്രാ-ർത്ഥനയും പോൽ
അടിയാരുടെ ധൂപ-ത്തേയും
അൻപുടയോനേ കൈ-ക്കൊൾ-ക.

(ദൈവമാതാവ്)

3. മഹിമയൊടുന്നത സിംഹാസനമതിൽ വാ-ഴുന്നവനേ!
കന്യക തന്നുദരേ വാസം ചെയ്‌വാൻ തിരുവുളമായ്
ധരയിൻ കോണുകളിൽ ശ്ലോ-മ്മോ
വാണിടുവാൻ കൃപചെ-യ്യേണം.

4. ദാവീദിൻ സുതയാം വിമലേ കന്യേ! ഭാഗ്യവതീ!
ദൈവസുതൻ തിരുമാതാവായ് തീർന്നോൾ-നീ ധന്യ!
വലുതാക്കിയവൻ നി-ന്നോ-ർമ്മ
മേൽ സ്വർഗ്ഗത്തിൽ ഭൂ-വിതിലും.

(പരിശുദ്ധന്മാർ)

5. സർവ്വേശാ! നിൻ സ്നേഹിതരാം നിബിയർ-പ്രാർത്ഥനയാൽ
സുവിശേഷമറീച്ചവരാം ശ്ലീഹർ-തൻ അർത്ഥനയാൽ
ധരയിൻ കോണുകളിൽ ശ്ലോ-മ്മോ
വാണിടുവാൻ കൃപചെ-യ്യേണം.

6. ദൈവികശക്തി ധരിച്ചാർ പരിശുദ്ധർ സഹദേന്മാർ
ദുഷ്ടനൃപന്മാരൊടു പോരാടാനാ-യവരെത്തി
രിപുനിരയെ അവർ ഭേ-ദിച്ചു
വിജയത്തിൻ മുടികൾ-നേ-ടി.

www.malankaralibrary.com

(അനുതാപം)

7. വെളിവിൻ തട്ടിൽ വസിക്കും പുണ്യനിധേ, പരിശുദ്ധാ!
വേണ്ടാകഷ്ടത ദുഷ്ചിന്തയുമടിയാ-രീന്നൊഴിക്ക
സൽക്രിയകൾക്കു മനഃശു-ദ്ധ്യാ
സംഗതി വരണേ ഞ-ങ്ങൾ-ക്ക്.

8. മോചനമതിനായ് പാപികളേ, വരുവിൻ-യാചിപ്പിൻ
മുട്ടുന്നോർക്കു തുറന്നിടുമേ നാഥൻ തൻ വാതിൽ
യാചിക്കുന്നോൻ പ്രാ-പി-ക്കും
അന്വേഷിപ്പോൻ കൈ-ക്കൊ-ള്ളും.

(പരേതർ)

9. കർത്താവേ! നിൻ രക്തശരീരങ്ങൾ-കൈക്കൊണ്ട്
ഭക്തരതായി മരിച്ചോർക്കരുളണമേ-നല്ലോർമ്മ
നിന്റെ മഹത്ത്വമുദിക്കും-നാൾ
നില്ക്കണമവർ വലഭാ-ഗത്തിൽ.

മൊറിയോറാഹേം അലൈൻ ഉ ആദാറൈൻ.

## എത്രോ

## കോലോ II

(അക്ക് അഹദോ ആത്തിറേവ് മെസ്ക്കീനേ)

*"അവരഴിയും നീ നിലനില്ക്കും"*

1. രജനി കഴിഞ്ഞു, ലിഖിതം പോൽ
ദിനവും, വന്നണയുന്നല്ലോ
പ്രിയരേ! പ്രാർത്ഥിപ്പാനെഴുനേല്-ക്കവസ-രമുള്ളപ്പോൾ
'വിളിചെയ്യുന്നവരെ കേൾക്കും,
മുട്ടുന്നോർക്കു തുറന്നീടും',
എന്ന-ല്ലോ സുവിശേഷത്തിൽ നാഥൻ-താനരുളി.
ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

www.malankaralibrary.com

2. ആത്മാവാകുന്നു ദൈവം
ആത്മീയാരാധകരെ താൻ
    തേടു-ന്നാത്മാവിൽ നേരിൽ വന്ദി-പ്പോൻ ധന്യൻ.
    നിബിയർ വന്ദിച്ചാത്മാവിൽ
ശ്ലീഹന്മാർ പരിശുദ്ധിയിലും
സഭയും-മക്കളുമാരാധി-ച്ചീടുന്നാത്മാവിൽ.

(ദൈവമാതാവ്)

3. ബേത്ലഹേം വഴി പോകുമ്പോൾ
കേട്ടു ഞാനൊരു ഗുഹയീന്നും
    മറിയാം-സുതനൊടു താരാട്ടിൽ പറയു-ന്നൊരു ശബ്ദം:
    'ഭാഗ്യമെനിക്കെൻ പ്രിയ സുതനേ!
നിൻ മാതാവായ് തീർന്നൊരിവൾ
തവസ-ന്നിധിപോലും പൂകാൻ യോഗ്യ-തയില്ലാത്തോൾ'.

4. ദൈവാംബിക കന്യാമറിയാം
രാജകിരീടമതിൽ പതിയും
    കറയി-ല്ലാത്തൊരു മാണിക്യം പോൽ ശോ-ഭിക്കുന്നു.
    നാനാ ഭാഗങ്ങളിലേക്കും
കാന്തിപരത്തും സൂര്യൻപോൽ
ഘോഷി-ക്കപ്പെടുമവളോർമ്മ വാനം-ഭൂവിവയിൽ.

(പരിശുദ്ധന്മാർ)

5. കടൽ കരയിവകൾക്കധിപതിയാം
ദൈവസുതന്നായി സ്തോത്രം!
    പ്രാസം-ഗികരായ് വിളിചെയ്താൻ പാവ-പ്പെട്ടവരെ;
    കടലീന്നും പത്രോസിനെയും
വഴിമദ്ധ്യേ പൗലോസിനെയും
വിളിചെ-യ്തവരെത്തിരുസ്സഭതൻ ശില്പി-കളായ്ത്തീർത്തു.

www.malankaralibrary.com

6. സഹദേന്മാരേ! പ്രാർത്ഥിപ്പിൻ
ഈശനൊടിവർമേൽ കൃപചെയ്‌വാൻ
കാലാ-ന്ത്യേയണയും വിധിയീന്നിവരെ-രക്ഷിപ്പാൻ
വിജയത്തിൻ മുടികൾ നിങ്ങൾ
പ്രാപിക്കുന്നൊരു സമയത്തെ
ദർശി-പ്പാനിവരേയും താൻ യോഗ്യ-രതാക്കീടാൻ.

(ഒരു വിശുദ്ധൻ)

7. താരാലംകൃതമാം വാനം
സസ്യാദികളാൽ ഭൂമുഖവും
വിലയേറുന്ന പ്രവൃത്തികളാൽ ധന്യൻ(മാർതോമ്മാ)
താരകളൊത്തഴിയും വാനം
ശൂന്യമതാകും ഭൂമിയതും
(മാർതോമ്മാ) നിന്നോർമ്മയതോ നിലനില്ക്കും നിത്യം.

(അനുതാപം)

8. നശ്വരമാമീ ഭൂമിയിലും
നിലനില്ക്കാത്ത ധനങ്ങളിലും
അധികം-ദൈവത്തെ സ്നേഹിച്ചവന-ല്ലോ ധന്യൻ.
ആയുഷ്ക്കാലേ തുണയീശൻ
മൃതിയിലുപേക്ഷിക്കാതുള്ളോൻ
വിധിയിൻ-ദിനമതിലുണ്ടാകും കാരു-ണ്യമവന്മേൽ.

9. ദോഷം ചെയ്തൊരു സോദരനായ്
ക്ഷമ നൽകുന്നവനാം ധന്യൻ
ഈശൻ-കൃപയവനുണ്ടാകും വിധിചെ-യ്യുന്നേരം
നാഥൻ താനുരചെയ്തേവം;
കാരുണ്യമതുള്ളോർ ധന്യർ!
അവർ കാ-രുണ്യം പ്രാപിക്കും
പുനരു-ത്ഥാനത്തിൽ.

www.malankaralibrary.com

(പരേതർ)

10. നാം ദൈവസുതന്മാരാവാ-
നായുഷ്ക്കാലത്തിൽ ചൊല്ലി-
ത്തന്നാ-താതരെയോർക്കേണം
പ്രാർത്ഥ-ന കാഴ്ചകളിൽ,
നയവാന്മാർ പുണ്യപ്പെട്ടോ-
രൊന്നിച്ചേകുമവർക്കാശ്വാസം
സ്വ-ർഗ്ഗേ, പുത്രൻ ദൈവം;
നാഥാ-കൃപചെയ്ക.

## കുക്കിലിയോൻ

(മേലായ്സൂസ് മൊറിയോ) രണ്ടാം രാഗം

നാഥാ! നിന്നോടർത്ഥിച്ചീടുന്നതിനാൽ ഹാ-ലേലുയ്യാ
ഉഷസ്സിൽ കേട്ടീടണമെൻ ശബ്ദം.
ദുഷ്ടൻ നിന്നോടൊത്തുവസിച്ചീടാ- ഹാ-ലേലുയ്യാ
ഗർവ്വിഷ്ടൻ നിൻ സവിധേ നിന്നീടാ. ബാറെക്മോർ
ശുബ്ഹോ... മെൻഓലം...

## എക്ബോ

(ബ്നായോ ദാബോ ശ്മയോനോ)

സ്വർഗ്ഗപിതാ സുതരായോരേ!
നാഥാജ്ഞകളനുവർത്തിപ്പോ-രേ
സ്തുതി പാടി സ്തോത്രം ചെയ്‌വിൻ
നിത്യം തന്നെ കീ-ർത്തി-പ്പിൻ.

സ്തൗമെൻകാലോസ് കുറിയേലായിസോൻ.

www.malankaralibrary.com

## കോലോ

(ബ്സപ്രോക്രോയ് വായ്കർനോസോ)

1. പ്രാർത്ഥിച്ചുഷസ്സിൽ ദാനീയേൽ
സിംഹത്തിൻ കുഴിയിൽ നിന്നും
അലയാഴിക്കുഴിയീ-ന്നർത്ഥിച്ചുഷസ്സി-ങ്കൽ യൗനാൻ,
യൗനാനെ കടലിൽനിന്നും
ദാനീയേലിനെ ഗുഹയീന്നും
രക്ഷിച്ചോനേ! ദുഷ്ടനിൽ നി-ന്നിവരെ - രക്ഷിക്ക.
ബാറെക്മോർ.

ശുബ്ഹോ...

2. സ്വർഗ്ഗത്തിൽ ദൂതന്മാരും
ഭൂമിയിതിൽ മാനുഷ സുതരും
വന്നങ്ങെത്തിരുസന്നിധിയിൽ വന്ദി-ച്ചോതുന്നു;
സർവ്വേശാ, നീ പരിശുദ്ധൻ;
ബലവാനേ, നീ പരിശുദ്ധൻ
മൃതിഹീനാ, നീ പരിശുദ്ധൻ; ക്രൂശേ-റ്റു വീണ്ടവനേ!

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർ യാക്കോബിന്റെ ബോവൂസോ

(പ്താ-ഹ്ലൻ മോറാൻ) രണ്ടാം രാഗം

1. നാഥാ, കൃപയിൻ വാതിലിവർക്കായ് തുറന്നീ-ടണമേ-
യാചനകേട്ടിവരാത്മാക്കൾമേൽ കൃപ ചൊരിയണമേ.

2. ഉഷസ്സിന്നുടയോൻ കാലങ്ങൾ തൻ അധിപതിയാ യോ-നേ
യാചന കേട്ടിവരാത്മാക്കൾ മേൽ കൃപ ചൊരിയണമേ.

3. പകലിന്നൊപ്പം ഇവർ ചിന്തകളെ ശോഭി-പ്പി-ക്കേ-ണം
ഇരുളിൻ നിഴലുകളാത്മാക്കളിൽ നിന്നകലാൻ കൃപചെയ്ക.

www.malankaralibrary.com

4. നിൻ പ്രഭയാലേ സൃഷ്ടികളഖിലം ശോഭി-ച്ചീ-ടുന്നു
രാപകലങ്ങെ സ്തുതിപ്പാനിവരുടെ ഹൃദയം വെളിവാ-ക്ക.

5. സന്ധ്യകളുഷസുകളിട വിട്ടിടവിട്ടങ്ങെ സ്തുതി ചെയ്-വൂ
അർച്ചനകൾ തൻ പരിമളമങ്ങേക്കർപ്പിച്ചീടു-ന്നു.

6. തിരുസഭ തന്നുടെയാചാര്യന്മാർ ശെമ്മാ-ശന്മാ-രും
വെളിവാൽ മോദം ചേർത്തോനങ്ങെ സ്തോത്രം ചെയ്യു-ന്നു.

7. നാഥാ! നിൻ പ്രഭയുഷസിൽ സൃഷ്ടിയെ
ശോഭി-പ്പി-ക്കു-ന്നു.
ബോധങ്ങളെ നീ വെളിവാക്കുക നിൻ കൃപയെ സ്തുതി
ചെ-യ്‌വാൻ.

## അപേക്ഷ

കർത്താവേ, നിന്നെ സ്തോത്രം ചെയ്യുന്നതും... പേജ് 41

## കൗമാ
## വിശ്വാസപ്രമാണം

❖

www.malankaralibrary.com

# തിങ്കൾ - മൂന്നാംമണി

## കൗമാ

## കോലോ

(ആബൂൻ ദ്ബശ്മായോ നീലാൻ)

1. മാന-വരീന്നു മറച്ചീടാൻ നോക്കുന്നെൻ പാ-പം
എൻ തി-ന്മകളെല്ലാം ദൈവം ദർശിച്ചീടു-മ്പോൾ
മനുജൻ കാൺകിൽ, ലജ്ജിക്കുന്നീ ഞാൻ
ദൈവസമക്ഷം, നിർഭയനായ് നില്പൂ
ന്യായാ-ധിപ ന്യായാധിപനേ, നാഥാ-നിൻ ക-യ്യിൽ
ഏല്പി-ക്കപ്പെടുമൊരുനേരം മാനുഷരെല്ലാരും
ഹാലേലുയ്യാ-കൃപയാൽ കനിയണമേ. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

2. പേരിൽ-മാത്രം ഹാ കഷ്ടം! നിന്നുടെതല്ലോ ഞാൻ
വചനം-വൃത്തികളിവകളിൽ ഞാൻ നിന്നിൽ നിന്ന-ന്യൻ
അനുതാപേച്ഛയെ സ്വേച്ഛവിലക്കുന്നു
അറിവേകീടു-ന്നീ ഞാനോ ഭോഷൻ;
പാനം-ചെയ്യിക്കും ഞാനോ ദാഹാൽ വലയുന്നു
ചവളം ഭേദിച്ചൊരു പാർശ്വേ നിന്നു കുടിപ്പിക്ക
ഹാലേലു-യ്യാ-കൃപയാൽ ജീവിപ്പേൻ.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

www.malankaralibrary.com

## മാർ യാക്കോബിന്റെ ബോവൂസോ

(പ്താ-ഹ്ലൻ മോറാൻ)

രണ്ടാം രാഗം

1. ഉടയോൻ നാഥാ വിളിക്കുന്നടിയാർ തുണയ്ക്കായ് വന്നീ-
യാചനകേട്ടിവരാത്മാക്കൾമേൽ കൃപ  ചൊരിയണമേ.

2. ഈറേ മാലാഖാമാർക്കുടയോൻ നാഥാ ദേവാ!
യാചന കേട്ടിവരാത്മാക്കൾമേൽ കൃപ ചൊരിയണമേ.

3. പാപം ചെയ്തേൻ നാഥാനിന്നോടു കേണീ-ടുന്നീ-ഞാൻ
യാചന കേട്ടെൻ പാപച്ചീട്ടിനെ മായിച്ചീടേ-ണം.

4. പാപത്തിൻ വൻ ഗർത്തമതിൽ ഞാൻ താണീ-ടു-ന്ന-ല്ലോ;
കൈ തന്നിവനെ നാശക്കുഴിയിൽ നിന്നു കരേ-റ്റേണം.

5. നഷ്ടപ്പെട്ടോരജപോതത്തെ രക്ഷി-പ്പാൻ വന്നി-
ട്ടാടുകളെ വീണ്ടൊരു നല്ലിടയാ സ്തോത്രമത-ങ്ങേ-ക്കായ്.

6. ആരാലാവൂ നിൻപ്രാഭവമതു വർണ്ണിച്ചീ-ടാ-നായ്
റൂഹായോടൊത്തു പിതാവിങ്കൽ വാഴ്‌വോനേ, സ്തോ-ത്രം!

7. ഉത്തരമരുളീടണമേ ദേവാ, കൃപചെയ്യ-ണമേ-
അനുതാപത്തിന് മാനുഷരെ നീ പ്രേരിപ്പിക്ക.

### കൗമാ

### വിശ്വാസപ്രമാണം

❖

www.malankaralibrary.com

# തിങ്കൾ – ആറാം മണി

**കൗമാ**

**കോലോ**

(ലൊൽദീനോ-ഉലോലത് ബാതോ)

1. ഏശായ-യുൽഘോഷിച്ചാൻ പ്രവചനമായി:
“കന്യക ഗർഭിണിയായ് സുതനെ
പ്രസവി-ച്ചീടുമവൻ നാമം അമ്മാനുവേൽ”
അത്ഭുതമത്രെ തൻ ജനനം
ഹാലേലുയ്യാ-ഈശൻ സ്തുത്യൻ! ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

2. ബാബേ-ലിൻ അഗ്നിക്കുഴിയിൽ വീഴ്ത്തപ്പെട്ട
ബാലകരെ വീണ്ടൊരു പനിമ-
ഞ്ഞിവർ തൻ-മൃതർമേൽ ചൊരിയപ്പെട്ടെരി
തീയിൽ നി-ന്നവർ മോചിതരായീടട്ടെ
ഹാലേലുയ്യാ-ജീവിക്കുമവർ.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

**മാർബാലായിയുടെ ബോവൂസോ**

മാതാ കാദീശന്മാർ തൻ... പേജ് 43

**കൗമാ**

**വിശ്വാസപ്രമാണം**

❖

www.malankaralibrary.com

# തിങ്കൾ - ഒൻപതാം മണി

## കൗമാ

## കോലോ

(കുൽആനീദേ ദനഹേസ് ലബ്ശൂക്ക്)

1. നി-ദ്രിതരായോരേ!
പൊടിയീന്നും തലകളുയ,ർത്തീ-ടിൻ
പു-നരുത്ഥാനകനാം
രാജനിതാ മഹിമയോടണയു-ന്നു.
മു-ഖമതിൽനിന്നും
പൊടിനീക്കും, മഹിമാങ്കി ധരിപ്പിച്ചേറ്റും
നിങ്ങളെ-മ-ണവ-റയിൽ. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

2. “പൂ-ഴിയിലേക്കായ് നീ-തിരികെപ്പോ”
എന്നുള്ളൊരു ശ-ബ്ദം
ആ-ദാമ്മിൽ നിന്നും നീങ്ങിപ്പോയ്,
പുതി-യൊരു ശബ്ദ-മിതാ:
“ലാ-സറിനെപ്പോൽ
കബറീന്നുദ്യാനത്തിന്നായവകാശേ-
തിരികെ വരൂ-വേ-ഗം”

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

www.malankaralibrary.com

## മാർ ബാലായിയുടെ ബോവൂസോ

1. കരുണ നിറഞ്ഞവനേ, പുനരുത്ഥാനത്തിൽ
   നിന്നുടെ സൃഷ്ടിയെ നീ പുതുതാ-ക്കീടണമേ

2. സ്വർഗ്ഗീയാധിപതേ! വിശ്വാസികൾ മൃതരെ
   ജീവിപ്പിച്ചേകീടണമേ-നീ പുണ്യം.

3. മൃതരെ വിളിചെയ്‌വോൻ മിശിഹാ തേ സ്തോത്രം!
   നാശമെഴാതവർ നിന്നങ്ങെ-സ്തുതി ചെയ്യും

4. വന്നവനും വരുവോനും മൃതർ തന്നുയിരും
   സ്തുതനെന്നു ശരീരാത്മാക്കൾ-പാടണമേ.

### കൗമാ
### വിശ്വാസപ്രമാണം

❖

www.malankaralibrary.com

# ചൊവ്വ - സന്ധ്യ

## കൗമാ, പ്രാരംഭ പ്രാർത്ഥന

## സങ്കീർത്തനങ്ങൾ 141, 142, 119, 117

കർത്താവേ, നിന്നെ ഞാൻ വിളിച്ചു... പേജ് 6

## എക്ബോ

(സ്ളീ മൊറിയോ ബ്റഹമ്മേ എദ്നോക്ക്)

നാഥാ നിൻ ചെവി ചായ്ക്കണമേ
എൻ വിളിനാദം കേൾക്കണമേ
ശുശ്രൂഷകളും പ്രാർത്ഥനയും
കൃപയാൽ സ്വീകൃതമാ-ക-ണമേ.

സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## പ്രുമിയോൻ, സെദറാ

## കോലോ I

(ബശ്മായൊ ബറഓ കാബേ ലൊയ്മോർ)

*'ജാതികളവനെ സ്തുതി ചെയ്‌വിൻ'*

1. തവകരുണയ്ക്കാ-യുതകണമേ
   നാഥാ ദാസരണയ്ക്കു-ന്നീധൂ-പം
   പാപവിമോചനമെന്നതിനും. ബാറെക്മോർ.

   ശുബ്ഹോ... മെൻഓലം...

www.malankaralibrary.com

2. സ്വർഗ്ഗാധിപനേ!–നിൻഭവനെ
തിരുസന്നിധിയിൽ നമിച്ചീ–ടുന്നടിയാർ
പാപമശേഷം മായ്ക്കണമേ.

(ദൈവമാതാവ്)

3. കന്യകമറിയാ–മേ, നിന്നുടെ
ചരിതമവർണ്ണ്യമതല്ലോ; സൃഷ്ടികൾ തൻ
ഉടയവനുടെ മാതാവായ് നീ.

4. മാതാവിൻ പ്രാ–ർത്ഥനയാലെ
നാഥാ അടികളെയും കോപത്തിന്റെ
വടികളെയും മായിക്കണമേ.

(പരിശുദ്ധന്മാർ)

5. നിബിയർ ശ്ലീഹർ–സഹദേന്മാരേ,
മിശിഹായോടു പ്രാർത്ഥി–ച്ചീടണമേ
കൃപയിവർമേൽ ചെയ്തീടാനായ്.

6. സഹദേർ ചൊന്നാർ ന്യായാധിപ സവിധം പൂകി:
'നാഥാ–തേ, സ്തോത്രം!
തവശരണിതർ ലജ്ജിക്കില്ല'!

(അനുതാപം)

7. എൻ ഹൃദയമിതാ–രാവും പകലും
നിൻ സ്തുതികൾ പാടാ–ൻ ദേവേശാ,
തയ്യാറാണെല്ലായ്പ്പോഴും.

8. നിൻ കൃപ വന്നീ–ആരാധകരുടെ
സഭയിൽ വസിച്ചതിൽ നി–ന്നൊഴിവാക്ക
ശണ്ഠകൾ ഭിന്നത, കളുമെല്ലാം.

www.malankaralibrary.com

(പരേതർ)

9. ത്രിത്വത്തെ ഏ-റ്റു പറഞ്ഞ മൃതരെ
രണ്ടാം വരവി-ങ്കൽ നാഥാ,
വലഭാഗം നിർത്തീടണമേ.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## എത്രോ

## കോലോ II

(മൊറിയോ ആലോഹൊ ദ്ഫുർക്കോൻ)

*'രാവിൽ ഞാൻ നിൻസവിധേ, കേണു'*

1. നാഥാ തുണ നീ, അഗ്നിയിൽ നിന്നും രക്ഷിക്കണമെന്നെ;
അഗ്നിജ്വാലകളെന്നെച്ചുറ്റി ദഹിപ്പി-ക്കുന്നെൻമെയ്യ്
ഹാനനിയാമേൽ
തൂകിയ പനിമഞ്ഞെൻ മേലും-വീഴ്ത്തണമേ.
കൃപയാൽ ജീ-വി-പ്പേൻ. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

2. വാനവർഗണവും ഭൂവാസികളും ആരാധിക്കുന്നു;
താത-സുതാത്മാക്കളെയവർ നിത്യം
സ്തോത്രം-ചെയ്യുന്നു
ഉന്നതരഹസ്യം, വാഴ്ത്തപ്പെട്ടീടും നിത്യം
തലമുറക-ൾ തലമുറകൾ തോ-റും.

(ദൈവമാതാവ്)

3. ദൈവാംബികയേ! തവ കന്യാവ്രതമതില-ത്ഭുതവാനായ്
കൈകൾകൂപ്പി വണങ്ങിയുരച്ചാൻ സ്വസ്തി ഗബ്രീയേൽ
സൃഷ്ടിയെയഖിലം
താങ്ങീടുന്നോരുടയവനെ, രഥമതുപോൽ
കൈകളിൽ നീ-പേ-റി.

www.malankaralibrary.com

4. മാതാവേ! നിൻ പ്രാർത്ഥന ഞങ്ങൾക്കഭയം-കോട്ടയുമാം,
അനുദിനമങ്ങെ സവിധത്തിൽ വന്നഭയം തേടുന്നു.
നിൻ സുതനോടായ്
ശാന്തിനിരപ്പുകൾ ദിശിയഖിലം-വാണീടാൻ
പ്രാർത്ഥിച്ചീ-ടേ-ണം.

(പരിശുദ്ധന്മാർ)

5. നിബിയർ, ശ്ലീഹർ, സഹദേന്മാരെ ശ്രേഷ്ഠ-രതാക്കിയവൻ
വാഴ്ത്തപ്പെട്ടോൻ! അവരസ്ഥികളെ വച്ചാൻ- സഭയതിനുൾ
ദീപികകൾ പോൽ
ഓർമ്മയെ വലുതാക്കി, നിങ്ങൾ പ്രാർത്ഥനയാ-ൽ
തുണചെയ്തീ-ടേണം.

6. ഈറയനെത്തി ശുദ്ധർ സഹദേർക്കേകി-നൽധൈര്യം
അട്ടഹസിച്ചാർജ്വാലകൾ മദ്ധ്യേചുറ്റും ചിതറിച്ചാർ
ഭയലേശമെഴാ-
തഗ്നിയതിൻ പീഡയെയേറ്റു നിന്നിലവർ
സങ്കേത-പ്പെ-ട്ടാർ.

(ഒരു വിശുദ്ധൻ)

7. (മാർത്തോമ്മ) മഹിതാത്മാവേ! സൽഗുണ സമ്പൂർണ്ണൻനീ
സഭ നിന്നോർമ്മയെ യാഘോഷിപ്പൂ; പ്രാർത്ഥി-ച്ചീടുക നീ
മിശിഹായോടായ്
ശാന്തിനിരപ്പുകളീ ധരയിൻ-കോണുകളിൽ
വാഴുവതി-ന്നാ-യി.

(തിരുസഭ)

8. കേൾക്കുകഭൂമി! കർത്താവാകും ദൈവം തൻ വചനം
“വിശ്വസ്തസഭേ! നിന്നെയുപേക്ഷിച്ചീടി-ല്ലൊരുനാളും”
ആണയുമിട്ടാൻ

www.malankaralibrary.com

"നിൻകോട്ടകളെൻ സന്നിധിയിൽ, എന്നാളും
അവയുൾപാ-ർക്കും ഞാൻ".

(അനുതാപം)

9. കൃപയിൻ ചിറകാൽ സംരക്ഷിക്കുക നാഥാ,-ഞങ്ങളെ നീ
സാത്താനിവരെ ഹസിച്ചീടാനും വിജയിച്ചീടാനും
ഇടയാക്കരുതേ.
നിൻ സാദൃശ്യം പേറുമിവർ, സർവ്വേശാ!
രാപകൽ പാ-ലി-ക്ക.

10. 'ലോകമതെന്നെ വഞ്ചിച്ചയ്യോ'; ധനവാൻ-ചൊന്നേവം:
'ഒരുജലകണികയുമേകുകയില്ലീ അഗ്നി-സമുദ്രത്തിൽ
സുഖമോഹങ്ങൾ
സ്വപ്നസമം നീങ്ങിപ്പോയി-നരകമിതിൽ
വലയുന്നീ-പ്പാ-പി.

(പരേതർ)

11. സ്ളീബാമുകളിൽ നിന്നുമുഴങ്ങി അതിഗം-ഭീരരവം
മിശിഹായിൽ മൃതരെ പൊടിയീന്നും വിളി-
ചെ-യ്തുണർവേകി
മഹിമാവസനം
അണിയിച്ചവരെ നിർത്തീടും-എതിരേല്പാൻ
ദൈവസുതൻ വരവിൽ.

## കുക്കിലിയോൻ

(ബാറെക് നപ്ശ് ലമൊറിയോ) ആറാം രാഗം

എന്നാത്മാവേ-നാഥനെ വാഴ്ത്തുക-ഹാലേലുയ്യാ
മറക്കരുതവനുടെ ഉപകാരങ്ങൾ

നാശേനിന്നും ര-ക്ഷി-ക്കുന്നോൻ-ഹാലേലുയ്യാ
കൃപയാൽ നിന്നെ താങ്ങീടുമവൻ. ബാറെക്മോർ

www.malankaralibrary.com

ശുബ്ഹോ... മെൻഓലം...

## എക്ബോ

(ഗോയേൻ ബീശേ മെൻ നൂറോ)

ധനവാ–നെപ്പോൽ ദുഷ്ടന്മാർ–നരകത്തീയിൽ–പ്രലപിപ്പൂ
വിരലിൽ വെള്ളം കേഴുമവർക്കാരും നൽകാ–നില്ലല്ലോ!
നല്ലോൻ, നല്ലവനുടെ സുതനേ!
നിൻകാ–രുണ്യം വലുതല്ലോ
നാഥാ, നിൻ സൃഷ്ടിയതിന്മേൽ വാണീടരുതേ നി–ത്യാ–ഗ്നി.
സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## കോലോ

(ബ്രിക്കു ദ്യബ്ലൻ റംശോ ദ്ശൈനോ)

1. കടലിൽ യാനം–ചെ–യ്യുന്നേ–രം അതിജാ–ഗ്രതയുള്ളോൻ
നാ–വിക–നെപ്പോ–ൽ തൻ ധ–ന–മെല്ലാം
കടലിൽ–താഴായ്‌വാൻ;
ജാഗ്ര–തയൊടു പ്രാർത്ഥി–ക്കുക നാം
സോദ–രരേ! പാ–പ–ക്കടലിൻ
നരകേ–താഴായ്‌വാൻ. ബാറെക്മോർ
ശുബ്ഹോ...

2. പാപമതെല്ലാം തൻമുമ്പിൽ കാണുന്നോ–നതിധന്യൻ
നീതിയെഴുന്നൊരു ഭൂപാലകനാം
നിബി ദാ–വീദെപ്പോൽ
അനുതാ–പത്താൽ പ്രലപിച്ചാൻ
"ദേവാ!–കൃപചെയ്യണമെന്നിൽ പാപം–മായ്ക്കണമേ–".
മൊറിയോറാഹേം അലൈൻ ഉആദാറൈൻ

www.malankaralibrary.com

## മാർ യാക്കോബിന്റെ ബോവൂസോ

(ബാർ ആലോഹോല്ദീനോ)

ആറാം രാഗം (വേറൊരു രീതി)

1. ഉടയോൻ നാഥാ വിളിക്കുന്നടിയാർ തുണയ്ക്കായ് വന്നീ-
യാചന കേട്ടിവരാത്മാക്കൾമേൽ കൃപ ചൊരിയണമേ.

2. ഈറേമാലാഖാമാർക്കുടയോൻ നാഥാ ദേവാ!
യാചനകേട്ടിവരാത്മാക്കൾമേൽ കൃപ ചൊരിയണമേ.

3. രണ്ടാം വരവിൽ താനണയും വിധമതു വ്യത്യസ്തം
സ്ക്കീപ്പൂസായ്ക്കായ് താൻ വന്നതുപോൽ വരുകില്ലിനിയും.

4. ഒന്നാംവരവിൽ പാപത്തിനു താൻ പരിഹാരമതായ്
നീതി വിധിപ്പാനല്ലോ താനണയുന്നിതു വീണ്ടും.

(ല്കൂലേ ഒൽമോ അക്ക്ദൽദഹബോ)

5. വിധികളതെല്ലാം പുത്രനു നൽകിയ താതൻ സ്തുത്യൻ
നീതിയൊടുലകിനെ വിധി ചെയ്വോനാം സുതനും വന്ദ്യൻ.

6. മുഖപക്ഷമെഴാത്തൊരു പാവന റൂഹായ്ക്കും സ്തോത്രം
സാരാംശത്തിൽ ഏകൻ ത്രിത്വം സ്തുത്യനുമാക.

7. മിശിഹാ രാജാ, നിൻ മുൻ വെളിവായ് എൻ മാലിന്യം
വിധിചെയ്യുന്നൊരു നേരത്തെന്നൊടു ദയ കാട്ടണമേ.

### മോറാനേശുമിശിഹാ

### കൗമാ

❖

www.malankaralibrary.com

# ചൊവ്വാ - സൂത്താറ

## കൗമാ

## കോലോ

(ക്തീലോദക്താൽ)

ആറാം രാഗം

1. നീ-നിർഭയനായ്
അനുതാപത്തിൻ വഴിയിൽ കൂടി പോ-വുക പാപീ.
നാ-ഥൻ നിന്നെ
അന്വേഷിച്ചു പുറപ്പെട്ടാൻ ക-ണ്ടെത്തീടിൽ
ശെമഓന്നതുപോൽ-തൻകരമേകീടും;
പാപിനിയെപ്പോൽ-കടമെല്ലാംപോക്കും
ചോരന്നതുപോൽ
പറുദീസായും നൽകീടും;
മോദിക്കും-നിന്നിലവൻ
നീതിഷ്ഠന്മാ-രിലുമധികം
തോ-ളതിലേറ്റി
താലോലിച്ചീടും നിന്നെ
ഹാലേലുയ്യാ സ്നേ-ഹിച്ചീടും. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

2. ആ-ഴിയതുലകം
അക്രമമന്യായങ്ങളതാം തിരയതിലുയരും
നാഥാ-നിന്റെ
ശിഷ്യരെയെന്നതുപോലിവരെ ര-ക്ഷിക്കണമേ
വരുവീൻ ഒന്നാ-യ് കേണുകരഞ്ഞീടാം.

www.malankaralibrary.com

പടവിതു കഷ്ടം! മുങ്ങാറായല്ലോ
ശാ-ന്തതയേറും
മാലുമിയായിടുമേശുവിനെ
ച്ചെന്നുവിളി-ച്ചീടുക നാം
വൻകാറ്റതിനെ നീ-ക്കുമവൻ
വി-ശ്രമകരമാം
തുറമുഖമതിലണയും നമ്മൾ
ഹാലേലുയ്യാ സ്തോത്രം ചെയ്യും.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർ യാക്കോബിന്റെ ബോവൂസോ

(റഹിം ഹാത്തോയോ)

ആറാം രാഗം

1. ഉടയോൻ നാഥാ, വിളിക്കുന്നടിയാർ തുണയ്ക്കായ് വന്നീ
യാചന കേട്ടിവരാത്മാക്കൾമേൽ കൃപ ചൊ-രിയണമേ.

2. ഈറേമാലഖാമാർക്കുടയോൻ നാഥാ ദേവാ
യാചനകേട്ടിവരാത്മാക്കൾ മേൽ കൃപ ചൊരിയണമേ.

3. എന്തിനു വിലപിച്ചീടേണം? നീ, ചോദി-ച്ചീടിൽ
“വിലപിപ്പോരേ ഭാഗ്യ” മതെന്നരുൾ ചെയ്തു നാഥൻ.

4. കരയുന്നതിനുടെ കാരണമറിവോർ ജ്ഞാനി-കളല്ലോ,
തെറ്റുകളവയെ വീക്ഷിക്കാത്തോൻ-കരയുന്നീല.

5. അനുതാപത്താൽ കോപം നീക്കും താതൻ സ്തുത്യൻ
മിഴിനീരാലെ പാപം മായ്ക്കും സുതനും വന്ദ്യൻ.

6. കണ്ണീർക്കണമതു കൈക്കൊള്ളും റൂഹായ്ക്കും സ്തോത്രം
സാരാംശത്തിൽ ഏകൻ ത്രിത്വം സ്തുത്യനുമാക.

www.malankaralibrary.com

7. ഉത്തരമരുളീടണമേ ദേവാ, കൃപ ചെയ്യണമേ
അനുതാപത്തിനു മാനുഷരെ നീ പ്രേരിപ്പിക്ക.
കുറിയേ... കുറിയേ... കുറിയേ...

**സങ്കീർത്തനങ്ങൾ : 91, 121**

അത്യുന്നതന്റെ മറവിൽ ഇരിക്കുന്നവൻ... പേജ് 12

**മാനീസോ**

കർത്താവേ നിന്റെ കരുണയിൻ ചിറകുകളുടെ നിഴലിൻ...പേജ് 16

**ക്രോബേന്മാരുടെ സ്തുതി**

കർത്താവിന്റെ ബഹുമാനം... പേജ് 18

**വിശ്വാസപ്രമാണം**

ബസ്മൽക്കോ, സാദീക്കോ ചൊല്ലി ധൂപം വയ്ക്കുന്നു.

**ഹൂത്തോമോ**

❖

www.malankaralibrary.com

# ചൊവ്വ - രാത്രി

## കൗമാ, പ്രാരംഭ പ്രാർത്ഥന

ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ കർത്താവേ... പേജ് 23

## സങ്കീർത്തനങ്ങൾ 134, 119 : 169-176, 117

ബാറെക്മോർ, രാത്രികാലങ്ങളിൽ .... പേജ് 23

## എനിയോനോ

(എത്തയീർ ഹാത്തോയോ)

1. അനുതാപത്തിന് നീ,
മടിക്കരുതേപാപീ
നിന്നുടെ നാ-ഥൻ
അനുതാപികളെ സ്നേഹിപ്പൂ
ഭോഷത്വം മോചി-ച്ചീടും.

2. ആത്മ ശരീരങ്ങൾ
യാചിപ്പൂ നാഥാ
അനുതാപത്തിൽ
കഷ്ടതയൊടു കേണുര ചെയ്വൂ
സ്തോ-ത്രം തേ സ-കലേശാ.

3. സൈന്യങ്ങൾമുമ്പിൽ,
കടലിനെഭാഗിച്ച
നാഥൻ പാണി-
ഇവർ പ്രാർത്ഥനയാചനകൾക്കായ്
കൃപയിൻ വാതിൽ തുറ-ക്കേ-ണം.

www.malankaralibrary.com

4. ന്യായാധിപനാഥാ,
   ജനതതികളെയെല്ലാം
   വിധിചെയ്തീടാൻ
   പീഠം സജ്ജമതാക്കുമ്പോൾ
   സകലേശാ കൃപചെയ്-കെൻമേൽ.

5. മരണം പീഡകളും,
   താപമതും വാഴാ
   പ്രഭയിൻ ഗേഹേ
   പരിശുദ്ധന്മാരൊടു കൂടെ
   മൃതർ പേർക്കാശ്വാസം നൽ-ക. ബാറെക്മോർ

   ശുബ്ഹോ... മെൻഓലം...

6. നിർമ്മലമാം സ്തോത്രം
   നവമാം സ്തുതികളെയും
   അർപ്പിക്കു-ന്നു.
   തവസവിധേ ഉദ്ഘോഷിപ്പൂ
   സകലേശാ നാഥാ സ്തോ-ത്രം.

കുറിയേ... കുറിയേ... കുറിയേ...

## ഒന്നാം കൗമാ
## എക്ബോ

(ബസുൽത്തോ ക്രോസാൻ)

കന്യക വിളിചെ-യ്വൂ
തൻ ചരിത മുര-പ്പാൻ
   വിസ്മി-തനാ-യ് ഞാൻ
   ദൈവസുതാ നീ നൽകുകവ-ചനം
   കൃപയാൽ നിറവാക്കെന്നുടെ വീ-ണ
നന്മകൾ നിറയു-ന്ന
നിന്നുടെ മാതാ-വെ
വർണ്ണി-പ്പാ-നായ്.

www.malankaralibrary.com

കുറിയേ...കുറിയേ... കുറിയേ... ഞങ്ങളുടെ കർത്താവേ,

## പ്രുമിയോൻ, സെദറാ

## കോലോ

(ലോക്മൊറിയോ കോറേനാൻ) ഒന്നാം രാഗം

*'താവക വലമായ് രാജസ്ത്രീ ഹാലേ.....'*

1. താ-വക നാമം മറിയാമേ ഘോഷിതമെങ്ങും
മിശിഹാ വാഴ്ത്തിയ നിന്നോർമ്മ ശ്രേഷ്ഠം-സകലർക്കും
രാ-ജൻ വാണൊരു ശുദ്ധിയെഴും നൽ മന്ദിരമേ
വചനേശനെയുൾ പേറിയതാം നവ്യാ-കാശം നീ
അഗ്നിയെ നിൻ, കൈകളിൽ നീ പേറി
ദഹനനു നീ-സ്തന്യം നൽകിയഹോ
നിന്നിൽ ജന്മമെടുത്തോനാം
അഖിലേ-ശൻ ധന്യൻ. ബാറെക്മോർ
ശുബ്ഹോ... മെൻഓലം...

2. ഭാ-ഗ്യം തേ! സൃഷ്ടിക്കെല്ലാമഭിമാനം നീ
പാവന കന്യേ ഉന്നതനുടെ മാതാ-വായവളേ!
താ-തൻ വചനം നിന്നിൽ നിന്നുരുവായ് തീർന്നു.
നിൻ വ്രതഹാനി ഭവിക്കാതെ ജന്മം പൂണ്ടവനും
ഭാഗ്യം തേ! നിന്നാൽ ഹവ്വാതൻ
ശാപമശേ-ഷം നീങ്ങിപ്പോയി
നിന്നാൽ രക്ഷയുമിവർ നേടി,
നിൻ പ്രാർ-ത്ഥനയഭയം. മൊറിയോറാഹേം ...

## മാർ യാക്കോബിന്റെ ബോവൂസോ

ഒന്നാം രാഗം

1. വാഴ്ത്തപ്പെട്ടവളായോൾ കന്യേ പ്രാർത്ഥനചെയ്തീ-
ടണമേ നാഥൻ ഞങ്ങളുടെമേൽ കൃപ ചെയ്തീടാൻ.

www.malankaralibrary.com

2. കൃപയാൽ പൂരിത നീയർത്ഥിക്ക കൃപ യാചിക്കും
ഇവർ മേൽ ആർദ്രതയുള്ളൊരു നാഥൻ ദയ-ചെയ്തീടാൻ.

3. ചൊൽകാ ഭംഗിയെഴും മറിയാമേ നിൻ വായ്‌വചനം
ഗബറീയേലിൻ വാക്കുകൾ പോലെ എനിക്കതിരമ്യം.

4. മറിയാം ചൊന്നാൾ:ഭാഗ്യം മേ, നൃപനെ പ്രസവിച്ചേൻ
രാജധീശനെ വളർത്തുന്നവളായ് തീർന്നല്ലോ ഞാൻ.

5. ഗബറീയേൽ ഗണം ആർത്തുരചെയ്യും താ-വക സ്തുതികൾ
ദാവീദിൻ സുതയവരിലുമെല്ലാം ഉന്നതിയാർന്നോൾ.

6. ശുദ്ധിയൊടവളിന്നാഗതനായോൻ തന്നുടെ സ്തുതികൾ
ഈറയർ നരരും പാടീടുന്നവൾ പ്രാർത്ഥനയഭയം.

7. ദൈവാത്മജനേ ഒൻപതുമാസം നിന്നെ വഹിച്ചോൾ
പ്രാർത്ഥനയാലെ ക്രോധത്തിന്റെ വടികളെ മായിക്ക.

## രണ്ടാം കൗമാ

കർത്താവിന്റെ ബഹുമാനം... പേജ് 18

## എക്ബോ

(ബ്രീക്കൂ ഹൈലോ)

ധന്യർ സഹദേ-ർക്കായ്
ശക്തിയെ നൽകി-യവൻ
ബലവാ-ൻ സ്തുത്യൻ
പൂജിതമായവർ മരണത്തിൻ-നാൾ
ദിശകളിലെല്ലാം ശ്രേഷ്ഠരുമാ-യി
തന്നുടെ സ്നേഹത്തിൻ
നിറവിനെയവർഹൃത്തിൽ
ചേർത്തോൻ സ്തുത്യൻ.

കുറിയേ...കുറിയേ... കുറിയേ...ഞങ്ങളുടെ കർത്താവേ,...

www.malankaralibrary.com

## പ്രുമിയോൻ, സെദറാ

### കോലോ

(ഈൻ ഹാനോനോ മോറാൻ മേത്തുൽ മോനൊ)

1. സോ-ദരരേ വന്നീടിൻ ധ്യാനിച്ചീടാം
താതൻ തോട്ടമതിൽ സുതനേറ്റിയ ജോ-ലിക്കാരെ
ഹാ-ബേൽ ശേത്തിവരെ താൻ വിളിചെയ്തുദയേ
അബറാഹാം ഇസഹക്ക് യാക്കോബിവരെ, മണിമൂന്നിൽ
നിബിയന്മാരെയാറാം മണിയിൽ
ശ്ലീഹന്മാരെ മണിയൊൻപതിലും
മണിപതിനൊന്നിൽ കള്ളനെയും.
അവർ പ്രാ-ർത്ഥനയഭയം. ബാറെക്മോർ.
ശുബ്ഹോ... മെൻഓലം...

2. വി-ശ്വാസത്തിൻ ചിറകുകളെ നേടി നിങ്ങൾ
ഉയരതിലേക്കു പറന്നല്ലോ ശുദ്ധർ-സഹദേർകൾ
ദ്വേ-ഷിച്ചൊരു ലോകത്തിനുപകരം സ്വർഗ്ഗം നേടി
അധികാരങ്ങൾക്കായ് പകരം ജീവൻ-പ്രാപിച്ചു
നിങ്ങൾ തൻ ചരിതമവർണ്ണ്യമഹോ
അസ്ഥികളിൽ റൂഹാ വാഴുന്നു
രാജാക്കൾ കൂപ്പും; നിങ്ങൾ നാഥൻ-സ്തുത്യനഹോ.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർ അപ്രേമിന്റെ ബോവൂസോ

ഒന്നാം രാഗം

1. കർത്താവേ കൃപചെ-യ്യണ-മേ
നിൻ പ്രിയരാ-യോർ പ്രാ-ർത്ഥനയാൽ
അവർ പ്രാർത്ഥ-ന യാച-നയാൽ നീ
കാരുണ്യം ചെയ് ഞ-ങ്ങൾ-മേൽ.

www.malankaralibrary.com

2. രക്ഷകനേ! നിബിയർ ശ്ലീ-ഹർ
സഹദേർക്കോ-ർമ്മയതു-ണ്ടാക
പ്രാർത്ഥനയാ-ലവർ ഞ-ങ്ങൾക്കായ്
തുണയേകാൻ-വരമേ-കേണം.

3. നിബിയർ ശ്ലീ-ഹർ സഹദേ-ർക്കായ്
ശക്തിയെ നൽ-കിയവർ-സ്തു-ത്യൻ
വിജയിച്ചാർ ശ്രേഷ്ഠരുമാ-യി
സ്ലീബാ തൻ അടയാ-ള-ത്താൽ.

4. കർത്താവേ കൃപ ചെ-യ്യണമേ
നിൻ പ്രിയരായോർ പ്രാ-ർത്ഥ-നയാൽ
അവർ പ്രാർത്ഥ-ന യാച-നയാ-ൽ നീ
കാരുണ്യം-ചെയ് ഞ-ങ്ങൾമേൽ.

## മൂന്നാം കൗമാ

കർത്താവിന്റെ ബഹുമാനം... പേജ് 18

## എക്ബോ

(വൊയ്ലീ ദഹവീസ്)

കഷ്ടമെനിക്കാ-യി
ശുദ്ധർ തന്നി-ടയിൽ
ഞാൻ നിസ്സഹാ-യനായ്
അവരുടെ നടപടി പിൻതുടരായ്കയാൽ
അവർ തൻ വിരുന്നിന്നന്യനുമായേൻ
നിഷ്കാസിതനാ-യ് ഞാൻ
ദുഷ്കർമ്മത്താ-ലേ
അവരിൽ നി-ന്നും.

കുറിയേ...കുറിയേ... കുറിയേ... ഞങ്ങളുടെ കർത്താവേ,..

## പ്രുമിയോൻ, സെദറാ

www.malankaralibrary.com

## കോലോ

(കേനോറോ ദ്റൂഹൊദു കുദിശോ)

*"നാ-ഥാ യാചന കേൾക്കണമേ ഹാലേലുയ്യാ"*

1. എൻ ശയ്യയിൽ നിന്നെയോർത്തേൻ, മനുജപ്രിയനേ!
രാമദ്ധ്യേ നിൻ കൃപയെ സ്തുതി ചെയ്‌വാ-നെഴുനേറ്റാൻ.
എൻ പാപക്കറകൾ ദർശിച്ചഞ്ചീടുന്നേൻ
ചോരൻ ചുങ്കക്കാരൻ പാ-പിനിയും ക്നാനായ സ്ത്രീ
ശമറാ-യക്കാ-രിയുമേകി
ധൈര്യമവർ ചെന്നണയുക പ്രാപി-
ച്ചീടുക കരുണാനിധിയാം നാഥനിൽനി-ന്നും കൃപയെ.
ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

2. രാ-വിൽ പാടി ദാവീദീശൻ സവിധേ
റൂഹായിൻ ഗീതികളവനുടെ വീണാ-തന്ത്രികളിൽ
രാ-വിൽ നിന്നെ സ്തുതി ചെയ്‌വേൻ മനുജപ്രിയനേ!
ഞങ്ങൾ വംശത്തോടുള്ളോരു, നിൻചെയ്-തികൾ
പേർക്കായ്-
സാദൃശ്യ-ത്തിൽ സൃഷ്ടിച്ചിവയെ
ഇച്ഛരാ സ്വാ-തന്ത്ര്യമിവർക്കേകി
നിൻ കരചെയ്തികൾ തൻ മഹിമ ദർശിപ്പിച്ചിവരെ.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർ ബലായിയുടെ ബോവൂസോ

ഒന്നാം രാഗം

1. ദുഷ്ടന്മാരിൽ കാരുണ്യം പൂണ്ടോനേ
കാരുണ്യം ചെയ്നിൻ ന്യായത്തീർപ്പിൻ നാൾ.

www.malankaralibrary.com

2. നിന്നുടെ കൃപതന്റെ ബാഹുല്യത്താൽനീ
എന്നുടെ കടമെല്ലാം മായിച്ചീടേണം.

3. യേശു കരുണാലോ നിൻ കരുണാ വാതിൽ
പൂകുന്നോൻ പാപി പിൻവാ-ങ്ങട്ടൻപാൽ.

4. വിളിചെയ്‌വീൻ കേൾക്കും യാചിപ്പീൻ നല്കും
എന്നരുൾ ചെയ്തോനാം നാഥ-ന്നായ് സ്തോത്രം.

5. വിണ്ണവർ തൻ നാഥാ മൺമയരാശയുമേ
കൈക്കൊണ്ടിക്കർമ്മം കാരു-ണ്യം ചെയ്ക.

## നാലാം കൗമാ

ഹാലേലുയ്യാ, ഹാലേലുയ്യാ, ഹാലേലുയ്യാ... പേജ് 25

ത്രിത്വത്തിനു സ്തുതി, ത്രിത്വത്തിനു സ്തുതി,... പേജ് 33

നയവാൻ പനപോലെ...

ഒരുപോലിങ്ങും...

പ്രാർത്ഥനയിൻ സമയമിതല്ലോ...

മൊറിയോ റാഹേം അലൈൻ...

## മാർ അപ്രേമിന്റെ ബോവൂസോ

1. കർത്താവേ കൃപചെയ്യണമേ
കൈക്കൊണ്ടടിയാരുടെ കർമ്മം
പൊറുതിയയച്ചരുളണമേ നി-
ന്നറയീന്നലിവുമനുഗ്രഹവും.

2. ബുദ്ധിയെഴും കന്യകകൾ തൻ
ഉണർവെങ്ങൾ ക്കേകീടണമേ
രാമദ്ധ്യേ നീ അണയുമ്പോൾ
മണവറയുൾ പൂകീടാനായ്.

www.malankaralibrary.com

3. രാപകലിൻ സ്രഷ്ടാവേ നീ
സ്തുതിപാടാനിവരെ-യുണർത്തി
സ്തോത്രം തേ തവതാതന്നും
പാവനറൂഹായ്ക്കും സ്തോത്രം.

4. പ്രാർത്ഥന കേട്ടീടുന്നവനേ
യാചന നൽകീടുന്നവനേ
പ്രാർത്ഥന കേട്ടു നിരപ്പായി
കൃപയാൽ യാചന നൽകണമേ.

## മാലാഖമാരുടെ സ്തുതി

അത്യുന്നതങ്ങളിൽ സ്വർഗീയ മാലാഖമാരും.... പേജ് 34

## മോറാനേശുമിശിഹാ

❖

www.malankaralibrary.com

# ചൊവ്വാ - പ്രഭാതം

## കൗമാ, പ്രാരംഭപ്രാർത്ഥന

### സങ്കീർത്തനങ്ങൾ 51, 63 (പേജ് 36, 39)

### എനിയോനോ

(നുഹറൊ ദ്ഒൽമോ ബ്രോദാലോഹോ)

1. സത്യപ്രഭയാ-കും, യേശു ദേവാ-മുൻ
ആഗതനെന്മേൽ കൃപചെ-യ്യേ-ണം.

2. ദൈവാ-ധി ദൈ-വം, ഉന്നതനാഥാ-മുൻ
ആഗതനെന്മേൽ കൃപചെ-യ്യേ-ണം.

3. അറിവേൻ പിഴ ചെയ്തു, കേണീടു ന്നേ-ൻ മുൻ
ആഗതനെന്മേൽ കൃപചെ-യ്യേ-ണം.

4. ബഹുലമതാം പാ-പം, തിന്മകളിവ യാ-ൽ മുൻ
ആഗതനെന്മേൽ കൃപചെ-യ്യേ-ണം.

5. രാജാധിപരാജാ; സർവ്വാധീശാ-മുൻ
ആഗതനെന്മേൽ കൃപചെ-യ്യേ-ണം.

6. മൃതർതന്നുത്ഥാ-നം, നൽശരണവുമേ, മുൻ
ആഗതനെന്മേൽ കൃപചെ-യ്യേ-ണം. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

7. ഏകമതാം ത്രി-ത്വം, ആരാധ്യൻ, നി-ൻ മുൻ
ആഗതനെന്മേൽ കൃപചെ-യ്യേ-ണം.

### സങ്കീർത്തനം 113:1-9

പ്രകാശത്തിന്റെ സ്രഷ്ടാവിനു സ്തുതി... പേജ് 40

www.malankaralibrary.com

## എക്ബോ

(ബ്ഹാവ് നുഹറോ ഗായോ മാലാഖെ)

ശോഭയെഴും പ്ര-ഭയിൽ വാനോർ-നിൻ
ദൈ-വത്വം ശുശ്രൂഷി-പ്പൂ
ഉഷസ്സിന്നുദയ-ത്തിൽ സൃഷ്ടി-കളും
വന്ദിപ്പാൻ ധൃതികൂ-ട്ടു-ന്നു.
സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## കോലോ I

(മൊറിയൊബ് സപ്രോ തെശ്മാ കോൽ ഹാലേലൂയ്യാ)

*"എൻവിളിനിൻ മുൻ അണയണമേ, ഹാലേലുയ്യാ"*

(ബ്ഏദോനെദ് സാപ്രോ)

1. അഹറോനുഷസ്സിങ്കൽ
ക്ദുശ് കുദിശായതിനുൾ
പരിമള ധൂപമണച്ചീശൻ പ്രീതി-ക്കായ്
ഇസറേലിൽ നിന്നും
മരണത്തെ നീക്കി
ദൈവനിരപ്പാർജ്ജിച്ചർപ്പിതധൂപ-ത്താൽ
ഹാ-ഹാ- ധരയീന്നും കോപം കൃപയാൽ നീക്കേ-ണം.
ബാറെക്മോർ
ശുബ്ഹോ... മെൻഓലം...

2. നിർമ്മലമാം ധൂപം,
തിരുനാമത്തിന്നായ്
അർപ്പിക്കുന്നെങ്ങൾ;ഇസറേലിൽ നി-ന്നും
മരണം നീക്കിയതാം
അഹറോൻ ധൂപം പോൽ
ഇതിനാൽ നിൻ കോപം നീക്കുക ധരയീ-ന്നും
ഹാ-ഹാ-സഭയുൾ നിൻ ശാന്തി വാഴാൻ കൃപചെയ്ക.

www.malankaralibrary.com

(ദൈവമാതാവ്)

3. സീനായ് മല മുകളിൽ
മൂശാ ദർശിച്ചാ
മുൾച്ചെടി വിമലേ! നിൻ സാദൃശ്യം കാ-ട്ടി
തനുവതു മുൾച്ചെടിയും
എരിയാഞ്ഞോരിലകൾ
കന്യാത്വത്തെയും സൂചിപ്പിച്ച-ല്ലോ
ഹാ-ഹാ-അഗ്നിയതോ നിന്നിൽ വാണോരീശനെയും.

4. വാഴ്‌വായ് തീരണമേ
മറിയാമ്മിന്നോർമ്മ
അവൾ പ്രാർത്ഥന ഞങ്ങൾക്കാത്മാവിനു കോ-ട്ട
നിബിയർ, ശ്ലീഹന്മാർ
സഹദേന്മാരിവർ തൻ
നാഥൻ അവളീന്നും രക്ഷിപ്പാൻ വ-ന്നാൻ
ഹാ-ഹാ-ലോക പരിത്രാണകനവനത്രെ സ-ത്യം!

(പരിശുദ്ധന്മാർ)

5. മേഘങ്ങളിൽ യാനം
ചെയ്യുന്നോരിവരാർ?
മഹിതരെ ദർശിച്ചോരേശായാ ചൊ-ന്നാൻ:
നിബിയർ, ശ്ലീഹന്മാർ
സഹദേന്മാരല്ലോ
വിജയത്തിൻ മുടികൾ ചൂടിയൊരാ വൃ-ന്ദം
ഹാ-ഹാ-അവർ പ്രാർത്ഥന ഞങ്ങൾക്കഭയം കോട്ടയുമാം.

6. എരിതീക്കനലിന്മേൽ
ധൂപക്കൂട്ടതുപോൽ
സഹദേന്മാർ നിങ്ങൾ വീണിധരയെ-ല്ലാം
പരിമളവും വീശി;

www.malankaralibrary.com

പ്രാർത്ഥിച്ചീടണമേ
മിശിഹാ തന്നോടായ്, അസ്ഥികൾ മാ-നി-ക്കും
ഹാ-ഹാ-സഭതൻ മക്കൾ മേൽ ആശിഷമേകീ-ടാൻ.

(ഒരു വിശുദ്ധൻ)

7. ആബൂൻ (മാർ തോമ്മാ)
പീഡിതർ നിൻ പക്കൽ
വന്നണയുന്നവരുടെയാചന നൽകേ-ണം
രോഗങ്ങളെയെല്ലാം
സുഖമാക്കീടണമേ
ദുഷ്ടാരൂപികളിൻ ബാധയെ നീക്കേ-ണം
ഹാ-ഹാ-നിൻ പ്രാർത്ഥന ഞങ്ങൾക്കഭയം കോട്ടയുമാം.

(പ്രഭാതം)

8. നശ്വരമാം പുലരി
ഇരുളിനെ നീക്കിടുകിൽ
നാഥാഗമനത്തിൻ പ്രഭയതവർണ്ണ്യം-താൻ
മൃതരെ യെഴുന്നേല്പി-
ച്ചേകീടും മുടികൾ
ആരാധകരെ മുടിചൂടിക്കും നാ-ഥാ
ഹാ-ഹാ-കനിവായടിയാരിൽ കൃപചെയ്തീടേ-ണം.

(അനുതാപം)

9. മനസ്സാ പിഴ ചെയ്തേൻ
മനസ്സാ തേറുന്നു
സാത്താൻതൻ കെണിയിൽ വീണെന്നറിയു-ന്നേൻ
അനുതാപമെഴാത്തോ-
രെൻസ്ഥിതിയതികഠിനം!
കാലാന്ത്യേയണയും വിധിയിങ്കൽ, നാ-ഥാ
ഹാ-ഹാ-കനിവായിവനിൽ നീ കൃപചെയ്തീടേണം.

www.malankaralibrary.com

10. നാഥൻ തൻ വാതിൽ
കൃപനിറയുന്നനിശം
മുട്ടുന്നോർക്കെല്ലാം ഉത്തരമരുളും-താൻ
കണ്ണീരാൽ പാപം
കഴുകിയ പാപിനിയും
ചോരൻ ചുങ്കക്കാരനുമേകും സാ-ക്ഷ്യം
ഹാ-ഹാ-കരുണാലയനീശോ മോചിക്കെൻപാപം.

(പരേതർ)

11. പ്രാർത്ഥനകാഴ്ചകളിൽ
ഓർക്കുക നാം മൃതരെ
വിസ്മൃതിയിൽ തള്ളീടരുതേ അവർ നാ-മം
ബലിപീഠത്തിങ്കൽ
സ്മരണം ചെയ്തീടാം
നിത്യാശ്വാസമവർക്കുണ്ടായിടുവാ-നായ്
ഹാ-ഹാ-പുനരുത്ഥാനകരാ, സ്തുതിതേ പാടുന്നു.
മൊറിയോറാഹേം അലൈൻ ഉആദാറൈൻ

## കോലോ II

(അക്ക് സെബിയോനേ ദാലോഹോ ബ്ഏദൊൻ സപ്രോ)

*'വരുവോൻ മോദമൊടാഗതനാം'*

1. നാഥൻ പുലരി-യുദിച്ചീടും
തൻ രക്ഷയതും-വന്നീടും
ശുദ്ധർക്കേകും സമ്മാനം
മിശിഹാ തന്നു-ടെ തോട്ടമതിൽ
പരിചിൽ പണിചെ-യ്തോൻധന്യൻ!
പ്രതിഫലമവനധികം നേടും. ബാറെക്മോർ
ശുബ്ഹോ... മെൻഓലം...

www.malankaralibrary.com

2. വന്ദിക്കുക നാം-ഉദയമതിൽ
കരുണാലയനാം-ഉടയവനെ
വേറില്ലൊരുവനവൻ തുല്യൻ
വടിയേന്തും താ-ൻ ശിക്ഷിക്കാ
ശിക്ഷണമേകാ-ൻ കാംക്ഷിപ്പൂ
കൃപയുള്ളോൻ നാഥൻ സ്തുത്യൻ.

(ദൈവമാതാവ്)

3. ഗബ്രിയേലിൻ-വചനത്താൽ
അത്യൽഭുതമാ-ർന്നാൾ മറിയാം
ശക്തൻ തന്നിൽ വാണീടും
എന്നുധരിച്ചോ-ളോതിയിദം:
"കർത്താതന്റെ-ദാസിയിവൾ
നിൻവചനം പോലാകെന്നിൽ".

4. 'നീസാൻ മാസം-ഗബ്രിയേൽ
മംഗളമോതി-കോനൂനിൽ
നിൻജനിഞങ്ങൾ-ദർശിച്ചു'
താതനിൽ നിന്നു-ള്ളൊരുപൈതൽ
മറിയാമ്മിൽ സു-ന്ദര ഫലവും
സൃഷ്ടി ഭുജിക്കും ജീവഫലം.

(പരിശുദ്ധന്മാർ)

5. പരിശുദ്ധാലയ-മതിനുള്ളിൽ
സ്തുതിപാടുകയെ-ന്നതു യോഗ്യം!
നിബിയർ, ശ്ലീഹർ, സഹദേന്മാർ
ബലിപീഠമതും സ്ഥിതിചെയ്വൂ
ആദാമ്യസുത-ർക്കായ് നിത്യം
പുണ്യം നൽകീടുവതിന്നായ്.

www.malankaralibrary.com

6. വിഗ്രഹദേവ-ൻമാർ മുമ്പിൽ
സഹദേർ ധൂപ-മണച്ചില്ല:
മുടികളെടുത്തവരസ്ഥികളെ
രാജാക്കന്മാ-രടിപണിവു
അവർ മരണത്തിൻ പരിമളമോ
സൗഗന്ധിക ദ്രവ്യങ്ങൾപോൽ.

(അനുതാപം)

7. മുന്തിരിത്തോട്ട-മതാം നാഥൻ
താതൻ തോട്ട-ക്കാരനുമാം
സോദരരേ! നാം മുന്തിരിയായ്
ജാഗരണം നോ-മ്പർത്ഥനയാൽ
ആദ്യഫലത്തെ-നൽകീടാം
രാജാധിപനവയർപ്പിപ്പാൻ.

8. ശൗലിൽ നിന്നും-ദാവീദിനെ
വീണ്ടൊരുകൃപ സം-രക്ഷിക്ക
സഭയേയുമവൾ മക്കളെയും
ആചാര്യർക്കാ-ശ്രയമാക
നീതിഷ്ഠന്മാ-ർക്കായ് തുണയും
പാപികൾ പേർക്കായ് മോചനവും.

(പരേതർ)

9. നാം ദൈവസുത-ൻമാരാവാ
നായുഷ്ക്കാല-ത്തിൽ ചൊല്ലി
ത്തന്നത്താതരെയോർക്കേണം
നയവാൻമാർ പു-ണ്യപ്പെട്ടോ-
രൊന്നിച്ചേകു-മവർക്കാശ്വാ-
സംസ്വ-ർഗ്ഗേ-പുത്രൻ, ദൈവം.

www.malankaralibrary.com

## കുക്കിലിയോൻ

(ലോ തെഹ്സം ബ്റാശീയേ) എട്ടാം രാഗം

പുല്ലിനുതുല്യ മുണങ്ങിപ്പോകുമവൻ ഹാലേലുയ്യാ
പൂച്ചെടിപോൽ വാ-ടിപ്പോകും
നാഥനിൽ നിൻ ശരണം വയ്ക്കുക: നിൻ യാചന
നൽകുമവൻ
ഹാലേലുയ്യാ നിൻവഴിചൊവ്വാക്കീട്ടീശനിലാ-ശ്രയമാക്ക.

ബാറെക്മോർ. ശുബ്ഹോ... മെൻഓലം...

## എക്ബോ

(ബ്ഏദൊൻ സപ്രോ)

ഉഷഃകാല-ത്തിൽ സൃ-ഷ്ടി-
വന്ദിക്കു-ന്ന-ങ്ങെ
സൃഷ്ടികളീ-ന്നിരുളിനെ നീക്കിയവൻ ദേവേ-ശാ
സ്തു-തിയങ്ങേക്കുണ്ടാ-ക.

സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## കോലോ

(ബ്ഏദൻ സപ്രോ എശ്ത്താദറസ്) എട്ടാം രാഗം

1. ഉഷഃകാലേ ദൃശ്യമതാ-യി
ശാന്തിയതിൻ-ചിഹ്നം വാ-നിൽ
തീനിറമുള്ളൊരു വില്ലിൻ രൂ-പം;
ഉന്നതനാണയുമിട്ടുരചെ-യ്താൻ
നാശകരം പ്രളയം മേ-ലിൽ
ഒരുനാളും ഉണ്ടാവി-ല്ല. ബാറെക്മോർ

ശുബ്ഹോ...

2. ഉഷഃകാലേ രാജൻ ദാ-വീദ്
കിന്നരവും-മീട്ടിപ്പാ-ടി
പരിശുദ്ധാത്മാ തൻ ഗീത-ങ്ങൾ
മൃഗജാലങ്ങളതിൻ മാധു-ര്യാൽ

www.malankaralibrary.com

വന്നരികെ, ഹാലെൽ പാ-ടി
വാക്യങ്ങൾ, ചൊല്ലീടു-മ്പോൾ.
മൊറിയോറാഹേം അലൈൻ ഉആദാറൈൻ

## മാർ അപ്രേമിന്റെ ബോവൂസോ

(മോറാൻ എസ്റാഹാം-മ്മേല-യ്ൻ) എട്ടാം രാഗം

1. കർത്താവേ കൃപചെയ്യണമേ-
നശ്വരമാമീ-ഉ-ഷസിങ്കൽ
അഴിയാത്തൊരു പുലരിയിലിവരെ-
നിർത്തണമേ നിൻ വ-ലഭാ-ഗേ.

2. വന്നെത്തിയിതാ ഉഷസിൽ ദൂ-തൻ
സ്തുതിയിൻ കിന്നര-മേ-ന്തുന്നോനായ്
നിദ്രിതരെ മീട്ടിയുണർത്തുന്നു
ഉദയേ സ്തു-തി പാ-ടീടാ-നായ്.

(മെൻ സപ്രോല്സപ്രോസാക്കിസ്)

3. ഉദയമിതിൽ സ്തുതിപാ-ടുന്നേൻ
വാ-ഴ്ത്തീടാം വരുവോ-രുഷസിൽ
ഇരുലോകങ്ങൾക്കുടയവനേ
സ്തോ-ത്രം തേ! ഉഷസിൻ-നാഥാ.

4. ഒലിവിലയേന്തികപോതം വീ-ണ്ടും
നോഹിൻ പക്കലണഞ്ഞതുപോ-ലെ
കൃപയും ദയയും പേറിയിവർ
പ്രാർത്ഥനയും തിരികെവരേ-ണം.

### അപേക്ഷ

കർത്താവേ, നിന്നെ സ്തോത്രം ചെയ്യുന്നതും... പേജ് 41

### കൗമാ
### വിശ്വാസപ്രമാണം

❖

www.malankaralibrary.com

# ചൊവ്വ - മൂന്നാംമണി

## കൗമാ

## കോലോ

(ബ്മാസ്-ലേ-മാ-ലെൽ ഫോറു-ക്കാൻ)

1. സ്വ-ർഗ്ഗ-രാജ്യം വിരുന്നിന്നായ്
ക്ഷണിച്ചോൻ-വീട്ടുടമ-സ്ഥൻപോൽ
നി-രസിച്ചാർ ക്ഷണിക്കപ്പെട്ടോർ
വന്നി-ട്ടാനന്ദി-ച്ചീടാൻ
    ഭൃത്യൻ-മാരെയയച്ചെല്ലാ
    ജാതികളെയും-വിളിചെയ്താ-ൻ നാഥൻ
നാനാ-ദേശങ്ങളിൽനിന്നും വന്നാർ-
ശാലയതും നിറവായ്
മാ-ലിന്യം പൂണ്ടൊരു വസ്ത്രമണി
                                        ഞ്ഞോ-നൊരുവനെയും
ദർശിച്ചുടയോൻ ഉടനവനെ
പുറമേയുള്ളോരിരുളിൽ-
എറിവാനാ-ജ്ഞ-യുമായ്.                    ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

2. അൻ-പു-ടയോനേ നിൻവാ-തിൽ
മുട്ടു-ന്നു ദാസർ-നാ-ദം,
ആവ-ശ്യത്താൽ യാചിക്കും
അടിയാ-രെത്തള്ളീട-ല്ലേ
    കണ്ണീ-രാൽ പാപിനി വിളിചെ-
    യ്തവളും പാപ-ക്ഷമ കൈക്കൊണ്ടല്ലോ;
ആചാ-ര്യന്മാർ കണ്ണീരാൽ
നിൻസ-ഭമേൽ കൃപതോ-ന്നേണം

www.malankaralibrary.com

പാ-പി-കളെന്നറിയുന്നിവരനവധി-
തി-ന്മകൾ ചെയ്തോർ
നല്ലോൻ സുതനേ!നിൻകൃപയാൽ
പാപക്കറകളതെല്ലാം മായിച്ചീ-ടേണം.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ

## മാർ യാക്കോബിന്റെ ബോവൂസോ

(ഒമറൊ-ബ്കീബേ-നപ്ശോ ക്രിഹ്തോ)

നാലാം രാഗം

1. ഉടയോൻ-നാഥാ-വിളിക്കു-ന്നടിയാർ തുണയ്ക്കായ് വ-ന്നീ-
യാചന, കേട്ടി-വ-രാത്മാ-ക്കൾമേൽ കൃപചൊരിയ-ണമേ.
2. ഈറേ-മാലാ-ഖാമാ-ർക്കുടയോൻ നാഥാദേ-വാ-
യാ-ചനകേട്ടി-വരാത്മാ-ക്കൾമേൽ കൃപചൊരിയ-ണമേ.
3. പകലിൻ-തുല്യം-ശോഭയെഴുന്നോ-രെന്റെ സ്വഭാ-വമിതാ
ഇരുളാ-യ് മങ്ങി-പ്പോയ് ആ-രിനിയും കാന്തിയതി-
ന്നേകും?
4. നാഥാ-കൃപയാൽ, പാപ-ക്കറകൾ മായിച്ചീ-ടേ-ണം
വീണോരിവനെ, യേറ്റാൻ വേറെ ആരുമെനി-ക്കില്ല.
5. മഹിമാ-വസനം നെയ്തോന്നായി-ട്ടീറയർ പാ-ടീടും
പുനരാ-ഗതരാം അവകാ-ശികളിൽ ദൂതർമോ-ദിക്കും.
6. അവകാ-ശത്തിൽ പാപികളവരെ വീണ്ടും പൂ-കിച്ചോൻ
നാഥാ-സ്തോത്രം അവകാ-ശമിവർ ക്കേകണമേ-വീ-ണ്ടും.
7. ഉത്തര-മരുളീ-ടണമേ-ദേവാ-കൃപ ചെയ്യേണമേ
അനുതാ-പത്തി-ന്നായ് മാ-നുഷരെ പ്രേരിപ്പി-ക്ക.

## കൗമാ

## വിശ്വാസപ്രമാണം

❖

www.malankaralibrary.com

# ചൊവ്വാ - ആറാം മണി

## കൗമാ

## കോലോ

(ബ്സപ്രോ ഹ്സാവൂയ് തൽമീദേ)

1. ഗ്ലീലായിലെ നസറേത്തിങ്കൽ
ദാവീദിൻസുതമേവുമ്പോൾ
അഗ്നിമയൻ മാലാഖാവന്നരുളി
സ്വസ്തിയിദം: "നിന്നോടു-
കൂടെന്നുടെനാഥൻ, നിന്നിൽ
നിന്നും രക്ഷകൻ ഉദയവുമാം". ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

2. മൃതർപേർക്കോർമ്മയതുണ്ടാക
ജീവിപ്പോർക്കായ് ശരണമതും,
സ്തോത്രം സ്തുതിയിവ നൽകീടാം
കൃപയി-ന്നീശൻ താതന്നായ്
ജീവിപ്പോർ മൃതരായോർക്കും
ശരണമതായൊരു നാഥനവൻ.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ

## മാർ ബാലായിയുടെ ബോവൂസോ

മാതാ കാദീശന്മാർ തൻ... പേജ് 43

## കൗമാ

## വിശ്വാസപ്രമാണം

❖

www.malankaralibrary.com

# ചൊവ്വാ - ഒൻപതാംമണി

## കൗമാ

## കോലോ

(ലോക് മൊറിയോ കോറേനാൻ)

1. സോ-ദരരേ! തിക്തമതു മരണം പാരം!
മൃതിസമയം ബഹു കഠിനമഹോ, ഭയജ-ന്യവുമത്രെ!
ഭീ-കര ദൂതന്മാർ വലയം ചെയ്യുമ്പോൾ
ബോധം മറയും, കണ്ണുകളിൽ ശോകാ-ശ്രു നിറയും
വിലപിക്കാ-ത്ത ജഡത്തിൻ പേർക്കായ്
ആത്മാവോ-വിലപിച്ചിടുമധികം
ദയവാനേ! പുനരുത്ഥാനെ
കൃപചെയ്-അവകൾമേൽ. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

2. തൻ-രക്തശരീരങ്ങൾ കൈക്കൊണ്ടവരാം
മൃതരായോർക്കായ് മിശിഹായോടർത്ഥി-ച്ചീടുകനാം
ശാശ്വതലോകേ പാപത്തിന്നിരുളവരിൻ
ആത്മശരീരങ്ങളെ മൂടി ഭരണം-ചെയ്യായ്വാൻ
അവരാത്മാ-ക്കളെയേൽക്കുക നാഥാ,
ഏറ്റുപറ-ഞ്ഞവർ നിൻ ഹാശായെ
വിളിചെയ്തവരെ നിൻവലമായ്
നിർത്തീ-ടേണം നീ.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ

www.malankaralibrary.com

## മാർ ബാലായിയുടെ ബോവൂസോ

1. കരുണനിറഞ്ഞവനേ, പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമേ

2. സ്വർഗ്ഗീയാധിപതേ! വിശ്വാസികൾ മൃതരെ
ജീവിപ്പിച്ചേകീടണമേ-നീ പുണ്യം

3. മൃതരെ വിളിചെയ്വോൻ മിശിഹാ തേ സ്തോത്രം
നാശമെഴാതവർ നിന്നങ്ങെ-സ്തുതി ചെയ്യും

4. വന്നവനും വരുവോനും മൃതർ തന്നുയിരും
സ്തുതനെന്നു ശരീരാത്മാക്കൾ- പാടണമേ.

### കൗമാ
### വിശ്വാസപ്രമാണം

❖

www.malankaralibrary.com

# ബുധൻ - സന്ധ്യ

## കൗമാ, പ്രാരംഭ പ്രാർത്ഥന

## സങ്കീർത്തനങ്ങൾ 141, 142, 119, 117

കർത്താവേ, നിന്നെ ഞാൻ വിളിച്ചു... പേജ് 6

## എക്ബോ

(ലെക്ക് നെസ്ക്കാശാഫ്)

സർവ്വേ-ശാംബേ,
രാജാ-ധിപരാജൻ സ-വി-ധേ അർത്ഥിക്കണമടിയാ-ർക്കാ-യി
തൻ ഐക്യം ശാന്തിയുമീഭൂവെങ്ങും വാഴാൻ
രോഷവടി ഭൂചരരീ-ന്നകലാനാ-യർത്ഥിക്ക
തൻ കാരുണ്യത്താൽ.

സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## പ്രുമിയോൻ, സെദറാ

## കോലോ I

(ശാബാഹ് സാദീക്കെ ല്മൊറിയോ)

*"ജാതികളേ സ്തുതി ദൈവത്തെ"*

1. നിബിയർ ശ്ലീഹന്മാ-ർ സഹദേർ ശുദ്ധർക്കും
   പരിമളധൂപത്താ-ൽ സ്മരണ ഭവിക്കട്ടെ.

   ബാറെക്മോർ. ശുബ്ഹോ... മെൻഓലം...

2. ശുദ്ധസഭയ്ക്കും ത-ൻ സുതരെല്ലാവർക്കും-
   പരിമളധൂപത്താ-ൽ സ്മരണ ഭവിക്കട്ടെ.

www.malankaralibrary.com

(ദൈവമാതാവ്)

3. സ്തുതിഭാജനമടിയാ-ർക്കഭയവുമായവളേ-
ദൈവാംബിക നീയാ-യ് അതിനാൽ ഭാഗ്യവതി.

4. ചൊന്നാൾ മറിയാം ഞാ-നല്ലവനെ വഹിപ്പൂ-
അവനെന്നെപ്പേറി പാലിപ്പോനവനി.

(പരിശുദ്ധന്മാർ)

5. നിബിയർ ശ്ലീഹന്മാ-ർ സഹദേർ ശുദ്ധന്മാർ-
കേണർത്ഥിക്കണമേ കൃപയീയടിയാർക്കാ-യ്.

6. സഹദേർ ഞങ്ങൾക്കാ-യ് മദ്ധ്യസ്ഥതനിൻ മുൻ-
അർത്ഥിപ്പവരാവാ-ൻ കേഴുന്നടിയങ്ങൾ.

(അനുതാപം)

7. ഉത്തമന്യായസ്ഥാ! കൃപചെയ്തീടണമേ-
വീഴ്ചകൾ നീക്കണമേ- നിൻ കാരുണ്യത്താ-ൽ.

8. നിന്നെയുപേക്ഷിച്ച- ശെമഓന്നഘമുക്തി
ഏകിയ നീയെന്റെ ശരണം; കൃപ ചൊരിക.

(പരേതർ)

9. മേലൂറിശിലേമിൽ മിശിഹാസന സവിധേ
ഓർക്കണമേ മൃതരാം വിശ്വാസികളേ-യും.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## കോലോ II

(ലോക്ക് മൊറിയോ കോറേനാൻ)

*'താവകവലമായ് രാജസ്ത്രീ-ഹാലേലൂയ്യാ'*

1. ഭാഗ്യവതീ! മറിയാമേ, ഞാനെങ്ങനെ നിന്നെ
വിളിക്കണമീശാംബിക കന്യ- തനു പൂ-ണ്ടൊരു മേഘം,
നീതിക്കതിരോൻ പ്രഭവിതറും വിമലാകാശം

www.malankaralibrary.com

മോശയണിഞ്ഞൊരു വദനാവരണം നിൻ, രഹസ്യമതാ-യ്
ദിവിധരകൾ-വാഹകനെപ്പേറും
നല്ലൊരു ശാ-രീരിക രഥവും നീ.
ദൈവഹിതാൽ തൻ മാതാവാം ഈശൻ-ദാസി നീ.
ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

2. പോക്കണമേ ഞങ്ങൾ പിഴകൾ ദൈവാംബികയേ;
അലകൾ കാറ്റിവകളടിപ്പൂ നാനാ-ദിശിനിന്നും,
ഈശൻ മുൻപർത്ഥിച്ചീടാൻതേ സ്വാതന്ത്ര്യം,
അനുഗ്രഹമെങ്ങൾക്കരുൾ സൗഖ്യം
രോഗാ-തുരർതൻമേ-ൽ
ക്ലേശിപ്പോ-ർക്കാശ്വാസം പ്രത്യാ-
ഗമനം ദൂ-രസ്ഥിതരായോർക്കും
കേഴുക ഞങ്ങൾക്കഘമോചനമുണ്ടാ-യിത്തീരാ-ൻ.

(പരിശുദ്ധന്മാർ)

3. വാഴ്ത്തുക നീ കൃപയാലാണ്ടിൻ ദ്വാദശമാസം
നീ നിയമിച്ചൊരു പന്തിരുവർ ശ്ലീഹ-ർ യാചനയാ-ൽ
വേനൽ വർഷവുമനുകാലം വന്നീടണമേ
നന്മകൾ കർത്താവരുളും ഭൂവിളവും- നല്കീടും
ഫലമേകും-ചെറുമഴയും വാഴ്‌വിൻ
വന്മഴയും-ഏകണമേ നാഥാ!
ഭക്ഷിച്ചഗതികൾ എളിയോർ നിൻ നാമം- പുകഴ്ത്തട്ടെ.

4. സ്തേഫാനോസിൻ കൊലയെ പരിശോധന ചെയ്കെ
വിസ്മിതനായ് ഞാനവനേറ്റം കഷ്ടപ്പെട്ടതിനാൽ
പ്രാർത്ഥിച്ചാനവർ തന്നെ കല്ലെറിയുന്നേരം;
'നാഥാ ക്ഷമയരുളറിയാതിവ ചെയ്യുന്നവരിൽ നീ'
ഏവം കേ-ണാനവനരികൾക്കായ്
തന്നെജമാ-നനുസമനായവനും
തൻ പ്രാർത്ഥനയാലടിയാർക്കായ്, തുണയേകുക നാഥാ.

www.malankaralibrary.com

(ഒരു വിശുദ്ധൻ)

5. ഉത്സുകനാം വ്യാപാരിയവൻ മുത്തുകൾ നേടി
എത്തീടും പോൽ വിജയശ്രീനേടി (മാർതോമ്മാ)
ജാഗരണം നോമ്പർത്ഥനകളിൽ ഈശൻ പ്രീതൻ
ഉടയോനവനുടെ വ്യാപാരം ദർശിച്ചതിനാലെ
പ്രീതിയെഴുന്നരുളി സൗഖ്യത്തിൻ
വരമതിനാൽ ആദാമ്യ കുലത്തിൻ
വേദനരോഗങ്ങളുമെല്ലാം സൗഖ്യമതാക്കീടാൻ.

(അനുതാപം)

6. നാഥാ! തവവിധിയിൽ പക്ഷാഭേദമതില്ല
ഋണപൂരിതനായതിനാൽ ഞാൻ ഖേദി-ക്കുന്നയ്യോ!
ഭീകരഗ്രന്ഥമനാവൃതമായ് നിന്നുടെ നീതി
എൻ കടമതുവായിക്കുമ്പോൾ കൃപയാൽ ദയചെയ്ക
നിൻ കൃപ നിൻ നീതിയോടർത്ഥിക്കും
എൻ കടവും മായും കൃപചൊരിക
പാപത്താലെ വിശ്വാസം വെടിയാ-ത്തോനിവനിൽ.

7. കൈക്കൂലിയെ വാങ്ങാതുള്ളൊരു ന്യായാധിപനേ
തവ ഹിതമൊത്തൊരു കാഴ്ചയതെന്തിവനിന്നർപ്പിപ്പാൻ
കേട്ടേൻ, നീ സ്നേഹിക്കുന്നു കണ്ണീരധികം
ശോധിത സ്വർണ്ണമമൂല്യമതാം രത്ന-ത്തെയുംകാൾ,
കർത്താവേ! കൈക്കൊണ്ടേൻ കണ്ണീർ
മോചിക്കെൻ കടവും കന്മഷവും
നിൻ കൃപയാൽ ദയചെയ്കെന്നിൽ ആശി-സ്സരുളണമേ.

(പരേതർ)

8. ജീവാത്മജാ! സഭതൻ സുതരാം മൃതരായവരിൻ
പേരുകൾ മുദ്രിതമാക്കുക നിൻ ദിവ്യ-മദ്ബഹായിൽ
തീനരക ജ്വാലകെടുത്തും തനുരക്തങ്ങൾ

www.malankaralibrary.com

അവരുടെയവയവമുൾക്കൊണ്ടതിൽ അവർ ഛേ-ദിക്കില്ല
'എൻ തനുര-ക്തമശിച്ചും പാനം
ചെയ്‌വോരിൽ-ഞാനെഴുമവരെന്നിൽ
പാർക്കുമവർക്കുയിരേകും ഞാൻ' എന്നും ചൊന്നോൻ നീ.

## കുക്കിലിയോൻ

(ബൽ ബൂശോ ദ്ദഹ്ബോ ദാവ്ഫീർ) ഏഴാം രാഗം

ഓഫീ-ർ തങ്കമണിഞ്ഞവളേ ഹാ-ഉ-ഹാ
കാണുക നീ മകളേ കേൾപ്പാൻ
നിൻചെവി ചാ-യിച്ചിടു നീ.

നിൻ നാഥനവൻ, നതി ചെയ്യുക നീ ഹാ-ഉ-ഹാ
സോറിൻ മകളും-പ്രണമിക്കും. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

## എക്ബോ

(ദെസ്പനി ബ്റഹമ്മാവ്)

ജ-ന-നീ-താ-ഴ്മ
തൻ കൃപയാ-ൽ നോക്കിയവൻ
തൻതായയ്ക്കതി സ്തുതിയേകി
ദൈ-വം പരിശു-ദ്ധൻ താ-ൻ

സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## കോലോ

(ലോക്ക് മൊറിയോ കോറേനാൻ)

1. വീ-ടില്ലീ-യുലകിലെനിക്കെ-ന്നോതി മറിയാം
പായും കട്ടിലുമില്ലാത്തോരഗതിയിവൾ പാ-രിൽ
സകലരിലും മുൻപുള്ളവനെ കീറത്തുണിയിൽ

www.malankaralibrary.com

ചുറ്റിപ്പാഴ്ഗുഹയിൽ വയ്ക്കും
സൃഷ്ടി-കളുടയവനെ
സ്വർഗ്ഗേയി-ല്ലവനുടെപിതൃ തുല്ല്യൻ
ജനനീ തു-ല്ല്യയുമില്ലീ ഭൂമൗ
നാഥനവന്നീ ഞാൻ ദാസി
വധുവാ-യ് തിരുസഭയും. ബാറെക്മോർ

ശുബ്ഹോ... ഹാലേലുയ്യാ

2. മന്നാ നിയമപ്പലകകളും ഉൾക്കൊണ്ടോരാ
നിയമപ്പേടകമതുമറിയാം തൻ സാ-ദൃശ്യവുമാ-യ്
പാവനനാചാര്യൻ അഹറോൻ വടിതൻ രഹസ്യം
തളിരിട്ടതിൽ നിന്നു മുളച്ചു പുതുതാ-യിട്ടിലകൾ
സ്വർഗ്ഗമതിൽ, നിന്നുമിറങ്ങിയതാം
അപ്പമതിൻ-ഉടമസ്ഥേ! ധന്യേ!
മൃതിയുള്ളവരാഫലമശനം ചെയ്തി-ട്ടുയിർ നേടി.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ

## മാർ യാക്കോബിന്റെ ബോവൂസോ

(ശൗത്തെഫ്ലാൻ മോർ)

ഏഴാം രാഗം (വേറൊരു രീതി)

1. ചേർക്കുകനാ-ഥാ! ഞങ്ങളെയങ്ങെ അമ്മയുടെ-യും
നിൻ ശുദ്ധ-ന്മാർ ഏവരുടെയും ഓ-ർമ്മയതിങ്കൽ.

2. പ്രാർത്ഥിച്ചീ-ടും ഇവർ നിൻ സവിധേ ഞങ്ങൾക്കാ-യി
ഏകുക പുണ്യം ഞങ്ങൾക്കും വാ-ങ്ങിപ്പോയോർക്കും.

3. ഭാഗ്യമെഴു-ന്ന നിബിയർ, ശ്ലീഹർ, സഹദേർ നിങ്ങൾ-തൻ
പ്രാർത്ഥനയാശ്രയമായണയുന്നോർക്ക-ഭയം നൽക.

www.malankaralibrary.com

4. താതൻ പ്രി-യരായ് സുതരഹസ്യത്തിൻ ആത്മജരാ-യോ-രേ
നൽ സമ്പാ-ദ്യം വാങ്ങീട്ടവശർക്കേ-കീടണമേ.

5. യോഗ്യമതാകും വാനോർ ഗാനം കൈക്കൊൾ വോനെ നീ
അടിയാർ സ്തോ-ത്രം കൈക്കൊണ്ടാശീ സ്സേ-കീടണമേ.

6. മാതാ കാ-ദീശന്മാരോർമ്മ-ഘോഷിക്കുന്ന-ടിയാ-ർ
പുണ്യം നല്കീടടിയാർക്കും വാ-ങ്ങിപ്പോയോർക്കും.

7. പാവനയാം-തൻ മാതാവിന്നും ശുദ്ധന്മാ-ർ-ക്കും
വാനൂഴി-കളിലുളവാകട്ടെ നീ-ണാളോർമ്മ.

**മോറാനേശുമിശിഹാ**
**കൗമാ**

❖

www.malankaralibrary.com

# ബുധൻ - സൂത്താറ

## കൗമാ

## കോലോ

(ബ്കൂൽമേദം)

1. ദൈവത്തിന്റെ കാ-രു-ണ്യം
സൃഷ്ടിയിലെല്ലാം കാ-ണു-ന്നു
    ഓരോ രോ-ഗ-ത്തി-
    ന്നൌ-ഷധം-നീ-നൽകി.
മെദ്രേസം ക്ഷാമനിവാരാർത്ഥം യൗസേഫെ നീ-യയച്ചു
ആഹാബിൻ കാലത്തിങ്കൽ ഏലിയാ-യെ-യും
    നിനുവാനഗരത്തിൻ-കോ-ട്ടയി-ലേക്ക്
    യൗനാ-നെ പ്രസം-ഗി-പ്പാനായും
അനുതാപം പരിത്യ-ജിച്ച്
ലോകം മത്സരി-ച്ചപ്പോൾ
തിരുമകനെ-വിട്ടു-കുരിശാൽ ര-ക്ഷിച്ചു. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

2. അപ്രേം! ഞാൻ മരണം-പൂ-കും
പത്രിക എഴുതീടു-ന്നേ-വം
    എൻ പിൻഗാ-മികളായോർ
    ക്കായ്-സാ-ക്ഷ്യ-മതായീടാൻ
പ്രാർത്ഥനയിൽ സ്ഥിരമായ് നില്പിൻ
രാപകൽ എല്ലാ-യ്-പോഴും
    പലവുരു കർഷകനുഴുതീടിൽ,
    വിളവധികം ന-ന്നാ-യീടും

www.malankaralibrary.com

മടിയന്മാർ സമമാ-യീ-ടരുതേ-
കളകൾ നിറയുമവർത-ൻവ-യലിൽ
പ്രാർത്ഥനയിൽ സ്ഥിരമാ-യ് നി-ല്പീൻ
അതിനെ സ്നേഹിപ്പോൻ-നേ-ടും
അധികമതാം പ്രതിഫലവും
ഇഹ-പര ലോ-കങ്ങളതിൽ.

മൊറിയോറാഹേം അലൈൻ ഉഅ്ദാറൈൻ.

## മാർ അപ്രേമിന്റെ ബോവൂസോ

(മോറാനെസ്രാഹാ മേലായൻ) ഏഴാം രാഗം

1. കർത്താവേ-കൃപ,ചെ-യ്യണമേ
കൈക്കൊണ്ടടിയാ-രുടെ കർമ്മം
പൊറുതി അയച്ചരു-ളണമേ നിൻ
അറയീന്നലിവുമനു-ഗ്ര-ഹവും

2. കരുണയതിൻ-കടൽ നീ-യ-ല്ലോ
പങ്ക കണങ്ങളിവർ-പിഴകൾ
അംബുധി പങ്കിലമാ-ക്കീ-ടാൻ
പങ്കകണം മതിയാ-വി-ല്ല.

3. പാപികൾമേൽ ചൊരി-യ-പ്പെടുമാ-
നിൻ വലുതാം കൃപ സ്തു-ത്യമഹോ
പ്രേഷകനാം താ-തൻ വ-ന്ദ്യൻ,
പാവനനാം റൂ-ഹാ-മഹിതൻ!

4. പ്രാർത്ഥന കേ-ട്ടീ-ടുന്നവനേ
യാചന നൽകീ-ടു-ന്നവനേ
പ്രാർത്ഥന കേ-ട്ടു നിര-പ്പാ-യി
കൃപയാൽ യാ-ചന നൽ-കണമേ.

കുറിയേ... കുറിയേ... കുറിയേ...

www.malankaralibrary.com

## സങ്കീർത്തനങ്ങൾ : 91, 121

അത്യുന്നതന്റെ മറവിൽ ഇരിക്കുന്നവൻ... പേജ് 12

## മാനീസോ

കർത്താവേ നിന്റെ കരുണയിൻ ചിറകുകളുടെ നിഴലിൻ...പേജ് 16

## ക്രോബേന്മാരുടെ സ്തുതി

കർത്താവിന്റെ ബഹുമാനം... പേജ് 18

## വിശ്വാസപ്രമാണം

ബസ്മൽക്കോ, സാദീക്കോ ചൊല്ലി ധൂപം വയ്ക്കുന്നു.

## ഹൂത്തോമോ

❖

www.malankaralibrary.com

# ബുധൻ - രാത്രി

## കൗമാ, പ്രാരംഭ പ്രാർത്ഥന

ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ കർത്താവേ... പേജ് 23

## സങ്കീർത്തനങ്ങൾ 134, 119 : 169-176, 117

ബാറെക്മോർ, രാത്രികാലങ്ങളിൽ ... പേജ് 23

## എനിയോനോ

(ഈറോ ദ്ലോ ദോമേക്)

1. ഈറ-യരൊത്തിരവിൽ
   സ്തോത്രം ചെയ്തു നമി-ക്കും തേ
2. ദൈവാം-ബികയേ നീ
   കരുണയിവർക്കാ-യർത്ഥി-ക്ക
3. സഹദേർ-ഖ്യാപകരേ
   പ്രാർത്ഥന കോട്ടയതാ-കേ-ണം
4. ഏകാന്തർ സ-ന്യാസികളേ
   പ്രാർത്ഥന കോട്ടയ-താ-കേണം
5. വിശ്വാ-സികൾ മൃതരായോർക്കാ-യ്
   ആശ്വാസം നാഥാ-നൽ-ക. ബാറെക്മോർ.
   ശുബ്ഹോ... മെൻഓലം...
6. ത്രിത്വ-ത്തിന്നായി-
   സ്തുതിയും സ്തോത്രവും-ഏറ്റീ-ടാം.

കുറിയേ... കുറിയേ... കുറിയേ...

www.malankaralibrary.com

## ഒന്നാം കൗമാ
## എക്ബോ
(ആബോ ക്സബ്വോ)

കായിതമെഴു-തിയയ-ച്ചുപിതാ
ദൂതൻ-വഴിനസറേ-ത്തി-ങ്കൽ
ലോകം ര-ക്ഷിപ്പാൻ
വന്നൊരുസൂ-നുതൻ
മാതാവായിനിയോ-ഗിച്ച
കന്യക, മറിയാമ്മിൻ-പേർ-ക്കായ്.

കുറിയേ...കുറിയേ... കുറിയേ... ഞങ്ങളുടെ കർത്താവേ,

## കോലോ
(ബകൂൽ മേദം)

(ബ്സുൽത്തോ യൽദസുദൂ-മോറോ) ഒന്നാം രാഗം

1. ദൈവാംബിക കന്യകതന്റെ
ഓർമ്മയതിൽ സൃഷ്ടികളഖിലം
നല്ലവനുടെ സുതനായ് സ്തുതികൾ പാടീ-ടു-ന്നു.
അവളീന്നാഗതനായ് നമ്മെ-ശാപത്തീന്നും-വീ-ണ്ടാൻ
വിധിനിലയെ പ്രഹരമതേറ്റു നമ്മുടെ വിധിതാ-ൻ നീ-ക്കി
ആദ-ത്തെ മക്കളെയും താൻ
സ്വർലോ-കത്തേക്കു തിരിച്ചു-
രക്തത്താൽ രക്ഷിത ജനവും
വധുവാം സഭയും മോദിപ്പൂ
തന്നെ പ്രസവിച്ചോൾ മാതാ സ്തുതി പാ-ടു-ന്നു.

ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

2. ഹസ്ക്കീയേൽ കണ്ടൊരുരഥമോ
നിന്നോടുപമിപ്പാൻപോരാ

www.malankaralibrary.com

പാവനകന്യേ! ക്രോബകളാം ജീവികളതിൽ ബന്ധി-തരായ്
അന്യോന്യം വ്യത്യസ്തമതാം, ചതുർമുഖമവയിൽ കാ-ൺമൂ
സിംഹം, കാള, കഴുകൻ, നരൻ ഇവതൻ രൂ-പ-ങ്ങൾ
മാതേ,-നിൻ മുട്ടുകൾ രഥമായ്
കൈകൾ ചക്രങ്ങളുമാ-യ്.
നിൻവദനം സ്തുതി പാടുന്നു,
ഹസ്ക്കീയേലിൻ രഥമതിലും
സൗന്ദര്യത്തിൽ നീ ശ്രേഷ്ഠ, പരിശുദ്ധിയെഴും-ക-ന്യേ.
മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർ യാക്കോബിന്റെ ബോവൂസോ

ഒന്നാം രാഗം

1. വാഴ്ത്ത-പ്പെട്ടവളാ-യോൾകന്യേ, പ്രാർത്ഥന ചെ-യ്തീ
ടണമേ-നാഥൻ ഞ-ങ്ങളുടെമേൽ കൃപചെയ്തീ-ടാൻ.

2. കൃപയാൽ, പൂരിതനീ-യർത്ഥിക്ക കൃപയാചി-ക്കും
ഇവർമേൽ ആർദ്രതയുള്ളൊരു നാഥൻ ദയ ചെയ്തീടാൻ.

3. പരിചിതമല്ലാത്തീ സ്വസ്തിയവൾ കേട്ടതുനേ-രം
കാരണമിതിനെന്തെന്നവൾ പരിചൊടു ചിന്തിച്ചേവം:

4. പുത്രനെ നീ വാഗ്ദാനം ചെയ്തു: ഞാനോകന്യ
സംയോഗമെഴാതെങ്ങിനെ ഗർഭം, ഭവ്യം ചൊൽക.

5. ദൂതൻ വഴി സന്ദേശ-മയച്ചൊരു താ-തൻ സ്തുത്യൻ
ശബ്ദത്താൽ താണവളിൽ വാണൊരു സൂ-നു വ-ന്ദ്യൻ.

6. ആവാസം ചെയ്തവളിൽ വസിച്ചൊരു റൂ-ഹാസ്തുത്യൻ
അവൾ പ്രാർത്ഥനയാൽ ഞങ്ങൾ മേൽ കൃ-പയുണ്ടാക-ട്ടെ.

7. ദൈവാ-ത്മജനേ ഒൻ-പതുമാസം നിന്നെ വഹി-ച്ചോൾ
പ്രാർത്ഥനയാലെ ക്രോ-ധത്തിന്റെ വടികളെ മാ-യി-ക്ക.

www.malankaralibrary.com

## രണ്ടാം കൗമാ

കർത്താവിന്റെ ബഹുമാനം... പേജ് 18

## എക്ബോ

(ആബോ ക്സബ്‌വോ)

തിരഞ്ഞെടുക്കപ്പെ-ട്ടോ-ർ നി-ങ്ങൾ
സഹദേ-ന്മാർ ഭൂമിയി-ലെ-ങ്ങും
ശാന്തിയൊഴു-ക്കീടു-
ന്നുറവകള—സ്ഥികളിൽ
ശക്തിവസിപ്പി-ച്ചോൻ സ്തു-ത്യൻ
ഞ-ങ്ങൾക്കായ-ർത്ഥി-ക്കേണം.

കുറിയേ...കുറിയേ... കുറിയേ... ഞങ്ങളുടെ കർത്താവേ,

## കോലോ

(ബ്കുൽ മേദം : സാദീക്കേ ദർഹേം കുശ്ത്തോ) ഒന്നാം രാഗം

1. നാഥനൊടുരചെയ്താർ ശ്ലീഹർ:
എന്തേകീടും ഞങ്ങൾക്കാ-യ്?
രക്ഷകനുത്തരമരുളിയിദം:
ദ്വാദശപീഠ—ങ്ങൾ!
നിങ്ങൾക്കേ-കും-എൻ വരവിൽ നിങ്ങളിരുന്നി—സറേൽ
ഗോത്രങ്ങളെ വിധി ചെയ്തീ-ടും സ്വർഗ്ഗവുമവകാ-ശി-ക്കും
എൻ മേ—ശയിലാമോദിക്കും
നൽകീ-ടും നൽ പ്രതിഫലവും—
മുപ്പതു മറുപതു നൂറുമതായ്
പ്രാപിച്ചീടും സമ്മാ—-നം
എൻ കല്പനകാത്തെന്നിഷ്ടം ചെയ്തവരാം-നി-ങ്ങൾ.
ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

www.malankaralibrary.com

2. സഹദേർ തേരാളികളായി-
അവർ വിശ്വാസം രഥമതുമാ—യ്
രണമതിലവരേന്തി
ആയുധമായ് സ്ലീ—ബാ—യെ
സാത്താനോടവരടരാടി തൻ ശക്തിയെ യ—വർ വെ—ന്നു
നിരകൾ ചേർന്നു നിരന്നി-ട്ടവരന്യോന്യം ചൊ—ന്നേ—വം
പ്രതിയോ-ഗികൾ വീണു നമിപ്പൂ
നാമോ, തയ്യാറായ് നില്പൂ—
വരുവിൻ! താണുവണങ്ങീടാം-
സ്രഷ്ടാവീശനെ വാ-ഴ്ത്തീടാം
രാപകലങ്ങേയ്ക്കായ്, സ്തുതികൾ പാടീ—ടാം.
മൊറിയോറാഹേം അലൈൻ ഊ ആദാറൈൻ.

## മാർ അപ്രേമിന്റെ ബോവൂസോ

ഒന്നാം രാഗം

1. കർത്താവേ, കൃപചെ-യ്യ-ണമേ
നിൻ പ്രിയരാ-യോർ പ്രാ-ർത്ഥ-നയാൽ
അവർ പ്രാർത്ഥ-ന യാച-നയാ-ൽ നീ
കാ-രുണ്യം ചെയ് ഞ-ങ്ങൾമേ-ൽ.

2. രക്ഷകനേ! നിബിയർ ശ്ലീ-ഹ-ർ
സഹദേർക്കോ-ർമ്മയതു-ണ്ടാ-ക
പ്രാർത്ഥനയാ-ലവർ ഞ-ങ്ങൾ-ക്കാ-യ്
തുണയേകാ-ൻ വരമേ-കേ-ണം.

3. നിബിയർ ശ്ലീ-ഹർ സ-ഹ-ദേ-ർക്കായ്
ശക്തിയെ നൽ-കിയവൻ-സ്തു-ത്യ-ൻ
വിജയിച്ചാർ ശ്രേഷ്ഠ-രുമാ-യി
സ്ളീബാ ത-ന്നടയാ-ള-ത്താൽ.

4. കർത്താവേ കൃപചെ-യ്യ-ണ-മേ.
നിൻ പ്രിയരാ-യോർ പ്രാ-ർത്ഥനയാൽ
അവർ പ്രാർത്ഥ-ന യാച-നയാ-ൽ നീ
കാരുണ്യം-ചെയ് ഞ-ങ്ങൾ മേ-ൽ.

www.malankaralibrary.com

## മൂന്നാം കൗമാ

കർത്താവിന്റെ ബഹുമാനം... പുറം 18

## എക്ബോ

(ആബോ ക്സബ്വോ)

കർത്താവേ നൽ,കാ-ശ്വാ-സം
നിൻ സൽ, ഭവനങ്ങൾ-ക്കു-ള്ളിൽ
വാങ്ങിപ്പോ-യോർക്കാ-യ്
കൃപയീ ഞ-ങ്ങൾ-ക്കും
അടിയാർക്കുമവ-ർക്കും-പ-റ്റും
കു-റ്റ-ങ്ങളെ മാറ്റീ-ടേ-ണം.

കുറിയേ...കുറിയേ... കുറിയേ... ഞങ്ങളുടെ കർത്താവേ,...

## കോലോ

(ബ്കുൽ മേദം-ആബോഹൈൻ വാഹൈൻ ദശ്ക്കേബ്)

1. കഷ്ടതയവരെ മൂടീടും
ഉത്ഥാ-നത്തിൻ നാൾവരെയും
കാഹളനാദത്താൽ
കബറു തുറന്നീ-ടും
ഉത്ഥാനത്തിൻ കാറ്റെങ്ങും വീശും മൃതരെ-ഴുന്നേ-ൽക്കും
ദിനമതുകാംക്ഷിപ്പൂ പലരും, ചിലരോ കാത്തീ-ടാ
നീതി-ഷ്ഠർ-കാംക്ഷിക്കുമ്പോ-ൾ
ദുഷ്ട-ന്മാർ വിറകൊള്ളുന്നു
ധാന്യം മഴയെപ്പാർത്തീടും
കളകൾ തീയതുമർഹിപ്പൂ
ധാന്യസമം ചേർത്തീടുക ഞങ്ങളെ നീ-നാ-ഥാ.
ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

www.malankaralibrary.com

2. ആദാമ്യസുതർക്കായ് മിശിഹാ
യുത്ഥാനം വാഗ്ദാനം ചെയ്-
തോതിയിദം സുവിശേഷത്തിൽ
വിശ്വാസ-ത്തോ-ടെ
എന്റെ ശരീ-രം ഭക്ഷിച്ചെൻ രക്തം പാനം-ചെയ്-വോൻ
പാർത്തിടുമെന്നിൽ, ഞാനവനിലുമവസാന ദിന-ത്തിൽ
ഉത്ഥാ-നം നൽകും നാഥാ
നിൻശ-രണേ നിദ്രിതരായോരാം
ദാസർക്കേകണമേ ജീവൻ
ദൂതർ സഹിതം മഹിമയോടെ
നീയണയുന്നേരം മണവറയവരേ-റേ-ണം.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർ ബാലായിയുടെ ബോവൂസോ

ഒന്നാം രാഗം

1. കരുണ നിറഞ്ഞവനേ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാ-ക്കീടണമേ.

2. സ്വർഗ്ഗീയാധിപതേ വിശ്വാസികൾ മൃതരെ
ജീവിപ്പിച്ചേകീടണമേ-നീ പുണ്യം.

3. മൃതരെ വിളിചെയ്‌വോൻ മിശിഹാതേ സ്തോത്രം
നാശമെഴാതവർ നിന്നങ്ങെ-സ്തുതി ചെയ്യും.

4. വന്നവനും വരുവോനും മൃതർ തന്നുയിരും
സ്തുതനെന്നു ശരീരാ-ത്മാക്കൾ പാടണമേ.

## നാലാം കൗമാ

ഹാലേലുയ്യാ, ഹാലേലുയ്യാ, ഹാലേലുയ്യാ... പേജ് 25
ത്രിത്വത്തിനു സ്തുതി, ത്രിത്വത്തിനു സ്തുതി,... പേജ് 33
നയവാൻ പനപോലെ...
ഒരുപോലിങ്ങും...
പ്രാർത്ഥനയിൻ സമയമിതല്ലോ... മൊറിയോ റാഹേം...

www.malankaralibrary.com

## മാർ അപ്രേമിന്റെ ബോവുസോ

1. ഞങ്ങൾ തൻ കർത്താവേ നീ
കാരുണ്യം ചെയ് ഞങ്ങൾമേൽ
നിൻ മാതാവും കാദീശ-
ന്മാരും ചെയ്യും യാചിപ്പാൽ.

2. രണഭൂവിൽ സഹദേന്മാർക്കായ്
ശക്തിയെ നൽകിയ മാലാഖാ
ദുഷ്ടൻ ശക്തിയതിന്നെതിരായ്
വന്നിവർമേൽ ബലമേകട്ടെ.

3. സോദരരേ വരുവീൻ നമ്മൾ-
ക്കേറ്റീടാം സ്തോത്രം സ്തുതികൾ
മാതാ കാദീശർ മൃതർ ത-
ന്നോർമ്മയതിൽ ത്രിത്വത്തിന്നായ്.

4. ഞങ്ങൾ തൻ കർത്താവേ നീ
കാരുണ്യം ചെയ് ഞങ്ങൾമേൽ
നിൻ മാതാവും കാദീശ-
ന്മാരും ചെയ്യും യാചിപ്പാൽ.

5. നിൻ മാതാവും കാദീശ-
ന്മാരും ചെയ്യും യാചിപ്പാൽ
നല്കീടേണം പുണ്യം ഞ-
ങ്ങൾക്കും വാങ്ങിപ്പോയോർക്കും.

## മാലാഖമാരുടെ സ്തുതി

അത്യുന്നതങ്ങളിൽ സ്വർഗീയ മാലാഖമാരും... പേജ് 34

## മോറാനേശുമിശിഹാ

❖

www.malankaralibrary.com

# ബുധൻ - പ്രഭാതം

## കൗമാ, പ്രാരംഭപ്രാർത്ഥന

## സങ്കീർത്തനങ്ങൾ 51, 63 (പേജ് 36, 39)

## എനിയോനോ

(അംബ്സുൽത്തോ കാദിശ്ത്തോ)

1. കർത്താവാം സർവ്വേശാ
തവഹിതമതുപോൽ നവമാസം
നിന്നെ വഹിച്ചോൾ-മറിയവുമായ്
സ്തുതി പാടാൻ വരമേ-കേണം.

2. കർത്താവാം സർവ്വേശാ
ജാതികളിൽ നിൻ സുവിശേഷം
ഭാഷിച്ചോരാം-ശ്ലീഹരുമായ്
സ്തുതി പാടാൻ വരമേ-കേ-ണം.

3. കർത്താവാം സർവ്വേശാ
വിശ്വാസികളാം മല്പാന്മാർ
ശുദ്ധപിതാക്ക-ന്മാരൊടുമായ്
സ്തുതിപാടാൻ വരമേ-കേ-ണം.

4. കർത്താവാം സർവ്വേശാ
നിർമ്മലസേവകരാചാര്യർ
സ്നേഹിതർ നീതി-ഷ്ടരുമായി
സ്തുതി പാടാൻ വരമേ-കേ-ണം.

5. കർത്താവാം സർവ്വേശാ
നിന്നെസമീപിച്ചഘമുക്തി
പ്രാപിച്ചാപ്പാ-പിനിയൊത്ത്
സ്തുതിപാടാൻ വരമേ-കേ-ണം. ബാറെക്മോർ

www.malankaralibrary.com

ശുബ്ഹോ... മെൻഓാലം...

6. കർത്താവാം സർവ്വേശാ
ആത്മംജലമിവയിൽ നിന്ന്
നിന്നെ വരിച്ചാ-മൃതരൊത്ത്
സ്തുതിപാടാൻ വരമേ-കേ-ണം. ആമ്മീൻ.

## സങ്കീർത്തനം 113:1-9

പ്രകാശത്തിന്റെ സ്രഷ്ടാവിനു സ്തുതി... പേജ് 40

## എക്ബോ

(മറിയാം ദീലേത്തോക്ക്)

മാതാവാം-മറിയാമും
സ്നാപക യൂ-ഹാനോ-നും
ഇവർ ഞങ്ങൾക്കാ-യർത്ഥിക്കും നാഥാ
കൃപതോന്നീ-ടേ-ണം.

സ്തൗമെൻകാലോസ് കുറിയേലായിസോൻ

## കോലോ I

(റാഹേമ്മേലൈൻ മൊറിയോ റാഹേമ്മേലൈൻ)

*"എൻവിളി നിൻ മുൻ ഏറണമേ"*

1. നാ-ഥാ!-നിൻ മുൻ
ഏറ്റിയൊരീധൂ-പം
സ്വീകൃതമാകണമേ-
അഹറോൻ മശ്കൻസബിനായിൽ
കാട്ടിയ ധൂപസുഗന്ധത്തിൽ
തുഷ്ടിപ്പെട്ടു നിരപ്പായ് നീ
ഉയരേ കീഴിലുമൊരുപോലെ
നിന്നിഷ്ടാ-ൽ സ്വീകൃതമായതുപോൽ. ബാറെക്മോർ

ശുബ്ഹോ... മെൻഓാലം...

www.malankaralibrary.com

2. അ–മ്മാനുവേൽ!
അത്ഭുതനാം ശിശുവേ
കന്യക ഗർഭിണിയായ്
പെറ്റെന്നോതിയ സത്യത്തിൻ
പ്രാസംഗികനാമേശായ
ചൊന്നൊരു കന്യക മറിയാമിൽ
നിന്നിഹ ശിശുവായ് വന്നവനേ
സ്തുതിയും, സ്തോ–
ത്രവുമിവയങ്ങേയ്ക്കായ്.

(ദൈവമാതാവ്)

3. പേ–റി മറിയാം
തലമുറ പൂർവ്വികനെ
അവനവളെ താങ്ങീ–
ടുമ്പോൾ അവൾ യൗസേപ്പൊത്ത്
പോയാൾ പേർവഴി ചാർത്താനായ്
ബേത്‌ലഹേമിൽ സൃഷ്ടികൾ തൻ
ഉടയവനെ പേറുന്നവളോ
ദാരിദ്ര്യാ–ൽ വാണാക്കൽഗുഹയിൽ.

4. പാ–വനകന്യേ
മറിയാമേ സ്വസ്തി!
സൃഷ്ടികൾ ഘോഷിപ്പൂ
ഉദരെ പൈതലിനുരുവേകു–
ന്നവനെ ഗർഭേ കപ്പൽപോൽ
നീപേറി നിൻ വാഹകനെ
ഈറയർ തേ സ്തുതി പാടുന്നു
നിൻമടിയിൽ ഉദിച്ചോനതിവന്ദ്യൻ.

www.malankaralibrary.com

(പരിശുദ്ധന്മാർ)

5. മാ–നിപ്പാൻ നാം
കടമുള്ളവരത്രേ
യൗസേപ്പസ്ഥികളെ
ബഹുമാനിച്ചൊരു മൂശേപ്പോൽ
ശുദ്ധാത്മാസ്ഥികളെയെന്നും
കോപത്തിൻ സമയെ നീതി
ക്കൊത്തൊരു–ശിക്ഷ–വരാതവരും
കേണീടും–നമ്മൾക്കായനിശം.

6. കാ–ലേ കണ്ടു
സത്യം നിലനിൽക്കും
നശ്വരമാണീഭൂ–
വെന്നും സഹദേർ കണ്ടതിനാൽ
മായയതാം ധനസ്വത്തെല്ലാം
വിട്ടിഷ്ടപ്പെട്ടവർ ദൈവ–
സ്നേഹാൽ മരണമതേറ്റതിനാൽ
അവർ നമ്മൾ–ക്കാശ്രയമാകട്ടെ.

(അനുതാപം)

7. കേ–ഴുന്നു ഞാൻ
നിൻ കൃപ ദയകൾക്കായ്
ഉത്തമനാത്മജനേ
നിൻ നിണമെയ് ഞാൻകൊണ്ടതിനാൽ
പൂകരുതേ ഞാൻ തീ നരകം
നിൻ സ്ലീബാ ഞാൻ തള്ളീട്ടി–
ല്ലതിനാലെന്നെ തള്ളരുതേ
തലമുറതൻ വിധി നീ പറയുമ്പോൾ.

www.malankaralibrary.com

8. ആ-രേകിടുമേ
കണ്ണീരുറവകളും
അനുതാപക്കരളും
നിഷ്ഫലമതുപോൽവ്യർത്ഥവുമാം-
പണികളിലാണ്ടു കഴിഞ്ഞോരെൻ
ആയുസ്സിൻ വർഷങ്ങളെയോർ-
ത്തഴലതി പൂണ്ടു കരഞ്ഞിഹ ഞാൻ
ക്ഷീണിതനായ് ഞാനെൻചെയ്തികളാൽ

(പരേതർ)

9. മാ-മോദീസാ
മൂലം മിശിഹാ തൻ
റൂശ്മാകുത്തപ്പെ-
ട്ടുംതൻ ഗാത്രം ഭക്ഷിച്ചും
തൻ രക്തം പാനം ചെയ്വോർ
താൻ മൂലം ജീവൻ പൂണ്ടി-
പ്പൂഴിയതിൽ നിന്നിങ്ങേറി-
ട്ടണിയും നൽ മഹിമാവിന്നങ്കി.

മൊറിയോ റാഹേം അലൈൻ ഉആദാറൈൻ.

## കോലോ II

(ദ്നാഹ് നുഹറോ ബ്ഹേശൂക്കോ ലതറീസേ)

"*ദർശനമതിലപ്പോളുരചെയ്യും താൻ സിദ്ധരൊടായ്*"

1. പുലർകാലേ-ഗിരിമുകളിൽ മൂശ
കണ്ടൊരു ദർശനമതിലായി
അഗ്ന്യാത്മീ-യന്മാർ ദൂതന്മാർ
വാഴ്ത്തുന്നീശനെയും പാർത്താൻ
കണ്ടക പടർപ്പെരിയായതിലായ്
കത്തുന്നഗ്നിയതും കണ്ടു

www.malankaralibrary.com

കർത്താവിവിടെ വസിപ്പതിനാൽ
നിൻ പാദുകമതു നീക്കിടു നീ-
എന്നൊരു സ്വരവും കേട്ടവിടെ. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

2. തൻദയയി-ന്നിഷ്ടം പോലുദരെ
വന്നുവസിച്ചവനേ സ്തുതി തേ!
സ്തോത്രം തേ-മാതിൻ കന്യാത്വം
ഭഞ്ജിക്കാതിഹ വന്നവനേ
അടിയാർ രക്ഷയ്ക്കായ് സ്വയമായ്
താഴ്ന്നങ്ങെ താതനു സുതരും
റൂഹാതന്നനുബന്ധിതരും-
ആയിട്ടടിയാരെ മാറ്റാൻ
നരനായവനേ, സ്തോത്രം തേ!

(ദൈവമാതാവ്)

3. യൂഹാനോൻ മാതാവേലിശുബാ
ഈശോ തൻ മാതാ മറിയാം
ഇവർ രാജൻ-തന്നരമന യുഗ്മം
വന്ധ്യത്വാപര കന്യാത്വം
ശിശുതൻ മുമ്പിൽ ശിശു തുള്ളി
പൂർവ്വി-കൻ മുന്നാധുനികൻ
തൻ കർത്താവൊടു സ്വസ്തിയുര-
ച്ചരുളീ, വരു, നീ, ശാന്തതയാൽ
ശ്ലോമ്മോ സൃഷ്ടിയെ നിരപ്പാക്കും.

4. പ്രസവിച്ചാ-ൾ മറിയാം ദൈവത്തെ
എന്നേല്ക്കാത്തവനന്യൻതാൻ
അവനീശൻ-ഈശന്നാത്മജനും
എന്നേറ്ററുളാത്തോരെല്ലാം

www.malankaralibrary.com

വേദവിരോധികളാകുന്നു
താതൻ മറിയാമിവരിൽ നി-
ന്നാദിയതില്ലാതിഹകാലേ
വന്നൊരു വന്ദ്യൻ സുതനൊന്നെ
ന്നേല്ക്കാതുള്ളവനന്യൻ താൻ.

(പരിശുദ്ധന്മാർ)

5. ജഗദീശാ-ത്മജ ശ്ലീഹന്മാരും
ശിഷ്യരുമവർ തൻ പാണികളിൽ
ക്രൂശനിശം-പേറിയിരുന്നല്ലോ
വിഗ്രഹവന്ദനയാലയ്യോ
പാഴായ് പോയൊരു പാരവരും
ഉഴുതു നിരപ്പാക്കി നന്നായ്
ഭക്തിവിഹീനതയവർ നീക്കി
നല്ലൊരു വിശ്വാസം വിതറി
അതു നിലനില്ക്കു-ന്നെന്നേക്കും.

6. സഹദേന്മാർ-പോരിനിറങ്ങിയഹോ
അതിലവർ വധകർ വധ്യരുമായ്
പലർ കാൺകെ-അവരെ കൊന്നവനാം
ദുഷ്ടനെ രഹസ്യെയവർ കൊന്നു
അവനവരെ കൊന്നൊരു ശേഷം
കെട്ടിയടിയ്ക്കപ്പെട്ടവർ മുൻ
അവൻ ഇതി, നിലവിളിയോടലറി
'സഹദേരടരിനു ഞാൻ പോരാ-
ഈശൻ ശക്തിയവർക്കുണ്ട്'.

(ഒരു വിശുദ്ധൻ)

7. (മാർതോമ്മാ)-നിന്നിൽ മോദിക്കും
സഭ നിൻ സ്മരണേ സ്തുതി പാടും,

www.malankaralibrary.com

ഈശനു നീ-പ്രീതിയണച്ചതിനാൽ
തൻരാജ്യേ സിദ്ധരൊടൊന്നായ്
ആമോദം തേ നല്കീടും;
നിന്നോർമ്മയതിൻ ദിവസത്തിൽ
ഘോഷിക്കുന്നൊരു കൂട്ടത്തെ
സന്തോഷിപ്പിച്ചീടേണം
സന്ദർശിച്ചേകു സഹായം.

(അനുതാപം)

8. യൗനാൻതൻ-അർത്ഥനയെ ദൈവം
കൈക്കൊണ്ടലയാഴിക്കുഴിയിൽ
ബലമേറും—മത്സ്യത്തോടരുളി
ഛർദ്ദിച്ചവനെ മൂന്നാം നാൾ
പ്രാർത്ഥന കേട്ടുനിരപ്പായ് നീ
കൃപയാൽ യാചന നൽകണമേ
കോപിപ്പിച്ചങ്ങേ - ഞങ്ങൾ
നിൻ പ്രതി മൃതരാം സഹദേന്മാർ
പ്രാർത്ഥിക്കുന്നിഹ ഞങ്ങൾക്കായ്.

9. നാഥാ നീ-നീതി വിധിക്കുമ്പോൾ
ഇരുളരുതേ പാപത്താൽ ഞാൻ
നീതിജ്ഞ-ർ മഹിമ ധരിക്കുമ്പോൾ
വിധിയിൽ ഞാൻ ലജ്ജിക്കരുതേ
പാപക്കുഴിയിൽ നിന്നേറാൻ
നിൻ വല പാണിയെനിക്കേകേ
വാതിൽ തുറപ്പവനേയനുതാ-
പിക്കായ് ക്രൂശിൽ-തസ്ക്കരനായ്
ചെയ്തൊരു കൃപചൊരികെന്മേലും.

(പരേതർ)

www.malankaralibrary.com

10. കർത്താവേ-നിന്നിൽ നിദ്രിതരാം
താതർക്കും ഭ്രാതാക്കൾക്കും
സ്മരണയുമാ-ശ്വാസവുമേകണമേ
നിന്നാരാധകരെ നീ നിൻ
പരിശുദ്ധന്മാരോടു ചേർക്ക
നീ നിൻ ന്യായാസനമേറി
ദുഷ്ടൻമാരെ നീക്കുമ്പോൾ
ശിഷ്ടർ നിൻ കാരുണ്യത്താൽ
നിൻ വലഭാഗം ചേരണമേ.

## കുക്കിലിയോൻ

(ബ്കുർബോനേ ആഫെക്ക്) ഏഴാം രാഗം

സ്വർണ്ണാലംകൃതമവൾ വസനം ഹാ-ഉ-ഹാ
കാഴ്ചകളോടരചൻസന്നിധി പൂകീടുമവൾ

അരചാലയ-മുൾപൂകുമവർ ഹാ-ഉ-ഹാ
മക്കൾ നിനക്കു പിതാക്കൾ പകരം.ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

## എക്ബോ

(ശ്ലോംലേക്ക് ബ്സുൽത്തൊ ദ്കീസോ)

ഭാ-ഗ്യം! ശുദ്ധി വെടിപ്പെഴും-അംബേ, കൻമഷ മറ്റൊരു
മുത്തേ ഭാഗ്യം നിന്നൊടുകൂ-ടെന്നും
ഭാഗ്യം! സകലചരാചര വാഹകനെ പെറ്റംബേ തേ അതിഭാഗ്യം
അനുദിനമഖിലകുലങ്ങളുമങ്ങെക്കോതുന്നവികല ഗാനാലാപം.
സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## കോലോ

(ഏബാറെക് ല്മൊറിയോ)

*'എന്നുടെ വായ്തൻ സ്തുതിപാടും'*

www.malankaralibrary.com

1. നാ–ഥാ! രണ്ടാം,
സ്വർഗ്ഗമതായ് തീർന്നാ–ൾ മ–റിയാം
ശുദ്ധിയൊടളവിൽ വസിച്ചു നീ
അവളീന്നുദയം ചെയ്തു ഭവാൻ
കുരിശിൽ പീഡ സഹിച്ചപ്പോൾ
ശിഷ്യനുമാതാ–വാ–യേകി
തവജനനി പ്രാ–ർത്ഥയാലെ
രക്ഷകനേ കേഴുന്നടിയാർ
ശാന്തിനിരപ്പുകൾ ദിശിയഖിലം
വാണീടാൻ കൃപ ചെ–യ്യേ–ണം. ബാറെക്മോർ

ശുബ്ഹോ...

2. കി–ന്നരമേന്തി–
ആത്മീയൻ നിബി ഏ–ശാ–യാ–
പ്രവചിക്കീശസുതൻപരമായ്
എങ്ങനെ താൻ വന്നുലകത്തിൽ
കന്യകഗർഭിണിയായ് സുതനെ
അത്ഭുതവാനെ പ്ര–സ–വി–ക്കും
ദൈവം നമ്മൊടു കൂടെന്ന
അമ്മാനുവേൽ അവനത്രെ
പ്രവചനമതു നിറവേറ്റിയൊരാ
നിബിയന്മാർ നാഥൻ–സ്തു–ത്യൻ.

മൊറിയോറാഹേം അലൈൻ ഉത്താദാറൈൻ.

## മാർ യാക്കോബിന്റെ ബോവൂസോ

(ശൗത്തേഫ്ലാൻ മോർ) ഏഴാം രാഗം

1. ചേ–ർക്കുകനാ–ഥാ! ഞങ്ങളെയങ്ങേ– അമ്മയുടേ–യും
നിൻ–ശു–ദ്ധ–ന്മാർ ഏവരുടെയും ഓ–ർമ്മയതി–ങ്കൽ.

www.malankaralibrary.com

2. പ്രാർത്ഥിച്ചീ-ടും, ഇവർ നിൻ സവിധേ-ഞങ്ങൾക്കാ-യി
ഏ-കുകപു-ണ്യം, ഞങ്ങൾക്കും വാ-ങ്ങിപ്പോയോർക്കും.

3. ഭാ-ഗ്യം ജാ—തൻ, രഹസ്യമുരച്ച-നിബിയന്മാർ-ക്കും
ഭാ-ഗ്യം ത-ന്റെ, സൂക്തികൾ ഘോഷിച്ചൊരു ശ്ലീഹ-ർക്കും.

4. ഭാ-ഗ്യം പീഡ-ധീരതയാലേ-റ്റോർ സഹദേ-ർക്കും
ഭാ-ഗ്യമവർതൻ ഓർമ്മയെന്നും മാനിക്കുന്നു.

5. സ്തോ-ത്രം ഇഷ്ടാൽ മരിയെ വരിച്ച താതനെ-ന്നും
സ-ഹദേന്മാ-രിൽ ശക്തികൊടുത്ത സുതനും സ്തോ-ത്രം.

6. സ്തോ-ത്രം വാ-ങ്ങിപ്പോയവരെ ഏ-റ്റും റൂഹാ-യ്ക്കും
അവർ സ്വഭാ—വം അവിഭാജ്യമാം വിധ മൊന്ന—ല്ലോ.

7. ദാ-വീദിന്റെ സുതയീന്നും ജാ-തം ചെയ്തോനേ
കാ-രുണ്യം നിൻ-ഇടവകയിൻമേ-ൽ വർഷിച്ചാ-ലും.

## അപേക്ഷ

കർത്താവേ, നിന്നെ സ്തോത്രം ചെയ്യുന്നതും... പേജ് 41

## കൗമാ
## വിശ്വാസപ്രമാണം

❖

www.malankaralibrary.com

# ബുധൻ - മൂന്നാംമണി

## കൗമാ

### കോലോ

(ബ്സുൽത്തോയെൽദസ് ദൂ-മ്മോ റോ)

1. ഭാഗ്യവതീ! എന്നൊ-ടു ചൊൽ-ക
എങ്ങനെ ആദരവോടേറ്റു പാരുംവാനും നിറയുന്നോനേ നീ
ശ്രോത്രത്താലൊളിവാ-യേ-റി
നിശ്ചലമായുദരേ വാണാൻ തിരുഹിതമായ്തൻ
ബലമെന്നെ താങ്ങി
ഉദരേ ഞാൻ സുതനെപേറി
ലോകപുരാതനനെപ്പെറ്റേൻ,
ഹാലേലുയ്യാ-രക്ഷിച്ചാൻ ലോകം. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

2. ഏലിശാതൻ ന-വ കും-ഭം
ഗിദയോൻ കമ്പിളി, പനിമഞ്ഞും, പാവനകന്യേ!
നിൻ സാദൃശ്യമതായ്
തരുനിരയിൽ സർപ്പം രോഷാൽ
മനുജനെ നിഹനിപ്പാൻ വീഴ്ത്തിയ വിഷമതു നിന്നാൽ
മധുരമതായ് മാറി
വിൺവൃഷ്ടിയെ നീ കൈ-ക്കൊ-ണ്ടു
മോദത്തിൻ നീർച്ചാൽ ഒഴുകി
ഹാലേലുയ്യാ സൃഷ്ടിയെ നിറവാക്കി.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

www.malankaralibrary.com

## മാർ യാക്കോബിന്റെ ബോവൂസോ

(സ്ളൂസേക്ക് ആമ്മാൻ മ്ബാറെക്ത്തോ)

ഒന്നാം രാഗം

1. വാഴ്ത്തപ്പെട്ടവളായോൾ കന്യേപ്രാർത്ഥനചെയ്തീടണമേ
നാഥൻ ഞ-ങ്ങളുടെമേൽ കൃപ-ചെയ്തീ-ടാൻ

2. കൃപയാൽ, പൂരിതനീയർത്ഥിക്ക കൃപയാചിക്കുമിവർ മേൽ
ആർദ്രതയു-ള്ളൊരു നാഥൻ ദയ ചെയ്തീ-ടാൻ

3. കൃപയാൽ ദൈവമിറങ്ങി ഭൂമൗ കന്മഷമേ ശാതുള്ളോൻ
തന്നെപ്പേറിമറിയാം-വിനയം-ശാ-ന്തതയിവയെ

4. ദർശിച്ചോൻ പരിശുദ്ധൻ അവളിൽ വാസം ചെയ്തോൻ
താഴ്മയതുള്ളോർ പക്കൽ വാഴാൻ പ്രീതൻ വിനയാ-

5. ന്വിതമറിയത്തെ വിളിച്ചോൻ താതനു സ്തുതിയും
വന്ദന എളിമയൊടവളിൽ വസിച്ചോൻ പുത്രന്നായും

6. സ്തോത്രം എളിയവരുൾ പാർത്തീടും പരിശുദ്ധാ-
ത്മാവിന്നും; സ്തുതി ഏകൻ ത്രിത്വവുമായവനെന്നേയ്ക്കും.

8 ദൈവാത്മജനേ ഒൻ-പതുമാസം നിന്നെ വഹി-ച്ചോൾ
പ്രാർത്ഥനയാലെ കോ-പത്തിന്റെ-വടികളെ മാ-യി-ക്ക.

### കൗമാ

### വിശ്വാസപ്രമാണം

❖

www.malankaralibrary.com

# ബുധൻ - ആറാം മണി

## കൗമാ

## കോലോ

(മൽക്കൂസ് റൗമ്മോ)

1. പാ—വനകന്യേ,
ദൈവത്തിൻ ജനനീ,
ധന്യതയാർന്നവൾ നീ—
പരിമളധൂപമൊടെന്നേയ്ക്കും
നിന്നോർമ്മയതുണ്ടാകട്ടെ
താവകപ്രാർത്ഥനയാചനയാൽ
ധരയിന്മേൽ കൃപയുണ്ടാക
രമ്യതയീ—സഭയിൻ മക്കളിലും. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

2. നീ-തിഷ്ടർക്കായ്,
സജ്ജമതാക്കിയൊരാ
മേശയ്ക്കർഹതനീ—
നാഥാ മൃതരായോർക്കേക
തവ നിണമെയ്കൾ കൈക്കൊണ്ടാർ
നിൻശരണേ നിദ്രിതരവരെ
പിതൃസവിധേ കൈക്കൊള്ളണമേ
ജീവനതിൽ—സാക്ഷിച്ചവർ നിന്നെ.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർബാലായിയുടെ ബോവൂസോ

മാതാ കാദീശന്മാർ തൻ... പേജ് 43

## കൗമാ

## വിശ്വാസപ്രമാണം

❖

www.malankaralibrary.com

# ബുധൻ - ഒൻപതാം മണി

## കൗമാ
## കോലോ

(അക്മൊദ് ലൊബ്ശീൻ ശൂ-ശാനെ)

1. പാഴൂഴിയിലുയരും-ശൂശാനപ്പൂക്കൾ
കൈപ്പണിയല്ലാത്തൊരു വസ്ത്രം ചാർത്തീടുംപോൽ
ആദാം മക്കൾക്കാ-യ് റൂഹ്ക്കുദിശാ നെയ്ത
വസ്ത്രമുയർപ്പിൽ ചാർത്തീടും പുണ്യാത്മാക്കൾ.
ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

2. 'തരുനിരയിൽ വിളിചെ-യ്തെന്നെ ഭ്രമിപ്പിച്ചാ-
ശബ്ദത്തെനതിചെയ്യുന്നേൻ, ചൊന്നാനാ-ദാം
പുനരുത്ഥാനത്തിൽ-എന്നെമക്കളെയും
ആ ശബ്ദം വിളി ചെയ്തേറ്റും വലഭാഗമതിൽ.'

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർ ബാലായിയുടെ ബോവൂസോ

1. കരുണനിറഞ്ഞവനേ, പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാ-ക്കീടണമേ.
2. സ്വർഗ്ഗീയാധിപതേ! വിശ്വാസികൾ മൃതരെ
ജീവിപ്പിച്ചേകീടണമേ-നീ പുണ്യം.
3. മൃതരെ വിളിചെയ്വോൻ മിശിഹാ തേ സ്തോത്രം
നാശമെഴാതവർ നിന്നങ്ങെ സ്തുതിചെയ്യും.
4. വന്നവനും വരുവോനും മൃതർ തന്നുയിരും
സ്തുതനെന്നു ശരീരാ-ത്മാക്കൾ-പാടണമേ.

## കൗമാ

## വിശ്വാസപ്രമാണം

❖

www.malankaralibrary.com

# വ്യാഴം – സന്ധ്യ

## കൗമാ, പ്രാരംഭ പ്രാർത്ഥന

## സങ്കീർത്തനങ്ങൾ 141, 142, 119, 117

കർത്താവേ, നിന്നെ ഞാൻ വിളിച്ചു... പേജ് 6

## എക്ബോ

(ശ്മായോനെ ശുബഹോ സൊമറീൻ)

വാനവർ വാ–ഴ്ത്തിപ്പാടു–ന്നു
മണ്ണയരാ–രാധിക്കു–ന്നു
ഏകൻ താ–ൻ നിത്യനുമാം
ഉലകത്തിൻ സ്രഷ്ടാവാം ദൈവം–തന്നെ.

സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## പ്രുമിയോൻ, സെദറാ

## കോലോ I

(ബ്കോലെല്മൊറ്യോക്രീസ്)

*'അർപ്പിച്ചെൻ പ്രാർത്ഥന നിൻപക്കൽ'*

1. എൻ പാ–പങ്ങൾ–തിന്മകളും നാഥാ!–നിൻ പക്കൽ
ഏറ്റുപറഞ്ഞീ,ടുന്നേൻ തെറ്റുകളഖിലം ഞാൻമറവാക്കാതെ
മാനുഷ പ്രിയനേ പിഴയെല്ലാം വെളിവാക്കുന്നേൻ
നിൻ കൃപയാലവ മായ്ക്കണമേ യാചിച്ചീ–ടുന്നേ–ൻ
നാഥാ, നൽ വൈദ്യാ നിൻ കൃപയെന്മേലുണ്ടാകേ–ണം.
ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

www.malankaralibrary.com

2. കേഴുന്നെങ്ങൾ-ദുരിതത്തിൻ സമയേ
നാഥാ-നീ, ദാസന്മാർക്കാശ്രയമേകാൻ
വന്നീടണമേ കൃപചൊരികിവരിൽ
ദുഃഖങ്ങളസംഖ്യം വലയം ചെയ്തീടുന്നു
ക്രോധത്തിൽ ശിക്ഷിക്കരുതേ ദാവീദ് പാടിയപോൽ
മ്ശീഹാ-രാജാവേ!
നിൻകൃപയിവർമേലുണ്ടാ-കേണം.

(ദൈവമാതാവ്)

3. കന്യക കണ്ടാൾ-ജ്വാലയണിഞ്ഞവനാം
വാനവനെ അധികഭയത്തോടു നിന്നി-
ട്ടുടനുരചെയ്തേവം വിനയത്തോടെ
പും സംബന്ധമെഴാ ഗർഭമതെങ്ങനെ ഭവ്യം?
യുക്തിയതെന്നെ ഗ്രഹിപ്പിക്കൂ വിശ്വാ-സം വിഷമം
ഞാനോ-കന്യകയാൾ
വൈവാഹികവാഞ്ഛയതില്ലാ-ത്തോൾ

4. ദാവീദ്പുത്രീ! സ്വസ്തി നിനക്കേകും-സൃഷ്ടിഗണം,
കന്യകമാതേ! ശുദ്ധി വെടിപ്പെഴും അംബേ പ്രാർത്ഥിച്ചീടുക നീ
നിന്നിൽ നിന്നുദയം ചെയ്തോ രാത്മജനോടായ്
നിൻ പ്രാർത്ഥനയാൽ കൃപചൊരിവാൻ
ശാന്തിനിരപ്പുകളീ-ദ-യറാ
പള്ളികളിൽ നിത്യം വാഴാൻ കനിവാ-ക-ട്ടെ.

(പരിശുദ്ധന്മാർ)

5. നിൻ പ്രിയരായോ-ർ ഓർമ്മയതാൽ അടിയാ-രർത്ഥിപ്പൂ
ദൈവിക വചനമതാമേശു നീ മാനുഷനായ്നിൻ സ്നേഹത്താൽ
സ്വർഗ്ഗത്തിൻവഴി ഞങ്ങൾക്കായ് യാനം ചെയ്തു
സഹദേർ കണ്ട് ഏറ്റുപറഞ്ഞാർ നിന്നിൽ
ദേവേ-ശാ, മ്ശീഹാ
അവർ പ്രാർത്ഥനയാൽ ഞങ്ങൾമേൽ കൃപതോ-ന്നേണം.

www.malankaralibrary.com

6. തൂക്കപ്പെട്ടു-മരത്തിൽ വിലാവ് തുറ-ന്നാ-ച്ചവളം
രക്തം വെള്ളമൊടൊഴുകും മിശിഹായെ സഹദേർ കണ്ടങ്ങോടി
അന്യോന്യമുറപ്പിച്ചോതി വരുവിൻ പ്രിയരേ;
നാഥനൊടൊത്തു മരിച്ചീടാം
സഹദേർ പ്രാർത്ഥനയാ-ൽ
മ്ശീ-ഹാ-ദേവേശാ
ഞങ്ങൾമേൽ കൃപതോ-ന്നേ-ണം.

(അനുതാപം)

7. നാഥാ! കരുണാ-നിധിയേ ചോരന്മേൽ എന്നതുപോൽ
കൃപയെന്മേൽ നീ ചൊരിയണമേ.
നിൻ കൃപയതിനിവനർഹതയില്ലേ
മൃതിപാപങ്ങളിൽ നിന്നിവരെ ര-ക്ഷിപ്പാ-നാ-യ്
നിൻകൃപ നിന്നെയിറക്കിയിഹമനുജന്മാർപക്കൽ
ആ-ത്മാ-ക്കൾ വൈദ്യാ
കേഴുന്നിവർ മേൽ കൃപ തോ-ന്നേ-ണം.

8. പ്രാർത്ഥന ചെയ്തി-ട്ടർത്ഥിച്ചീടുക നാം-ദയവാനാം-
നാഥനൊടൊന്നായ്; തൻ കരുണാകതകെന്നാളും മുട്ടുന്നോർക്കായ്
തുറക്കപ്പെടുമുത്തരമരുളാൻ; വിളിചെയ്യുന്നോർ
പാപികൾമേൽ തൻ കൃപയനിശം
പ്രവഹിപ്പിച്ചീ-ടും; നാ-ഥൻ
നല്ലവനാം തൻ കരുണയ്ക്കറുതിയതില്ലാത്തോൻ.

(പരേതർ)

9. ഓർക്കുക നാ-ഥാ-വാങ്ങിപ്പോ-യവരെ നിൻഗാ-ത്രം
ഭക്ഷിച്ചും നിൻ രക്തം പാനം-ചെയ്തവരാം വിശ്വാസികളെ
നിർത്തണമവരെ വലഭാഗേ മുഖശോഭയൊടെ
നിൻ മഹിമാഗമനത്തിങ്കൽ ദൂതന്മാർ സഹിതം—
മ്ശീ-ഹാ-തവദൈവത്വത്തിന്നവരും സ്തുതി പാ-ടേണം.
മൊറിയോറാഹേം അലൈൻ ഉആദാറൈൻ

www.malankaralibrary.com

## കോലോ II

(ഇസേ ല്ബൈബെത്തോക്ക് ബീക്കോറോ)

*"നിൻനാമത്തെ ഭയന്നിടുവോർക്കായ് നീ തുണയേകി-ഹാലേ-ലു-യ്യാ"*

1. ഉത്സാഹികളായോ-ർക്കതുപോലവസാ-നം
വന്നോർക്കും നീ-ഗുണവാ-നേ പ്രതിഫലമേകി
മുമ്പരൊടൊത്തടിയാ-ർ നിന്നിട്ടുത്ഥാ-നേ-
മുഖതെളിവൊടുനിൻ, സ്തുതി പാ-ടാൻ വരമേകണമേ.
ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

2. നിന്നെ വിളിച്ചീടു-ന്നഗതികൾ ദയവാനേ!
നിൻസങ്കേതം തേടുന്നവർ മനുജപ്രിയനേ!
സ്ലീബായാൽ സംര-ക്ഷിക്കവർദേഹികളെ
കാക്കുകനിത്യം, പൊരുതീടും ദുഷ്ടനിൽനിന്നും

(ദൈവമാതാവ്)

3. നിൻതനു ദൂരത്തെ-ന്നാലും പരിശുദ്ധേ!
നിൻ പ്രാർത്ഥനയടിയാരൊടു കൂ-ടെല്ലായ്പ്പോഴും
നിന്നിലിറങ്ങിവസി-ച്ചവനോടർത്ഥിക്ക
വിമലേ! പാപികളിവർമേൽ താൻ കൃപ ചെയ്തീടാ-ൻ

4. ഉലകിതിലൊരു പടവാ-യ് മറിയാം മാലുമിയോ,
അവളുൾവന്നു വസിച്ചവനാം മിശിഹാ താനും
മോദമെഴും തുറമു-ഖമതിലെത്തിച്ചേർന്നി-
ട്ടേകിയവൾ സ്വർഗ്ഗീയധനം മനുജന്മാർക്കായ്.

(പരിശുദ്ധന്മാർ)

5. മ്ശീഹായെ സ്നേഹി-ച്ച വിശുദ്ധന്മാരേ-
വ്യർത്ഥമതായീടാ നിങ്ങൾ യത്നം സകലം;
സുതസ്നേഹിതരവർ തൻ അസ്ഥികൾ പള്ളികളിൽ
സൂക്ഷി-പ്പവർനാമം, ജീ-വൽ-ഗ്രന്ഥത്തിന്നുൾ.

www.malankaralibrary.com

6. എരിതീയിൽനിന്നും-സഹദേർ വിളിചെയ്താർ:
'മൃതി നിൻപേർക്കുവരിപ്പവരെ തുണ ചെയ്നാഥാ'-
ക്രോബകൾ തൻതേരിൽ-വന്നൊരു സ്രഷ്ടാവെ
ദർശിച്ചോരഗ്നി പൊഴിച്ചു പനി മഞ്ഞവർമേൽ.

(ഒരു വിശുദ്ധൻ)

7. പഴകിയൊരസ്ഥിയിൽ നി-ന്നൊഴുകി ശുദ്ധജലം
ശിംശോൻ തൻ ദാഹം തീർത്തോരത്ഭുതമോർത്താൽ
പ്രാർത്ഥനയോടഭയം-തേടും ദാസർമേ-ൽ
(മാർതോമ്മാ) നിന്നസ്ഥികളീന്നൊഴുകും കൃപകൾ.

(അനുതാപം)

8. മാളികയിൽ ശിഷ്യ-ർക്കായ് ശ്ലോമ്മോ നൽകി
തൻ കൃപയാലാശ്വാസമവർക്കേകിയ ദൈവം
ശൺഠകളാൽ അസ്വ-സ്ഥതയുളവാക്കുന്നോർ
രാജാക്കൾ മദ്ധ്യേ രമ്യതയുളവാക്കട്ടെ.

9. മഹിമയെഴും രാജാ! കൃപചെയ്യണമിവരിൽ
വിധിചെയ്വാൻ നീയണയുന്നൊരു വൻദിവസത്തിൽ
ശുദ്ധരൊടൊത്തിവരെ മഹിമ ധരിപ്പിച്ചി-
ട്ടങ്ങേവലഭാഗം ചേരാൻകൃപചെയ്യണമേ.

(പരേതർ)

10. രക്ഷകനേ! നിൻഗാ-ത്രത്തെ ഭക്ഷിച്ചും
വിലയേറും രക്തക്കാസാ പാനം ചെയ്തും
മൃതരായോരെ നാ-ശം നീക്കി ജീവി-
പ്പിച്ചണിയുക നിന്നെ നോക്കുന്നവരിൽ കാന്തി.

## കുക്കിലിയോൻ

(മൊറിയോ ശ്മാസ്ളൂസ്) അഞ്ചാം രാഗം

ദുരിതത്തിൻനാൾ, നിൻ മുഖമെന്നിൽ
നിന്നുതിരിക്കരുതേ ഹാലേ-ലു-യ്യാ

www.malankaralibrary.com

ചെവിചായിച്ചുത്തരമരുളുക വിളിചെയ്-തീടുംനാൾ

എൻ ഹൃദയം തൃണതുല്യം വാടിയുണങ്ങി ഹാലേ-ലു—യ്യാ
എന്നുടെയപ്പം ഭക്ഷിപ്പാൻ ഞാൻ ഓർത്തീ-ടാഞ്ഞതിനാൽ.
ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

## എക്ബോ

(കാബെൽ മോറാൻ തെശ്മെശ്ത്താൻ)

നാഥാ! പ്രാർത്ഥന ശുശ്രൂഷകൾ സ്വീ-കൃതമാക
മോശയുടെയും ഏല്യായുടെയും
അഹറോൻ കഹനാ-യുടെയും പോൽ
സ്തുതിയോഗ്യം-ദേവാ, അ-ങ്ങേ-ക്കാ-യ്.

സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## കോലോ

(മോതോബ്വൂമോ ശാപ്പീർ)

*"വാഴ്വേകിത്തൻ മുഖശോഭ ഇവർമേൽ ചൊരിയട്ടെ"*

1. നമ്മെക്കൂട്ടിച്ചേർത്തോരീ-
സന്ധ്യാസമയമിതതിധന്യം
സംരക്ഷിക്കും സ്ലീബായും
സ്തുത്യം; നാഥൻ വലതുകരം
സ-ഹദേന്മാർക്കായ്
പോരിൽ ബലമേകി മുടികൾ
നെയ്തണിയി-ച്ച-വരെ. ബാറെക്മോർ

ശുബ്ഹോ...

2. പടുകുഴിയിൽ നിന്നീയ്യോബും
സിംഹക്കുഴിയിൽ ദാനിയേൽ
ബാലകർ തീക്കുണ്ഡത്തീന്നും

www.malankaralibrary.com

വിളിചെയ്തവരെ രക്ഷിച്ചാ-ൻ
നാ-ഥാ-നിന്നെ
വിളിചെയ്യും പാപികളിവർമേൽ
കൃപയുണ്ടാ-കേ-ണം.

മൊറിയോറാഹേം അലൈൻ ഉഅ്യദാറൈൻ.

## മാർ യാക്കോബിന്റെ ബോവൂസോ

ഒന്നാം രാഗം

1. ഉടയോൻ നാഥാ വിളിക്കുന്നടിയാർ തുണയ്ക്കായ്വന്നീ-
യാചന കേട്ടിവരാത്മാക്കൾമേൽ കൃപചൊരിയണമേ.

2. ഈറേ മാലാഖമാർക്കുടയോൻ, നാഥാ ദേവാ
പ്രാർത്ഥന കേട്ടിവരാത്മാക്കൾമേൽ കൃപചൊരിയണമേ.

3. സ്വയമായ് പറയുക പാപീ പിഴകൾ ചെയ്തൊരു ഞാൻ മൂഢനഹോ
അനുതാപത്തിന്നവയെ തിരിപ്പിച്ചീടുന്നിപ്പോൾ.

4. പകരം ചെയ്തിടുവോളം മൗനിയിതാകില്ലൊട്ടും
വിശ്രമമില്ലനുതാപം തീർത്തിടുവോളം പാപികൾ

5. മൃതികാംക്ഷിക്കാത്തൊരു താതന്നായ് സ്തോത്രം
വന്ദന ദോഷികൾ പേർക്കായ് വന്നൊരു സുതനും.

6. യാചന നൽകും പരിശുദ്ധാത്മാവിന്നും ഗ്രഹണാതീതം
ദിവ്യരഹസ്യമതിന്നെന്നേയ്ക്കും സ്തുതിയുണ്ടാക.

7. ഉത്തരമരുളീടണമേ ദേവാ കൃപചൊരിയണമേ
അനുതാപത്തിനു മാ-നുഷ-രെ നീ-പ്രേരിപ്പി-ക്ക.

## മോറാനേശുമിശിഹാ

## കൗമാ

❖

www.malankaralibrary.com

# വ്യാഴം - സൂത്താറ

## കൗമാ

## കോലോ

(മൊറിയോ ലോബ്റുഗുസോ തക്സാൻ)

ഒന്നാം രാഗം

1. രാജസുതൻ-യേശു-നമ്മിൽ ജീവൻ-മുദ്ര
സ്ഥാപിച്ചതു കാ-ൺകിൽ ഓടി ഒളിച്ചീടും
ദു-ഷ്ടാ-രൂപിഗണം
തിരുരക്തം-തിരുമേ-നിയതും ചേർത്തീ-ട്ടേകി
പുണ്യത്തി-ന്നാ-യി-ട്ടതിനാൽ തൻ
കൃപയെ സ്തോ-ത്രം ചെയ്തീടാം. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

2. കണ്ണീരിൽ-കഴുകീ-ടേണം വസ്ത്ര-ങ്ങളെ നാം
ദൈവസുതൻ ത-ന്റെ, വരവണയുന്നല്ലോ
ശ്ലീ-ഹാ-ചൊന്നതുപോൽ
ലോകാന്ത്യം-പടിവാ-തിൽക്കൽ നിന്നീ-ടുന്നു
കരുണയൊടേ-വൻ തൻ, വിധിയുണ്ടായിടുമോ
അവന-ത്രെ ധന്യ—ൻ.

മൊറിയോറാഹേം അലൈൻ ഉത്താദാറൈൻ.

www.malankaralibrary.com

# മാർ യാക്കോബിന്റെ ബോവൂസോ

(മോ-ശാപ്പീറോ സ്ളുസ്സോ ദാലെപ്പ്)

അഞ്ചാം രാഗം

1. ഉ-ടയോൻ നാഥാ-വിളിക്കുന്നടിയാർ തുണ-യ്ക്കായ്‌വന്നീ-
യാ-ചന കേട്ടിവ-രാത്മാക്കൾമേൽ കൃപചൊരിയണമേ.

2. ഈ-റേമാലാഖമാർക്കുടയോൻ നാഥാ-ദേവാ
പ്രാർത്ഥന കേട്ടിവരാത്മാക്കൾ മേൽ കൃപ-
ചൊരിയണമേ.

3. പാ-പപ്പൊറുതി-യ്ക്കർത്ഥിച്ചിടു നീ; ഉപദേശി-ച്ചാൻ
മോ-ചനമതിനായ് യാചിച്ചിടു നീ: നാഥൻ-ചൊ-ന്നാൻ.

4. മോചിപ്പാനായ് തൻമുഖമിവരിൽ തിരിപ്പി-ക്കായ്കിൽ
പാപ-പ്പൊറുതി ക്കർത്ഥിപ്പാൻ ഉപദേശി-ച്ചീ-ടാ.

5. ആ-ത്മജനാലേ പ്രാർത്ഥന നൽകിയ താതനു സ്തുതിയും
വ-ന്ദന, വ്യഥയിലിവർക്കായ് പ്രാർത്ഥി-ച്ചൊരു പു-ത്രന്നും;

6. പ്രാ-ർത്ഥനയഖിലം കേട്ടിട്ടുത്തരമരുളീടുന്ന
പാ-വനനാം റൂഹായ്ക്കും സ്തോത്രമ-തുണ്ടാ-ക-ട്ടെ.

7. സ-ർവ്വം കേട്ടിട്ടർത്ഥനയെ കൈക്കൊള്ളുന്നവനേ
യാ-ചന കേട്ടിവർമേൽ തൂകണമേ നിൻ കാരുണ്യം.

കുറിയേ... കുറിയേ... കുറിയേ...

www.malankaralibrary.com

## സങ്കീർത്തനങ്ങൾ : 91, 121

അത്യുന്നതന്റെ മറവിൽ ഇരിക്കുന്നവൻ... പേജ് 12

## മാനീസോ

കർത്താവേ നിന്റെ കരുണയിൻ ചിറകുകളുടെ നിഴലിൻ...പേജ് 16

## ക്രോബേന്മാരുടെ സ്തുതി

കർത്താവിന്റെ ബഹുമാനം... പേജ് 18

## വിശ്വാസപ്രമാണം

ബസ്മൽക്കോ, സാദീക്കോ ചൊല്ലി ധൂപം വയ്ക്കുന്നു.

## ഹൂത്തോമോ

❖

www.malankaralibrary.com

# വ്യാഴം – രാത്രി

## കൗമാ, പ്രാരംഭ പ്രാർത്ഥന

ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ കർത്താവേ... പേജ് 23

## സങ്കീർത്തനങ്ങൾ 134, 119 : 169–176, 117

ബാറെക്മോർ, രാത്രികാലങ്ങളിൽ .... പേജ് 23

## എനിയോനോ

(അൽ മോനോ റൊഹമ്മത് ശെൻതോ)

1. ഹതഭാഗ്യയതാ മാത്മാവേ
പ്രാർത്ഥനയതിനാ–യുണരുക നീ
ന്യായാധിപനൊടു യാചിക്ക
വിധി ദിവസത്തിൽ–ദയ ചെയ്‌വാൻ
    വിധി ദിവസം കൃപചെയ്യിവർമേൽ
    സ്തോ–ത്രം തേ സ–കലേ–ശാ.

2. പടുകുഴിയിൽ നിന്നീയ്യോബും
സിംഹക്കുഴിയിൽ–ദാ–നീയേൽ
ബാലകർ തീക്കുണ്ഡത്തീന്നും
വിളിചെയ്തവരെ–രക്ഷിച്ചാൻ
    വിളി ചെയ്യുന്നതുപോൽ നിന്നെ
    സ്തോ–ത്രം തേ, സ–കലേ–ശാ.

3. ശീമോൻ ഭവനെ പാപിനിയാൾ
മോചനമതിനാ–യർത്ഥിച്ചു
'പോവുക സ്ത്രീ നിൻ പിഴയെല്ലാം
മോചിക്കുന്നേൻ' ചൊന്നീശൻ

www.malankaralibrary.com

അവൾ പിഴയഖിലം മായിച്ചാൻ
സ്തോത്രം-തേ സ-കലേ-ശാ.

4. നാഥാ-നിൻ ക്രോധത്തിൽ
ശിക്ഷിക്കരുതേ-ഞങ്ങളെ നീ
ശിക്ഷ വഹിപ്പാൻ, നിൻ സവിധേ
നില്പ്പാനുമശ്ശ-ക്തർ ഞങ്ങൾ
തിന്മകൾ തൻ പ്രതികൃതിയരുതേ
സ്തോ-ത്രംതേ സ-കലേ-ശാ.

5. നിദ്രിതരാം ഭ്രാതൃ പിതൃക്കൾ
തൻ പിഴയെല്ലാം-മായിക്ക
സ്വർഗ്ഗേ ജീവൽ ഗ്രന്ഥമതിൽ
അവർ നാമങ്ങൾ ചേർക്കണമേ
നിൻ മഹിമാ ദിനമതിലവരും
വലഭാഗം നിന്നീടേണം. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

6. ഏകത്വം ത്രിത്വമതാകും
പിതൃസുത പരിശു-ദ്ധാത്മാ-വാം
ത്രിത്വൈകൻ സത്യമതായൊരു
ദൈവത്തിന്നാ-യ് സ്തുതി നിത്യം
സ്തുതിയങ്ങേക്കെന്നെന്നേക്കും
ഞങ്ങൾമേൽ കൃപ ചെ-യ്യേണം.

കുറിയേ... കുറിയേ... കുറിയേ...

## ഒന്നാം കൗമാ
## എക്ബോ
(പറുദൈസോ)

ദാവീദിൻ സുതയേ രഹസ്യം പേ-ടകമുൾ
നിൻ സുന്ദരചിത്രം നിബിയർ-എഴുതിയിതാ

www.malankaralibrary.com

ലിഖിതങ്ങളിൽവച്ചു, ചിന്തി-ക്കുന്നോർക്കായ്
    പു-തി-യ-കുടം നിന്റെ സാ-ദൃശ്യം കാ-ട്ടി
അതിനുൾ സൂക്ഷിക്കും, ലവണം-നിൻ സുതനാം
നാശമതീന്നുലകം സംര-ക്ഷിക്കുന്നോൻ.

കുറിയേ...കുറിയേ... കുറിയേ... ഞങ്ങളുടെ കർത്താവേ,

## കോലോ

(മൊറിയോ മോറാൻ) എട്ടാം രാഗം

1. മറി-യാ-മോ-തി
   ദൂ-തവരൻ, ഗബറീ-യേലിനൊടായ്
   'എങ്ങ-നെ ഭവ്യം-നിൻ ദൂതതുപോ-ലെ?
   സംയോഗമെഴാ
   തെങ്ങനെ ക-ന്യക ഗ-ർ-ഭിണിയാകും
   കേട്ടി-ട്ടില്ലേൻ' ദൂതനുരച്ചേ-വം:
   'പരിശു-ദ്ധാ-ത്മാ
   ആ-വാസം ചെയ്തീ-ടും നിന്നിൽ
   ഉയരോ-ൻ ശ-ക്തി, നിന്മേൽ
   വാ-ണീ-ടും
   ഹാ-ലേ-ലു-യ്യാ
   തൻ ജനിയാ-ലുലകം, രക്ഷിക്കും
   അത്ഭു-ത ശിശുവെ, നീ-പ്രസവിച്ചീടും. ബാറെക്മോർ
   ശുബ്ഹോ... മെൻഓലം...

2. മറി-യാ-മോ-തി
   തൻ-സഖികൾ, കന്യക-മാരോടായ്:
   വലുതാം-മോദം, ചേർന്നീടുന്നെ-ന്നിൽ
   ഈ-റയർ ദൂ-തർ
   സേ-വിപ്പോൻ, ഭൂപേ-റുന്നവനെ
   പേറീ-ടുന്നേൻ, പാ-ടും അവന്നാ-യി
   മാ-നവരെ-താൻ
   സം-ഗീതം, പഠിപ്പി-ച്ചവനല്ലോ

www.malankaralibrary.com

തൻ മ-ഹിമാവേ അഗ്നിവലംവയ്-പ്പു
ഹാ-ലേ-ലു-യ്യാ
കാ-ദീശെന്ന-വരാ-ർത്തിടുന്നു
തൻ മ-ഹിമയതോ, എന്നേക്കും സ്തു-ത്യം.

മൊറിയോറാഹേം അലൈൻ ഊ ആദാറൈൻ.

## മാർ യാക്കോബിന്റെ ബോവൂസോ

എട്ടാം രാഗം

1. വാഴ്ത്തപ്പെട്ടവ-ളായോൾ കന്യേ-പ്രാ-ർത്ഥന ചെയ്ക
നാഥൻ ഞങ്ങൾമേൽ കാരുണ്യം ചെയ്-തീടാനായ്.

2. കൃപയാൽ പൂരിത, നീയർത്ഥിക്ക-കൃ-പ യാചിക്കും
ഇവർമേൽ ആർദ്രത യുള്ളൊരു നാഥൻ ദ-യ ചെയ്തീടാൻ.

3. സ്ത്രീകളിലേറ്റം, സൗന്ദര്യവതിയേ-സ്വസ്തി നിനക്കായ്
സൃഷ്ടിയതിൻമേലാവൃതമായോ-രാ-വരണം നീ.

4. മാലിന്യമെഴാത്തവളേ സ്വസ്തി അ-മ്മാനുവേൽ
തന്നെ പ്രസവിച്ചവളായുള്ളൊരു ഹ-വ്വാ നീയേ.

5. പ്രഭയിൻ പ്രഭുവെപ്രസവിച്ചവളേ സ്വസ്തി നിനക്കായ്
നിബിയർ നാഥൻ നിന്നിൽ വസിച്ച പ്രവാ-ചകി നീയേ.

6. സ്തുതി സുതനും, പ്രേഷകനാം താതന്നും, റൂഹായ്ക്കും
നിൻ പ്രാർത്ഥനയാൽ നിത്യവുമിവർമേൽ കാരുണ്യമതാം.

7. ദൈവാത്മജനേ! ഒൻപതുമാസം നി-ന്നെ വഹിച്ചോൾ
പ്രാർത്ഥനയാലേ ക്രോധത്തിൻ വടികൾ-മാ-യ്ക്കണമേ.

## രണ്ടാം കൗമാ

കർത്താവിന്റെ ബഹുമാനം... പേജ് 18

www.malankaralibrary.com

## എക്ബോ

(പറുദൈസോ)

ശ്ലീഹന്മാർ കൂ-ട്ടം ദർശി-ച്ചോൻ ധന്യൻ
മോഹനമാമവർ ശബ്ദം കേ-ട്ടോൻ ധന്യൻ
അവരുടെ തുറമുഖമതിലെത്തി-യവൻ ധന്യൻ
 അവരാസ്ഥാനം ദർശിച്ചോനാ-യ് ഭാ-ഗ്യം
അവർ പേർക്കായ് സ്ഥാപിത മഹിമാ-സനമവിടെ
ന്യായവിധിക്കണയും വംശ-ങ്ങൾ സകലം.

കുറിയേ...കുറിയേ... കുറിയേ...

ഞങ്ങളുടെ കർത്താവേ,...

## പ്രുമിയോൻ, സെദറാ

## കോലോ

(മൊറിയോ മോറാൻ) എട്ടാം രാഗം

1. ശെമഓ-ൻ കീ-പ്പാ
 ആ-ഴിയിൽ മ-ത്സ്യം ബന്ധിക്കുമ്പോൾ
 നാഥൻചൊന്നാ-നേ-വം: 'ശീമോ-നേ!
 വരൂ നീ-റൂ-ഹാ
 തൻ-വല നല്കീടാം, മാനവരെ
 ജീവ-നിലേക്കു വീ-ശിച്ചേർക്കും-നീ
 നിൻ മേ-ൽ സ-ഭ-യെ
 ഞാ-ൻ പണിചെയ്തീടും; നരകത്തിൻ
 വാതി-ല-തിന്മേൽ, പ്ര-ബലപ്പെടുകില്ല'. ബാറെക്മോർ

 ശുബ്ഹോ... മെൻഓലം...

2. ഉടയോ-ൻ നാ-ഥാ
 സ-ഹദേർ ത-ന്നുടെ രണഭൂമിയതിൽ
 പൂകീ-ഞാനും, അവർ വിധി ദർശി-ച്ചേൻ
 മേ-നി കരി-ഞ്ഞും

www.malankaralibrary.com

പീ-ഡകളാൽ തനുവും, തളരുമ്പോൾ
ഹൃദയേ-മോദം, ചേ-ർന്നവർ മോദി-പ്പു
കേ-ഴുന്നേ-വം:
നിൻ-പേർക്കാ-യ് മൃതിപൂ-കുന്നിവരെ
രക്ഷി-പ്പാനാ-യ്, നാ-ഥാ വരണം-നീ.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർ അപ്രേമിന്റെ ബോവൂസോ

എട്ടാം രാഗം

1. കർത്താവേ-കൃപ ചെ-യ്യ-ണമേ
ശ്ലീഹന്മാർ തൻ പ്രാ-ർത്ഥ-നയാൽ
അവർ പ്രാർത്ഥ-ന യാച-നയാ-ലീ
ഞങ്ങൾമേ-ൽ കൃപ ചെ-യ്യേ-ണം.

2. നിൻ ബഹുമാ-ന മതി-ന്നാ-യി
നീ നിയമി-ച്ചൊരു പ-ന്തിരുവ-ർ
പ്രാ-ർത്ഥനയാ-ൽ വാഴ്ത്തീ-ട-ണമേ
ആണ്ടിൻ ദ്വാ-ദശ മാ-സങ്ങൾ.

3 ഇരുപെരുന്നാ-ൾകളിൽ ദാ-ന-ങ്ങൾ
ശ്ലീഹരിൽ ഭാ-ഗിച്ചോ-ൻ സ്തു-ത്യൻ
ഒന്നിൽ തൻ-മെയ്ര-ക്തങ്ങൾ
മറ്റതിലോ-റൂഹാ-ശക്തി.

4. കർത്താവേ കൃപ ചെ-യ്യ-ണമേ
ശ്ലീഹന്മാർ തൻ പ്രാർ-ത്ഥ-നയാൽ
അവർ പ്രാർത്ഥ-ന യാചനയാ-ലീ
ഞങ്ങൾ മേൽ-കൃപചെ-യ്യേ-ണം.

## മൂന്നാം കൗമാ

കർത്താവിന്റെ ബഹുമാനം... പേജ് 18

www.malankaralibrary.com

## എക്ബോ

(പർദൈസോ)

യേശു-പിതൃസുതനേ, ഞങ്ങളെ-തുണ-യ്ക്കണമേ
യേശു-മറിയസുതാ, ഞങ്ങളെ-കാ-ക്കണമേ
യേശു-ബലമേകി, യേശു-പാ-ലിക്ക
യേ-ശു-ദോ-ഷിയെ ഞങ്ങളിൽ നി-ന്നക-റ്റ-ണമേ
യേശു-പരിഹരിക്ക ഋണകന്മഷമെ-ല്ലാം
യേശു-വിധിദിവസം ദയയി-ങ്ങേ-കണമേ.

കുറിയേ...കുറിയേ... കുറിയേ...

ഞങ്ങളുടെ കർത്താവേ,

## കോലോ

(ശോറേ ആസീറേ മൊറിയോ ഹാ...) ഒന്നാം രാഗം

*"നമ്രരെ നിവർത്തീടും-നാഥൻ, ഹാ-"*

1. രാവിൽ സമു-ദ്ര-ത്തിൻ-മീ-തെ നടന്നാ-ൻ-നാഥൻ
ശിഷ്യർ രാ-വിൽ യാ-ചിച്ചാർ തുണ ചെ-യ്യ-ണമേ
അവരെപ്പോ-ൽ വിളിചെ-യ്യുമിവർ,
നാ-ഥാ! തുണ-യ്ക്കായ് വ-ന്നീ-ടണേ. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

2. രാവിൽ ശ്മൂ-യേ-ലി-നെ ദൈവം വിളിചെ-യ്തവനെ
ഇസ്രേലി-ൽ ഭരണം-ചെയ്വാ-ൻ നായ-കനാ-ക്കി
രാവിൽ നി-ന്നാ-രാ-ധകർ തൻ ഹൃദയങ്ങളിൽ നീ വാ-ഴേ-ണം.
മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർ ബാലായിയുടെ ബോവൂസോ

ഒന്നാം രാഗം

1. ദുഷ്ടന്മാരിൽ കാരുണ്യം പൂണ്ടോനേ
കാരുണ്യം ചെയ്നിൻ ന്യായ-ത്തീർ-പ്പിൻ നാൾ.

www.malankaralibrary.com

2. നിന്നുടെ കൃപ തന്റെ ബാഹുല്യത്താൽ നീ
എന്നുടെ കടമെല്ലാം മായി–ച്ചീടേണം.

3. യേശു കരുണാലോ നിൻകരുണാവാതിൽ
പൂകുന്നോൻ പാപി പിൻവാങ്ങട്ടൻപാൽ.

4. വിളിചെയ്വിൻ കേൾക്കും യാചി–പ്പിൻ നല്കും
എന്നരുൾ ചെയ്തോനാം നാഥന്നായ് സ്തോത്രം.

5. വിണ്ണവർതൻ നാഥാ മണ്മയരാ–ശയുമേ
കൈക്കൊണ്ടിക്കർമ്മം കാരു–ണ്യം ചെയ്ക.

## നാലാം കൗമാ

ഹാലേലൂയ്യാ, ഹാലേലൂയ്യാ, ഹാലേലൂയ്യാ... പേജ് 25
ത്രിത്വത്തിനു സ്തുതി, ത്രിത്വത്തിനു സ്തുതി,... പേജ് 33
നയവാൻ പനപോലെ...
ഒരുപോലിങ്ങും...
പ്രാർത്ഥനയിൻ സമയമിതല്ലോ...
മൊറിയോ റാഹേം അലൈൻ...

## മാർ യാക്കോബിന്റെ ബോവൂസോ

ഒന്നാം രാഗം

1. മേൽപ്പ–ട്ടക്കാർ താ–തന്മാരേ! പ്രാർത്ഥന ചെയ്തീ–
ടണമേ നാഥൻ ഞ–ങ്ങളുടെമേൽ കൃപ ചെയ്തീ–ടാൻ.

2. നിങ്ങൾ പ്രാർത്ഥനയാൽ നിങ്ങളുടെ സങ്കേതം തേടു–
ന്നോരീന്നകലത്താക്കും നാഥൻ കോപ ദണ്ഡുകൾ.

3. മത്തായ് മർക്കോസ് ലൂക്കോസ് ജോണും നാഥൻ തന്റെ
വാഴ്ത്തപ്പെട്ടോരുറവയിൽ നിന്നു കുടിച്ചവരീന്നും.

4. ഒഴുകി ജീവൻസൂക്തം, പോയാൽ ദാഹാർത്ഥയതാം
ധരയിൻ ദാഹം തീർത്തു സുവിശേഷ ധോരണിയാൽ.

www.malankaralibrary.com

5. സുവിശേഷിപ്പാൻ ശ്ലീഹരെയാക്കിയ താതൻ സ്തുത്യൻ
ലോകമതെല്ലാമവരെയയച്ചൊരു പുത്രൻ വന്ദ്യൻ.
6. ഭാഷാജ്ഞാനമവർക്കേകിയൊരാ റൂഹാസ്തുത്യൻ
ത്രിത്വമതാമേകൻ ദൈവത്തെയുദ്ഘോഷിച്ചാർ.
7. വിശ്വാസത്തൊടു നിങ്ങൾ പ്രാർത്ഥനയാശ്രയമായവ-
രീന്നും നാഥൻ ക്രോധത്തിന്റെ വടികളെ മായ്ച്ചീടും.

## മാലാഖമാരുടെ സ്തുതി

അത്യുന്നതങ്ങളിൽ സ്വർഗീയ മാലാഖമാരും.... പേജ് 34

## മോറാനേശുമിശിഹാ

❖

www.malankaralibrary.com

# വ്യാഴം - പ്രഭാതം

## കൗമാ, പ്രാരംഭ പ്രാർത്ഥന

### സങ്കീർത്തനങ്ങൾ 51, 63 (പേജ് 36, 39)

### എനിയോനോ

(ല്വോസോക്ക് മ്ക്കാദേമ് നോ)

1. നാഥാ-കേഴുന്നേ-ൻ
എന്നെപ്പോലപരനിഹത്തിൽ
കാണ്മീ-ല-യ്യോ, പാപിയിവൻ
കോപിപ്പിച്ചേൻ അത്യധികം
പാപിയിവന്മേൽ കൃപയുണ്ടാ-കേ-ണം.

2. മാതാ-വിന്നുദരേ-
നിന്നെൻ ദൈവം നീയല്ലോ
പാടി-ദാ-വീദ്, നാഥാനിൻ
കോപത്തിൽ ശിക്ഷിക്കരുതേ
പാപിയിവന്മേൽ കൃപയുണ്ടാ-കേ-ണം.

3. ഫലമേ-കാഞ്ഞങ്ങേ
കല്പനയാൽ വെട്ടപ്പെട്ട പാഴ്വൃ-ക്ഷംപോ-ൽ
ആയ് ഞാനും
മറിയാമ്മിൻ ഫലമായവനേ,
പാപിയിവന്മേൽ കൃപയുണ്ടാ-കേ-ണം.

4. ദേവാ-കൃപചെയ്നീ-
സങ്കീർത്തനമമ്പത്തൊന്നിൽ

www.malankaralibrary.com

പാടി-ദാ-വീദ്; എൻപാപ-
ക്കറകളെയെല്ലാം കഴുകണമേ
പാപിയിവന്മേൽ കൃപയുണ്ടാ-കേ-ണം.

5. ഈശൻ-കല്പനയെ
ലംഘിച്ചാദം സുതർമേലും
മരണം-വാ-ണു നല്ലവനേ
കൃപയാൽ വന്നവനെ വീണ്ടു
പാപിയിവന്മേൽ കൃപയുണ്ടാ-കേ-ണം.

6. കബറുൾ-വാണീടും
മൃതർ നിന്നെ നോക്കിപ്പാർക്കും
വിളിചെ-യ്തവർ തൻ ദേഹികളെ
എഴുന്നേൽപിച്ചേറ്റിടേണം-
കബറീന്നും പറുദീ-സാ-യിൽ. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

7. താതാ-ത്മജ റൂഹാ
യാകും ത്രിത്വമതായവനേ
സ്തുതിയ-ങ്ങേ-ക്കായ്, സ്തോത്രമതും;
വാനവർ മാനവരും നിന്നെ
സ്തുതിചെയ്താരാ-ധി-ക്കു-ന്നു. ആമ്മീൻ.

## സങ്കീർത്തനം 113:1-9

പ്രകാശത്തിന്റെ സ്രഷ്ടാവിനു സ്തുതി... പേജ് 40

## എക്ബോ

(ആലോഹോ ആദാറൈൻ)

ദേവാ! നീ-തുണ-ചെയ്ക
എൻ പാപ-ച്ചുഴികളിൽ ഞാൻ
താണുവല-ഞ്ഞീടുന്നു

www.malankaralibrary.com

പാപസമു-ദ്രത്തിൽ മുങ്ങിപ്പോകായ്‌വാൻ
ശാന്തിയെഴും-തുറമുഖമാ-ക-ണമേ
അനുതാപത്തിന്നായ് ഞാൻ പാർക്കുന്നു
ശെമഓ-ന്നതുപോൽ-നിൻ-കൈ
നീട്ടിത്ത-ന്നെൻമേൽ കൃപചെ-യ്ക.

സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## പ്രുമിയോൻ, സെദറാ

### കോലോ I

(ബ്ത്തറഒക് മോറാൻ)

*"സത്യമതാം വിശ്വാസത്തിൽ"*

1. രമ്യതയിൻ ധൂപം നിങ്ങൾ നിബിയർ ശ്ലീഹ-ർ
സഹദേർ, കാദീശ-ർ
വിശ്വാസത്തിൽ നിങ്ങൾമേൽ പണിയപ്പെട്ടോൾ
സഭമക്കൾക്കഭയം നിങ്ങൾ പൂജ്യാസ്ഥികളിൽ
അർത്ഥിക്കവർ പേർക്കായ്. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

2. സൃഷ്ടികൾതൻ പ്രഭയാം നിന്നെ വന്ദിക്കുന്നു
നശ്വരമീയുഷസ്സിൽ
കുരിശാൽ വീണ്ടൊരു ദൈവസുതാ നിൻ വലഭാഗേ
നിന്നിട്ടിവരഴിയാത്തുഷസ്സിൽ നിൻ സ്തുതിപാടാൻ
വരമേകീടണമേ.

(ദൈവമാതാവ്)

3. ആരിവൾ, കന്യാവ്രതഹാനിഭവിക്കാതുദരേ-
ശിശുവെപ്പേറിയവൾ
'കന്യക ഗർഭിണിയായ് പ്രസവിച്ചീടുമത്ഭുതനാം
ശിശുവിനെ'യെന്നേശായ നിബി മുന്നറിച്ച
സ്ത്രീമറിയാമല്ലോ

www.malankaralibrary.com

4. ഹസ്കീയേൽ കണ്ടൊരു വാതിൽ നിൻ സാദൃശ്യം
പാവനയാം കന്യേ!
നാഥനൊഴിച്ചൊരു മർത്യനതിൽ പൂകീട്ടില്ല
ആദത്തെയവകാശത്തിൽ തിരികെയയപ്പാൻ
താണവനായ് സ്തോത്രം!

(പരിശുദ്ധന്മാർ)

5. പുലരിയിൽ വന്ദിപ്പൂ സുതനെ നിബിയർ, ശ്ലീഹർ
സഹദേർ, കാദീശർ
ഗളരക്തമവർ കാഴ്ചയതായ് അർപ്പിക്കുന്നു
ദൈവേഷ്ടം ചെയ്തോർക്കുള്ളൊരു സമ്മാനമവർ
അർത്ഥിച്ചീടുന്നു.

6. ന്യായസ്ഥലമതിൽ ദർശിച്ചൊരു കാഴ്ചയെ
വർണ്ണി-പ്പിൻ; സഹദേന്മാരേ,
'മൂർച്ചയെഴും വാൾ, അഗ്നിയതും' കണ്ടു ഞങ്ങൾ
ശുദ്ധർ ശിരസ്സിൽ മുടികൾ മുട-ഞ്ഞണിയിച്ചീടും
ശുദ്ധാത്മാവിനെയും.

(പ്രഭാതം)

7. ഉഷഃകാലെ മെദിയാൻകാർക്കായ് യൗസേപ്പെ തൻ
ഭ്രാതാക്കൾ വിറ്റു
അവനെക്കൊണ്ടവർ പോയപ്പോൾ പ്രാർത്ഥിച്ചവനും
'ഉയരാഴങ്ങൾക്കുടയവനേ! പരദേശമിതിൽ
എൻതുണയാകണമേ.'

(അനുതാപം)

8. നിൻ കരുണാവാതിലിലല്ലാതിനിയെവിടെപ്പോ-യ്
മുട്ടീടും ഞങ്ങൾ
രാജാക്കളുമടിപണിയുന്നൊരു രാജാധീശാ!
നിൻകരുണയതല്ലാതില്ലീ ദോഷികൾ പേർക്കായ്
മാദ്ധ്യസ്ഥം ചെയ്‌വാൻ.

www.malankaralibrary.com

9. ഇവർ യാചനയിൻ നാദം നിൻ സ്വർഗ്ഗകവാടം
തുറന്നീടും താക്കോൽ
ദൂതവരേണ്യർ നിരകളിൽ നിന്നുൽഘോഷിക്കും
മണ്ണയർ ശബ്ദമഹോ മധുരം; നാഥനവർക്കായ്-
ഉത്തരമരുളുന്നു.

(പരേതർ)

10. നിൻസഭയെ മേയിച്ചവരാമജപാലർക്കും
നിബിയർ ശ്ലീഹർക്കും
സഹദേന്മാർ, കാദീശന്മാർ, ആചാര്യന്മാർ
സഭയിൻമക്കളിവർക്കെല്ലാം നാഥാ നിത്യം
സ്മരണയതുണ്ടാക.

മൊറിയോറാഹേം അലൈൻ ഉആദാറെൻ.

## കോലോ II

(മോറാനേശു മ്ശീഹോ)

(ബ്സപ്രോ ഹ്സാവൂയ് തൽമീദേ)

"*കാദീശെന്നവർ ഘോഷിപ്പൂ*"

1. പുലർകാലെ മാലാ-ഖകളും
ന്രസാപ്പികളും ഘോ-ഷിക്കുന്നു
അഗ്നിമയന്മാരാർക്കുമ്പോൾ
രാജൻ-നീയാഗതനാകും-
മുടികൾ സഹദേർക്കേകിടുവാൻ
പ്രതിഫലമതു നീതിഷ്ഠർക്കും. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

2. പുലർകാലേ സ്തോത്രം ചെയ്‌വൂ
പറുദീസാ സമമാം സഭയും
തരുനിരകൾക്കായ് പകരം നീ

www.malankaralibrary.com

    മനുജാ–ത്മാക്കൾ നിറച്ചവളോ
ദാവീദിൻ കിന്നരമേന്തി
പാടും വാനമണാളന്നായ്.

(ദൈവമാതാവ്)

3. ഗ്ലീലായിലെ നസറേത്തിങ്കൽ
ദാവീദിൻ സുതനില്ക്കുമ്പോൾ
    ജ്വാലയണിഞ്ഞൊരു മാലാഖ
    മംഗ–ളമോതിച്ചൊല്ലിയിദം:
'നിന്നിൽനിന്നുദയം ചെയ്യും
സൃഷ്ടിയെയഖിലം രക്ഷിപ്പോൻ'.

4. പ്രവചനമിഴിയാൽ ദർശിച്ചു
ഹസ്കീയേൽ ദാവീദുസുതയെ
    കന്യകതൻ മഹിമാരൂപം
    ദൈവി–ക വെളിപാടാൽ നാഥൻ
കാണിച്ചു പ്രവാസാത്മജനെ
അത്ഭുതമായതു കണ്ടവനും.

(പരിശുദ്ധന്മാർ)

5. ശ്ലീഹന്മാർ ശിരസാം ശെമഓൻ
സഭകൾക്കു നിയുക്തൻ പൗലോസ്
    ഇൻഡ്യയിൽ വന്നൊരു മാർത്തോമ്മാ
    മഹിമാ–മുടി ചൂടിയ സഹദേർ
കൃപയിവരിൽ ചെയ്തീടാനായ്
മിശിഹായോടർത്ഥിക്കണമേ.

6. വിഗ്രഹദേവന്മാർ മുമ്പിൽ
സഹദേർ ധൂപമണച്ചില്ല
    മുടികളെടുത്തവരസ്ഥികളെ
    അതിനാൽ–നൃപരും കൂപ്പുന്നു
അവർ മരണത്തിൻ സൗരഭ്യം
പരിമളതുല്യം വീശുന്നു.

www.malankaralibrary.com

(ഒരു വിശുദ്ധൻ)

7. പത്രോസൊടുകൂടിവരങ്ങെ
കാണും ആബൂൻ (മാർത്തോമ്മാ)
മുഖതെളിവൊടുപറയും: 'നാഥാ
ഏൽപി-ച്ചോരജഗണമിഹകാൺ
പിതൃസവിധേ കൈക്കൊള്ളണമേ
അവരങ്ങെ സാക്ഷിച്ചതുപോൽ'.

(പ്രഭാതം)

8. നൃപനൊടു ചൊന്നാൾ ശ്മൂനിയിദം:
"സുതരേഴിൽ ഞാനൊരുവനെയും
തവസന്നിധിയിങ്കൽ ദാസ്യം
ചെയ്‌വാൻ-വിട്ടീടില്ലവരെ
ദൈവത്തിന്നു സമർപ്പിച്ചേൻ
ഈശൻ തന്നുടെ ദാസരവർ".

(അനുതാപം)

9. ബഹുലമതാം കൃപയിൻ ദേവാ,
വിളിചെയ്യും പാപികളെക്കേൾ
പാപികളിവരെന്നറിയുന്നു
നിൻ വാ-തിൽക്കൽ മുട്ടുന്നു
ശ്രീഭണ്ഡാരത്തിൽ നിന്നും
ഋണമോചനമേകീടണമേ.

10. കൃപയാചിച്ചീടുക, പാപീ
ഈശൻ വാതിൽ തുറന്നീടും
യാചനയെല്ലാം നൽകും താൻ
അനുതാ-പത്തിനു മടിയരുതേ
മരണത്തിൻ ദൂതൻ നിന്നോ-
ടണയും സമയമറിഞ്ഞീടാ.

www.malankaralibrary.com

(പരേതർ)

11. രക്ഷകനേ! നിൻ തനുരുധിരം
ഭക്ഷിച്ചങ്ങേ പീഡകളെ
ഏറ്റുപറഞ്ഞവരേവരെയും
ഓർത്തീ-ടണമേ ബലിപീഠേ
ജീവിപ്പോർ കാവൽ സ്ലീബാ
മൃതരെ പുണ്യവുമാക്കണമേ.

## കുക്കിലിയോൻ

(ല്വോസൊക് മൊറിയോ നപ്ശ്) ഒന്നാം രാഗം

വൈരികളെന്നൊടു ഗർവ്വം കാട്ടരുതേ ഹ-ഉ-ഹാ
നിന്നാശ്രിതരാരും ലജ്ജി-ച്ചീ-ടരുതേ.

ഗൂഢം നിൻ വഴികളെയറിയിക്കുകയെന്നെ ഹാ-ഉ-ഹാ
നേരിൽ നയിച്ചെന്നെ പരിശീ-ലിപ്പിക്ക. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

## എക്ബോ

(സോഗെദ്ലോക് മൊറിയോ നുഹറോ)

പ്രഭ നിന്നെ വ-ന്ദിക്കുന്നു
വാനവ നിരകൾ-പുകഴ്ത്തുന്നു
നിൻപ്രഭയേറും ഉഷസ്സിങ്കൽ
സൃഷ്ടികൾ നിന്നെ നമി-ക്കുന്നു.

സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## കോലോ

(ബ്സപ്രോ എത്തയീർമെൻ ശെൻതെ യാക്കൂബ്)

1. ഉഷസ്സിങ്കൽ മലമേൽ കയറി-മൂശ
സഭതൻ പണികണ്ടു
അതിര-മ്യമതിൻ പണിയെല്ലാം
പണിയ-പ്പെട്ടതു റൂഹായാൽ
അവരോഹം ചെയ്തിട്ടതുപോൽ പണിതാൻ

www.malankaralibrary.com

ഈസറേൽ കൂടാരം. ബാറെക്മോർ
ശുബ്ഹോ...

2. ഉഷസ്സിങ്കൽ ശെമഓൻ കടലിൻ-മീതെ
നടന്നീശനു നേരെ
മനസ്സിൽ-ഭയമേറീടുകയാൽ
തിരമാ-ലകളിൽ താഴുകയായ്
സകലേശൻ കൈകൾ നീട്ടീ-ട്ടവനെ
കടലീന്നും വീണ്ടാൻ.
മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർ യാക്കോബിന്റെ ബോവൂസോ

(പ്താഹ്ലൻ മോറാൻ തറഓക്) ഒന്നാം രാഗം

1. നാഥാ-നിന്നുടെ ആ-ർദ്രതയേറും വാതിൽ തുറന്നീ
യാച-ന കേട്ടിവരാ-ത്മാക്കൾ മേൽ കൃപചൊരിയേണം
2. ഉഷസ്സിൻ നാഥാ കാ-ലങ്ങൾ വിതാനം ചെയ്വോനേ,
യാചന കേട്ടിവരാത്മാക്കൾമേൽ-കൃപചൊരിയേണം
3. സ്തുതി നീതിജ്ഞന്മാ-ർത്ഥന കേട്ടൊരു താത-ന്നും
വന്ദന, യാചനകൾക്കുത്തരമരുളും പുത്രന്നും
4. ദുരിതങ്ങളിലിവർ തുണയായൊരു നൽറൂഹായിക്കും
ഏകൻ ത്രിത്വവുമായവനെന്നും സ്തുതിയുണ്ടാക!
5. മൃതിന്യായാസന നരകങ്ങളതാം സത്യമിവകൾ
മൂന്നും നാഥാ-ഭീയേറ്റീടുന്നെന്നുള്ള-ത്തിൽ.

## അപേക്ഷ

കർത്താവേ, നിന്നെ സ്തോത്രം ചെയ്യുന്നതും... പേജ് 41

## കൗമാ

## വിശ്വാസപ്രമാണം

❖

www.malankaralibrary.com

# വ്യാഴം - മൂന്നാംമണി

## കൗമാ

## കോലോ

(മോറിയോ മോറാൻ)

എട്ടാം രാഗം

1. യൗവ്വന കാ-ലം
വ്യാജേശാ-നിൻ ദാ-സനതായ് പണി ചെയ്-തീ ഞാൻ
നിൻ പീഡനമേ-റ്റു വാർദ്ധ-ക്യമിതിൽ
തൃപ്തിയെഴാ-തെൻ ജീ-വനതിൽ പതിവിൻ പടിനീ-
തേടും ചെയ്തികളെ നാഥൻ കാ-ണ്മൂ
പ്രതിപകരം-ചോദിച്ചെന്നെ നിന്നിൽനിന്നും
കൃപയാൽ ര-ക്ഷിക്കും. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

2. ഈ ലോ-കത്തെ
സ്നേഹിപ്പോ-നതിദുർ-ഭഗനാം ബലമേ-റീടും
കാരാ-ഗൃഹമീഭൂ
അതു മോ-ഹിപ്പോൻ
ജ്ഞാനമെഴാ-ത്തൊരു മൂ-ഢനുമാം; അതിവ-ഞ്ചനയാ
ണതിനുൾപൂ-കുമ്പോൾ
ജ്ഞാനി-യതാകും
വണിഗീശൻ-പോൽ ശാ-ശ്വതമാം ജീവൻ നേടും
മാ-നുഷനാ-യ് ഭാഗ്യം!

മൊറിയോറാഹേം അലൈൻ ഉത്താദാറൈൻ.

www.malankaralibrary.com

## മാർ യാക്കോബിന്റെ ബോവൂസോ

എട്ടാം രാഗം

1. ഉടയോൻ നാഥാ, വിളിക്കുന്നടിയാർ തുണയ്ക്കായ് വന്നീ
യാചന കേട്ടിവരാത്മാക്കൾമേൽ കൃപ ചൊരിയേ-ണമേ!

2. ഈറേ-മാലാഖാ-മാർക്കുടയോൻ-നാഥാ ദേ—വാ,
യാചനകേട്ടിവരാത്മാക്കൾമേൽ കൃപ ചൊരിയേണമേ!

3. പകൽ പോയ് മരണത്തിൻ നിഴലുകളും ചുറ്റുന്നെന്നെ
സൂര്യനെനിക്കായ് തീരുക നാഥാ, നിൻ പ്രഭകാണ്മാൻ.

4. തോപ്പിൻ-പുറമതിലെന്നെ മരണം തള്ളരുതേ നിൻ
ദൃഷ്ടിയിലെൻ അനുതാപ സമയം സ്വീകൃതമാക.

5. ഭൂവീന്നിരുളിനെ നീക്കിയ പ്രഭ നീ തിരുരക്തത്താൽ
വീണ്ടൊരു സഭയീന്നും സ്തുതി, സന്ധ്യകൾ ഉഷസുകളിലും.

6. സന്ധ്യാന്ധകാരം, രാവിൻശാന്തി, ഉഷസ്സിന്നുദയം
താതാത്മജ റൂഹാ, തേ സ്തുതികൾ അർപ്പിക്കുന്നു.

7. ഉത്തരമരുളീടണമേ ദൈവാ കൃപ ചെയ്യണമേ
അനുതാപത്തിനു മാനുഷരെ നീ പ്രേരിപ്പി-ക്ക.

### കൗമാ

### വിശ്വാസപ്രമാണം

❖

www.malankaralibrary.com

# വ്യാഴം – ആറാം മണി

### കൗമാ

### കോലോ

(ബ്സപ്രോ ഹ്സാവൂയ് തൽമീദേ)

1. കന്യകമറിയാമ്മിൽ നിബിയർ
രഹസ്യമതെല്ലാം നിറവേറി
മുൾച്ചെടി, മന്നായിൻ ചെപ്പും
തളിരി–ട്ടോരഹറോൻ വടിയും;
അവൾ പ്രാർത്ഥന തുണയാകട്ടെ
മേൽ സ്വർഗ്ഗത്തിൽ ധരയിതിലും. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

2. പൊടിയിൽ നിദ്രിതരായവരാം
മൃതരെ ഉണർത്തണമേ, നാഥാ
നിൻ ശബ്ദത്താൽ കബറീന്നും
പറുദീ–സിൽ, ശുദ്ധർ സഹിതം
സിദ്ധരുമൊത്തവർ നിത്യമതാം
ജീവനെ അവകാശിക്കേണം.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

### മാർബാലായിയുടെ ബോവൂസോ

മാതാ കാദീശന്മാർ തൻ... പേജ് 43

### കൗമാ
### വിശ്വാസപ്രമാണം

❖

www.malankaralibrary.com

# വ്യാഴം - ഒൻപതാംമണി

## കൗമാ

## കോലോ

(ബാറുബ്തൊ ബ്റീശീസ്)

1. പൗലോസ് എഴുതിയിദം:
മിശിഹായിൽ മരിച്ചോർ മരണം, രുചി നോക്കി
    നിദ്രിതരാമവരെ
ജീവൻ വിളിചെയ്തു; അതിശ്രേഷ്ഠമതല്ലോ
ഹാ-ഉ-ഹാ-അവർതൻ-സൗഭാഗ്യം.    ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

2. കബറിൻ വാതിൽക്കൽ
ധ്യാനാത്മകനായ് ഞാൻ പോയ-പ്പോൾ കണ്ടു
    ലോകത്തിൻ ഗതിയെ
യജമാനൻ ദാസരു മൊരുപോൽ ഗുരു ശി-ഷ്യ-ർ
ഹാ-ഉ-ഹാ-നൃപരും-നിദ്രിതരായ്.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർ ബാലായിയുടെ ബോവുസോ

1. കരുണ നിറഞ്ഞവനേ, പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാ-ക്കീടണമേ.
2. സ്വർഗ്ഗീയാധിപതേ! വിശ്വാസികൾ മൃതരെ
ജീവിപ്പിച്ചേകീ-ടണമേ-നീ പുണ്യം.

www.malankaralibrary.com

3. മൃതരെ വിളിചെയ്‌വോൻ മിശിഹാ തേ സ്തോത്രം
നാശമെഴാതവർനിന്നങ്ങേ-സ്തുതി ചെയ്യും.

4. വന്നവനും വരുവോനും മൃതർ തന്നുയിരും
സ്തുതനെന്നു ശരീരാ-ത്മാക്കൾ-പാടണമേ.

**കൗമാ**

**വിശ്വാസപ്രമാണം**

❖

www.malankaralibrary.com

# വെള്ളി - സന്ധ്യ

## കൗമാ, പ്രാരംഭപ്രാർത്ഥന

## സങ്കീർത്തനങ്ങൾ 141, 142, 119, 117

കർത്താവേ, നിന്നെ ഞാൻ വിളിച്ചു... പേജ് 6

## എക്ബോ

(ഹാവ്ദത ഈൗൻ കൂൽ ബെറിയോസോ)

സൃഷ്ടിയെയഖിലം താങ്ങുന്നോൻ
സ്ലീബാ-യിൻ മാ-മരമേന്തി
ജീവിപ്പോൻ ജീവപ്രദനും
സ്വേഛാമരണം-രുചിനോക്കി;
    അതിരി-ല്ലാത്തോനഖിലാണ്ഡം
    നിറയു-ന്നോൻ കബറുൾപൂകി
ലോകപരാക്രമിയായോനും
മൃതരിടയിൽ വിശ്രമ മാ-ർന്നു.

സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## പ്രുമിയോൻ, സെദറാ

## കോലോ I

(സ്ളൂസേക്ക് ശൂറോ തെഹവേലാൻ)

*"ഭാഗ്യം തേ! ധന്യാത്മക നീ"*

1. ഭാ-ഗ്യം, മറിയാമേ! ബാല്യമതിൽ ഈൗശനിയുക്തേ
   ശ്രേഷ്ഠമതായ് നിന്നോർമ്മദിനം
   ദയറാ-പ-ള്ളികളും സ്തുതിപാടും നിന്നുദരേ നി-
   ന്നാഗതനായൊരു നാഥന്നായ്.          ബാറെക്മോർ

www.malankaralibrary.com

ശുബ്ഹോ... മെൻഓലം...

2. മ്ശി–ഹാ രാ–ജാ! സൃഷ്ടികളഖിലം നിൻസ്തുതിപാടും
മാലാഖകൾ മനുജന്മാരും
നിൻ മ–ഹിമയ്ക്കായ് നീ സൃഷ്ടിച്ചവരെല്ലാം നിന്നെ
രാവും പകലും, സ്തുതിചെയ്വൂ.

(ദൈവമാതാവ്)

3. കന്യക മ–റിയാമുദരത്തിന്നുൾ നൽ വൃഷ്ടിസമം
താതൻ തൻ വചനമിറങ്ങി
ഗൂഢാൽ ശ്രോത്രം വഴിയുൾപ്പൂകി പുറമേ വന്നാ–ൻ
വ്രതമുദ്രക്കൂനമതെന്യേ

4. നാഥാ! നി–ന്നുടെ ജനനി സ്മരണേ ചേർക്കടിയാരെ
അവൾ തന്നോർമ്മയതിൻ നാളിൽ
അവൾ പ്രാ–ർത്ഥ–നയാൽ ദുർദിനമെല്ലാം നീക്കീടണമേ
ശിക്ഷകളരിശത്തിൻ വടിയും.

(പരിശുദ്ധന്മാർ)

5. ശ്രേ–ഷ്ഠഭിഷഗ്വര ശിഷ്യന്മാരാം വൈദ്യർ നിങ്ങൾ
ഈശനിയുക്തർ ശ്ലീഹന്മാർ,
വിശ്വാസത്താൽ അസ്ഥികളണയുന്നോൻ കൈക്കൊള്ളും
നിങ്ങളിൽ നിന്നു സഹായങ്ങൾ.

6. നാഥൻ പേർക്കായ് ഹതരായ് സഹദേർ; നാഥൻ താനും
ആദം രക്ഷയ്ക്കായ് വധ്യൻ;
തൻ മൃ–തിയാ–ലും സഹദേരാലും സഭയെ വീണ്ടോൻ
സ്തുത്യൻ സ്തുതിയവൾ പാടുന്നു.

(അനുതാപം)

7. ലോകമതെ–ല്ലാം നേടീ–ട്ടാത്മം നഷ്ടമതാകിൽ
അവനുടെ സമ്പാദ്യം വ്യർത്ഥം!

www.malankaralibrary.com

ലോ-കം ദ്വേ-ഷിച്ചാത്മം നേടാൻ നാഥാ കൃപചെയ്
ശാശ്വത ജീവനതും നേടാൻ.

8. 'ദാ-നിയേ-ലും കുഴിയിൽ നിങ്ങൾക്കൊപ്പമിറങ്ങി'
സിംഹങ്ങളൊടോ-തി ദൂതൻ
'തലകൾ വണ-ങ്ങിൻ, നൃപനും പറയും ദാനീയേലിൻ
ദൈവം പരമോന്നതനത്രെ'.

(പരേതർ)

9. ശാ-ശ്വത രാ-ജ്യ നാഥാ! നിന്നുടെ ദാസന്മാർക്കാ-യ്
ആശ്വാസം നൽകീടണമേ
സ്വർഗ്ഗീയോർശ്ലേം തന്നിൽ ജീവൽ ഗ്രന്ഥത്തിന്നുൾ
അവർ നാമങ്ങൾ ചേർക്കണമേ.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ

## കോലോ II

(ഗ്ബൽത്തോൻ സൊാമ്ത് ആലായ് ഈദോക്ക്)

*'ജ്ഞാനാത്ഭുതമെന്നിൽനിന്നുളവായ്'*

1. ആറാം ദിവസമതിൽ-
ആദാമിനെ സൃഷ്ടി-ച്ചുടയോ-ൻ പറുദീ-സിൽ
സ്ഥാപിച്ചോതിയിദം:
'വൃക്ഷഫലം സകലവുമൊന്നൊഴികെ ഭുജി-ക്കാ-ം'
ഹാ-'മരണം ഗുപ്തമതാം വൃക്ഷ'-മുപേക്ഷിക്ക
ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

2. സ്തോത്രം സ്തുതിയാരാ-
ധനബഹുമാനങ്ങൾ നാഥാ! ഇവരങ്ങേ-
യ്ക്കർപ്പിച്ചീടുന്നു.
രക്തത്താൽ രക്ഷിതർ, സ്ലീബാ മുദ്രി-തരിൽ
ഹാ-ഹാ-കൃപ ചെയ്-കടിയാരിൽ.

www.malankaralibrary.com

(ദൈവമാതാവ്)

3. 'വംശങ്ങൾ സകലം
നല്കും മേ ഭാഗ്യം, സുതനെ പ്രസവിച്ചേൻ'
മറിയാ മോതിയിദം:
സഭയെ താൻ വേളിയ്ക്കൊത്തവൾ പാടു–ന്നു
ഹാ–ഹാ–സ്തുതികൾ, തൻവരനായ്.

4. ബാലിക കന്യകമാർ
തലമുറകളിലില്ല യൊവാക്കീം സുതയാ–കും
മറിയാമിനുതുല്യം
കാഞ്ചന കാന്തിയതും സുന്ദരമല്ലി–തുപോ–ൽ
ഹാ–ഹാ–വേറില്ലഴകിതുപോൽ.

(പരിശുദ്ധന്മാർ)

5. നിബിയർ ശ്ലീഹന്മാ–ർ
സൃഷ്ടിയിലൊളിവിതറുംതാര–ങ്ങൾ സദൃശ്യം
അവരെ സുവിശേഷേ
പ്രഭ–കളതെന്നീശൻ വിളിചെയ്തവർ സൂ–ക്തം
ഹാ–ഹാ–ഒളിവീ–ശുന്നുലകിൽ.

6. ശക്തി ധരിച്ചവരാം
സഹദേർ രണഭൂവിലിറങ്ങി–സാത്താനെ
തോല്പിച്ചീടാനായ്
വിജയാശംസയതും കേട്ടവർ ഉയരേ–ന്നും
ഹാ–ഹാ–വിജയവു–മവർ നേടി.

(ഒരു വിശുദ്ധൻ)

7. ധന്യൻ (മാർതോമ്മാ)
നിൻ പെരുന്നാൾ ദിനമീക്കൂട്ടം–മോദി–പ്പൂ
ഈശസുതൻ നിന്നെ
ആത്മീയർ നിരയിൽ ചേർത്താൻ അവരൊ–ന്നാ–യ്
ഹാ–ഹാ–സ്തുതി നീ–പാടീടാൻ.

www.malankaralibrary.com

(വെള്ളിയാഴ്ച)

8. ആറാം ദിവസമതിൽ
സഭകണ്ടാൾ ഗോഗുൽ-ത്തായിൽ-മിശിഹായെ
വന്ദിച്ചു വണങ്ങി
ചൊന്നാളവനോടായ്: വന്നെന്നെ വീ-ണ്ടോ-ൻ
ഹാ-ഹാ-നാഥാ—തേ സ്തോത്രം.

(അനുതാപം)

9. അഗ്നിക്കടലീന്നും
ഭീകര തരണത്തിൽ, നിന്നും-രക്ഷിക്ക
തീച്ചൂളയിൽ നിന്നും
ബാലരെ ബാബേലിൽ വീണ്ടക്കൽദാ-യരെ
ഹാ-ഹാ-ലജ്ജി-പ്പിച്ചതുപോൽ.

10. ത്രിത്വമതിൻ രഹസ്യം
താതൻ തൻ കൃപയും പുത്രൻ കരുണയതും
റൂഹാ വാസമതും
ഇവർ മദ്ധ്യേവാസം ചെയ്തീടണമെ-ന്നും
ഹാ-ഹാ-ഇന്നും, എന്നേക്കും.

(പരേതർ)

11. രക്ഷകനേ-നിൻ ഗാ-
ത്രത്തെ ഭക്ഷിച്ചും രക്തം പാനം
ചെയ്-തോർ കേൾക്കീശബ്ദം:
'താതൻ പ്രിയരേ വന്നവകാശിച്ചീടിൻ
ഹാ-ഹാ-രാജ്യം ജീവനെയും'.

## കുക്കിലിയോൻ

(മേത്തൂലോസോക് എസ്ക്കാത്തൽ) ഒന്നാം രാഗം

നിദ്രയൊഴിഞ്ഞുണരുക നാഥാ ഹാ-ഉ-ഹാ-
തുണ ചെയ്‌വാൻ നീ-മറക്കരുതേ

www.malankaralibrary.com

ഇവർ ദേഹികൾപൊടിയിൽ വീണതിനാൽ ഹാ-ഉ-ഹാ-
ദേഹങ്ങൾ പാ-ഴ്മണ്ണതിലും. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

## എക്ബോ

(ഓസൊഹദേ കാദീ-ശേ-)

അന്യാ-യക്കാരാ-യന്യായധിപരീന്നും
പീഡ-കളെ, സഹിച്ചോരാം സഹദേന്മാ-രേ,
ശാശ്വ-തമാം ശോഭ-യെഴും
മണവറയിൽ പ്രതിഫലമുണ്ടാ-കും
പ്രാർത്ഥ-ന ഞങ്ങൾക്കാ-ശ്രയവും
കോ-ട്ടയുമായ് തീ-രേണം.

സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## കോലോ

(സൊഹദാവ് ആത്തൂൻ)

1. ഭാ-ഗ്യം നിബിയ-ർക്കും ശ്ലീഹർക്കും സഹദേന്മാ-ർക്കും ജയമകുടം നേ-ടി
താ-തനെയവർ കേ-ൾക്കും, സുതനെയും ദർശിച്ചീ-ടും
മുടികൾ മുട-ഞ്ഞീടും റൂ-ഹായേയും
ഉൾപൂകിട്ടവകാശിക്കും മനുജാ-തീതമതാം-ഭാ-ഗ്യം. ബാറെക്മോർ

ശുബ്ഹോ...

2. നാ-നാ ദിശിയീന്നും തുണനമ്മൾക്കുണ്ടായീ-ടും പൗരസ്ത്യർ-നാ-ട്ടിൽ
തോമ്മാശ്ലീഹായും; പശ്ചിമ ദിശിയതിലുളവാ-യി
ശെമഓൻ ദെ-സ്തൂനി; ഉ-ത്തരഭാഗേ,
നാല്പതു ശുദ്ധർ സഹദേന്മാർ,
ദക്ഷി-ണമതിൽ മാർ യൂ-ഹാ-നോൻ.

www.malankaralibrary.com

മൊറിയോറാഹേം അലൈൻ ഉത്തൊദാറൈൻ

## മാർ യാക്കോബിന്റെ ബോവൂസോ

(ശൗത്തെഫ്ലാൻ മോർ)

എട്ടാം രാഗം (വേറൊരു രീതി)

1. ചേർക്കു-ക നാ-ഥാ! ഞങ്ങളെയങ്ങെ,അമ്മയുടേ-യും
നിൻ-ശുദ്ധന്മാരേവരുടേയും ഓർമ്മയതി-ങ്കൽ.

2. മാ-താ നിബിയർ, ശ്ലീഹർ, സഹദേ-ന്മാർ പ്രാ-ർത്ഥനയാൽ
ജീ-വിപ്പവരെക്കാത്തീ-ടണമേ, മൃതർമേൽ കൃപചെയ്യ്.

3. സ-ഭതൻ പെരുന്നാൾകളിലും, എന്നും-മോഹനമല്ലോ
രത്നങ്ങൾ പതിഞ്ഞുവിള-ങ്ങുന്നൊരു സ്ലീബാ-യതിനുൾ.

4. നി-ബിയർ ശ്ലീഹർ-സഹദേർ ശുദ്ധർ ഒരുഭാ-ഗത്തായ്
സുതനുടെ ഹാശാ സ്കീപ്പൂ-സാകൾ മറുഭാ-ഗത്തും.

5. തൽസ്ഥാനേ നിന്നുയരോർ കാദീശ് കാദീശെന്നായ്
പാ-ടുന്നവരാ മീറേ-ന്മാരും-മോഹനമുയരേ;

6. കാ-ദീശന്മാർ തന്നോർമ്മയെ ശ്രേഷ്ഠമതാ-ക്കിയവൻ
ഏ-കൻ ത്രിത്വവുമായൊരു രഹസ്യം;ശുദ്ധാ-സ്തോത്രം!

7. മേ-ൽസ്വർഗ്ഗത്തിൽ സഭയിലുമിവിടെ ശുദ്ധ-ന്മാർക്കും
വി-ശ്വാസികളായ മൃത-ന്മാരേ-വർക്കും
നല്ലോ-രോർമ്മയതുണ്ടാകട്ടെ.

### മോറാനേശുമിശിഹാ

### കൗമാ

❖

www.malankaralibrary.com

# വെള്ളി - സൂത്താറ

## കൗമാ

## കോലോ

(യൊദയീനൻ മോർ) ഒന്നാം രാഗം

1. നാ-ഥാ ഇവർ പാ-പം നിരവധിയാ-ണെന്നറിയു-ന്നു
നിൻകൃപയോ-ബഹു-ലം
നിൻകൃപയിവർപേർക്കായ് മാദ്ധ്യസ്ഥം ചെയ്തീടാ-യ്കിൽ
നാശമിവർ-ക്കുണ്ടാം നാ-ഥാ-നിൻകൈ
രക്തത്താൽ നീ വീണ്ടവരാമിവരിൽ നിന്നും നീ-ക്ക-രുതേ.
ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

2. നശ്വരമാം ലോകേ, വ്യാപാരികൾ സമമായ് നാമും
യാനം ചെ-യ്യു-ന്നു.
യാ-ത്രയ്ക്കണയുമ്പോ-ൾ, നിറപടവുള്ളോർ മോദി-ക്കും
തദ്രഹിതർ-കേ-ഴും സാ-മർത്ഥ്യമെഴും
വണിഗീശൻപോൽ ശാശ്വതമാം ജീവൻ നേടിയവൻ ധന്യൻ
മൊറിയോറാഹേം അലൈൻ ഉത്താദാറൈൻ.

## മാർ യാക്കോബിന്റെ ബോവൂസോ

ഒന്നാം രാഗം

1. ഉടയോൻ നാഥാ വിളിക്കുന്നടിയാർ തുണയ്ക്കായ് വന്നീ
യാച-ന കേട്ടിവരാ-ത്മാക്കൾ മേൽ കൃപ ചൊരിയ-ണമേ.

2. ഈറേ-മാലാഖാ-മാർക്കുടയോൻ, നാഥാ ദേ—വാ
യാച-ന, കേട്ടിവരാ-ത്മാക്കൾമേൽ കൃപ ചൊരിയ—ണമേ.

www.malankaralibrary.com

3. എഴുതി ഏശായാ:ഭൂതലവാ-സികൾ മൂഢന്മാരാകും
വിശ്വാസം നീങ്ങിപ്പോം എന്നും പാ-ടി ദാവീദ്:

4. പാത്രമുട-ഞ്ഞുറവിങ്കൽ! ജ്ഞാനീസൂക്തം:
ലോകാന്ത്യത്തിൽ വ്യർത്ഥത നിറയും ശ്ലേമോൻചൊല്ലി:

5. പാപി-കളെയും സം-രക്ഷിക്കും താതനുസ്തു—തിയും
അനുതാപികളെ കൈക്കൊൾവോനാം സുതനും വന്ദ്യൻ.

6. നാശമതാർക്കും കാംക്ഷിക്കാത്തോൻ റൂഹാ സ്തോത്രം
ഏകൻ ത്രിത്വവുമാ-യവനെന്നും സ്തുതിയുണ്ടാ-ക.

7. ഉത്തരമരുളീട—ണമേ ദേവാ-കൃപചെയ്യണമേ
അനുതാ-പത്തിനു മാ-നുഷരെ നീ- പ്രേരിപ്പി-ക്ക.

കുറിയേ... കുറിയേ... കുറിയേ...

## മസ്മൂറാകൾ : 91, 121

അത്യുന്നതന്റെ മറവിൽ ഇരിക്കുന്നവൻ... പേജ് 12

## മാനീസോ

കർത്താവേ നിന്റെ കരുണയിൻ ചിറകുകളുടെ നിഴലിൻ...പേജ്16

## ക്രോബേന്മാരുടെ സ്തുതി

കർത്താവിന്റെ ബഹുമാനം... പേജ് 18

## വിശ്വാസപ്രമാണം

ബസ്മൽക്കോ, സാദീക്കോ, ബോക്കന്ദാക്കർ ചൊല്ലി
ധൂപം വയ്ക്കുന്നു.

## ഹൂത്തോമോ

❖

www.malankaralibrary.com

# വെള്ളി - രാത്രി

## കൗമാ, പ്രാരംഭ പ്രാർത്ഥന

ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ കർത്താവേ... പേജ് 23

## സങ്കീർത്തനങ്ങൾ 134, 119 : 169-176, 117

ബാറെക്മോർ, രാത്രികാലങ്ങളിൽ .... പേജ് 23

## എനിയോനോ

(എത്ഈഔർ കൂം ബ്നൈ നൂഹറോ)

1. സോദരരേ ഉണരൂ
ദീപങ്ങൾ തെളിയി-ച്ചീ-ടിൻ
മണവാളൻ വരവായ്
അവനെ എതിരേല്പാൻ പോ-വിൻ.

2. നിന്നെ വഹിച്ചോൾ
മാതാവിൻ പ്രാർത്ഥ-നയാ-ലേ
സ്ലീബായാൽ വീണ്ട
സഭയൊടു കൃപചെയ്തിടു നാ-ഥാ.

3. നിൻ സ്നേഹാൽ ഹതരാം
സഹദേർതൻ പ്രാർത്ഥ-നയാ-ലെ
സ്ലീബായാൽ വീണ്ട
സഭയൊടു കൃപചെയ്തിടു നാ-ഥാ.

4. പ്രിയനീതിഷ്ഠർ
ആചാര്യർ പ്രാർത്ഥ-നയാ-ലെ

www.malankaralibrary.com

തിരുസഭതന്നിൽ നിൻ
ശാന്തിവസിപ്പിച്ചീ-ടേ-ണം.

5. നിൻ തനുരക്തം
കൈക്കൊണ്ടവരാം മൃതരാ-യോ-ർ
മണവറയിൽ നിന്നോ-
ടൊത്താനന്ദിച്ചീ-ട-ട്ടെ. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

6. നാഥാ സ്തുതിതേ
ബഹുമാനം നിൻ താ-ത-ന്നും
ആരാധന നതികൾ
പരിശുദ്ധാത്മാ-വിനുമാക.

കുറിയേ... കുറിയേ... കുറിയേ...

## ഒന്നാം കൗമാ
## എക്ബോ
(പറുദൈസോ-ത്ലോസേ സ്ലീബേഹസീസ്)

വ്യത്യസ്തർ മൂവർ ക്രൂശി-തരെ-ക്കണ്ടേൻ
വലഭാഗം ചേർന്നോൻ ജീവി-ക്കുന്ന മൃതൻ
ഇടതുവശത്തുള്ളോ-ൻ മൃതനാം-നിർജ്ജീവൻ
മദ്ധ്യസ്ഥൻ താനോ അത്ഭുതമേകു-ന്നോൻ
ജീവിക്കെമരിച്ചോൻ മൃതിയിൽ ജീവിപ്പോൻ
മാനുഷസുതതുല്യൻ ദൈവം-താ-നുമവൻ.

കുറിയേ...കുറിയേ... കുറിയേ... ഞങ്ങളുടെ കർത്താവേ,

## പ്രുമിയോൻ, സെദറാ

www.malankaralibrary.com

## കോലോ

## കൂക്കോയോ

(അമ്മാനുവേൽ ആലോഹോ) എട്ടാം രാഗം

1. സ്ലീബാതന്നുടെ ചിറകിന്മേൽ ഇ-ടയൻ നിദ്രി-തനായ്
അജഗണമഖിലം യേറുശലേം പുരിയിൽ ചിതറിപ്പോയ്
ശെമഓ-ൻ ത-ള്ളി; അറിയുകയില്ല-വനെ
ആണയുമിട്ടാൻ: ദർശിച്ചിട്ടി-ല്ല.
വലഭാഗേ ചോരൻകേണു: ദൈ-വാത്മജനേ നീ
ഓർക്കണമെന്നെ മഹിമയിൽ നീയാഗതനാകുമ്പോൾ
ഹാലേലുയ്യാ-ദൂ-തന്മാർ സഹിതം. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

2. സ്ലീബാ! വരു നീ ചൊല്ലിവരോടെന്താം നിൻ ശ-ക്തി
ജനതകൾ നിന്നെ വണങ്ങുന്നു ലോ-കം മുഴുവ-നിലും
ഗോ-ഗുൽത്താ-യിൽ ബലിപീഠമതായ് ഞാൻ
ദൈവാത്മജനെ അവരെന്മേൽ തൂക്കി
ദുഷ്ടന്മാരെന്നെ ഞെരിച്ചു വീ-ഞ്ഞോ രസിച്ചി-ല്ല.
തിരുസഭയതിനെ ബലിപീഠേ കാ-ഴ്ചയണയ്ക്കു-ന്നു
ഹാലേലുയ്യാ അതിൽ മോദിക്കു-ന്നു.

മൊറിയോറാഹേം അലൈൻ ഉഅ്ദാറൈൻ.

## മാർ യാക്കോബിന്റെ ബോവൂസോ

(ബ്രോ ദ്ബസലീബേ) എട്ടാം രാഗം

1. തിരുസഭയെ തൻകുരിശാൽ തെറ്റിൽനിന്നും വീണ്ടോൻ
സുതനേശാന്തി നൽകി പാലിക്കണമവൾ സുതരെ.
2. വിൺമൺ ലോകർക്കൈക്യത നൽകിയ ശൈ-നോ സഭയിൽ
രമ്യതയേകി പ്രഭയിൻ സ്ലീബാ കാക്കുക സുതരെ.
3. ഉപമകളെല്ലാം വിശദമതാക്കി സ്ലീ-ബാ തെളിവാ-യ്
മറവായ് സ്ഥിതി ചെയ്തൊരുരഹസ്യങ്ങൾ കാ-ണിച്ചിവരെ.

www.malankaralibrary.com

4. നിബിയന്മാരുടെ മൊഴി സ്ലീബായാൽ പൂരിതമായി
ദാർശനികന്മാരതിനെയൊളിവായ് മുൻചൊന്നതുപോൽ.

5. പ്രവചനമതിനാൽ സ്ലീബാ വരച്ചോൻ താ-തൻ സ്തുത്യൻ
ശ്ലീഹർക്കടയാ-ളമതായ് നല്കിയ സു-തനും വന്ദ്യൻ.

6. ബലികളതെല്ലാം പൂർണ്ണമതാക്കിയ റൂ-ഹാ സ്തുത്യൻ
സ്ലീബാ പള്ളിക-ളെല്ലാറ്റിന്നും കോ-ട്ടയതാക.

7. വലഭാഗത്തെ കള്ളന്മേൽ നീ തൂ-കിയ കൃപയാൽ
ദൈവാത്മജനേ കനിവായിവർമേൽ കൃ-പ ചെയ്യണമേ.

## രണ്ടാം കൗമാ

കർത്താവിന്റെ ബഹുമാനം... പേജ് 18

## എക്ബോ

(പറുദൈസോ)

സോദരരേ, ശുദ്ധ-രോർമ്മ-യ്ക്കായ് കൂ-ടാം
അവർ നാഥന്നായി-ട്ടേറ്റീ-ടാം സ്തുതികൾ
തൻ ദയയാൽ സൃഷ്ടിക-ളിൽ ശാ-ന്തി വസിപ്പാൻ
അവർ ഗണമതിൽ നാമും യോജിച്ചീടാ-നാ-യ്
തൻപ്രാഭവമുദയം ചെയ്തീ-ടും നാളിൽ
ശുദ്ധരൊടൊന്നായ് നാം സ്തുതി പാ-ടാം നിത്യം.

കുറിയേ...കുറിയേ... കുറിയേ...

ഞങ്ങളുടെ കർത്താവേ,

## പ്രുമിയോൻ, സെദറാ

## കോലോ

(സ്ലേക് എത്രോ മെൻ ഗർമൈഹൂൻ)

1. ഈറയർ ഗണവുമിറങ്ങിയഹോ വാഴ്ത്ത-പ്പെട്ടോർ
സഹദേർ കൊല്ലപ്പെട്ടതിനെ ദർശിച്ചപ്പോൾ

www.malankaralibrary.com

തിരുസഭമേൽ വൻ വാ-ഴ്വുകളെ നൽകിയതിൽ നി—
ന്നേറുകയാൽ ബലി രാജാധീശൻ തൻ സ—വിധേ.
ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

2. സുതനുടെ പ്രിയരാം സഹദേരേ എന്തീ-ലഹരി
വാളീന്നും-വേദ-നനിങ്ങൾക്കുണ്ടാ-യില്ലേ?
കുരിശിൽ യേ-ശു തൻ രക്തം കണ്ടു- ഞങ്ങൾ
സ്നേഹോന്മാ-ദത്താൽ പീഡയറിഞ്ഞില്ലൊ-ട്ടും.
മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർ അപ്രേമിന്റെ ബോവൂസോ

ഒന്നാം രാഗം

1. കർത്താവേ-കൃപചെ-യ്ക-ണമേ
നിൻപ്രിയ സ-ഹദേർ പ്രാ-ർത്ഥ-നയാൽ
അവർ പ്രാർത്ഥ-നയാൽപു-ണ്യം നൽ-
കെങ്ങൾക്കും-മൃതരാ-യോർക്കും.

2. സഹദേർ നി-ങ്ങൾ ക-ഴുകൻ പോൽ
വായുവിലും-വേഗ-തയു-ള്ളോർ
വിളിചെയ്തു-ന്നവനെ കേ-ൾക്കും
കടലിൽ ക-രയിലുമൊ-രുപോ-ലെ.

3. സ്തോത്രം തേ!-സഹദേ-ന്മാർക്കാ-യ്
മുടികൾ മുട-ഞ്ഞവനാം-നാഥാ
പോരിൽ ബ-ലമേകീട്ടവർതൻ
ശിരസ്സിൽ നീ-മുടിചൂ-ടി-ച്ചു.

4. കർത്താവേ-കൃപചെയ്ക-ണമേ
നിൻപ്രിയ സ-ഹദേർ പ്രാ-ർത്ഥ-നയാൽ
അവർ പ്രാർത്ഥ-നയാൽ പുണ്യം നൽ
കെങ്ങൾക്കും-മൃതരാ-യോ-ർക്കും.

www.malankaralibrary.com

## മൂന്നാം കൗമാ

കർത്താവിന്റെ ബഹുമാനം... പേജ് 18

## എക്ബോ

(പറുദൈസോ)

(ഹബ് മോർ ആനീദൈൻ താമോൻ)

മൃതരായോരോടൊത്തിവരും നിൻ നിറവിൻ
മേശയെ ദർശിപ്പാൻ വരമേ-കുക നാ-ഥാ
ആമോദം നിറയും സ്നേഹ-ത്തിൻ ദൃശ്യം
അതിനാൽ നിറ-യു-ന്നോ-ൻ നി-ത്യം പുതുതാ-യ
ഭക്ഷണപേയങ്ങൾ കൈക്കൊ-ള്ളും ധന്യൻ
കൃപനിറയും ഈശോ നിൻസൗ-ന്ദര്യത്താൽ.

കുറിയേ...കുറിയേ... കുറിയേ... ഞങ്ങളുടെ കർത്താവേ,

## കോലോ

(ആദാറൈൻ ആലോഹോ ഫോറൂക്കാൻ)

*"നാഥാ എൻ തുണയാകണമേ"*

1. നിൻ കരുണയതിൻ ശരണപ്പെ-ട്ടർത്ഥി-ക്കുന്നേ-ൻ
നിൻ വാതിൽ-ക്കൽ മു-ട്ടുന്നു നീ ചൊ-ന്നതുപോൽ
നിന്നെയേറ്റു പറഞ്ഞോരെൻ യാചന നൽകി
നാഥാ! കാക്കുക സ്ലീ-ബാ-യാൽ. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

2. സഭ നിൻ വാ-തിൽ മുട്ടിക്കൊണ്ടർത്ഥി-ക്കുന്നു
കുരിശിൻ മുകളിൽ നീയേറ്റൊരു പീഡകളാലെ
അവൾമേലും തൻ സുതർമേലും കൃപ ചെയ്യണമേ
സ്ലീബാ-തന്നടയാ-ള-ത്താൽ.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

www.malankaralibrary.com

## മാർ ബാലായിയുടെ ബോവൂസോ

1. കരുണ നിറഞ്ഞവനേ പുനരുത്ഥാനത്തിൽ
   നിന്നുടെ സൃഷ്ടിയെ നീ പുതുതാ-ക്കീടണമേ.

2. സ്വർഗ്ഗീയാധിപതേ വിശ്വാസികൾ മൃതരെ
   ജീവിപ്പിച്ചേകീ-ടണമേ-നീ പുണ്യം.

3. മൃതരെ വിളിചെയ്‌വോൻ മിശിഹാതേ സ്തോത്രം
   നാശമെഴാതവർ നി-ന്നങ്ങെ-സ്തുതി ചെയ്യും.

4. വന്നവനും വരുവോനും മൃതർ തന്നുയിരും
   സ്തുതനെന്നു ശരീരാ-ത്മാക്കൾ-പാടണമേ.

## നാലാം കൗമാ

ഹാലേലുയ്യാ, ഹാലേലുയ്യാ, ഹാലേലുയ്യാ... പേജ് 25
ത്രിത്വത്തിനു സ്തുതി, ത്രിത്വത്തിനു സ്തുതി,... പേജ് 33
നയവാൻ പനപോലെ...
ഒരുപോലിങ്ങും...
പ്രാർത്ഥനയിൻ സമയമിതല്ലോ... മൊറിയോ റാഹേം...

## മാർ യാക്കോബിന്റെ ബോവൂസോ

1. ചേർക്കുക നാഥാ ഞങ്ങളെയങ്ങെ അമ്മയുടേയും
   നിൻ ശുദ്ധന്മാരേവരുടേയും ഓർമ്മയതിങ്കൽ.

2. മാതാ, നിബിയർ, ശ്ലീഹർ, സഹദേന്മാർ പ്രാർത്ഥനയാൽ
   ജീവിപ്പവരെ കാത്തീടണമേ, മൃതർ മേൽ കൃപചെയ്.

3. സഹദേർ മൃതിയാൽ ക്രൂശകർ ദുഷ്ടർ ലജ്ജിതരായ്
   അവരാൽ ക്രൂശതു കാട്ടി ദൈവികമാം തൻ ശക്തി.

4. കുരിശിൻപേർക്കു മരിച്ചതു കാൺകെ ലോകമറിഞ്ഞു
   കുരിശാൽ ദുഷ്ടർ തൂക്കിയവൻ താൻ ഈശൻ പുത്രൻ.

www.malankaralibrary.com

5. ജനനത്തിന്നായ് സുതനെയയച്ച താതൻ സ്തുത്യൻ
കുരിശിൽ തൂങ്ങി ജീവൻ നൽകിയ സൂനൂവന്ദ്യൻ.

6. സഹദേന്മാർക്കു ബലത്തെ നൽകി മൃതരായോരെ
കബറീന്നെഴുന്നേല്പിക്കും പാവന റൂ-ഹാ സ്തുത്യൻ.

7. മേൽ സ്വർഗ്ഗത്തിൽ സഭയിലുമിവിടെ ശുദ്ധന്മാർക്കും
മൃതരായോർക്കും നല്ലോരോർമ്മയതുണ്ടാകട്ടെ.

## മാലാഖമാരുടെ സ്തുതി

അത്യുന്നതങ്ങളിൽ സ്വർഗീയ മാലാഖമാരും... പേജ് 34

## മോറാനേശുമിശിഹാ

❖

www.malankaralibrary.com

# വെള്ളി - പ്രഭാതം

## കൗമാ, പ്രാരംഭ പ്രാർത്ഥന

### സങ്കീർത്തനങ്ങൾ 51, 63 (പേജ് 36, 39)

### എനിയോനോ

(സ്ളീബോ ഓസോദ് ശൈനോ)

1. ഇസറായേൽ പാളയമതിനുൾ-
പിച്ചള സർപ്പമുയ-ർന്ന-പ്പോൾ
ജീവൻ നൽകും സ്ലീബാതൻ
മുൻകുറിയും വാഗ്ദാ-ന-വുമായ്.

2. മോറാനേശു സ്ലീബായാലും
നിൻ ജനനീ പ്രാർത്ഥ-നയാ-ലും
ഭൂമിയതിൻ ഭാഗങ്ങളിൽ നിൻ
ശാന്തിനിരപ്പുകൾ വാ-ഴ-ട്ടെ.

3. സ്ലീബാ വിജയിക്കുന്നനിശം
സ്ലീബാ വൈരികൾ മേൽ-വിജയം
പള്ളികൾ ദയറാകൾക്കെന്നും
സ്ലീബാ കോട്ടയതാ-ക-ട്ടെ.

4. ആകാശേ കുസ്തന്തീനോ-സ്
ദർശിച്ചൊരു പ്രഭയിൻ സ്ലീ-ബാ
പള്ളികൾ ദയറാകൾക്കെന്നും
കോട്ടയതായിത്തീ-രേ-ണം.

5. മോറാനേശു സ്ലീബായിൽ
അനുദിനമഭയം തേ-ടുമിവ-ർ
ദുഷ്ടനിൽ നിന്നതു രക്ഷിക്കും
ഉന്നതരാജ്യവുമേ-കീ-ടും.

www.malankaralibrary.com

6. സ്ക്കീപ്പായിൽ മുകളിൽ ചോരൻ
പ്രാപിച്ചൊരു വാഗ്ദാ-ന-ത്തെ
ത്രിത്വത്തിൽ ഏറ്റുപറഞ്ഞ
മൃതരും കൈക്കൊണ്ടീ-ടേ-ണം. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

7. ഊറിശ്ലേം ഗോഗുൽത്തായിൽ-
ക്രൂശിതനേശു സ്തോ-ത്രം ത-ൻ
ശബ്ദത്താൽ കോട്ടകളിളകി
മൃതരെഴുന്നേറ്റു സ്തുതി പാ-ടി. ആമ്മീൻ.

## സങ്കീർത്തനം 113:1-9

പ്രകാശത്തിന്റെ സ്രഷ്ടാവിനു സ്തുതി... പേജ് 40

## എക്ബോ

(പ്സക്ക്ത് ബസലീബോക് ലറീശോദ്ശാലീത്തോ)

സർവ്വേശാ! നിൻ സ്ലീബായാൽ-
മല്ലൻ ശിരസിനെ ധൂളിച്ചു-
തൃപ്തിയെഴാത്തൊരു മരണത്തിൻ
വാഴ്ചയെ നീ മാ-യിച്ചു
അതിനാൽ ഞങ്ങൾ ഘോഷിപ്പൂ
നിൻബലമെന്നും സ്തുത്യം സ-കലേ-ശാ.
സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## കോലോ I

(ദാബാഹ്ലേ ദെബഹെ ദ്ശുബഹോ)

*'നീതിഷ്ടർ നിൻ സ്തുതി പാടും'*

1. രമ്യ-തയിൻ ധൂപം
ആചാര്യന്മാരേന്തിയിതാ

www.malankaralibrary.com

ഉന്നതനീശന്നർപ്പി-പ്പൂ
മിശിഹാ-രക്ഷകനേ!
അവർ ധൂപം കൈക്കൊള്ളണമേ
പ്രാർത്ഥനയാൽ രമ്യവുമാ-ക
ഹാ-തവദൈവത്വം ശുശ്രൂഷി-
ക്കുന്നോർക്കുത്തരമരുളേ-ണം. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

2. സ്തുതി! ഉന്നതനായ്തൻ
താതൻ സവിധേ സ്വർഗ്ഗമതിൽ
ഈറയർ നോക്കാനഞ്ചു-ന്നോൻ
കന്യ-കയിൽനിന്നും
വന്നാദത്തെ മക്കളെയും
രക്ഷിപ്പാൻ കൃപയാൽ പ്രീ-തൻ
ഹാ-സ്തുതി പ്രേഷകനും ഞങ്ങൾ
രക്ഷയ്ക്കായ് എളിമപ്പെട്ട-വനും.

(ദൈവമാതാവ്)

3. ആമോ-സിൻ സുതനേ
ഏശായാ! ചൊൽ: ആരവനാ
ക്കന്യക ഗർഭേ പേറി-യവൻ?
അവന-ത്രെ ദൈവം.
സ്നേഹാൽ മാനുഷനായവനും
'അമ്മാനുവേൽ' തൻനാ-മം;
ഹാ-ദൈവം നമ്മൊടുകൂടത്രേ
ലോകപരിത്രാണകനേ-ശു.

4. കന്യാ-മറിയാമിൽ
വന്നുവസിച്ചീറേരുടയോൻ
തനുഅവളീന്നും കൈക്കൊ-ണ്ടാൻ

www.malankaralibrary.com

സ്വർഗ്ഗം-നിറയുന്നോൻ
ഭൂമിയതും പോരാതുള്ളോൻ
മറിയാമുദരേ-സംതൃ-പ്തൻ
ഹാ-ലോകേ കൃപചെയ്‌വാൻ മാതൃ
പ്രാർത്ഥന കേൾക്കുന്നോൻ സ്തുത്യൻ.

(സ്ലീബാ)

5. കുസ്ത-ന്തീൻ ഗഗനേ
ദർശിച്ചൊരു സ്ലീബായവനെ
പോരിൽ സംരക്ഷിച്ച-തുപോൽ
നാഥാ-നിൻ സ്ലീബാ.
പള്ളികൾ ദയറാകൾക്കെന്നും
കോട്ടയതായിത്തീരേ-ണം
ഹാ-സ്ലീബാച്ചിറകാൽമറയ്ക്കിവരെ
ലോകപരിത്രാണകനേ-ശു

(പരിശുദ്ധന്മാർ)

6. ആരും-വിസ്മിതരാം
സിംഹാസനമതിലേറിയൊരാ
ശ്ലീഹന്മാരെ ദർശി-ക്കിൽ
അഗ്നി-ജ്വാലകളാൽ
വസ്ത്രമണിഞ്ഞവരിസ്റേലിൻ
ഗോത്രങ്ങളെ വിധിചെയ്യു-മ്പോൾ
ഹാ-ഉയരാഴങ്ങൾക്കധികാരം
അവർക്കായ് നൽകിയവൻ സ്തു-ത്യൻ.

7. ധരണി-യതിൽ രക്തം
ചിന്തീടും സഹദേന്മാരെ
ദർശിച്ചു സോദരരേ!-ഞാൻ
സ്നേഹി-പ്പോർക്കുയിർ നൽ

www.malankaralibrary.com

കുന്നോരീശൻ പേർക്കു മരി-
പ്പതു മധുരമതെന്നവർ ചൊൽ-വൂ
ഹാ-ഉന്നതരാജ്യം നല്കണമേ
ലോകപരിത്രാണകനേ-ശു.

(ഒരു വിശുദ്ധൻ)

8. നിന്നോർ-മ്മ കഴിക്കും
ദിനമതിലാമോദിക്കുന്നു
സഭമക്കളുമായ് (മാർത്തോമ്മാ)
ഭൂഭാഗങ്ങളതിൽ
താവക സ്മരണയെ വലുതാക്കിയ
നാഥന്നായ് സ്തുതി പാടു-ന്നു
ഹാ-നിൻ പ്രാർത്ഥന യാചനയാലീ
ധരമേൽ കൃപയുണ്ടാക-ട്ടെ.

(അനുതാപം)

9. കുറയാ-ത്തോരര നീ
ധനമൊരുനാളും തീരാത്തൊരു
ധനവാനും നീയാണ-ല്ലോ
ഉന്ന-ത ദുർഗ്ഗമതും:
ശക്തിയയച്ചിവരഘമെല്ലാം
കഴുകീടണമീവരാത്മ-ങ്ങൾ
ഹാ-നിൻ സ്തുതിപാടാൻ കൃപയരുൾക
ലോകപരിത്രാണകനേ-ശു.

10. ജനമ-ദ്ധ്യേ നിന്നും
ഉയരും നിബിശബ്ദം കേട്ടേൻ
'തീയാൽ നാഥൻ വിധിചെ-യ്യും'
ഭയബാ-ധിതനായ് ഞാൻ :
സിദ്ധനു ഭയമുണ്ടാമെങ്കിൽ

www.malankaralibrary.com

പാപികളെന്തിനി ചെയ്യേ-ണ്ടൂ?
ഹാ-വിധിനാളിൽ കൃപചെയ്യണമേ
ലോകപരിത്രാണകനേ-ശു.

(പരേതർ)

11. മൃതിഹീ-നാ പരനേ,
ബലിപീഠത്തീന്നും നിന്നെ
കൈക്കൊണ്ടവരാം മൃതരെ-നീ
ഓർത്തീ-ടുക നാഥാ
പുനരുത്ഥാന മഹാദിവസം
പൊടിയീന്നവരെയേറ്റേ-ണം
ഹാ-മൃതരായോർ വിശ്വാസികൾമേൽ
കൃപചെയ്യണമുത്ഥാന-ത്തിൽ
മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## കോലോ II

(മൊറിയോ ബ്സപ്രോ തെശ്മാക്കോൽ-ഹാ
ബ്ഹാവ് സപ്രോ റാബോമോ ദോസേത് മൊറിയോ)

*"ഉഷഃസിൽ തവസന്നിധി ചേരാൻ*
*തയ്യാറായ് ഞാൻ ഹാലേ-ലൂ-യ്യാ".*

1. ഉലകിൽ പ്രഭയുദയം ചെയ്യുന്നുഷഃസി-ങ്കൽ
സ്ലീബായെ നമിപ്പാൻ സൃഷ്ടികൾ അണയു-മ്പോൾ
സ്ലീബായിൻ ശക്ത്യാ സാത്താൻ വീണെ-ന്നായ്
പരിശുദ്ധസഭയ്ക്കൊരു ദൂതുണ്ടായീ-ടും
ഹാലേ-ലൂ-യ്യാ-സകലരുമങ്ങേയ്ക്കായ്
സ്തോത്രം സ്തുതിചെ-യ്യും. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

2. പരിമളധൂപചുരുൾ ഉയരും സഭയീ-ന്നും

www.malankaralibrary.com

ദേവേശാ! നിന്നുടെ ജനനീ സ്മരണയതിൽ
അഹറോൻ! ധൂപസമം നിരപ്പാകണമേ-നീ
കോപമതുലകീന്നും കൃപയാൽ നീക്കേ-ണം
ഹാലേ-ലൂ-യ്യാതിരുസഭയിൽ താവകശാന്തി വസിക്കേ-ണം.

(ദൈവമാതാവ്)

3. മാതൃപിതൃക്കൾ മരിച്ചഗതിയുമായ് മ-റിയാം
ദൈവാലയമുള്ളിൽ ഉപശിക്ഷണമാർന്നാൾ
മൂശാനിയമംപോൽ ആചാര്യർ വള-ർത്തി
നിബിനാഥനിറങ്ങി വാഴ്വുമവൾക്കേകി
ഹാലേ-ലൂയ്യാ-അവൾപ്രാർത്ഥന
കോട്ടയുമഭയവുമാക-ട്ടെ.

4. കന്യാവ്രതമുദ്രിത ഗർഭേപേറിയൊരാ-
ബലവാനാംദൈവം നമ്മൊടുകൂടെ-ന്നും
'കണ്ടാലും കന്യകയത്ഭുതനെപ്പേ-റും'
ആമോസിൻ തനയൻ പ്രവചിച്ചതു പോലെ
ഹാലേ-ലുയ്യാ-'ദൈവം നമ്മോടുകൂടെന്നവനുടെ നാ—മം.

(സ്ലീബാ)

5. നാഥാ! സ്ലീബായാൽ രക്ഷിതയാം സ-ഭയും
ശ്രേഷ്ഠത കൈക്കൊണ്ടാൾ സ്ലീബാ ഹാശാ-കളാൽ
സ്ലീബായിൽ ശരണപ്പെടുവോരെ നാ-ഥാ
ദുഷ്ടനിൽ നിന്നും നീ കാത്തീടണമെ—ന്നും
ഹാലേ-ലൂയ്യാ—സ്ലീബാച്ചിറകാലെ സംരക്ഷിക്കേ-ണം.

(പരിശുദ്ധന്മാർ)

6. ശെമഓൻ കീപ്പാമേൽ സഭയെ പണി ചെയ്-താൻ
തൂണുകൾ പന്തീരാർകൾ മേലതുയ-ർത്തി
'കാർദൂമല'കളിലും സഭയുന്നതയ-ത്രെ

www.malankaralibrary.com

ഉയരേവാഴുന്നോരീശനതിൻ ശില്-പി
ഹാലേലൂയ്യാ സഭയുൾ ബലിപീഠം സ്ഥാപിച്ചോൻ സ്തു-ത്യൻ!

7. ഉലകിൻ പാപാർത്ഥം നിന്നൊടു യാചി-ക്കും
പതിവതുപോൽ സഹദേർ-സൗഖ്യം നല്കു-ന്നോർ
ന്യായസ്ഥലമേറി പീഡകളവരേ-റ്റു
അവരസ്ഥികളിൽ നിന്നൊഴുകുന്നു വര-ങ്ങൾ
ഹാലേ-ലൂയ്യാ-തിരുശേഷിപ്പുകളിൽ
ശരണപ്പെടുവോ-ർക്കായ്.

(വെള്ളിയാഴ്ച)

8. വെള്ളിയാഴ്ചയതാം ദിനമതികമനീ-യം
മഹിമയെഴും നിബിയർ ഗ്രന്ഥങ്ങളിൽ ലി-ഖിതം
ലോകത്തിനു പുണ്യം നല്കാൻ തരുവി-ന്മേൽ
മാർവു പിളർന്നവനാമുടയവനെ കാ-ൺകെ
ഹാലേ-ലൂയ്യാ-മദ്ധ്യാഹ്നമതിങ്കൽ സൂര്യ-നിരുണ്ട-ല്ലോ.

(പ്രഭാതം)

9. ഏവനുമർഹിക്കും പ്രതിഫലമേകു-ന്ന
പുലരിയിൽ നാഥാ നിൻ കൃപയിവരി ലുദി-ക്ക
വിശ്വസ്തർക്കുണ്ടാം ശബ്ദമിവർ കേ-ൾക്കും
'നല്ലവരാം ദാസന്മാരേ! പ്രാപി-പ്പിൻ
ഹാ-മണവറ രാജ്യമതും ശാശ്വത ജീവ—നെയും'.

(അനുതാപം)

10. നൽ കുഞ്ഞാടുകളോടൊത്തിഹ പുൽമാ-ലിയിൽ
മേഞ്ഞേൻ, മോദിച്ചേൻ ശാന്തജലത്തി-ങ്കൽ
ഇടയൻ വരുമിപ്പോൾ എന്തിനി ചെയ്വൂ-ഞാൻ?
കോലാടുകൾ ഭാഗേയെത്തിയ നിർഭാ-ഗ്യൻ!
ഹാ-നല്ലജമാക്കുകമാം സ്വർഗ്ഗീയജപാ-ലാ.

www.malankaralibrary.com

11. ജ്ഞാനിയതാമൊരുവൻ ഉപദേശിച്ചെ-ന്നെ:
വഞ്ചക സോദരനിൽ നിന്നകലേണം-നീ
പുഞ്ചിരിയധരത്തിൽ വഞ്ചനഹൃദയ-ത്തിൽ
കെണികൾ വയ്ക്കുമവൻ, സോദരഭാവ-ത്തിൽ
ഹാലേ-ലൂയ്യാ-നാഥാ! വഞ്ചകരിന്നെന്നെ രക്ഷി-ക്ക.

(പരേതർ)

12. പുനരുത്ഥാനത്തെ നോക്കിപ്പാർക്കു-ന്ന
മൃതരെ വിസ്മൃതിയിൽ തള്ളരുതേ നാ-ഥാ,
അവർ തൻ ദേഹികളെ ജീവിപ്പിക്ക-ണമേ
നിത്യാശ്വാസമവർക്കേകണമേ, മ്ശീ-ഹാ
ഹാലേ—ലൂയ്യാ—ജീവദനേ നിന്റെ സ്തുതിയവർ പാടീ-ടും.

## കുക്കിലിയോൻ

(ബോക്ന്ദാക്കർ) എട്ടാം രാഗം

ശരമതിലാശ്രയമർപ്പിച്ചില്ലെങ്ങൾ ഹാ-
രക്ഷിപ്പാനായുധമതിലും

ദിനമഖിലം നിന്നെ ഞങ്ങൾ സ്തുതി ചെയ്തു ദേവാഹാ-
നിത്യം നിന്നെ സ്തോത്രം ചെയ്യും. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

## എക്ബോ

(അത്ത്ബസലീബോക്ദൊശത്ത്വസ് ഹപ്ത് ലോക്കൽക്കറുസോ)

മനുജകുലത്തെ വീഴ്ത്തിയൊരാ
സാത്താനെ നിൻ സ്ലീബായാ-ൽ
മർദ്ദിച്ചവനെ വിജയിച്ചു നീ-
അതിനാൽ ഞങ്ങൾ വന്ദിക്കുന്നു-
ജീവൻ നൽകും സ്ലീ-ബാ-യെ.

സ്തൗമെൻകാലൊസ് കുറിയേലായിസോൻ

www.malankaralibrary.com

## കോലോ

(ലോക്ക് മൊറിയോ കോറേനാൻ)

*"തൻ പ്രഭഭൂമിയതിൽ തെളിയി-ച്ചാൻ ഹാ-ലേലുയ്യാ"*

1. ദോ-ഷികളായോർ ദുഷ്ടർ കൃ-പ നിരസിച്ചോർ
മറവാക്കിയതാം ദൈവാത്മജ സ്ലീബാ-യീദിവസം
ഭൂ—ഭാഗങ്ങളിലെല്ലാം കാ—ണപ്പെട്ടു
തിരുസഭയതിനെ ആശയൊടെ പ്രണമി-ച്ചീടുന്നു!
ക്രൂശിച്ചോ—രൂറിശിലേം ശൂന്യം
വിഗ്രഹ വ—ന്ദനയീന്നും വീണ്ട
സ്ലീബായെ നമിപ്പൂ റോമ്മാ, സിറിയ, മെസറേനും.
ബാറെക്മോർ.

ശുബ്ഹോ...

2. രാ-ജൻ കുസ്തന്തീനോസ് സ്ലീ-ബാ കണ്ടു
ശിരസ്സുവണങ്ങി നമിച്ചേ-വം ചൊന്നാ-ൻ; ദേവശാ
സ്തോ-ത്രം ചെയ്വേൻ നിന്നെ സ്ലീ-ബാ-മൂലം
അതിനാൽ ദുഷ്ടനെ നേരിട്ടു ജയിച്ചീ-ടും കെണികൾ
സ്ലീബായാ—ൽ സഭയും രക്ഷിതയായ്
തൻ മക്കൾ-ജീവനെയും നേടി
സ്ലീബാ രാപകൽ ഞങ്ങൾക്കായ് തുണയാ-യീടട്ടെ.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർ യാക്കോബിന്റെ ബോവൂസോ

(ബ്രൊ ദ്ബസലീ-ബെ ഫർക്കോല് ഈത്തൊ)

എട്ടാം രാഗം (വേറൊരു രീതി)

1. തിരുസ്സഭയെ-തൻ-കുരിശാൽ തെറ്റിൽ-നിന്നും വീ-ണ്ടോ-ൻ
സുതനേ-ശാ-ന്തി നൽകി പാലി-ക്കണമവൾസു-തരെ

www.malankaralibrary.com

2. വിൺമൺലോകർക്കൈക്യത നൽകിയ ശൈനോ സഭയിൽ
രമ്യ-തയേ-കി, പ്രഭയിൻ സ്ലീബാ—കാക്കുക സു-തരെ

3. നൃപനു-ടെ മാ-താ-വെഴുതിയ കത്തുടന-ണയുകയായി
'എത്തി—സ്ലീബാ സ്വാഗതമേകാ—ൻ എഴുന്നേറ്റാ—ലും'

4. എതിരേല്പാ-നായ് ശ്രേഷ്ഠാചാര്യ—ന്മാരെ കൂ—ട്ടി
പോയാ-ൻ ഭക്ത്യാ-വന്ദിച്ചതിനെ മാനിപ്പാ-നാ-യ്

5. നാശമതീ-ന്നും സ്ലീബാമറച്ചോ—ൻ താതനു സ്തുതിയും
കുസ്ത-ന്തീനതുവെളിവാക്കിയ സു-തനാരാ-ധ-നയും

6. ഹെലനീ വഴിയതു നമ്മൾക്കേകിയൊരാത്മനു സ്തോത്രം
നാഥാ, സ്ലീബാ-ച്ചിറകാലിവരെ സംരക്ഷി-ക്ക.

7. വലഭാ-ഗത്തെ കള്ളൻമേൽ നീ-തൂകിയ കൃ-പയാ-ൽ
ദൈവാ-ത്മജനേ-കനിവായിവർമേൽ കൃപചെയ്യ-ണമേ.

### അപേക്ഷ

കർത്താവേ, നിന്നെ സ്തോത്രം ചെയ്യുന്നതും... പേജ് 41

### കൗമാ

### വിശ്വാസപ്രമാണം

❖

www.malankaralibrary.com

# വെള്ളി - മൂന്നാംമണി

## കൗമാ

## കോലോ

(ബത്‌ലൊസ് ശോയിൻ)

എട്ടാം രാഗം

1. മൂ-ന്നാംമണിനേരം വൃക്ഷഫലം ഭക്ഷിച്ചാ-ദം
കൽപന ലംഘി-ച്ചാ-ൻ
മൂ-ന്നാംമണിനേ-രം കുരിശിന്മേൽ കയറി
നാ-ഥൻ-ദാസൻപേർ-ക്കാ—യി
മൂ-ന്നാം-മണിതാൻ
സ്ലീബായിൻ ചീട്ടെഴുതിയയച്ചാദ-ത്തെ
അവകാ-ശത്തിൽ. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

2. സ്ലീബാ പ്രഭയതു വ—ന്ദിപ്പവരെ പ്രഭ
യണിയി-പ്പൂ-മഹിമയെഴും വ-സ്ത്രം
ആ-ഴമതിൽ നിന്നും, കരേറ്റീടും—ഉയരതി
ലേ-യ്ക്കായ് ശരണപ്പെടുവോ—രെ
നിൻ—സ്ലീബായാ—ൽ
വിൺമൺ ലോകരെ യോജിപ്പിച്ചേകീടുക ഭൂവിൽ, ശാന്തി.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

www.malankaralibrary.com

## മാർ യാക്കോബിന്റെ ബോവൂസോ

(ബ്രോ ദ്ബസലീബോ)

എട്ടാം രാഗം

1. തിരുസഭയെ തൻ-കുരിശാൽ തെറ്റിൽ നിന്നും വീണ്ടോൻ
സുതനേ ശാന്തി നല്കി പാലിക്കണമവൾ സുതരെ
2. വിൺമൺലോകർ ക്കൈക്യത നല്കിയ ശൈനോ സഭയിൽ
രമ്യതയേകി പ്രഭയിൻ സ്ലീബാ കാ-ക്കുക സുതരെ
3. ദൈവാത്മജനേ, നിൻ സ്ലീബായാൽ മോ-ദിച്ചുലകം
മോദിച്ചീടണമെന്നുടെ ഹൃത്തും നിൻ-സ്ലീബായാ-ൽ
4. സ്ലീബാ പുകഴ്ത്താനെന്നെ യോഗ്യ നാക്കിയപോൽ നിൻ
രക്ഷിതസഭയെ ജീവവിരുന്നിന്നർഹയുമാക്ക
5. നിബിയന്മാരാൽ സ്ലീബാകാട്ടിയ താ-തൻ സ്തുത്യൻ
കുരിശിൽ കയറി ലോകം വീണ്ടൊരു സു-തനും വന്ദ്യൻ
6. സ്ലീബാ സഭയുടെ കൊടിയായ് തീർത്തോൻ റൂഹാ സ്തോത്രം
നാഥാ സ്ലീബാച്ചിറകാലിവരെ സംരക്ഷിക്ക
7. വലഭാഗത്തെ കള്ളൻമേൽ നീ തൂകിയ കൃപയാൽ
ദൈവാത്മജനേ, കനിവായിവർമേൽ കൃപചെയ്യണമേ.

### കൗമാ

### വിശ്വാസപ്രമാണം

❖

www.malankaralibrary.com

# വെള്ളി - ആറാം മണി

## കൗമാ

## കോലോ

(സൊഹദാവ് ആത്തൂൻ)

1. ഭാ-ഗ്യം മറിയാ-മേ, നിർമ്മലയായ് കന്യാ-ത്വത്തിൻ
നൽമാണി-ക്യം-നീ
രാ—ജാധീശൻ തൻ-പുത്രനെയും നിന്നിലയ-ച്ചു
ശുദ്ധിയെഴും-നി-ന്നിൽ
പൂ-ണ്ടു ശരീരം:-ആദം മക്കളെയും പാപ-ദാസ്യ-ത്തിൽ
നിന്നും-വീ-ണ്ടാ-ൻ. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

2. പു-നരുത്ഥാന-ത്തിൻ നൽശരണം നൽകി-
നാ-ഥൻ ഏവം ചൊ-ന്ന-പ്പോൾ
നാ-ഴികയണയു-ന്നു മൃതരായോർ നൽ
ശബ്ദം-കേ-ട്ടെഴുന്നേല്ക്കും-നേ-രം
ന-ല്ലവരെല്ലാം നവജീവന്നും, ദുഷ്ട-
ന്മാർ ന്യായ-വിധിക്കുമുയർ-ത്തീടും.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർ ബാലായിയുടെ ബോവൂസോ

മാതാ കാദീശന്മാർ തൻ... പേജ് 43

## കൗമാ

## വിശ്വാസപ്രമാണം

❖

www.malankaralibrary.com

# വെള്ളി - ഒൻപതാംമണി

## കൗമാ

## കോലോ

(ത്രായ്ഹൂൻ ഒൽമേ)

1. സ-സ്യ-ങ്ങൾ വളർത്താ-തുലകിൽ
മഴമാ-റീടുന്നി-ല്ലതുപോൽ
മ്ശീ-ഹാ-ഉയിർപ്പിക്കാതൊരുവൻ
പാതാ-ള്ളേ ശേഷി-ക്കി-ല്ല. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

2. സ്ലീ-ഫാ-കബറിൽ മൂന്നുദിനം
മേവി-യ ജീവനെഴും-സു-തനേ
ര-ക്ത-ത്താൽ നേടിയ മൃതരെ
ജീവൻ-നൽകി ഉയി-ർപ്പി-ക്ക.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർ ബാലായിയുടെ ബോവൂസോ

1. കരുണ നിറഞ്ഞ-വനേ പു-നരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമേ.

2. സ്വർ-ഗ്ഗീയാധിപതേ വി-ശ്വാസികൾ മൃ-തരെ
ജീ-വിപ്പിച്ചേകി-ട-ണമേ നീ പുണ്യം.

3. മൃതരേ വിളിചെയ്വോൻ മിശിഹാതേ-സ്തോത്രം
നാശമെഴാതവർ നിന്നങ്ങേസ്തുതിചെ-യ്യും

4. വന്ന-വനും വരുവോ-നും-മൃതർതന്നുയിരും
സ്തുതനെന്നു ശരീരാ-ത്മാ-ക്കൾ പാ-ടണമേ.

## കൗമാ

## വിശ്വാസപ്രമാണം

❖

www.malankaralibrary.com

# ശനി - സന്ധ്യ

## കൗമാ, പ്രാരംഭ പ്രാർത്ഥന

## സങ്കീർത്തനങ്ങൾ 141, 142, 119, 117

കർത്താവേ, നിന്നെ ഞാൻ വിളിച്ചു... പേജ് 6

## എക്ബോ

(ല്കുൻ തൂബൈക്കൂൻ)

ഭാഗ്യം മൃതരേ!-പുനരുത്ഥാ-
നത്തിൻ ദിനമതിലു-ണ്ടാകട്ടെ-
ഉൾക്കൊണ്ടോരുയിരിൻ തിരുമെയ്യും
മോചനമേകും-തിരുരക്തമതും
നിങ്ങളെ നിർത്തീടും-വലഭാഗേ.

സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## പ്രുമിയോൻ, സെദറാ

## കോലോ I

(ബാറെക് നപശ്ല് മൊറിയോ)

*"എന്നസ്ഥികൾ അവൻ നാമം പുകഴ്ത്തട്ടെ"*

1. ആദപിതാ തൻ സ്രഷ്ടാ-വേ,
ഉയിരവർ മൃതരാ—യോർക്കെല്ലാം-
നീതാ-ൻ ശരണവുമാശ്രയവും
മായയതാമീ ലോകത്തിൻ
അധികാരസുഖങ്ങൾ വ്യർത്ഥം;
സ്വപ്നം-പോലഴിയുന്നെല്ലാം. ബാറെക്മോർ
ശുബ്ഹോ... മെൻഓലം...

www.malankaralibrary.com

2. മരണം നിദ്രയതാണല്ലോ
സോദരരേ, ധന്യൻ പൗലോസ്–
ശ്ലീഹാ ചൊന്നിതു നമ്മോടായ്
നാഥനോടർത്ഥിച്ചീടുക നാം
രണ്ടാം മരണത്തിൻ രുചി നാം
നോക്കീ-ടായ്‌വാൻ പ്രാർത്ഥിക്കാം.

(ദൈവമാതാവ്)

3. എരിയാ മുൾച്ചെടിയാൽ മൂശ
നിൻ സാദൃശ്യം നല്കിയിതാ
ദാവീ-ദ് പേടകമതിനാലും
രോമക്കെട്ടാൽ ഗെദഓനും;
മനുജകുലം സ്വർഗ്ഗേ കയറിയ
യാക്കോ-ബിൻ ശ്രേണിയതും നീ.

4. ശ്രേണിയതാൽ യാക്കോബ് നിന്റെ
രൂപം കാട്ടി ബഥേലിലവൻ
നിദ്രാധീനതയാർന്നപ്പോൾ
സാക്ഷാൽ ദൈവിക ഭവനം നീ
നിന്നിൽ നിന്നുദയം ചെയ്തോൻ
നിന്നോ-ർമ്മയെ ശ്രേഷ്ഠവുമാക്കി.

(പരിശുദ്ധന്മാർ)

5. സത്യഭിഷഗ്വരരാം നിങ്ങൾ
വിജയികളാം നിബിയർ ശ്ലീഹർ
സഹദേന്മാരേ, പ്രാർത്ഥനയിൻ
ഭണ്ഡാഗാരമതിൽനിന്നും
അഗതികൾ കേണിടുവോർക്കേകീ
ടണമേ-നിങ്ങൾ സഹാ-യങ്ങൾ.

www.malankaralibrary.com

6. ഭൂപാലർ ന്യായാധിപരും
സഹദേർ നേടിയതിൻ സമമായ്
നേടീ-ട്ടില്ലൊന്നും ഭൂവിൽ
ഗളരക്തമൊഴുക്കീട്ടവരോ
നേടിഉന്നതരാജ്യമതിൻ
അവകാ-ശികളായതു കാൺക.

(അനുതാപം)

7. ഇടിനാദംപോൽ നിബിമാരും
കാഹളതുല്യം ശ്ലീഹരുമുൽ-
ഘോഷി-'ച്ചീലോകം ക്ഷണികം'
നീരാ-വിസമം മർത്യസുതൻ
പൂച്ചെടിപോലായുഷ്ക്കാലം;
യാത്രാ-ഭക്ഷണമതുനേടാം.

8. മിശിഹാരാജാ! ശത്രുവതാം
ദുഷ്ടൻ ശക്തിയെ നീ വെന്നു;
ആത്മാവിൻ ക്ലേശാദികളെ
നീക്കണമേ ഞങ്ങളിൽനിന്നും
ഇവർ പ്രാർത്ഥന നിൻ തിരുമുമ്പിൽ
സ്വീകൃ-തമായിട്ടേറണമേ.

(പരേതർ)

9. അറിവിൻ വൃക്ഷമതിൽ മരണം
ഒളിവായ്; അതിലേക്കായ് കൈകൾ
നീട്ടി-ഫലവുമശിച്ചാദം;
നാഥനവൻ പേർക്കായ് കുരിശിൽ
കയറി മരണം രുചിനോക്കി
ത്തിരിപ്പി-ച്ചവനെ അവകാശേ.

10. നാം ദൈവസുതന്മാരാവാ-

www.malankaralibrary.com

നായുഷ്ക്കാലത്തിൽ ചൊല്ലി-
ത്തന്ന-താതരെയോർക്കേണം
നയവാന്മാർ പുണ്യപ്പെട്ടോ-
രൊന്നിച്ചേകുമവർക്കാശ്വാ-
സംസ്വർഗ്ഗേ-പുത്രൻ ദൈവം.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## കോലോ II

(ആലോഹൻ റാഹേം അലയ്-ൻ)

ബ്റംശൊദ് ശാലേം ബേകീനേ

"*വാഴ്ത്തീട്ടിവർമേൽ പ്രഭചൊരിയും* "

1. നമ്മെ ചേർത്തൊരു സന്ധ്യയതും
സംരക്ഷിക്കും സ്ലീബായും—
സഹദേർ മുടിമുടയും നാഥൻ
തൻ വല പാണിയതും സ്തുത്യം! ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

2. ശാന്തിനിറഞ്ഞൊരു സന്ധ്യയതും
പുണ്യമെഴുന്നൊരു രാത്രിയതും-
ഞങ്ങൾ രക്ഷകനാം മിശിഹാ
മഹിമയെഴും രാജാ-നൽക.

(ദൈവമാതാവ്)

3. ഞങ്ങൾക്കായി പ്രാർത്ഥിപ്പാൻ
വിരമിക്കരുതേ പരിശുദ്ധേ
കൃപയിവർമേൽ ചെയ്തീടാനായ്
നിൻസുതനോടാ-യർത്ഥിക്ക.

4. അബറാഹാം ദാവീദ് എന്നീ

www.malankaralibrary.com

ആദിമസിദ്ധർ സുതയാം നീ
കൃപയിവർമേൽ ചെയ്തീടാനായ്
നിൻ സുതനോടാ-യർത്ഥിക്ക.

(പരിശുദ്ധന്മാർ)

5. രക്ഷകനേ! നിബിയർ, ശ്ലീഹർ
സഹദേർ, ശുദ്ധർ, സിദ്ധരേയും
ഓർത്തിട്ടവർ തൻ പ്രാർത്ഥനയാൽ
തുണ ഞങ്ങൾക്കുണ്ടാകണമേ.

6. സഹദേർ നിങ്ങൾ കഴുകൻപോൽ
വായുവിലും വേഗതയുള്ളോർ
വിളി ചെയ്യുന്നവനെ കേൾക്കും
കടലിൽ കരയിലുമൊരുപോലെ.

(ഒരു വിശുദ്ധൻ)

7. (മാർത്തോമ്മാ) നിന്നസ്ഥികളെ
സൂക്ഷിച്ചീടും സ്ഥലമതിൽനിൻ
നാഥൻ തന്നുടെ ശാന്തിയതും
രമ്യതയും വാ-ണീടട്ടെ.

(അനുതാപം)

8. അലിവൊടു ശിക്ഷിച്ചടിയാരെ
അരിശം നീക്കി കാക്കേണം
വാതിൽതുറന്നീ പ്രാർത്ഥനയിൻ
നാദം കേട്ടേ-കീടണമേ.

9. കർത്താവേ കാരുണ്യത്താൽ
കനിവടിയാരിൽ ചെയ്യണമേ
നന്മനിറഞ്ഞോനേ, എന്റെ
തിന്മകളെ നീ ഓർക്കരുതേ.

www.malankaralibrary.com

(പരേതർ)

10. ഇന്നടിയാരോർമ്മ കഴിക്കും
മൃതരായോർ തൻ നാമങ്ങൾ
നാഥാ, ജീവൽ ഗ്രന്ഥമതിൽ
എഴുതണമേ നിന്നുടെ രാജ്യേ.

11. സ്തുതി ദൈവത്തിന്നുയരത്തിൽ
തൻമാതാവിന്നുന്നതിയും
മഹിമാമുടി സഹദേന്മാർക്കും
മൃതരിൽ കരുണയുമുണ്ടാക.

## കുക്കിലിയോൻ

(അക്ക്ദമറാഹേം) ഒന്നാം രാഗം

നമ്മുടെ നിർമ്മിതിതാനറിവു ഹാ-ഉ-ഹാ-
പൂഴിയതെന്ന-വനോർക്കുന്നു
ഊതും കാറ്റിലതും മായും ഹാ-ഉ-ഹാ-
അറിയപ്പെടുകി-ല്ലാ സ്ഥാനം. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

## എക്ബോ

(റാമ്മേദ് നൂഹോമ്മോ)

ഉയിർപ്പിൻ-ഇടിനാദം
കേൾക്കും ഭ്രമമിയലും മരണം
ജീർണ്ണി-ച്ചൊരു മൃതദേഹങ്ങൾ
പുതുതായ് തീരും നിൻ ശരണേ
കരുണ നിറഞ്ഞവനേ!
നിദ്രി-തരെ പുതുതാ-ക്ക-ണമേ.

സ്തൗമെൻകാലോസ് കുറിയേലായിസോൻ.

www.malankaralibrary.com

## കോലോ

(അബറോഹോം സൊമ്ലൊക്ബെസ്മേ)

1. ധാന്യസമം-പൂഴിയിൽ മേ-വും
മൃതരിൽ-നാഥാ, കൃ-പ ചെയ്ക
അവരെയുയി-ർ-പ്പിച്ചേകീ-ടണ
മാശ്വാ-സം കേഴു-ന്നോ-ർക്കായ്. ബാറെക്മോർ

ശുബ്ഹോ...

2. നാഥാ മാ-മ്മോദീസാ-യാൽ
നിന്നെ-ധരിച്ച മൃത-ന്മാ-ർക്കായ്
വലതുകര-ത്താൽ നൽകേ-ണം
നിൻ രാ-ജ്യ-മഹിമാ-വ-സ്ത്രം.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർ യാക്കോബിന്റെ ബോവൂസോ

(ല്അ-ബ്ദൈയ്ക്ക് ആനീഹ്)

ഒന്നാം രാഗം (വേറൊരു രീതി)

1. ദൈ-വാ-ത്മ-ജനേ, ശാശ്വത രാജ്യേ
സി-ദ്ധർ മദ്ധ്യേശുദ്ധരൊടൊന്നായ്
ആ-ശ്വാ-സം നല്കുക ദാ-സ-ന്മാർക്കായ്

2. ക-ബറിൽ നി-ന്നും മൃതരാ-യോരെ
എഴുന്നേ-ൽപ്പി-ച്ചിട്ടവരെ പ്രഭയിൻ
വ-സ്ത്ര-മ-ണിയി-പ്പിപ്പോ-നേ-സ്തോ-ത്രം!.

3. ഈ-ലോ-കമതിൽ പൂകിടുന്നോർ
മാ-യു-ന്നതിനെ സ്നേഹിപ്പവരും
നിലനി-ന്നീ-ടാനനുവാ-ദ-മതില്ല.

www.malankaralibrary.com

4. വാ-സം-ചെ-യ്യുന്നവകാശികൾപോൽ
പണി ചെ-യ്യു-ന്നോർ തീർത്ഥാടകരായ്
യാ-ത്ര-ക്കാർപോൽ വേർപെ-ട്ടീ-ടുന്നു.

(ബസ്ബൻഹായേ പൊക്ക്ദീൻനോശോ)

5. ആദിയിലവരെ സൃഷ്ടിച്ചവനാം താ-തനു സ്തുതിയും
വന്ദന, സമയമതിൻ മദ്ധ്യത്തിൽ
വീ-ണ്ടൊരു സുതനാ-യും.

6. കാലാന്ത്യമതിൽ പാരും വാനും അഴി-ഞ്ഞീ-ടുമ്പോൾ
സ്തുതിയാരാധന ഉയിരേകുന്നൊരു
പാ-വന റൂഹാ-യ്ക്കും.

7. മരണക്കാസാ നീങ്ങീടുവാനായ് പ്രാ-ർത്ഥിച്ചവനേ,
മിശിഹാ, രണ്ടാംമരണക്കാസാ
നീ-ക്കണമിവരീ-ന്നും.

**മോറാനേശുമിശിഹാ...**
**കൗമാ**

❖

www.malankaralibrary.com

# ശനി - സൂത്താറ

## കൗമാ

## കോലോ

(ആലേപ്പൈൻ മൊറിയോ) ഒന്നാം രാഗം

1. നാ-ഥാ പരിശു-ദ്ധാ
പരിശുദ്ധ-ന്മാർ കാദീശ്
എന്നു പ്രഘോഷിപ്പോൻ
പാവനമാ-ക്കേ-ണം
ഞ-ങ്ങൾ ഹൃദയ-ങ്ങൾ
സ്രാപ്പികൾ പോ-ൽ ശുദ്ധാ നിൻ
നാമം പുകഴ്ത്തീടാൻ;
നിൻ മാനം-ധ-ന്യം. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

2. സ്വീ-കൃത സമയ-മിതാ
രക്ഷയതിൻ ദിവസങ്ങൾ
ശത്രുവതാം ദുഷ്ടൻ
തോൽപ്പിക്ക—പ്പെ-ട്ടു-
സോ-ദരരേ ന-ന്നായ്,
യത്നിച്ചീ-ടാം പ്രാർത്ഥന,
ഉപവാസാദികളിൽ
ശാശ്വത ജീ-വ-ന്നായ്.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ

## മാർ യാക്കോബിന്റെ ബോവൂസോ

ഒന്നാം രാഗം

1. ഉടയോൻ നാഥാ വി-ളിക്കുന്നടിയാർ തുണയ്ക്കായ് വന്നീ
യാചന-കേട്ടിവരാത്മാക്കൾമേൽ കൃപചൊരിയണമേ.

www.malankaralibrary.com

2. ഈറേമാലാഖാമാർക്കുടയോൻ നാഥാ ദേവാ
യാചന കേട്ടിവരാത്മാക്കൾമേൽ കൃപചൊരിയണമേ.

3. പാപീ, ഭയമേകും നീതിയതിൻ സവിധേ-പോയീ-
ടുക നീ നെടുവീർപ്പാൽ രമ്യമതാ-യ് കേൾക്കും നി-ന്നെ.

4. മിഴിനീ-രൊടു തൻ പക്കൽ പൂകീടുമ്പോൾ വേഗം
കോപത്തീവ്രതയെല്ലാം മാഞ്ഞിട്ടാശ്വാസവുമാം.

5. സ്തുതിതേ! പാപികളീന്നും; പുണ്യമവർക്കേ-കുന്നോൻ
തെറ്റിൽ വീണവരെ അനുതാപേ തിരിപ്പിപ്പോൻ നീ.

6. ഊമപ്രകൃതികൾ, മാ-നവവായ്കൾ സൃഷ്ടിച്ചവനാം
താതാത്മജറൂഹാ! അങ്ങേയ്ക്കായ് സ്തുതികൾ കരേ-റ്റും.

7. ഉത്തരമരുളീടണമേ ദേവാ കൃപ ചെയ്യണമേ
അനുതാ-പത്തിന്നു മാനുഷരെ നീ പ്രേരിപ്പിക്ക.

കുറിയേ... കുറിയേ... കുറിയേ...

## സങ്കീർത്തനങ്ങൾ : 91, 121

അത്യുന്നതന്റെ മറവിൽ ഇരിക്കുന്നവൻ... പേജ് 12

## മാനീസോ

കർത്താവേ നിന്റെ കരുണയിൻ ചിറകുകളുടെ നിഴലിൻ...പേജ്16

## ക്രോബേന്മാരുടെ സ്തുതി

കർത്താവിന്റെ ബഹുമാനം... പേജ് 18

## വിശ്വാസപ്രമാണം

ബസ്മൽക്കോ, സാദീക്കോ, കൊഹ്നെ ചൊല്ലി ധൂപം വയ്ക്കുന്നു.

## ഹൂത്തോമോ

❖

www.malankaralibrary.com

# ശനി – രാത്രി

## കൗമാ, പ്രാരംഭ പ്രാർത്ഥന

ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ കർത്താവേ... പേജ് 23

## സങ്കീർത്തനങ്ങൾ 134, 119:169–176, 117

ബാറെക്മോർ, രാത്രികാലങ്ങളിൽ .... പേജ് 23

## എനിയോനോ

(ലീക്കോറോ വൽതെശുബ്ബുഹത്തോ)

1. മാലാഖകളുയരേ പാടും
പരിശുദ്ധൻ നീ–പരിശുദ്ധൻ
ഭൂചരരെഴുന്നേറ്റണയുന്നു–
നിൻ മഹിമയെയാരാ–ധി–പ്പാൻ.

2 ശുദ്ധിയിൽ നിന്നെ വഹിച്ചവളാം
നിൻ മാതാവി–ന്നോർമ്മയെ നീ
നാഥാ ശ്രേഷ്ഠമതാക്കണമേ–
നിൻ കരുണാ ബാഹു–ല്യ–ത്താൽ.

3 നിൻ പ്രതി മൃതരാം സഹദേർതൻ
ഓർമ്മയെ ശ്രേഷ്ഠ–മതാ–ക്ക
അവർ പ്രാർത്ഥനയാൽ ഞങ്ങളെയും
കൃപയാൽ തുണചെയ്തീ–ടേ–ണം.

4 മൃതരാം ഭ്രാതൃപിതൃക്കൾ തൻ
കടമെല്ലാം, മോ–ചിക്കണമേ
പാവനരാക്കവരെ നാഥാ
ആശ്വാസം കൃപയാൽ–നല്–ക. ബാറെക്മോർ

www.malankaralibrary.com

ശുബ്ഹോ... മെൻഓാലം...

5. നവമാം സ്തുതിയർപ്പിക്കുന്നു
തവകരുണയ്ക്കാ-യ് നാ-ഥാ
ആരാധ്യം പരിശുദ്ധവുമാം
തിരുനാമത്തിന്നാ-യ് സ്തോ-ത്രം.

കുറിയേ... കുറിയേ... കുറിയേ...

## ഒന്നാം കൗമാ
## എക്ബോ
(ആബോ ക്സബ്വോ)

ഉന്നതമാം നില-യമതീ-ന്നും
താ-തൻ തൻ വചന-മിറ-ങ്ങി
കന്യകയിൽ-വാ-ണൂ
പ്രസവിച്ചാൾ ധ-ന്യ.
വചനാതീതൻ പു-ത്രൻ-താൻ
താ-ർക്കികനാകാ-ശോ-ധി-പ്പാൻ.

കുറിയേ...കുറിയേ... കുറിയേ... ഞങ്ങളുടെ കർത്താവേ,

## പ്രുമിയോൻ, സെദറാ
## കോലോ
(ദ്മൊറ്ഹീമ്മിൻ-അക്എത്റോ ദ്ബെസ്മേ തോബേ)

1. ക്രോബകൾ തൻ രഥമോ-നിന്നോ-ടുപമിപ്പാൻ പോ-രാ
പാ-വനയാം-ക-ന്യേ
മുഖചക്രം ഭ്രമണം ചെ-യ്യും
അക്ഷികളും അവയിൽ കാ-ണ്മൂ
ധന്യേ ദൈവസ്തോ-ത്രങ്ങൾ പാടുന്നൊരുവാ-യും
നിന്നിലെഴു-ന്ന-ല്ലോ. ബാറെക്മോർ

www.malankaralibrary.com

ശുബ്ഹോ... മെൻഓലം...

2. നന്മനിറഞ്ഞവളേ-സ്വസ്തി കന്യകയൊടു ദൂ-തൻ ചൊന്നേവം— നാ-ഥൻ
   നിൻ കൂ-ടെ നിന്നിൽ നിന്നും
   സൃഷ്ടിയെ-യഖിലം ര-ക്ഷി-ച്ചോൻ,
   ശാശ്വത രാ-ജ-ത്വവുമുള്ളോൻ നൃപനായവനും ആ-ഗതനാ-യീ-ടും.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർ യാക്കോബിന്റെ ബോവൂസോ

ഒന്നാം രാഗം

1. വാഴ്ത്ത-പ്പെട്ടവളാ-യോൾ കന്യേ, പ്രാർത്ഥന ചെ-യ്തീ-ടണമേ നാഥൻഞങ്ങളുടെ മേൽ കൃപ ചെയ്തീടാൻ
2. കൃപയാൽ പൂരിത നീയർത്ഥിക്ക കൃ-പ യാചി-ക്കും ഇവർമേൽ ആർദ്രതയുള്ളൊരു നാഥൻ ദയ ചെയ്തീ-ടാൻ.
3. വരൂ നീ പാവനമാ-തേ! നിന്നുടെ പ്രാർത്ഥനകൾക്കായ് ദാഹി-ക്കുന്നിവർ കൂ-ട്ടത്തിന്മേൽ-ഈ പെരുന്നാ-ളിൽ.
4. നിൻ ദാ-നങ്ങളെ ഭാഗിക്കണമേ; നാഥനിവർക്കായ് കോട്ടയതാകും; ക്രോധത്തിന്റെ ദണ്ഡുകൾ-മായ്ക്കൂ.
5. യോഗ്യസ്തുതികൾ നിൻ സഭയീന്നും ഞങ്ങൾ കരേറ്റും മാധുര്യമെഴും രാഗങ്ങളിൽ നിൻ മാതൃ സ്മരണേ.
6. നിൻ സ്ലീബായാൽ തൻ വാതിലുകൾ മുദ്രിതമാ-ക്ക സ്തുതികളെയേറ്റും സഭ തേ താതന്നും റൂഹായ്ക്കും.
7. ദൈവാ-ത്മജനേ ഒൻപതുമാസം നിന്നെ വഹിച്ചോൾ പ്രാർത്ഥനയാലെ ക്രോധത്തിന്റെ വടികളെ മാ-യിക്ക.

www.malankaralibrary.com

## രണ്ടാം കൗമാ

കർത്താവിന്റെ ബഹുമാനം... പേജ് 18

## എക്ബോ

(ആബോ ക്സബ്വോ)

പരിശുദ്ധന്മാ-രേ-ഭാ-ഗ്യം
പു-ത്രൻ തൻ സുവിശേ-ഷത്തിൽ
നിങ്ങൾ നാ—മങ്ങൾ
ജീവൽ ഗ്രന്ഥത്തിൽ
ഓർമ്മയെ ബഹുമാ-നി-ക്കുന്നോൻ
ഭാ-ഗ്യ-പ്പെട്ടവനാ-യീടും,

കുറിയേ...കുറിയേ... കുറിയേ... ഞങ്ങളുടെ കർത്താവേ,

## കോലോ

(മൊറ്ഹീമ്മീൻ)

1. മിശിഹാ വരനിഷ്ട-ന്മാർക്കായ്
സജ്ജമതാക്കിയ വിരുന്നതി മോ-ഹനമല്ലോ
നിബിയർ ശ്ലീഹർ സഹദേന്മാ-ർ
ശുദ്ധന്മാരുമതിൽ പൂ-കി
വിരുന്നിൻ നാ-ഥൻ മോ-ദിപ്പൂ മുടികളണിഞ്ഞീ-ടും
ശുദ്ധർ ത-ന്നോ-ർമ്മയിൽ. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

2. വിധിനിലയേ സ-ഹ-ദേ-ർ നിന്നി-
ട്ടുൽഘോഷിച്ചേ-വം; ശരണേമൃ-തിയേ-ല്ക്കാം,
നശ്വര ലോകവിധീ-ശന്മാ-
രവരിൽ-ഭയലേശം-വേ-ണ്ട
രാജൻ മിശിഹാ ശാ-ശ്വതമാം ജീവനെയും ന-മ്മെ
അവകാശി-പ്പി-ക്കും. മൊറിയോറാഹേം...

www.malankaralibrary.com

## മാർ അപ്രേമിന്റെ ബോവൂസോ

ഒന്നാം രാഗം

1. കർത്താവേ-കൃപചെ-യ്യ-ണമേ
നിൻപ്രിയരാ-യോർ പ്രാർ-ത്ഥ-നയാൽ
അവർ പ്രാർത്ഥന യാചനയാ-ൽ നീ
കാരുണ്യം ചെയ് ഞങ്ങൾമേൽ.

2. രക്ഷകനേ-നിബിയർ ശ്ലീ-ഹർ
സഹദേർക്കോ-ർമ്മയതു-ണ്ടാ-ക്ക
പ്രാർത്ഥനയാ-ലവർ ഞ-ങ്ങൾ-ക്കായ്
തുണയേകാ-ൻ വരമേ-കേ-ണം.

3. നിബിയർ ശ്ലീഹർ സഹദേർക്കായ്
ശക്തിയെ നല്കിയവൻ സ്തുത്യൻ
വിജയിച്ചാർ ശ്രേഷ്ഠരുമായി
സ്ലീബാ തന്നടയാളത്താൽ.

4. കർത്താവേ കൃപചെയ്യണമേ
നിൻ പ്രിയരായോർ പ്രാർത്ഥനയാൽ
അവർ പ്രാർത്ഥന യാചനയാൽ നീ
കാരുണ്യം, ചെയ് ഞങ്ങൾമേൽ.

## മൂന്നാം കൗമാ

കർത്താവിന്റെ ബഹുമാനം... പേജ് 18

## എക്ബോ

(ആബോ ക്സബ്വോ)

കാക്കണമേ നാ-ഥാ-നിന്റെ
തനുരു ധിരങ്ങളശിച്ചോ-രാം
    മൃതരെ പുതുതാ-ക്കി
    പരിമളവും വീ-ശി

www.malankaralibrary.com

അടിയാരാത്മാ-ക്കളിൽ നിന്നും
ശമനം ചെയ്യുക നി-ത്യാ-ഗ്നി.

കുറിയേ...കുറിയേ... കുറിയേ... ഞങ്ങളുടെ കർത്താവേ,

## പ്രുമിയോൻ, സെദറാ

### കോലോ

മ്ശീഹോ ലോ തഹമ്മേ മേനാൻ

*'നിൻ മുഖമെങ്ങളിൽ നിന്നു തിരിക്കരുതേ'*

1. അ-നുതാ-പികളെ സ്നേഹി-ക്കും
മിശിഹാ-പാപികളെ-ത്തേ-ടി
വന്നോ-നെ! കതകിൽ മുട്ടും
അനുതാ-പികളെ കൈക്കൊൾക
വ-ചനം ചെയ്തികളിവയിലിവർ
തേറീ-ടാൻ കൃപ ചെ-യ്യേണം. ബാറെക്മോർ.
ശുബ്ഹോ... മെൻഓലം...

2. ലോ-ക-ത്തെ വിധിചെയ്വാ-ൻ നീ
നാഥാ-ആഗതനാ-കു-മ്പോൾ
ദർശി-പ്പോർക്കതി ഭീകരമാം
താവ-ക വിധിനിലയമതിങ്കൽ
കാ-രു-ണ്യം ചെയ്തിവരെ നിൻ
വലഭാ-ഗേ ചേർത്തീ-ടേ-ണം.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർ ബാലായിയുടെ ബോവൂസോ

1. കരുണ നിറഞ്ഞവനേ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമേ.

www.malankaralibrary.com

2. സ്വർഗ്ഗീയാധിപതേ വിശ്വാസികൾ മൃതരെ
ജീവിപ്പിച്ചേകീടണമേ നീ പുണ്യം.

3. മൃതരെ വിളിചെയ്‌വോൻ മിശിഹാതേ സ്തോത്രം
നാശമെഴാതവർ നിന്നങ്ങേ സ്തുതി ചെയ്യും.

4. വന്നവനും വരുവോനുംമൃതർതന്നുയിരും
സ്തുതനെന്നു ശരീരാ–ത്മാക്കൾ പാടണമേ.

## നാലാം കൗമാ

ഹാലേലുയ്യാ, ഹാലേലുയ്യാ, ഹാലേലുയ്യാ... പേജ് 25
ത്രിത്വത്തിനു സ്തുതി, ത്രിത്വത്തിനു സ്തുതി,... പേജ് 33
നയവാൻ പനപോലെ...
ഒരുപോലിങ്ങും...
പ്രാർത്ഥനയിൻ സമയമിതല്ലോ...
മൊറിയോ റാഹേം അലൈൻ...

## മാർ അപ്രേമിന്റെ ബോവൂസോ

1. ഞങ്ങൾ തൻ കർത്താവേ നീ
കാരുണ്യം ചെയ് ഞങ്ങൾമേൽ
നിൻ മാതാവും കാദീശ–
ന്മാരും ചെയ്യും യാചിപ്പാൽ.

2. സഹദേർ നിങ്ങൾ ധീരന്മാർ
ധൈര്യമൊടേറ്റു പീഡകളെ
യോഗ്യമതാം മുടികൾ ചൂടി
ഞങ്ങൾക്കായർത്ഥിക്കേണം.

3. വിരമിക്കാതീശൻ പക്കൽ
ഉച്ചസ്വരത്തിൽ പ്രാർത്ഥിപ്പിൻ
ഞങ്ങൾ മേലധികമതായി
കാരുണ്യം ചെയ്തീടാനായ്.

www.malankaralibrary.com

4. മറിയത്തെ വിളിചെയ്തോനാം
താതന്നായ് നിത്യം സ്തോത്രം
മഹിമയൊടേ സഹദേന്മാർക്കായ്
ശക്തിയയച്ച സുതൻ വന്ദ്യൻ.

5. നമ്മെ ഉയിർപ്പിച്ചീടുന്ന
റൂഹായ്ക്കും പൂർണ്ണ സ്തോത്രം
ഏകൻ താൻ നമ്മുടെ ദൈവം
തൻ പേർക്കായർപ്പിച്ചീടാം.

6. ഞങ്ങൾ തൻ കർത്താവേ നീ
കാരുണ്യം ചെയ് ഞങ്ങൾമേൽ
നിൻമാതാവും കാദീശ-
ന്മാരും ചെയ്യും യാചിപ്പാൽ.

7. നിൻ മാതാവും കാദീശ-
ന്മാരും ചെയ്യും യാചിപ്പാൽ
നല്കീടേണം പുണ്യം ഞ-
ങ്ങൾക്കും വാങ്ങിപ്പോയോർക്കും.

## മാലാഖമാരുടെ സ്തുതി

അത്യുന്നതങ്ങളിൽ സ്വർഗീയ മാലാഖമാരും... പേജ് 34

## മോറാനേശുമിശിഹാ

❖

www.malankaralibrary.com

# ശനി - പ്രഭാതം

## കൗമാ, പ്രാരംഭ പ്രാർത്ഥന

### സങ്കീർത്തനങ്ങൾ 51, 63 (പേജ് 36, 39)

### എനിയോനോ

(ലോ തേ ഊൽ ല്ദീനോ)

1. 'ധന്യതയാർ-ന്നോ-രേ- രാജ്യം പൂ-കീ-ടിൻ'
എന്നൊരു ശ-ബ്ദമിവർ- കേൾക്കണമേ- നാ-ഥാ.

2. ശുദ്ധിമതീ-ക-ന്യേ, ദൈവത്തിൻ-ജനനീ
കൃപയിവർപേ-ർക്കാ-യി-ട്ടർത്ഥിച്ചീ-ടേണം.

3. നിബിയർ ശ്ലീഹന്മാർ സഹദേർ കാദീശർ
കൃപയിവർ പേ-ർക്കാ-യി-ട്ടർത്ഥിച്ചീ-ടേണം.

4. മിശിഹായെക്കാണാൻ സഹദേരാശിച്ചു
വാളാൽ ചിറകേന്തി ഉന്നതപദമേറി.

5. നീതി വിധിച്ചീടും ഉത്തമന്യായസ്ഥാ
ശിക്ഷവിധിക്കരുതേ ഓർക്കരുതെൻ പിഴകൾ.

6. നാഥാ, നിൻവരവും നോക്കി പ്പാർക്കുന്ന
മൃതരായോർക്കരുൾക നല്ലോരാശ്വാസം.

ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

7. മാതാ കാദീശർക്കൗന്നത്യം നൽകി
മൃതരെയുയർപ്പിപ്പോൻ നാഥാ, നീ സ്തുത്യൻ.

ആമ്മീൻ.

www.malankaralibrary.com

## സങ്കീർത്തനം 113 : 1-9

പ്രകാശത്തിന്റെ സ്രഷ്ടാവിനു സ്തുതി... പേജ് 40

## എക്ബോ

(അശ്‌വൊൻ ല്ഹാവ് സപ്രോ)

ശുദ്ധർമോ-ദി-ക്കും
സഹദേർ പ്രതിഫലവും
പ്രാപിക്കും-പുലരി-
ക്കർഹതയേ-കണമേ.

സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## പ്രുമിയോൻ, സെദറാ

## കോലോ I

(ഹോ ല്മീസെ ഓബേദ് അത്ത് തെദ്മ്റോസോ-ഹാ)

*'ധീരന്മാരെഴുന്നേറ്റങ്ങേ സ്തോത്രം ചെയ്യും ഹാ-*

1. കബറിൽ-പൂകിടുമതിവീരൻ- തന്നധികാ-രം
ചെയ്യും വിസ്മയമാശ്ചര്യം കൂറും ദൂതന്മാർ
ചേരും ചിതറിയോരസ്ഥികളും നേടും തേജ-
സ്സാത്മാ-വൊടുതനുവും നാശംകൂടാ-
തെഴുന്നേല്ക്കും.' ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

2. മൃതസ-ങ്കേതേ മണ്മയനാമാദാമോ-ടായ്
'നിയമം തള്ളിയ മണ്മയനേ, ഖേദി-ക്കേണ്ടാ നീ
മൃതനാ-യ് ജീവനതും നല്കും ദൈവസുതൻ
ഞാനെ'ന്നോതിയ ബഹുബലവാനാം
സ്വർഗ്ഗീ-യൻ സ്തുത്യൻ.

www.malankaralibrary.com

(ദൈവമാതാവ്)

3. ദൈവാം-ബിക നിർമ്മലകന്യാ-മറിയാമ്മി-ന്നായ്
ഉണ്ടാ-കട്ടെ നല്ലോർമ്മ ദയറാ-പള്ളികളിൽ
പരിപാവനമവൾകന്യാത്വം; തുഷ്ടിപ്പെ-ട്ടോൻ
നൃപരാ-ജനിറങ്ങി വസി-ച്ചാനവൾ കന്യാത്വത്തിൽ.

4. സൗന്ദ-ര്യം നിറയും കന്യേ-രാജൻ ദാ-വീദേവം
പാടി പ്രവചനമായ് നിന്നെ പ്രതി മുന്നം
'നിന്നാ-ൾ സ്തുതിയൊടു രാജമകൾ ശുദ്ധതയാലേ
നിന്നഴകരചൻ മോഹി-ച്ചാൻ' വന്നു-വസിച്ചുദരേ.

(പരിശുദ്ധന്മാർ)

5. ഉറവകളരുവികളതിലേക്കാ-യജപാലൻമാ-
രണയുന്നാട്ടിൻ കൂട്ടങ്ങൾക്കേകാൻ ദാഹജലം
സിദ്ധ-ന്മാരസ്ഥികൾ വാഴുന്നിട മതിലേ-യ്ക്കുസഹാ-
യാ-ർത്ഥം കൂടീ-ടുന്നുരോഗീ-കളായവരും.

6. തൂക്ക-പ്പെട്ടു മരത്തിൽ വിലാ-വു തുറന്ന-
ച്ചവളത്താ-ലെ രക്തം വെള്ളമതൊഴു കീടു-ന്നവനാം
മ്ശിഹാ-യെക്കണ്ടോർ സഹദേർ ഓടിമരിപ്പാനായ്
നാ-ഥൻ പേർക്കന്യോന്യം ധൈര്യമതും നല്കി.

(അനുതാപം)

7. അനുതാ-പം നിന്നെ വിളിപ്പൂ മോദമൊടെ-ഴുന്നേ-
റ്റഭയ-മതിൻ ചിറകിൻ കീഴിൽ തേടു-ക നീ പാപി-
തേറീടാം' എന്നനുദിനവും മിഥ വാഗ്ദാനം ചെയ്തീടരു
തിന്നല്ലെങ്കിൽ നാളെ-മൃതിയണയും.

8. പശ്ചാ-ത്താപമതുണ്ടെങ്കിൽ എന്തിനി ചെ-യ്യണ-
മതെന്നു പഠിപ്പിക്കുന്നു; വിലപി-ച്ചോൻ ശിഷ്യൻ
ദുഷ്ടന്നുപദേശാ-ൽ ഗുരുവെ തള്ളീടാനും ഇടയാ-
യവനും-കണ്ണീരാൽ മോചിതനായല്ലോ.

www.malankaralibrary.com

(പരേതർ)

9. കുരുടനു കാഴ്ചയതും ബധിരനു കേൾവിയതും മൂകൻനാ-
വിനു സൗഖ്യം തളർവാതിക്കും നല്കിയവൻ
മൃതരാ-യോർനൽശരണത്തിൽ വിശ്രമ മേന്തുന്നവർ തൻ-
അസ്ഥികൾ മേൽകൃപയാം പനിനീർ വീഴ്ത്തട്ടെ.

10. പരിമ-ള-ധൂപമിതാൽ മൃതരെ-തവ നിണമെയ്—കൾ
കൊണ്ടോ-രാം വിശ്വാസികളെ പുണ്യമതാക്കണമേ
നിൻ വ-ലഭാഗേ നിന്നവർതൻ-പുനരുത്ഥാ-പകനാം
മ്ശീ-ഹാ നിൻ സ്തുതിയവരും പാടാ-ൻ -വരമേ-ക.

മൊറിയോറാഹേം അലൈൻ ഉത്ത്ആദാറൈൻ.

## കോലോ II

(മ്ശംശോനെദ് ഒബ്ദിൻ സെബിയോനെ ദ്മൊ-റിയോ)

*'വരുവീൻ തന്നെ വണങ്ങി നമിച്ചീടാം'*

1. നാഥൻ തന്നുഷഃസാഗതമാ-യ്
നന്മകൾ അർഹർക്കേന്തിയണ-ഞ്ഞൂ
    നിദ്ര ഭാരമതുള്ളോർക്കും
    നാവാൽ സ്തുതിപാടിടുവോർക്കും
    നിദ്രാ രഹിതൻ ഉണർവുള്ളോൻ
നൽ-കീടുന്നു പ്രതിഫലമാ-യ്
മണവറ രാജ്യമതും
നാശമെഴാത്തൊരു ജീവനെയും. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

2. ഉഷഃസിങ്കൽ വന്ദിച്ചീടാം
മാലാഖകളൊടു ചേർന്നു പുകഴ്-ത്താം
    ശുശ്രൂഷയിൽ നിബിയർ ശ്ലീഹർ
    മിശിഹായെ സ്നേഹിച്ചവരാം

www.malankaralibrary.com

സഹദേരിവരൊടു ചേർന്നീടാം
ഐ-ക്യം ശാന്തി-കളീധരയിൻ
ഭൂവാസികളിടയിൽ
വാഴാൻ പ്രാർത്ഥനയർപ്പിക്കാ-ം.

(ദൈവമാതാവ്)

3. നാഥൻ തൻ മുന്തിരിത്തോപ്പിൽ-
ഇരു മുന്തിരി കണ്ടവനാരു-ള്ളൂ?
അവ താൻ മറിയാം എലിശുബാ
സൃഷ്ടിയെ ആമോദിപ്പിക്കും
കുലകൾ രണ്ടവയിൽ നിന്നും
മ്ശി-ഹായും യൂ-ഹാനോനും
സഭ തൻ മണവാളൻ
തോഴ്മക്കാരനുമവരല്ലോ.

4. ഭാഗ്യം മറിയാമേ ഭാഗ്യം!
വാനോർ ഭൗമികരും ഘോഷി-പ്പൂ
രമ്യതയേറും ഹർമ്മ്യം നീ
ദൈവമിറങ്ങി വസിച്ചതിനുൾ
നിൻ നാഥനു നീ മാതാവായ്
പ്രാ-ർത്ഥന ഞങ്ങൾ-ക്കെപ്പോഴും
കോട്ടയതാകട്ടെ
ഭൂമിയിതിൻ ദിശകളിലെല്ലാം.

(പരിശുദ്ധന്മാർ)

5. നാഥനൊടുര ചെയ്താർ ശ്ലീഹർ
'എന്തേകീടും ഞങ്ങൾക്കാ-യ് നീ?
സർവ്വമുപേക്ഷിച്ചനുഗമിച്ചു
നിൻസുവിശേഷം ഘോഷിച്ചു
ഉത്തരമരുളിച്ചൊന്നീശൻ:

www.malankaralibrary.com

'സിം-ഹാസനമേ-കീടാം ഞാൻ
നിങ്ങളിരുന്നിസറേൽ
ഗോത്രങ്ങളെ വിധി ചെയ്തീടും'.

6. ഗളരക്തം കൈകളിലേന്തി
സഹദേർ ഈശന്നർപ്പിച്ചോ—തി
പീഡകളതിയായേറ്റിട്ടും
നിന്നെയുപേക്ഷിക്കാഞ്ഞതിനാൽ
ചൊരിയപ്പെട്ടൊരു രക്തമിതാ
നാ-ഥാ കാൺക! വിളിചെയ്യും
പാപികളീന്നും നീ
തിരുമുഖമങ്ങു തിരിക്കരുതേ.

(ഒരു വിശുദ്ധൻ)

7. തെറ്റിൽ നിന്നും ജനതതിയെ
സത്യമതായൊരു വിശ്വാസ-ത്തിൽ
തിരിപ്പിപ്പാനദ്ധ്വാനിച്ചോൻ
(മാർതോമ്മാ) സൽക്കർമ്മങ്ങൾ
ആയുഷ്ക്കാലെ നിർവ്വഹിച്ചു.
പാ-ഷണ്ഡതകൾ ഭിന്നതയും
സഭയീന്നകലാനാ-യ്
നിൻ പ്രിയ നാഥനൊടർത്ഥിക്ക.

(അനുതാപം)

6. അക്ഷയ ധനമതിനധിപതിയേ!
നിൻ വാതിൽക്കൽ നില്ക്കുന്നേഴകൾ
വാതിൽ തുറന്നിട്ടായവരെ
തൃപ്തി വരുത്തിയയയ്ക്കണമേ
നിൻവചനം നിറവേറട്ടെ
യാ-ചിപ്പവനുത്തരമരുളും

www.malankaralibrary.com

മുട്ടുന്നവനായി
വാതിൽ തുറന്നിടുമെന്നതുപോൽ.

7. രോഗമതിൽ കരയും നമ്മൾ
സുഖമായാൽ വൈദ്യനെയോർത്തീടാ;
ലോകാന്ത്യം പടിവാതില്ക്കൽ
കാര്യമിതൊരുവനും ഓർത്തീടാ,
ആദത്തെ സൃഷ്ടിച്ചവനേ!
നിൻ-രക്തശരീ-രങ്ങൾ കൈ-
ക്കൊണ്ടവരിന്നും നീ
നീക്കീടരുതെനിൻ കൈകൾ.

(പരേതർ)

9. മിശിഹായിൽ മൃതരെല്ലാരും
നിദ്രിതരെങ്കിലുമുണർവ്വുള്ളോ-രാം,
നിബിയർ ശ്ലീഹർ സഹദേന്മാർ
നീതിഷ്ടർ സിദ്ധന്മാരും
ദൈവത്തിന്നായ് ജീവിച്ചോർ
ഏ-ലീശാ തൻ-അസ്ഥികളും
സാക്ഷ്യമതേകുന്നു
മൃതനായവനെ യുയിർപ്പിച്ചാൻ.

10. വിവരിച്ചാൻ ധന്യൻ പൗലോസ്
പുനരുത്ഥാന മഹാദിവസ-ത്തെ
തൻ ലേഖനമതു വഴിയായി
ശരണം മൃതരായോർക്കേകി
നശ്വരമീമർത്യശരീരം
നാ-ശമെഴായ്മയണിഞ്ഞീടും;
അഴിയാത്ത ശരീരം
എഴുന്നേല്ക്കും പുനരുത്ഥാനേ.

www.malankaralibrary.com

## കുക്കിലിയോൻ

(കൊഹനൈയ്ക്ക് നെൽബ്ശൂൻ)

എട്ടാം രാഗം

നിരസിക്കാ നിന്നെ ഞാനെന്നിതി
ശപഥം ചെയ്താൻ ദാവീദോടുടയോൻ ഹാ-
സിംഹാസനമതിൽ നിൻ സന്തതിയെ
ഏ-റ്റീടും ഞാൻ.
അവർ മക്കളിരിക്കും നിൻ
സിംഹാസനമതിലെന്നേക്കും ഹാ-
സീയോനിൽ നാഥൻ പ്രീതൻ
തൻ വാസസ്ഥലമായതിനെ-നിയോഗിച്ചാൻ.

ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

## എക്ബോ

(റെഗ്ലേ ദദ്റക് ബെസ്ക്കുദിശോ)

ശുചിയൊ-ടുശുദ്ധ്യാബെസ്ക്കുദിശാ
സ്പർശിച്ചുള്ളാപാ-ദ-ങ്ങൾ
പറുദീസിൻ വാതിൽ പൂകി
വാനവരൊത്തു വസിക്കേണം.

സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## കോലോ

(ആഹായ്ൻ ദഹവാവ് കേനോറെ)

1. സഹശുശ്രൂഷകരെ നാഥാ-
കൈക്കൊള്ളണമേ ജീവനതിൽ
സ്നേഹിച്ചാർ നിൻ ലഘുനുകവും-
സത്യ-മതും ജാ-ഗരണ-ത്താൽ

www.malankaralibrary.com

ദേവാ-ലയമുൾ-പണിചെയ്-താ-ർ
സിദ്ധരുമൊത്തങ്ങേ രാ-ജ്യേ
പന്തിയിരുന്നവരും
മോദമൊടങ്ങേ ദർശി-ക്കും. ബാറെക്മോർ.

ശുബ്ഹോ...

2. സഹ ശുശ്രൂഷകരായോ-ർ നാഥാ-
നിൻ നാ-ദ സ്വര-ങ്ങളതാ-യി
ദുഷ്ടന്മാർക്കായ് നിയതമതാം
തീയീ-ന്നിവരെ-രക്ഷി-ക്ക
നിൻകൃ-പയുദയം-ചെയ്യു-ന്നാൾ
അവരോ-ടൊത്തീ-ഞങ്ങ-ളെയും
മണവറയതിനുള്ളിൽ
മോദിപ്പാനർഹരതാ-ക്കൂ.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർ യാക്കോബിന്റെ ബോവൂസോ
(ല്കൊഹനയ്ക് ആനീഹ്)

1. ദൈവാ-ത്മജനേ, ശാ-ശ്വത രാജ്യേസിദ്ധർ മ-ദ്ധ്യേ
ശുദ്ധരൊടൊന്നായ് ആശ്വാസം നൽ കാചാര്യർക്കായ്.

2. മൃതരെകബറിൽ, നിന്നെഴുനേൽപ്പിച്ചു ത്ഥാനത്തിൽ
മഹിമാവസ്ത്രം, അണിയിപ്പോനേ നാഥാ തേസ്തോത്രം.

3. അവര-സ്ഥികളി-ൻ നി-ലയമതായി മാതാവാം ഭൂ
അവർ മേനികളും ദുഃഖാംബരമതു ചാർത്തിയിരിക്കുന്നു.

4. രാപകൽ അങ്ങേസ്തുതികളിലനിശം വ്യാപൃതരായോർ
മോദമൊടങ്ങെവലമായ് നില്പാൻ നാഥാ, കൃപ ചെയ്ക.

www.malankaralibrary.com

(ദ്നക്കറിവ് മെനഹൂൻ)

5. ആരുടെപേർ-ക്കായി-അവർ പണിചെ-
യ്തോ-ആ താതൻ സ്തു-ത്യൻ
സ്നേഹാർത്ഥം സർവ്വം ത്യജിച്ചോനെന്ന-
പുത്രനുമാരാധ്യൻ.

6. സ്തുതിഗീത-ത്താലെ, ശുശ്രൂഷിതനാം
റൂഹായ്ക്കും—സ്തോ-ത്രം
തൽ പ്രിയ സാ-ദൃ-ശ്യം-പുതുതാക്കീടു-
വോൻ എന്നേയ്ക്കും സ്തുത്യൻ.

7. കേൾക്കരുതേനാ-ഥാ, ശരണമൊടുക്കും
ധ്വനി നിൻ ദാ—സന്മാർ
ഏറ്റുപറ—ഞ്ഞങ്ങെ, നാഥാ, അവരെ
തള്ളരുതേ—നീ—യും.

**അപേക്ഷ**

കർത്താവേ, നിന്നെ സ്തോത്രം ചെയ്യുന്നതും... പേജ് 41

**കൗമാ**

**വിശ്വാസപ്രമാണം**

❖

www.malankaralibrary.com

# ശനി – മൂന്നാം മണി

## കൗമാ

## കോലോ

(അത്ത്മൊറിയോ–ഹാസൊ ല്കൊഹനൈക്ക്)

*'തവരാജത്വം ശാശ്വതമാം ഹാ–ലേ–ലുയ്യാ'*

1. രാജത്വം ആചാര്യത്വം ഇരുസ്ഥാ–നങ്ങൾ
അവയിന്നൊഴുകീടുന്നല്ലോ–നിയമ–ശ്ശാസനകൾ
രാജത്വമതീന്നുത്ഭൂതം ലൗകി–കനിയമം
ആചാര്യത്വമതീന്നല്ലോ ദിവ്യ—കല്പനകൾ
രാജാക്കൾക്കധികാരം ഭൂമൗ—
ആചാര്യർക്കോ ഭൂ–വാ–നുകളിൽ
ആചാര്യത്വമതുന്നതമായ് സ്ഥാപി–ച്ചോൻ സ്തുത്യൻ.
ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

2. ദൈവസുതാ താലന്തുകളെ–നിന്നിൽ നിന്നും
വാങ്ങിയൊളിച്ചവ വച്ചില്ലേൻ ദുഷ്ട–ദാസൻപോൽ
കഴിവതുപോൽ വ്യാപാരമതും ചെയ്തേ–ൻ കാൺക
താലന്തുകളവ ബഹുതരമായ് വർദ്ധിപ്പിച്ചീ ഞാൻ
നിൻ വരവിന്നന്തിമ ദിവസത്തിൽ
ലാഭമൊടെ നൽകാം സമ്പാദ്യം
മുഖ തെളിവോടങ്ങെ വാഴ്ത്താം നാഥാ തേ സ്തോത്രം!

മൊറിയോറാഹേം അലൈൻ ഉത്ആദാറൈൻ.

www.malankaralibrary.com

## മാർ യാക്കോബിന്റെ ബോവൂസോ
(ല്കൊഹനൈക് ആനീഹ്)

ഏഴാം രാഗം

1. ദൈവാത്മജനേ, ശാശ്വതരാജ്യേസിദ്ധർ മദ്ധ്യേ
ശുദ്ധരൊടൊന്നായ് ആശ്വാസം നൽകാ ചാര്യർക്കായ്

2. മൃതരെ കബറിൽ നിന്നെഴുന്നേൽപ്പിച്ചു-ത്ഥാനത്തിൽ
മഹിമാവസ്ത്രം അണിയിപ്പോനേ നാഥാ സ്തോത്രം!

3. അവർ ഗാനങ്ങൾ നിലച്ചൊരുപള്ളി ശൂന്യമതായി
മധുരാരാവം തീർന്നു വിജനമതായ് ഹൈക്ലായും

4. വൈദിക ഗായക-സംഘം സങ്കട ഗാനം പാടി
ശുദ്ധ സ്ഥലമതു വിലപിക്കുന്നവർ വേ-ർപാടിങ്കൽ

5. ധരയിൽ വൈദിക നിരകൾ കരേറ്റും നാഥാ സ്തുതികൾ
മാധുര്യമെഴും സ്വരമതിൽ ഹാലേലുയ്യാ പാടി

6. ഭൂതല സഭയീന്നകലത്താക്കിയദാ-സന്മാരെ
സ്വർഗ്ഗീയാദ്യജ സഭയിൽ ചേർക്ക, നാഥാ സ്തോത്രം

7. ആചാര്യേശാ നിൻ രഹസ്യങ്ങൾ പരിക-ർമ്മിച്ചോ-
രാചാര്യന്മാർക്കേകുകപുണ്യം; മ്ശ)ീഹാ-സ്തോത്രം.

### കൗമാ
### വിശ്വാസപ്രമാണം

❖

www.malankaralibrary.com

# ശനി - ആറാം മണി

## കൗമാ
## കോലോ
(പ്താഹ് ലീതറയെ)

1. കന്യകതന്നുടെ തിരുനാമം-
ദയറാ പള്ളികളിൽഘോഷി-പ്പൂ
    സുന്ദരസുതനും ഉന്നതനായ്
    ഭൂവാനങ്ങളിലൊരുപോലെ
    പാപികൾ അവൾതന്നോർമ്മയതിൽ
യാ-ചിക്കുന്നൂ കൃപ ദയകൾ
അവളീന്നാഗതനാം
നാഥനൊടർത്ഥിച്ചീടാനായ്. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

2. നാഥാ ശ്രേഷ്ഠമതാക്കണമേ—
നിൻ-ജനനീ മറിയാമ്മിന്നോ-ർമ്മ
    നിബിയർ, ശ്ലീഹർ, സഹദേന്മാർ
    നീതിഷ്ടർ, സിദ്ധന്മാർക്കും
    തവശരണേ മൃതരായോരാം
നിൻ-രക്തശരീ-രങ്ങൾ കൈ-
ക്കൊണ്ടവരായോർക്കും
നല്ലോരോർമ്മയതുണ്ടാക.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

## മാർ ബാലായിയുടെ ബോവൂസോ

മാതാ കാദീശന്മാർ തൻ... പേജ് 43

## കൗമാ
## വിശ്വാസപ്രമാണം

❖

www.malankaralibrary.com

# ശനി - ഒൻപതാംമണി

## കൗമാ

## കോലോ

(പ്താഹ് ലീതറയെ)

1. പാതാളേ മൃതർമേൽ വീണി-
ട്ടുയിർ നൽകിയ പനിമഞ്ഞതു ധന്യം
 ശക്തമതാം ശബ്ദത്താലെ
 വംശങ്ങളൊടുക്കിയ മൃതിതൻ
 കോട്ടകളാസ്ഥാനങ്ങളെയും
നാ-ശം ചേർത്താ ശക്തൻ വ-
ന്നാദാമ്യകുലത്തെ
മഹിമയിൽ നില്പാൻ ഇടയാക്കും. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

2. സ്വർഗ്ഗീയൂറിശ്ലേം തന്നിൽ
നാഥാ സ്മരണയതുണ്ടാക്കേണമേ
 നിൻ തനുരുധിരത്താൽ പുണ്യം
 പ്രാപിച്ചോർ മൃതരായോർക്കായ്
 നീ നിൻ സിംഹാസനമേറി
ദു-ഷ്ടന്മാരെ— നീക്കുമ്പോൾ
സന്തുഷ്ടന്മാരായ്
നില്ക്കണമവർ വലഭാഗത്തിൽ.

മൊറിയോറാഹേം അലൈൻ ഉആദാറൈൻ.

www.malankaralibrary.com

## മാർ ബാലായിയുടെ ബോവൂസോ

1. കരുണനിറഞ്ഞവനേ, പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമേ.

2. സ്വർഗ്ഗീയാധിപതേ! വിശ്വാസികൾ മൃതരെ
ജീവിപ്പിച്ചേകീടണമേ നീ പുണ്യം.

3. മൃതരെ വിളിചെയ്‌വോൻ മിശിഹാ,തേ സ്തോത്രം!
നാശമെഴാതവർ നിന്നങ്ങെ സ്തുതിചെയ്യും.

4. വന്നവനും വരുവോനും മൃതർ തന്നുയിരും
സ്തുതനെന്നു ശരീരാത്മാക്കൾ പാടണമേ.

### കൗമാ
### വിശ്വാസപ്രമാണം

❖

www.malankaralibrary.com

# ധൂപ പ്രാർത്ഥനകൾ

## I

## ദൈവമാതാവ് (ബസ്മൽക്കോ)

## കുക്കിലിയോൻ

*കുന്തുരുക്കം ഇടുവിക്കുന്നു*

കർമ്മി : നിന്നാൾ സ്തുതിയൊടു രാജമകൾ ഹാ–ഹാ
നിൻ വലഭാഗേ രാജഭാമിനിയും

ജനം : നിന്നഴകരചൻ മോഹിപ്പാൻ ഹാ–ഹാ
നിൻ ജനമോർക്കായ്ക പിതൃഗൃഹവും.
ബാറെക്മോർ.

കർമ്മി : ശുബ്ഹോ ലാബോ ഉ ലബ്രോ വൽറൂഹോ കാദീശോ.

ജനം : മെൻഓലം വാദാമ്മൊല് ഓലം ഒൽമീൻആമ്മീൻ.

### എക്ബോ

കർമ്മി : ഭക്തർ പുകഴ്ചാ ഭാജനമേ

ജനം : നിന്നിലുദിച്ചോരേക സുതൻ
തൃക്കരൾ ഞങ്ങളിലലിവാൻ തൻ
പക്കലപേക്ഷയണയ്ക്കേണം.
സ്തൗമെൻകാലൊസ് കുറിയേലായിസ്സോൻ.

### കോലോ – I

കർമ്മി : മന്നമകൾക്കായി ശ്ലോമ്മോ

ജനം : വന്നേകി ദൂതവരൻ
'നിന്നൊടുകൂടെൻ നാഥൻ നി –
ന്നിൽ തന്നുദയമതും'. ബാറെക്മോർ.

www.malankaralibrary.com

**കർമി:** ശുബ്ഹോ...

**ജനം :** അഖിലജഗൽപതിയെ നായക-
നായേററി ഘോഷിച്ചാൾ
അതിബഹുമാനിച്ചു മറിയാം
വലുതാം പടവായ്താൻ.
മൊറിയോറാഹേം അലൈൻ ഊ ആദാറൈൻ.

## കോലോ - II

*(ല്മറിയാം യൊൽദാസ് ആലോഹോ)*

**കർമി:** ദൈവത്തിൻ മാതാ മറിയാമ്മിന്നും നിബിയ-

**ജനം :** ന്മാർക്കും ശ്ലീഹന്മാ-ർക്കും നൽ സഹദേന്മാർക്കും
സഭയിൻ മക്കൾക്കേവർക്കും കാലം തോറും
എന്നേക്കും നല്ലോരോർമയതുണ്ടാകട്ടെ.

ബാറെക്മോർ

**കർമി:** ശുബ്ഹോ...

**ജനം :** തിരുവുള്ളത്താൽ കന്യകയാം മറിയാമ്മിന്നുൾ
ജാതനതായ് ജാതി-ക്കാരെ വഴിനേരാക്കി
രക്ഷിച്ചവൾതന്നോർമയ്ക്കൗന്നത്യം ചേർത്ത
സുതനായ് സ്തോത്രം പ്രാ-ർത്ഥിക്കട്ടവൾ
ഞങ്ങൾക്കായ്. മൊറിയോ...

## കോലോ - III

*(ദുഖറോനൊ ദു മറിയം)*

**കർമി:** വാഴ്വായ് തീരണമേ. - മറിയാമിന്നോർമ

**ജനം :** അവൾ പ്രാർത്ഥന ഞങ്ങൾക്കാത്മാ-വിനു കോട്ട.

ബാറെക്മോർ.

**കർമി:** ശുബ്ഹോ...

www.malankaralibrary.com

ജനം : ദൈവാംബിക കന്യാ-മറിയാമിന്നായി
പരിമളധൂപചുരുൾ - വായുവിലുയരുന്നു.
മൊറിയോ...

## ബോവൂസോ

കർമ്മി: മോറാനീശോ, കുരിശും നിൻ

ജനം : മാതൃജനത്തിൻ പ്രാർത്ഥനയും
അടികളെയും നിൻ കോപത്തിൻ
വടികളെയും മായ്ച്ചീടേണം.

അല്ലെങ്കിൽ

*(ലോതെശ്ലേൻ ഓ കാദീശ്തോ)*

കർമ്മി: ഞങ്ങൾക്കായുള്ളർത്ഥന നീ

ജനം : നിർത്തീടരുതേ പരിശുദ്ധേ
ഏകാത്മജനോടർത്ഥിക്ക
ഞങ്ങളിലാർദ്രത തോന്നീടാൻ.

## II

## പരിശുദ്ധന്മാർ (സാദീക്കോ)

## കുക്കിലിയോൻ

*കുന്തുരുക്കം ഇടുവിക്കുന്നു.*

കർമ്മി: നയവാൻ പനപോലെ തളിർത്തിടുമേ - ഹാ
വളരുമവൻ ലബനോന്റെ കാരകിൽപോൽ

ജനം : വൃദ്ധതയിലുമവർതളിരിട്ടു തഴച്ചിടുമേ - ഹാ
വർദ്ധിക്കുമവർക്കു തുഷ്ടി പുഷ്ടികളും.
ബാറെക്മോർ.

കർമ്മി: ശുബ്ഹോ...

ജനം : മെൻഓലം...

www.malankaralibrary.com

## എക്ബോ

**കർമ്മി:** ഒരുപോലിങ്ങും മാർ (തോമ്മാ)

**ജനം :** വാനിലുമതുപോൽ നിന്നോർമ്മ
ഉതകണമേ നിൻ പ്രാർത്ഥന നിൻ
ഓർമ്മയെ ബഹുമാനിച്ചോർക്കായ്.
സ്തൗമെൻ...

## കോലോ - I

**കർമ്മി:** പ്രാർത്ഥനയിൻ സമയമിതല്ലോ മാർ (തോമ്മാ)

**ജനം :** പതിവിൻപടി നിൻ കൂട്ടത്തലയായ് പ്രാർത്ഥിക്ക
ഇമ്പമെഴും നിൻ പാട്ടിൽ ശ്രദ്ധിച്ചീടും നിൻ
ആടുകളെ മൂശേപ്പോൽ തൃക്കൈവാഴ്ത്തേണം.
ബാറെക്മോർ.

**കർമ്മി:** ശുബ്ഹോ...

**ജനം :** നിന്നെ വരിച്ചൊരു താതന്നും മാർ (തോമ്മാ)
നിന്നോർമ്മയെ ബഹുമാനിച്ച സുതനും സ്തോത്രം
നിന്നെ മുടിചൂടിക്കുന്ന റൂഹാ വന്ദ്യൻ
നിൻ പ്രാർത്ഥന കൃപയേറ്റട്ടെ ഞങ്ങൾക്കെന്നും.

മൊറിയോ...

## കോലോ - II

*(ന്ബിയേ കാദീശേ)*

**കർമ്മി:** നിർമ്മല നിബിമാരേ-രാജ്യസുത ശ്ലീഹന്മാരേ,

**ജനം :** പാപാബ്ധിയിലെങ്ങൾ-താഴായ്വാൻ പ്രാർത്ഥിപ്പിൻ
ബാറെക്മോർ.

**കർമ്മി:** ശുബ്ഹോ...

**ജനം :** സൽ സഹദേന്മാരാം-ദൈവത്തിൻ ദാസന്മാരേ,
നിങ്ങടെ പ്രാർത്ഥനകൾ-കോട്ടകളെങ്ങൾക്കാകട്ടെ.

മൊറിയോ...

www.malankaralibrary.com

## കോലോ - III

*(തൂബോ ലൻബീയെ)*

**കർമി**: ഭാഗ്യം നിബിയർക്കും -ഭാഗ്യം ശ്ലീഹർക്കും

**ജനം** : ഭാഗ്യം സഹദേർക്കും - പുനരുത്ഥാനദിനേ.
ബാറെക്മോർ.

**കർമി**: ശുബ്ഹോ...

**ജനം** : മിശിഹായെ കാണ്മാൻ സഹദേരാശിച്ചു
വാളാൽചിറകേന്തി ഉന്നതപദമേറി. മൊറിയോ...

## ബോവൂസോ

**കർമി**: പരിശുദ്ധന്മാരേ, നിങ്ങൾ

**ജനം** : പ്രാർത്ഥിപ്പിൻ കർത്താവോടായ്
അടികളെയും തൻ കോപത്തിൻ
വടികളെയും മായിച്ചീടാൻ.

## III

## ആചാര്യർ (കൊഹനെ)

## കുക്കിലിയോൻ

*കുന്തുരുക്കം ഇടുവിക്കുന്നു.*

**കർമി**: ചാർത്തും നീതിയെ നിന്നാചാര്യന്മാരും
മഹിമയെ നിൻ നയവാന്മാരും ഹാ - ഹാ
നിന്നഭിഷിക്തമുഖം തിരിപ്പിക്കല്ലേ
നിൻദാസൻ ദാവീദിനെയോർത്ത്

**ജനം** : നിൻ പുത്രന്മാർ കാത്തിടുമെങ്കിൽ ഹാ-ഹാ
എൻ നിയമത്തേയും ഞാനുപദേശിക്കും
സാക്ഷ്യമിതും. ബാറെക്മോർ.

**കർമി**: ശുബ്ഹോ...

**ജനം** : മെൻഓലം...

www.malankaralibrary.com

## എക്ബോ

കർമി: ശുചിയൊടു ശുദ്ധ്യാ ബെസ്ക്കുദിശാ

ജനം : സ്പർശിച്ചുള്ളാപ്പാദങ്ങൾ
പറുദീസിൻ വാതിൽപൂകി
വാനവരൊത്തു വസിക്കേണം.
സ്തൗമെൻ...

## കോലോ - I

കർമി: ദൈവം സൃഷ്ടിച്ചാദത്തെ

ജനം : സ്രഷ്ടാവൊടു തുല്യം സൃഷ്ടി-
യായ് മൺമയനുദ്യാനത്തിൽ
തരുനിരയിൽപോയ് വന്നീടു-
ന്നതു കാൺമാനുള്ളാനന്ദം
സൂക്ഷിച്ചുംകൊണ്ടേദേമേവി
കൂറുന്നീറേന്മാർ - മണ്ണിനുയർച്ചയിലാശ്ചര്യം.
ബാറെക്മോർ.

കർമി: ശുബ്ഹോ...

ജനം : ആദ്യാചാര്യത്വം കൈക്കൊ-
ണ്ടഹറോൻ മൂശയൊടൊന്നിച്ച്
സ്കറിയാവരെ നൽകി മൂശ
നിത്യാചാര്യനാമീശോ
സർവ്വ ലോകോദ്ധാരണാർത്ഥം
നൽകി തൻ ശ്ലീഹന്മാർക്കും
നാനാ ഭൂമി വിഭാഗങ്ങൾക്കേകി ശ്ലീഹന്മാർ.

മെൻഓലം...

നിൻ ഗാത്രം കൈക്കൊണ്ടും നിൻ
രക്തത്താൽ പുണ്യപ്പെട്ടും
നിദ്രാപ്രാപ്തന്മാരോർക്ക-

www.malankaralibrary.com

പ്പെടണം സ്വർഗീയോർശ്ലേമിൽ
നീ സിംഹാസനമിതേറി
ദുഷ്ടരെ വേറാക്കുന്നേരം
സന്തുഷ്ടന്മാരാ-യവർ നിൻ വലമായ് നിൽക്കേണം.
മൊറിയോ...

## കോലോ - II

കർമ്മി: നിർമ്മല മദ്ബഹായിൽ കർതൃ -
സ്നേഹാൽ ശുശ്രൂഷിച്ചോരാം
വൈദികരെ പിൻചെല്ലും വ -
ന്നീറേന്മാർ ദേവാഗാരേ. ബാറെക്മോർ.

കർമ്മി: ശുബ്ഹോ...

ജനം : ഭംഗ്യാ ദൈവസുതാ നിന്നെ
ശുശ്രൂഷിച്ചോരു വൈദികരെ
നിന്നാഗമന മഹാനാളിൽ
ഓർത്തു മുഖപ്രഭയേകേണം.
മൊറിയോ...

## കോലോ - III

കർമ്മി: നാഥാ, നൽകീടുക പുണ്യം - ഹാലേലുയ്യാ

ജനം : പള്ളികൾ ദയറാകളിൽ നിന്നെ ആയുഷ്ക്കാലേ
പരികർമ്മിച്ചോരാചാര്യർ ശെമ്മാശന്മാർക്കായ്
കരമതിൽ നിൻ തിരുമെയ് നിണമവരാഘോഷിച്ചാർ
കടമെല്ലാം നീങ്ങിടുവാനായ് മദ്ബഹായതിനുള്ളിൽ
നിൻ തിരുമെയ് അവർ പിഴ പോക്കണമേ
തവരുധിരം പാപം മായ്ക്കണമേ
നിൻ വലഭാഗേ പാടുമവർ
നാഥാ, തേ സ്തോത്രം. ബാറെക്മോർ.

കർമ്മി: ശുബ്ഹോ...

www.malankaralibrary.com

ജനം : ശ്ലീഹന്മാർ ശിരസ്സാം ശെമഓനോടായ് നാഥൻ
'കഹനൂസാ'* പരമുരചെയ്തോരതിമോഹനവചനം
ഭവനവിചാരകനായ് നിന്നെ ഞാൻ നിയമിച്ചു
ഉയരാഴങ്ങടെ താക്കോൽകൾ നിൻകൈകളിൽ നൽകി
നീ ബന്ധിച്ചാൽ ഞാൻ ബന്ധിക്കും
മോചിച്ചാൽ ഞാനും മോചിക്കും
പാപികൾ പേർക്കായ് യാചിക്കിൽ
നിൻ പ്രാർത്ഥന കേൾപ്പേൻ.' മൊറിയോ...

## ബോവൂസോ

*(ക്ലീലെ ഗ്ദീലിൻ)*

കർമി: പരിചിൽ മുടഞ്ഞൊരു നൽമുടികൾ

ജനം : ബലിപീഠത്തിലിരിപ്പുണ്ട്
നിർമ്മലരായ് പരികർമ്മിപ്പോ-
രാചാര്യർക്കവ ചൂടീടും.

(വേറൊന്ന്)

*(മ്ശീഹോ ദീസൈക്)*

കർമി: ആചാര്യേശാ, മ്ശിഹാ, കൂദാ-ശകളർപ്പിച്ചോ-

ജനം : രാചാര്യന്മാർക്കേകുക പുണ്യം, നാഥാ സ്തോത്രം.

## IV

## പരേതർ (ആനീദേ)

## കുക്കിലിയോൻ

*കുന്തുരുക്കം ഇടുവിക്കുന്നു.*

കർമി: മക്കളിലപ്പൻ കൃപ ചെയ്വതുപോലെ-ഹാ-
ഭക്തന്മാരിൽ ദൈവം കൃപ ചെയ്യും

ജനം : പുല്ലിനു തുല്യം നരനുടെ നാൾകളഹോ-ഹാ-

www.malankaralibrary.com

പൂക്കുന്നിതു വയലിൽ പൂച്ചെടിപോലെ.

ബാറെക്മോർ.

കർമ്മി : ശുബ്ഹോ...

ജനം : മെൻഓലം...

## എക്ബോ

കർമ്മി : ശരണത്താലെ നിൻ കൃപയിൽ

ജനം : മരണമടഞ്ഞൊരു ദാസരെ നിൻ
ജീവസ്വരമതുണർത്തണമേ
കബറീന്നും പറുദീസായ്ക്കായ്
സ്തൗമെൻ...

## കോലോ - I

കർമ്മി : ഉയിരേകുന്നോൻ രാജാ -

ജനം : വുയരത്തിൽ നിന്നെഴുന്നെള്ളി
ജീവൻ മൃതരാ -
മേവർക്കും നല്കുന്നു
കബറുകളുള്ളിൽ നിന്നിങ്ങ -
വരവരുയിരോടെഴുന്നേറ്റു
ഉയിരേകും നി-ന്നെ
സ്തുതിചെയ്തീടുന്നു. ബാറെക്മോർ.

കർമ്മി : ശുബ്ഹോ...

ജനം : "എന്റെ ശരീരം ഭക്ഷി -
ച്ചെൻ രക്തം പാനം ചെയ്വോൻ
പാതാളത്തിൽ പോകാനായ് വിടാ ഞാൻ
എന്നുമവൻ ജീവിപ്പാ-

---

* ആചാര്യത്വം

www.malankaralibrary.com

നങ്ങെത്തീട്ടു മരിച്ചതു ഞാൻ”
എന്നും കർത്താ-തന്നരുളിന്നു മഹത്ത്വം.
മൊറിയോ...

## കോലോ - II

കർമ്മി: രക്ഷകനേ നിൻ ഗാത്രത്തെ ഭക്ഷിച്ചും നിൻ

ജനം : വിലയേറും രക്തക്കാസാ പാനം ചെയ്തും
മൃതരായോരെ നാശം നീക്കി ജീവിപ്പി-
ച്ചണിയിക്കുക നിന്നെ നോക്കുന്നവരിൽ കാന്തി.
ബാറെക്മോർ.

കർമ്മി: ശുബ്ഹോ...

ജനം : മൃതരെ ജീവിപ്പിപ്പാനെഴുന്നള്ളും രാജാ
മുകിലഴകിൻ മേലാഘോഷിതനായീടുന്നു.
നയവാന്മാർ തൻ മുൻ കൊമ്പിൻ നാദം കേട്ടി-
ട്ടങ്കിയണിഞ്ഞെതിരേല്പാനായ് പോയീടുന്നു.
മൊറിയോ...

## കോലോ - III

കർമ്മി: ലോകം രണ്ടിലുമധികാരം

ജനം : ഏന്തുന്നവനേ നിൻ സ്ലീബാ
കാക്കണമേ ജീവിപ്പവരെ
മൃതരെ പാവനരാക്കണമേ. ബാറെക്മോർ.

കർമ്മി: ശുബ്ഹോ...

ജനം : സംസ്കാരം ചെയ്യപ്പെട്ടോർ
മൃതരെ ഉയിർപ്പിക്കുന്നവനേ
അങ്ങേയ്ക്കായ് സ്തുതി താതന്നും
സ്തോത്രമതാത്മനുമുണ്ടാക.
മൊറിയോ...

www.malankaralibrary.com

## ബോവൂസോ

കർമ്മി : മരമതിനുയരെക്കർത്താവേ
കള്ളനുകിട്ടിയ നിന്റെ വരം
ത്രിത്വത്തെ സ്തുതിചെയ്തോരാം
മൃതരും കൈക്കൊണ്ടീടേണം.

അല്ലെങ്കിൽ

കർമ്മി : തൻ മരണത്താൽ–മരണത്തെ

ജനം : ജീവിപ്പിച്ചവനാം ദൈവസുതാ
സ്തുതി ദൈവത്തിന്നെന്നാർക്കാൻ
അടിയാരെ പൂഴീന്നേററണമേ.

# V

## സ്ലീബാ (ബോക്ന്ദാക്കർ)

## കുക്കിലിയോൻ

*കുന്തുരുക്കം ഇടുവിക്കുന്നു.*

കർമ്മി : നിന്നാൽ വൈരിയെ വീഴ്ത്തീടും ഞങ്ങൾ ഹാ–
നിൻനാമത്താൽ ദ്വേഷികളെ കാൽക്കീഴാക്കും.

ജനം : ദ്വേഷികളീന്നെങ്ങളെ വീണ്ടതു നീയെ ഹാ–
വൈരിയെ ലജ്ജിപ്പിച്ചതു നീ. ബാറെക്മോർ.

കർമ്മി : ശുബ്ഹോ...

ജനം : മെൻഓലം...

## എക്ബോ

*(സ്ളീബോ സ്കോ സ്ളീബോ)*

കർമ്മി : സ്ലീബാ വിജയിക്കുന്നനിശം

ജനം : സ്ലീബാ വൈരിയെ വിജയിച്ചു
സ്ലീബായിൽ പുകഴുന്നോർക്കായ്
എന്നും സ്ലീബാ താ–നഭയം. സ്തൗമെൻ...

www.malankaralibrary.com

## കോലോ

കർമ്മി : ജീവൻ നൽകും നൽസ്ളീബായെ എല്ലായ്പ്പോഴും

ജനം : നമിച്ചീടും ഞങ്ങൾ
ശരണമതായും രക്ഷയതായും നെറ്റിയതിന്മേൽ
വരച്ചീടുന്നെന്നും
ര-ക്ഷിച്ചീടും
രാപകൽ ഞങ്ങളെ ദുഷ്ടൻ തൻ
സൈന്യ-ങ്ങളിൽ നിന്നും സ്ളീബാ.
ബാറെക്മോർ.

കർമ്മി : ശുബ്ഹോ...

ജനം : കടലതിനെ തന്നുടെ വടിയാൽ ഭാഗിച്ചു മൂശ
ഇസറേല്യരെ വീണ്ടാൻ
മോറാനേശു സ്ളീബായാൽ തുറന്നാൻ പാതാളം
മൃതരെയുയിർപ്പിച്ചു
സ്തു-ത്യൻ മിശിഹാ
കബറീന്നും പറുദീസായ്ക്കായ്
ജീവ-ൻ മാർഗമതേ-കി-താൻ.

മൊറിയോ...

## ബോവൂസോ

കർമ്മി : ഊറിശിലേം ഗോഗുൽത്തായിൽ

ജനം : ക്രൂശിതനേശു സ്തോത്രം തൻ
ശബ്ദത്താൽ കോട്ടകളിളകി
മൃതരെഴുന്നേറ്റു സ്തുതി പാടി.

❖

www.malankaralibrary.com

## ഹൂത്തോമോ

(കർമ്മി പടിഞ്ഞാറോട്ടു തിരിഞ്ഞുനിന്നുകൊണ്ട്)

✠ ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിനാൽ നിങ്ങളെല്ലാവരും അനുഗ്രഹിക്കപ്പെട്ടവരാകുന്നു. ✠ ആത്മീകമായ ഈ ശുശ്രൂഷയിൽ ഞങ്ങളോടുകൂടെ സംബന്ധിച്ചവരായ നിങ്ങളോരോരുത്തരെയും ദൈവമായ കർത്താവ് വാഴ്ത്തി അനുഗ്രഹിക്കുമാറാകട്ടെ. ✠ ദൈവമായ കർത്താവ് നിങ്ങളെയും വിശ്വാസികളായ മരിച്ചുപോയവരെയും ആശ്വസിപ്പിച്ച് പുണ്യപ്പെടുത്തുമാറാകട്ടെ.

(കിഴക്കോട്ടു തിരിഞ്ഞുനിന്നുകൊണ്ട്)

പിതാവും പുത്രനും പരിശുദ്ധ റൂഹായുമായുള്ളോവേ, ബലഹീനമുള്ളതും കുറവുള്ളതുമായ ഞങ്ങളുടെ പ്രാർത്ഥനകൾ നിന്റെ ഉന്നത സിംഹാസനത്തിൻ മുൻപാകെ കേൾക്കപ്പെട്ടവയും അംഗീകരിക്കപ്പെട്ടവയുമാക്കിത്തീർക്കണമെ. (ആബോ വബ്റോ ഉ-റൂഹോകാദീശോ ഹോശോ വബ്കൂൽ സ്ബാൻ ല്ഒൽമീൻ)

ജനം : ആമ്മീൻ.

കുറിയേലായിസോൻ, കുറിയേലായിസോൻ, കുറിയേലായിസോൻ. ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ, കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താ വേ, ഉത്തരമരുളിച്ചെയ്തു ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ, നിനക്ക് സ്തുതി. ഞങ്ങളുടെ കർത്താവേ നിനക്ക് സ്തുതി. ഞങ്ങളുടെ ശരണവുമേ, എന്നേക്കും നിനക്ക് സ്തുതി. ബാറെക്മോർ

www.malankaralibrary.com

# ശ്ലീഹാനോമ്പ്
# അഥവാ
# പതിമൂന്നുനോമ്പ്

## സന്ധ്യാപ്രാർത്ഥനയിൽ ചേർത്തുചൊല്ലേണ്ട അപേക്ഷ

കർത്താവേ, വിദ്യാവിഹീനരും ഭോഷന്മാരുമായിരുന്ന മീൻപിടുത്തക്കാർ നിന്നോടുചേർന്ന് നിന്റെ ശിഷ്യന്മാരായിത്തീർന്നപ്പോൾ ലോകത്തിലെ തത്വജ്ഞാനികൾപോലും അവരെ ജയിക്കുവാൻ കഴിയാത്തവിധം ജ്ഞാനികളും സമർത്ഥന്മാരുമായി ഭേദപ്പെട്ടതുപോലെ ഞങ്ങൾ നോമ്പാലും പ്രാർത്ഥനകളാലും സകല സൽപ്രവൃത്തികളാലും നിന്നോടുചേർന്ന് നിനക്കുള്ളവരായിരിക്കുവാനും നിന്റെ തിരുവിഷ്ടം ചെയ്തു ജീവിക്കുവാനും നിന്റെ കൃപ ഞങ്ങളെ സഹായിക്കുമാറാകണമേ.

കർത്താവേ, നിന്നോടുള്ള സ്നേഹത്താൽ മാർ പത്രോസ് ശ്ലീഹാ തലകീഴായുള്ള മരണത്തിനും, മാർ പൗലോസ് ശ്ലീഹാ വാളിന്റെ മൂർച്ചയ്ക്കും നിന്റെ തിരുനാമത്തെപ്രതി തങ്ങളെത്തന്നെ ഏല്പിച്ചുകൊടുത്തതുപോലെ ഞങ്ങളും നിന്നെ സത്യമായി സ്നേഹിച്ച് നിന്റെ തിരുനാമത്തെപ്രതി പീഡകളും ഞെരുക്കങ്ങളും സഹിക്കുവാനും, യാതൊരുവിധ ഉപദ്രവങ്ങളോ മരണമോ നിന്നിൽനിന്ന് ഞങ്ങളെ വേർപെടുത്താതിരിക്കുവാനും നിന്റെ കൃപ ഞങ്ങൾക്ക് സഹായകമായിരിക്കണമേ. അവരുടെ പ്രാർത്ഥനകളാൽ സകല ശത്രുക്കളിൽനിന്നും ഞങ്ങളെ രക്ഷിക്കണമേ.

കർത്താവേ, വിശുദ്ധ ശ്ലീഹന്മാരുടെ പ്രാർത്ഥനകളാൽ, അവരെപ്പോലെ ഞങ്ങൾ ലോകത്തെയും അതിന്റെ മോഹങ്ങളെയും ജയിച്ച് പരമാനന്ദകരമായ പരലോകത്തിലെ

www.malankaralibrary.com

നിത്യജീവനെ ആഗ്രഹിക്കുവാനും അതിന് അവകാശികളായി ഭവിക്കുവാനും യോഗ്യരായിത്തീരണമേ. ശരീരത്തെ കൊല്ലുന്നവരെ ഭയപ്പെടാതെ ആത്മാവിനെയും ശരീരത്തെയും അഗ്നിനരകത്തിൽ ഇടുവാൻ കഴിയുന്നവനെ ഭയപ്പെടുവാനും, ശരീരത്തെക്കാൾ ആത്മാവിന്റെ വെടിപ്പുംവിശുദ്ധിയും വിലമതിച്ച് ക്രിസ്തീയമായി ജീവിക്കുവാനും നിന്റെ കൃപ ഞങ്ങളെ സഹായിക്കുമാറാകട്ടെ.

## പ്രഭാത പ്രാർത്ഥനയിൽ ചേർത്തുചൊല്ലേണ്ട അപേക്ഷ

കർത്താവേ, വിശുദ്ധ ശ്ലീഹന്മാരുടെ നോമ്പ് നിനക്ക് ഇഷ്ടമായതുപോലെ ഞങ്ങളുടെ നോമ്പിലും നീ ഇഷ്ടപ്പെടണമേ. ഞങ്ങൾ ലോകത്തിനായിട്ടല്ല, നിനക്കായിട്ടും നിന്നിലും അവരെപ്പോലെ ജീവിക്കുവാൻ ഞങ്ങളെ നീ സഹായിക്കണമേ.

ഞങ്ങൾ നാമമാത്ര ക്രിസ്ത്യാനികളായിട്ടല്ല, സത്യക്രിസ്ത്യാനികളായി ഈ ലോകത്തിൽ ശോഭിക്കുവാനും നോമ്പ്, പ്രാർത്ഥന, ധർമ്മം മുതലായ സൽപ്രവൃത്തികളാൽ മാതൃകാ യോഗ്യരായിത്തീരുവാനും ഞങ്ങൾക്ക് ഇടയാക്കണമേ.

പരിശുദ്ധ ശ്ലീഹന്മാർ ലോകം മുഴുവന്റെയും രക്ഷയ്ക്കുവേണ്ടി ശ്രമിക്കുകയും അനേകായിരം ആത്മാക്കൾക്ക് അവർ രക്ഷയുടെ കാരണക്കാരായിത്തീരുകയും ചെയ്ത പ്രകാരം കർത്താവേ, ഞങ്ങളും നിന്നെ സത്യമായി സ്നേഹിച്ച് സൽപ്രവൃത്തികളാൽ അലങ്കരിക്കപ്പെട്ട് പലരുടെ രക്ഷയ്ക്ക് കാരണക്കാരായിത്തീരണമേ.

ഞങ്ങളുടെ ചുറ്റുമുള്ള ജനങ്ങൾ ഞങ്ങളുടെ നല്ല നടപടികളെയും ഞങ്ങളുടെ നേരെയുള്ള നിന്റെ സ്നേഹത്തെയും ഞങ്ങളുടെയിടയിൽ നീ പ്രവർത്തിക്കുന്ന അത്ഭു

www.malankaralibrary.com

തങ്ങളെയും കണ്ട് ഞങ്ങളോടുകൂടെ നിന്റെ ആട്ടിൻകൂട്ടത്തിൽ ചേരുവാനും നിന്റെ തിരുനാമം ലോകമെങ്ങും മഹത്ത്വപ്പെട്ട് പുകഴ്ത്തപ്പെടുവാനും ആകൽക്കറുസാലജ്ജിക്കുവാനും ഇടയാക്കണമേ.

❖

## പതിനഞ്ചു നോമ്പ്

### സന്ധ്യാപ്രാർത്ഥനയിൽ ചേർത്തുചൊല്ലേണ്ട അപേക്ഷ

മർത്തമറിയം ദൈവത്തിന്റെ മാതാവായിത്തീരുവാൻ തിരഞ്ഞെടുക്കപ്പെട്ടിട്ട്, ലോകയിമ്പങ്ങളെല്ലാം വെടിഞ്ഞ്, വിശുദ്ധിയിൽ ജീവിച്ച്, സർവ്വ നന്മകളാലും അലങ്കരിക്കപ്പെട്ടു. കർത്താവേ, ഞങ്ങളും ലോകയിമ്പങ്ങൾ വെടിഞ്ഞ് നോമ്പ്, പ്രാർത്ഥന മുതലായ നന്മകളാൽ അലങ്കരിക്കപ്പെട്ടവരും നിനക്ക് വസിക്കുവാൻ തക്ക വിശുദ്ധ ആലയങ്ങളും ആയിരിക്കുവാൻ യോഗ്യരായിത്തീരണമേ.

സ്ത്രീമൂലം വന്ന നാശത്തെ സ്ത്രീമൂലം പരിഹരിക്കുവാൻവേണ്ടി തിരഞ്ഞെടുക്കപ്പെട്ട നിത്യകന്യകയായ മർത്തമറിയം അമ്മയുടെ പ്രാർത്ഥനകളാൽ കർത്താവേ, ഞങ്ങളുടെ നോമ്പും പ്രാർത്ഥനയും ശുശ്രൂഷകളും നീ കൈക്കൊള്ളണമേ. അവളുടെ പ്രാർത്ഥനയാൽ കാനായിലെ കല്ല്യാണത്തിൽ വീഞ്ഞിന്റെ കുറവിനെ അത്ഭുതകരമായി നീ തീർത്തതുപോലെ ഞങ്ങളുടെ നോമ്പിന്റെയും പ്രാർത്ഥനകളുടെയും ശുശ്രൂഷകളുടെയും കുറവുകൾ നീ പരിഹരിക്കണമേ.

കർത്താവേ, നിന്റെ മാതാവിന്റെ മരണസമയത്ത് മാലാഖമാരുടെയും നിബിയന്മാരുടെയും ശ്ലീഹന്മാരുടെയും സഹദേന്മാരുടെയും പൂർവ്വപിതാക്കന്മാരുടെയും സകല പരിശുദ്ധന്മാരുടെയും സംഘത്തോടുകൂടി നീ എഴുന്നെള്ളി അവളുടെ ആത്മാവിനെ ബഹുമാനത്തോടെ

www.malankaralibrary.com

കൈക്കൊണ്ടതുപോലെ ഞങ്ങളുടെ നോമ്പും പ്രാർത്ഥനകളും കൃപയോടെ ദർശിച്ച് കൈക്കൊള്ളണമേ. നിന്നിൽനിന്ന് ഞങ്ങളെ അകറ്റുവാൻ ഇടവിടാതെ ശ്രമിക്കുന്ന സാത്താനും സൈന്യങ്ങളും ലജ്ജിച്ചോടുകയും ചെയ്യുമാറാകണമേ.

## പ്രഭാതപ്രാർത്ഥനയിൽ ചേർത്തുചൊല്ലേണ്ട അപേക്ഷ

ദൈവമേ, ഈ നോമ്പിന്റെ അവസാനത്തിൽ നിത്യകന്യകയായ ദൈവമാതാവിന്റെ മരണത്തിന്റെയും സ്വർഗ്ഗാരോപണത്തിന്റെയും ഓർമ്മ നിന്റെ ഇഷ്ടപ്രകാരം വെടിപ്പുള്ള നോമ്പോടും ആത്മശരീരങ്ങളുടെ വിശുദ്ധിയോടുംകൂടി ആചരിക്കുവാൻ ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമേ.

കരുണയുള്ള പിതാവേ, ഞങ്ങളുടെ നോമ്പും പ്രാർത്ഥനകളും നീ കൈക്കൊള്ളണമേ. ഞങ്ങൾ പാപേച്ഛകളെ ത്യജിച്ചുകൊണ്ട് ദൈവത്തിന്റെ വലത്തുഭാഗത്ത് മിശിഹാ ഇരിക്കുന്നിടത്തുള്ള ഉന്നതമായ കാര്യങ്ങളെ ചിന്തിക്കുവാൻ ഞങ്ങൾക്ക് നീ കൃപചെയ്യണമേ.

സർവ്വശക്തനായ ദൈവമേ, ലോകസംബന്ധമായ കാര്യങ്ങളെയല്ല, ഉന്നതത്തിലുള്ള സ്വർഗ്ഗീയ കാര്യങ്ങളെ വിചാരിക്കുവാനും മർത്തമറിയാമിന്റെ ഓർമ്മയിൽ ഉന്നതത്തിലുള്ള സ്വർഗ്ഗീയ സൈന്യങ്ങളോടൊത്ത് നിനക്ക് സ്തുതി പാടുവാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമേ. ഓരോരുത്തന്റെയും പ്രവൃത്തികൾ പരിശോധിച്ച് തക്കതായ പ്രതിഫലം കൊടുക്കുന്ന ഭയങ്കര നാളിൽ ഞങ്ങളുടെ നോമ്പും നമസ്കാരങ്ങളും ഞങ്ങൾക്ക് കുറ്റത്തിനും ശിക്ഷാവിധിക്കുമായിത്തീരാതെ നിന്റെ കൃപകൾക്കും സഹായങ്ങൾക്കും പാപമോചനത്തിനും മാർഗ്ഗമായിത്തീരണമേ. ആമ്മീൻ.

www.malankaralibrary.com

## ഇരുപത്തഞ്ചുനോമ്പ്

### സന്ധ്യാപ്രാർത്ഥനയിൽ ചേർത്തുചൊല്ലേണ്ട അപേക്ഷ

ദൈവമേ, ഞങ്ങളുടെ പിതാവായ ആദാം വിലക്കപ്പെട്ട ഫലം ഭക്ഷിച്ചതിനാൽ മനുഷ്യജാതിക്കുണ്ടായ ആപത്തു തീർക്കുവാനായി നിന്റെ പ്രിയപ്പെട്ട ഏകപുത്രനെ കരുണയോടെ മനുഷ്യാവതാരത്തിന് നീ കല്പിച്ച യച്ചുവല്ലോ. ആ രക്ഷാകരമായ ജനനപ്പെരുന്നാളിന്റെ ബഹുമാനത്തിനും ആഘോഷത്തിനുംവേണ്ടി ഞങ്ങൾ ആചരിക്കുന്ന നോമ്പ് പൗരസ്ത്യദേശത്തുനിന്നെത്തിയ ജ്ഞാനികളുടെ കാഴ്ചകൾപോലെ നീ കൈക്കൊള്ളണമേ.

ഭക്ഷണംമൂലം ഞങ്ങളിൽ അധികാരപ്പെട്ടവനായ ആകൽക്കറുസായെ ജയിക്കുവാൻ തോൽക്കാത്ത ആയുധമായി നോമ്പിനെ നിന്റെ ഏകപുത്രനായ ഞങ്ങളുടെ രക്ഷകൻ ഞങ്ങൾക്ക് ഏൽപ്പിച്ചുതന്നിരിക്കുന്നതിനാൽ രക്ഷാകരമായ ജനനപ്പെരുന്നാളിലേക്ക് നോമ്പ് എന്ന വലിയ ആയുധം ധരിച്ചുകൊണ്ട് ഞങ്ങൾ ഓടുന്നു. ഞങ്ങളെ ആക്രമിച്ചു വീഴിക്കുവാൻവേണ്ടി ഞങ്ങളോടു കഠിനയുദ്ധം ചെയ്യുന്ന ദുഷ്ടശത്രുക്കളിൽനിന്നും സൈന്യങ്ങളിൽനിന്നും കരുണയോടെ ഞങ്ങളെ രക്ഷിക്കണമേ.

ദൈവമേ, ഞങ്ങൾ ബലഹീനരാകുന്നതുകൊണ്ട് ഞങ്ങളുടെ നോമ്പും പ്രാർത്ഥനകളും ബലഹീനവും കുറവുള്ളവയുമാകുന്നു. എങ്കിലും, ഞങ്ങൾ നിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടവരും നിന്റെ കൈവേല

www.malankaralibrary.com

യുമാകുന്നു എന്നോർത്ത് ഞങ്ങളുടെ നോമ്പും പ്രാർത്ഥനകളും കൃപയോടെ കൈക്കൊള്ളണമേ. മനുഷ്യാവതാരത്തിന് നിന്റെ ഏകപുത്രനെ അയക്കുവാൻ തക്കവണ്ണം നിനക്ക് ഞങ്ങളോട് കരുണയുണ്ടായെങ്കിൽ ഞങ്ങളുടെ ശുശ്രൂഷയിലുള്ള കുറവുൾ നീക്കുവാനും പാപങ്ങൾ മോചിക്കുവാനും നിന്റെ മഹാകരുണയെ തടയാൻ യാതൊന്നിനും കഴിയുന്നതല്ല.

നിന്റെ മഹാകരുണയുടെ മുമ്പിൽ ഞങ്ങളുടെ പാപങ്ങൾ മഹാസമുദ്രത്തിൽ ഒരുതുള്ളി ചെളിപോലെയാകുന്നു. ദൈവമേ, ഞങ്ങൾ നിന്റെ കരുണ കൈക്കൊണ്ട് പാപമോചനം ലഭിച്ചവരായി ഞങ്ങളുടെ രക്ഷിതാവിന്റെ ജനനപ്പെരുന്നാളിൽ മാലാഖമാരോടുകൂടെ നിന്നെ സ്തുതിച്ച് പുകഴ്ത്തുവാനും ആട്ടിടയന്മാരോടുകൂടെ അത്ഭുതങ്ങൾ കാണുവാനും ഞങ്ങളോടുള്ള നിന്റെ സ്നേഹം തിരിച്ചറിഞ്ഞ് നന്ദിയുള്ള ഹൃദയത്തോടെ നിന്നെയും നിന്റെ ഏകപുത്രനെയും പരിശുദ്ധ റൂഹായെയും സ്തുതിച്ച് പുകഴ്ത്തുവാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമേ. ആമ്മീൻ.

## പ്രഭാതപ്രാർത്ഥനയിൽ ചേർത്തുചൊല്ലേണ്ട അപേക്ഷ

ദൈവമേ, നോമ്പും പ്രാർത്ഥനയുംകൊണ്ടല്ലാതെ ഈ ജാതി പുറപ്പെട്ടു പോകുന്നതല്ലെന്ന് നിന്റെ പുത്രൻ ഞങ്ങളെ പഠിപ്പിച്ചതുപോലെ ഞങ്ങളുടെ വൈരിയായ സാത്താനെ ഓടിച്ച് പുറത്താക്കുന്നതിന് നോമ്പിലും പ്രാർത്ഥനയിലും ഞങ്ങൾ അഭയം പ്രാപിക്കുന്നു. ഈ നോമ്പ് ഞങ്ങൾക്ക് കോട്ടയും സഹായവും ആയിരിക്കണമേ.

സാത്താന്റെ ദാസ്യത്തിൽനിന്ന് നിന്റെ ഏകപുത്രൻ ഞങ്ങളെ അകറ്റിയെങ്കിലും ഞങ്ങളുടെ ദുഷ്പ്രവൃത്തികൾ

www.malankaralibrary.com

നിമിത്തം പിന്നെയും അവന്റെ ദാസ്യത്തിൽ ഞങ്ങൾ ഉൾപ്പെട്ടിരിക്കുന്നു. നോമ്പും പ്രാർത്ഥനയുംമൂലം ഈ ദാസ്യത്തിൽനിന്ന് രക്ഷപ്പെട്ട് ജനനപ്പെരുന്നാളിൽ ഹൃദയപൂർവ്വം സന്തോഷിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ.

സ്വന്തനീതിയാൽ രക്ഷിക്കപ്പെടുന്ന ഒരുവനും ഇല്ലാത്തതുകൊണ്ട് ഞങ്ങളുടെ നോമ്പിലോ പ്രാർത്ഥനയിലോ അല്ല, നിന്റെ കൃപയിൽമാത്രം ഞങ്ങൾ ആശ്രയിച്ചിരിക്കുന്നു. ദൈവമേ, ഞങ്ങളെ കൈവിട്ടുകളയരുതേ. സന്തോഷത്തിന്റെ പെരുന്നാളിൽ ഞങ്ങൾ ദുഃഖിക്കുവാൻ ഇടവരുത്തരുതേ.

ദുർവിചാരങ്ങളെയും ദുഷ്പ്രവർത്തികളെയും സകല പാപങ്ങളെയും നീക്കിക്കളഞ്ഞ് സകലവിധ നന്മകളും ധരിച്ചുകൊണ്ടും ദൈവികാഭരണങ്ങൾ അണിഞ്ഞുകൊണ്ടും ബാഹ്യമായുള്ള ആഭരണങ്ങളിലും വസ്ത്രങ്ങളിലും ഭക്ഷണപാനീയങ്ങളിലും ദൈവേഷ്ടപ്രകാരം സന്തോഷിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. ആമ്മീൻ.

❖

www.malankaralibrary.com